34th Year of Service 2026

NOT OUR MERIT BUT HIS GRACE · KERALA EXPRESS

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

April 13, 2026 Vol. XXXIV No. 15

3 ആശ ഭോസ്‌ലെ ഓർമയായി
4 സർക്കാർ–പ്രതിപക്ഷ പോര് ശക്തം
8 കേരളത്തിൽ 78.29 ശതമാനം പോളിംഗ്
16 'കേരളം ഇലക്ഷൻ ഡിബേറ്റ് 2026' സംഘടിപ്പിച്ചു
17 56, 28, റമ്മി കാർഡ് ടൂർണമെന്റ് മെയ് 9–ന്

## പ്രൊഫ. ബാബു പൂഴിക്കുന്നേലിന് യാത്രാമൊഴി



രാജു ആലപ്പാട്ട്

കോട്ടയം: ഏപ്രിൽ 7–ന് അന്തരിച്ച ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളജ് മുൻ പ്രിൻസിപ്പലും കേരളാ എക്സ്പ്രസ് കൺസൾട്ടന്റ് എഡിറ്ററും എഴുത്തുകാരനും സാമുദായിക, സാംസ്കാരിക പ്രവർത്തകനുമായ പ്രൊഫ. ബാബു തോമസ് പൂഴിക്കുന്നേലിന് പ്രിയപ്പെട്ടവരുടെ യാത്രാമൊഴി. ഏപ്രിൽ 11–ന് ശനിയാഴ്ച രാവിലെ കോട്ടയത്തെ സ്വവസതിയിൽ എത്തിച്ച മൃതദേഹത്തിൽ കുടുംബാംഗങ്ങളും ബന്ധുമിത്രാദികളും അന്ത്യാഞ്ജലി അർപ്പിച്ചു. 10.30 മുതൽ വൈകുന്നേരം 4 മണി വരെ സംക്രാന്തി ലിറ്റിൽ ഫ്ളവർ ക്നാനായ കത്തോലിക്കാ പള്ളി പാരിഷ് ഹാളിൽ നടന്ന പൊതുദർശനത്തിൽ നൂറുകണക്കിന് ആളുകൾ ആദരാഞ്ജലി അർപ്പിച്ചു.

കോട്ടയം അതിരൂപതാദ്ധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട്, സഹായമെത്രാൻ ഗീവർഗീസ് മാർ അപ്രേം, വികാരി ജനറാൾ ഫാ. തോമസ് ആനിമൂട്ടിൽ, അമേരിക്കയിലെ ക്നാനായ റീജിയൻ ഡയറക്ടർ ഫാ. തോമസ് മുളവനാൽ, ദീപിക മാനേജിങ് ഡയറക്ടർ ഫാ. മൈക്കിൾ വെട്ടിക്കാട്ട്, ചാൻസലർ ഫാ. തോമസ് ആദോപ്പള്ളിൽ, പ്രൊക്കുറേറ്റർ ഫാ. ഏബ്രഹാം പറമ്പേട്ട്, അപ്നാദേശ് ചീഫ് എഡിറ്റർ ഫാ. മാത്യു കുരിയത്തറ, വികാരി ഫാ. തോമസ് പുതിയകുന്നേൽ തുടങ്ങിയ നിരവധി വൈദികരും സിസ്റ്റേഴ്സും പ്രാർത്ഥനാ ശുശ്രൂഷകൾക്ക് നേതൃത്വം നല്കി.

മന്ത്രി വി.എൻ. വാസവൻ, ജസ്റ്റിസ് സിറിയക് ജോസഫ്, ഫ്രാൻസിസ് ജോർജ് എംപി, ജോസ് കെ. മാണി എംപി, മോൻസ് ജോസഫ് എംഎൽഎ, തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ, തോമസ് ചാഴികാടൻ എക്സ് എംപി, കെ. അനിൽകുമാർ, ഷൈജി ഓട്ടപ്പള്ളി, (ശേഷം 4–ാം പേജിൽ)

## അന്താരാഷ്ട്ര മൂട്ട് കോർട്ട് വേദിയിൽ ഡോ. (അഡ്വ.) തുഷാരയും മകൾ മിഷേലും

ജോസ് കണിയാലി



വാഷിങ്ടൺ: വാഷിങ്ടൺ ഡിസിയിൽ നടന്ന 67–ാമത്തെ ഫിലിപ്പ് സി. ജെസുപ്പ് അന്താരാഷ്ട്ര മൂട്ട് കോർട്ട് മത്സരത്തിൽ ഡോ. (അഡ്വ.) തുഷാര ജെയിംസ് ജഡ്ജിയായപ്പോൾ മകൾ മിഷേൽ സേവ്യർ ബേയ്‌ലിഫ് ആയത് അപൂർവ്വമായ ഒരു അനുഭവമായി. ലോകത്തെമ്പാടുമുള്ള എഴുനൂറോളം കോളജുകളിൽ നിന്നുള്ള നിയമവിദ്യാർത്ഥികൾ മാറ്റുരയ്ക്കുന്ന ഈ അന്താരാഷ്ട്ര നിയമമത്സരം എല്ലാ വർഷവും വാഷിങ്ടണിൽ നടത്തപ്പെടുന്നു. 29 വർഷങ്ങൾക്കു മുൻപ് 1997–ൽ ഇന്ത്യയെ പ്രതിനിധീകരിച്ച് തുഷാര പങ്കെടുക്കുകയും അന്താരാഷ്ട്ര തലത്തിൽ സെമിഫൈനലിസ്റ്റ് ആവുകയും ചെയ്തിരുന്നു. അതിനുശേഷം പല തവണ ദേശീയ റൗണ്ടിലേയും അന്താരാഷ്ട്ര റൗണ്ടിലേയും ജഡ്ജിയായി തുഷാര പങ്കെടുക്കുന്നു.

വിദ്യാർത്ഥിജീവിതത്തിലുടനീളം തിളക്കമേറിയ ദേശീയ-അന്തർദ്ദേശീയ വിജയങ്ങൾ കൈവരിച്ച തുഷാരയ്ക്ക് മകൾ മിഷേലിന്റെ മൂട്ട്കോർട്ട് അനുഭവങ്ങൾ പരിചിതമെങ്കിലും പുതുമയുള്ളതാണ്. കേരളത്തിലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിലെ (NUALS) നാലാംവർഷ വിദ്യാർത്ഥിയായ മിഷേൽ ദേശീയതലത്തിൽ നടന്ന ജസ്റ്റിസ് സി.കെ. താക്കർ നാഷണൽ മൂട്ട് ആൻഡ് മീഡിയേഷൻ മത്സരത്തിലെ ജേതാവും NLUJ-A&O Shearman അന്താരാഷ്ട്ര ഡീൽ നെഗോഷിയേഷൻ മത്സരത്തിലെ ക്വാർട്ടർ ഫൈനലിസ്റ്റും ആണ്. കേരള ഹൈക്കോടതിയിൽ സീനിയർ ഗവൺമെന്റ് പ്ലീഡറായി സേവനമനുഷ്ഠിക്കുന്ന തുഷാര, മൂട്ട്കോർട്ട് മത്സരങ്ങൾ നിയമ വിദ്യാർത്ഥികൾക്ക് ഏറെ പ്രയോജനം ചെയ്യുമെന്നും അന്താരാഷ്ട്ര തലത്തിൽ അവസരങ്ങൾക്ക് വഴിതുറക്കുമെന്നും അഭിപ്രായപ്പെടുന്നു.

മുൻകാലങ്ങളിൽ ഇന്ത്യൻ പ്രാതിനിധ്യം അന്താരാഷ്ട്ര മൂട്ട് കോർട്ടുകളിൽ വിരളമായിരുന്നെങ്കിലും നിയമവിദ്യാഭ്യാസ രംഗത്ത് കൂടുതൽ വിദ്യാർത്ഥികൾ താല്പര്യം കാണിച്ചുവരുന്നതിനാൽ ഈ അവസ്ഥ മാറുന്നുണ്ടെന്നും ഇന്ത്യൻ നിയമവിദ്യാർത്ഥികൾ ശ്രദ്ധേയമായ പങ്കാളിത്തവും വിജയവും കാഴ്ചവെക്കുന്നുണ്ടെന്നും ഡോ. (അഡ്വ.) തുഷാര ജെയിംസ് പറയുന്നു.

## സമാധാനം അകലെ; യുഎസ്–ഇറാൻ ചർച്ച പരാജയം

ഇസ്ലാമാബാദ്: പാകിസ്ഥാനിലെ ഇസ്ലാമാബാദിൽ നടന്ന യുഎസ്-ഇറാൻ സമാധാ ചർച്ച പരാജയപ്പെട്ടു. 21 മണിക്കൂർ നീണ്ട മാരത്തൺ ചർച്ചയ്ക്കൊടുവിലും സമവായത്തിലെത്താൻ ഇരുപക്ഷത്തതിനുമായില്ല. ഇതോടെ രണ്ടാഴ്ചത്തേയ്ക്കു പ്രഖ്യാപിച്ച വെടിനിർത്തൽ അനിശ്ചിതത്വത്തിലായി. ചർച്ച പരാജയപ്പെട്ടതിന് ഇരുപക്ഷവും പരസ്പരം കുറ്റപ്പെടുത്തി. രംഗത്തുവന്നു. ഇറാന്റെ ആണവപദ്ധതി, ഹോർമൂസ് കടലിടുക്ക് തുറക്കൽ, ലെബനനിലെ വെടിനിർത്തൽ എന്നീ വിഷയങ്ങളിലാണ് ചർച്ച അലസിയത്. ഇറാനെതിരെ അമേരിക്ക സൈനിക നടപടി ആരംഭിക്കുമോയെന്ന കാര്യത്തിൽ വ്യക്തതയായില്ല. ഏപ്രിൽ എട്ടിനാണ് വെടിനിർത്തൽ ധാരണ നിലവിൽവന്നത്. വൈസ് പ്രസിഡണ്ട് ജെ.ഡി. വാൻസ് ആണ് അമേരിക്കൻ സംഘത്തെ നയിച്ചത്. തുറന്ന മനസോടെ, വിട്ടുവീഴ്ചയോടാണു ചർച്ചയ്ക്കു തയാറായതെന്നും നിരാശയോടെ മടങ്ങുന്നുവെന്നും ജെ.ഡി. വാൻസ് പറഞ്ഞു. പാർലമെന്റ് സ്പീക്കർ മുഹമ്മദ് ബാഗേർ ഗാലിബാഫ് ഇറേനിയൻ സംഘത്തെ നയിച്ചു. ചർച്ചാഘട്ടങ്ങളിൽ എതിർപക്ഷം ഇറേനിയൻ പ്രതിനിധിസംഘത്തിന്റെ വിശ്വാസം നേടുന്നതിൽ പരാജയപ്പെട്ടുവെന്ന് ഗാലിബാഫ് പറഞ്ഞു. വിദേശകാര്യ മന്ത്രി അബ്ബാസ് അരാഗ്ചിയും ഇറേനിയൻ സംഘത്തിലുണ്ടായിരുന്നു. ചർച്ച പൊളിഞ്ഞതിനെത്തുടർന്ന് യുഎസ്, ഇറാൻ സംഘങ്ങൾ തങ്ങളുടെ രാജ്യത്തേക്കു മടങ്ങി. ജെ.ഡി. വാൻസിനെക്കൂടാതെ, പശ്ചിമേഷ്യൻ പ്രതിനിധി സ്റ്റീവ് വിറ്റ്കോഫ്, ഡോണൾഡ് ട്രംപിന്റെ മരുമകനും വൈറ്റ് ഹൗസ് ഉപദേഷ്ടാവുമായ ജാരെദ് കുഷ്നർ എന്നിവരാണ് അമേരിക്കൻ സംഘത്തിലുണ്ടായിരുന്നത്. ഏപ്രിൽ 11–ന് ശനിയാഴ്ചയാണ് യുഎസ്-ഇറാൻ ചർച്ച ആരംഭിച്ചത്. 1979–നുശേഷം ഇരു രാജ്യങ്ങളും നേരിട്ടു നടത്തുന്ന ആദ്യ ഉന്നതല ചർച്ചയാണ് ഇസ്ലാമാബാദിൽ നടന്നത്. പശ്ചിമേഷ്യയിൽനിന്ന് യുഎസ് സേനയെ പിൻവലിക്കുക, ഇറാനെതിരെയുള്ള ഉപരോധങ്ങൾ അവസാനിപ്പിക്കുക, ഹോർമുസ് കടലിടുക്കിൽ നിയന്ത്രണം അനുവദിക്കുക എന്നിവ ഉൾപ്പെടെ പത്തിന പദ്ധതിയാണ് ഇറാൻ മുന്നോട്ടുവെച്ചത്. യുഎസ്-ഇറാൻ സമാധാന ചർച്ച വീണ്ടും നടത്തുന്നതിന് പാകിസ്ഥാൻ ശ്രമം തുടരുമെന്ന് പാക് ഉപപ്രധാനമന്ത്രി ഇഷാഖ് ദർ പറഞ്ഞു. പശ്ചിമേഷ്യൻ യുദ്ധം ആരംഭിച്ചശേഷം ഇറാനിൽ 3375 പേർ കൊല്ലപ്പെട്ടെന്ന് അധികൃതർ അറിയിച്ചു. ഇവരിൽ 496 പേർ സ്ത്രീകളാണ്. ഒരു വയസിൽ താഴെയുള്ള ഏഴു കുട്ടികൾ കൊല്ലപ്പെട്ടു. ഒന്നിനും പന്ത്രണ്ടിനും ഇടയിൽ പ്രായമുള്ള 255 കുട്ടികളാണ് കൊല്ലപ്പെട്ടത്. ടെഹ്റാൻ, ഹോർമോസ്ഗാൻ, ഇസ്ഫഹാൻ പ്രവിശ്യകളിലാണ് കൂടുതൽ പേർ കൊല്ലപ്പെട്ടത്.



വിഷു ആശംസകൾ

കണിക്കൊന്നയുടെയും കൈനീട്ടത്തിന്റെയും മധുരസ്മരണകളുമായി ഒരു വിഷുക്കാലം കൂടി. ഐശ്വര്യവും നന്മകളും പ്രതീക്ഷിച്ച് വിളവെടുപ്പ് ഉത്സവമായ വിഷുക്കാലത്തിലേക്ക് കടക്കുമ്പോൾ കേരളാ എക്സ്പ്രസ്സിന്റെ എല്ലാ മാന്യ വായനക്കാർക്കും വിഷു ആശംസകൾ നേരുന്നു.


SUNNY
FINANCIAL STRATEGIES, LLC
Forbes 2025 BEST-IN-STATE TOP FINANCIAL SECURITY PROFESSIONALS
Tom Sunny, CFP®, CLU®, RICP®
Financial Planner & Wealth Advisor
Expert Guidance Through Life's Financial Transitions
Comprehensive planning for professionals, retirees, and business owners who want clarity, confidence, and long-term security for generations.
Support for complex financial moments, including:
Financial Planning & Wealth Management
Retirement Income Strategy
401(k) & IRA Investment Optimization
Estate Planning & Trusts
Risk Management & Insurance
Tax Planning Strategies
Business & Employee Benefits
Social Security & Medicare
Complimentary Financial Plan
Retirement & Estate Review
No Cost • Limited Availability
Let's Plan Your Brighter Financial Future
847-414-9116
tom@sunnyfinancial.com
SunnyFinancial.com
SCAN TO LEARN MORE
475 N Martingale Rd, Suite 1250, Schaumburg, IL 60173 | 847-585-4931 | SunnyFinancial.com
Financial Advisor with Eagle Strategies LLC (a Registered Investment Adviser). Securities offered through NYLIFE Securities LLC (Member FINRA/SIPC). Insurance offered through NYLIFE Securities LLC, a Licensed Insurance Agency. Eagle Strategies LLC and NYLIFE Securities LLC are New York Life companies.
Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates and does not offer tax or legal advice.


Secure Tax Services
DBA SMALL BUSINESS ACCOUNTING LLC
Personal and Business Tax Services
Free Electronic Filling
TINO SIMON MUNDAPLACKIL
Phone: 630-635-3615
E-mail:tino@greatwaysinc.com
1001 E Chicago Ave, Suite 151
Naperville, IL 60540


LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™
ACCIDENT ATTORNEYS
AV PREEMINENT®
Peer Rated for Highest Level of Professional Excellence
2025
LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY
Fee Discounts On Certain Cases For Malayalee Clients
Home Visits Available
CRIFASE LAW FIRM, LTD.
312-855-0511
Free Consultation/Your Call Is Always Welcome
Like A Family Friend
Steve Crifase
Steve@Crifaselaw.com
Michael Crifase
Michael@Crifaselaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com
A+ Rating
BBB ACCREDITED BUSINESS
Better Business Bureau

# നവകേരള സർവേ: ചെലവായത് 13.04 കോടി രൂപ

ന്യൂഡൽഹി: സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങൾ ജനങ്ങൾക്ക് എങ്ങനെ ഗുണം ചെയ്തു എന്ന് കണ്ടെത്താനും അഭിപ്രായം അറിയാനും കേരള സർക്കാർ ആവിഷ്കരിച്ച നവകേരള സർവേയ്ക്ക് ചെലവായ തുകയുടെ വിവരങ്ങൾ സുപ്രീം കോടതിയിൽ സമർപ്പിച്ചു. ഇതിനായി 13.04 കോടി രൂപ ഇതുവരെ ചെലവായതായി സർക്കാർ സമർപ്പിച്ച സത്യവാങ്മൂലത്തിൽ വ്യക്തമാക്കി.

20 കോടി രൂപ ആകെ അനുവദിച്ച പദ്ധതിയുടെ ചെലവ് ഇനം തിരിച്ച് അറിയിക്കണമെന്ന് സുപ്രീംകോടതി ആവശ്യപ്പെട്ടതിനെത്തുടർന്നാണ് കണക്കുകൾ സംബന്ധിച്ച സത്യവാങ്മൂലം സർക്കാർ സമർപ്പിച്ചത്.

പരിപാടി സംബന്ധിച്ച ബ്രോഷറിന് മാത്രമായി ചെലവായ തുക 5.5 കോടി രൂപയാണ്. ലൈറ്റുകൾക്കായി ഒരു കോടി രൂപയും ചെലവായി. കൂടാതെ വോളണ്ടിയർമാർക്കുള്ള യാത്രയ്ക്കായി ചെലവായത് 1.45 കോടി രൂപയാണെന്നും സത്യവാങ്മൂലത്തിൽ വ്യക്തമാക്കുന്നു.

കുടുംബശ്രീക്കുള്ള ടിഎ ഇനത്തിൽ മൂന്നു കോടിയോളം രൂപ ചെലവായി. സമൂഹമാധ്യമത്തിൽ കാമ്പയിൻ നടത്തുന്നതിന് പത്തനംതിട്ട, ഇടുക്കി, മലപ്പുറം, വയനാട് തുടങ്ങിയ ജില്ലയ്ക്ക് 1.8 ലക്ഷം രൂപയും മറ്റ് ജില്ലകൾക്ക് രണ്ട് ലക്ഷം രൂപ വീതവും നൽകിയതായി സത്യവാങ്മൂലത്തിൽ വ്യക്തമാക്കുന്നു.

എല്ലാ ജില്ലകളിലും സർവേ സംബന്ധിച്ച ട്രെയിനിംഗ് നടത്തുന്നതിന് 69 ലക്ഷത്തോളം രൂപയും ചെലവായി. വിഷയം വീണ്ടും പരിഗണിക്കുന്നതിനിടെയാണ് കണക്ക് സംബന്ധിച്ച വിവരങ്ങൾ കേരള സർക്കാർ സുപ്രീംകോടതിയിൽ സമർപ്പിച്ചത്. പൊതു ഖജനാവിലെ പണം ഉപയോഗിച്ച് സർക്കാർ നടത്തുന്ന നവകേരള സർവ്വേ റദ്ദാക്കിയ ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ് സുപ്രീംകോടതി നേരത്തേ സ്റ്റേ ചെയ്തിരുന്നു.

ഹൈക്കോടതി ഉത്തരവിനെതിരെ കേരള സർക്കാർ സുപ്രീംകോടതിയെ സമീപിച്ചതോടെയായിരുന്നു ഇടപെടൽ. സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങൾ ജനങ്ങൾക്ക് എങ്ങനെ ഗുണം ചെയ്തു എന്ന് കണ്ടെത്താനും അഭിപ്രായം അറിയാനും സർവെ നടത്തുന്നതിൽ എന്താണ് തെറ്റ് എന്ന് ചോദിച്ചായിരുന്നു സുപ്രീം കോടതി നടപടി.

# ആശ ഭോസ്‌ലെ ഓർമയായി



മുംബൈ: സ്വരവൈവിധ്യങ്ങളിലൂടെ ആസ്വാദകലക്ഷങ്ങളെ വിസ്മയിപ്പിച്ച ചലച്ചിത്ര പിന്നണി ഗായിക ആശ ഭോസ്‌ലെ (92) അന്തരിച്ചു. എട്ടുപതിറ്റാണ്ടിനിടെ ഇരുപതു ഭാഷകളിലായി പന്ത്രണ്ടായിരത്തോളം ഗാനങ്ങൾ ആലപിച്ച അനുഗൃഹീത ഗായികയാണ് വിടവാങ്ങുന്നത്. നെഞ്ചിലെ അണുബാധയെത്തുടർന്ന് ഏപ്രിൽ 11-ന് ശനിയാഴ്ച രാത്രിയാണ് മുംബൈ ബ്രീച്ച് കാൻഡി ആശുപത്രിയിൽ ആശ ഭോസ്‌ലെയെ പ്രവേശിപ്പിച്ചത്. 12-നായിരുന്നു അന്ത്യം.

മറാഠാ നാടകഗായകനായിരുന്ന ദീനനാഥ് മങ്കേഷ്കറുടെ മകളായി 1933 സെപ്റ്റംബർ എട്ടിന് ഇൻഡോറിലാണു ജനനം. ശുദ്ധമാതിയാണ് അമ്മ. വിശ്രുതഗായിക ലതാ മങ്കേഷ്കറുടെ ഇളയ സഹോദരിയാണ്. പത്താം വയസിൽ മാഝാ ബാൽ എന്ന ചിത്രത്തിലെ 'ചലാ ചലാ നവ് ബാലാ' എന്ന ഗാനത്തിലൂടെ സിനിമയിൽ അരങ്ങേറ്റം കുറിച്ചു. അതിവൈകാരികത നിറഞ്ഞ ഗസലുകൾ മുതൽ ബോളിവുഡിലെ തട്ടുപൊളിപ്പൻ പാട്ടുകൾക്കുവരെ അനുയോജ്യമായ രീതിയിൽ ശബ്ദം പകർന്ന ആശ അതിവേഗമാണ് ബോളിവുഡിൽ ശ്രദ്ധേയയായത്. പിന്നീട് മറ്റു ഭാഷകളിലും എത്തി ആ സ്വരമാധുരി. മലയാളത്തിൽ രവീന്ദ്ര ജയിനിന്റെ സംഗീതസംവിധാനത്തിൽ സുജാത എന്ന ചിത്രത്തിലെ 'സ്വയംവരം ശുഭദിന മംഗളങ്ങൾ' എന്ന ഗാനം ആലപിച്ചിട്ടുണ്ട്.

ഗണപത് റാവു ഭോസ്‌ലെ, സംഗീത സംവിധായകൻ ആർ.ഡി. ബർമൻ എന്നിവരാണു ജീവിതപങ്കാളികൾ. ഹേമന്ദ്, വർഷ, ആനന്ദ് എന്നിവരാണ് മക്കൾ. പൈലറ്റായിരുന്ന ഹേമന്ദ് ഏറെക്കാലം സംഗീതസംവിധായകനായി പ്രവർത്തിച്ചു. 2015-ൽ കാൻസർ മൂലം മരിച്ചു. കോളമിസ്റ്റും ഗായികയുമായ മകൾ വർഷ 2012-ൽ ജീവനൊടുക്കുകയായിരുന്നു.

സംഗീതലോകത്തിനു നൽകിയ സംഭാവനകൾ പരിഗണിച്ച് 2000-ൽ ആശ ഭോസ്‌ലെയ്ക്കു ഇന്ത്യ ദാദാസാഹിബ് ഫാൽക്കെ പുരസ്കാരം നൽകി ആദരിച്ചു. രണ്ടുതവണ ദേശീയ ചലച്ചിത്രപുരസ്കാരം നേടി. പദ്മവിഭൂഷൺ പുരസ്കാരജേതാവുകൂടിയാണ്. വിവിധ ഇന്ത്യൻ ഭാഷകളിലും ചലച്ചിത്ര പിന്നണി ഗാനത്തിന് പുരസ്കാരം നേടിയിട്ടുണ്ട്. 1997-ൽ ഉസ്താദ് അലി അക്ബർ ഖാനുമൊത്തുള്ള ലെഗസി എന്ന ആൽബത്തിലൂടെ ഗ്രാമി അവാർഡിനും നാമനിർദേശം ചെയ്യപ്പെട്ടിട്ടുണ്ട്.

രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി ഉൾപ്പെടെ പ്രമുഖരും ഇന്ത്യയിലെ സിനിമാ ലോകവും ആശ ഭോസ്‌ലെയുടെ നിര്യാണത്തിൽ അനുശോചിച്ചു.

## നിതിൻ രാജിന്റെ മരണം:

# അധ്യാപകരുടെ പേരിൽ കേസെടുത്തു

കണ്ണൂർ: ജാതി അധിക്ഷേപത്തെത്തുടർന്ന് കണ്ണൂർ ഡെന്റൽകോളജ് ഒന്നാം വർഷ ബിഡിഎസ് വിദ്യാർത്ഥി, തിരുവനന്തപുരം ഉഴമലയ്ക്കൽ പുതുക്കുളങ്ങര ചാലക്കാട് തടത്തരികത്തു വീട്ടിൽ ആർ.എൽ. നിതിൻരാജിന്റെ മരണവുമായി ബന്ധപ്പെട്ട് അധ്യാപകരായ ഓറൽ പതോളജി വിഭാഗം മേധാവി ഡോ. കെ. റാം, ഡോ. സംഗീത എന്നിവരുടെ പേരിൽ കേസെടുത്തു. ആത്മഹത്യാപ്രേരണക്കുറ്റവും പട്ടികജാതി-പട്ടികവർഗ അതിക്രമനിരോധ നവകുപ്പും ഉൾപ്പെടുത്തി. അന്വേഷണത്തിനായി എസിപി ആർ. ഹരിപ്രസാദിന്റെ നേതൃത്വത്തിൽ ഏഴംഗസംഘത്തെ നിയോഗിച്ചതായി കമ്മീഷണർ പി. നിധിൻരാജ് പത്രസമ്മേളനത്തിൽ അറിയിച്ചു.

മരണവുമായി ബന്ധപ്പെട്ട് സസ്പെൻഷനിലായ അധ്യാപകൻ ഡോ. കെ. റാം നേരത്തേയും നടപടി നേരിട്ടയാളാണ്. കഴിഞ്ഞവർഷം രണ്ടുപരാതി ഇദ്ദേഹത്തിന്റെ പേരിൽ നൽകിയിരുന്നു. ഒന്നാംവർഷ വിദ്യാർത്ഥികളും അധ്യാപകരും സർവകലാശാലയ്ക്ക് നൽകിയ പരാതിയിൽ രണ്ടുമാസത്തെ സസ്പെൻഷൻ കിട്ടി. ഇതേ കാലയളവിൽ മൂന്നാംവർഷ വിദ്യാർത്ഥികളും അധ്യാപകന്റെ ജാതി-വർണ്ണ അധിക്ഷേപങ്ങൾക്കുമെതിരെ പരാതി നൽകിയിരുന്നു. കോളജ് വിദ്യാർത്ഥികൾ അധ്യാപകനെക്കുറിച്ച് ഒട്ടേറെ പരാതികൾ ഉന്നയിച്ചു. ആത്മഹത്യയാണെന്നതിൽ സംശയമില്ലെന്നും എല്ലാവശവും പരിശോധിക്കുമെന്നും കമ്മീഷണർ പറഞ്ഞു. നിതിൻരാജിനെതിരെ കോളജിലെ ഒരു അധ്യാപികയുടെ പരാതിപ്രകാരം സൈബർസെല്ലിൽ കേസുണ്ട്. ഡിസംബറിൽ നിതിൻ ലോൺ ആപ് ഉപയോഗിച്ച് ലോണെടുത്തതായും ഇതിന് അധ്യാപികയുടെ ഫോൺ നമ്പർ ബന്ധപ്പെടുത്തിയതായുമാണ് പരാതി. പൈസ അടയ്ക്കാതായപ്പോൾ അധ്യാപികയുടെ ഫോണിലേക്കും വിളികൾ വന്നു. അധ്യാപിക വിവരം പ്രിൻസിപ്പലിന്റെ ശ്രദ്ധയിൽപ്പെടുത്തി.



സംഭവംനടന്ന ദിവസവും അധ്യാപികയുടെ ഫോണിലേക്ക് കോളുകൾ വന്നിരുന്നു. പണം തിരിച്ചടയ്ക്കുന്നതുമായി ബന്ധപ്പെട്ട് വിദ്യാർത്ഥി മാനസിക സമ്മർദത്തിലായിരുന്നു. നിതിൻ അധ്യാപികയുടെ നമ്പർ ബോധപൂർവം നൽകിയതാണോ ലോൺ ആപ്പ് ചോർത്തിയെടുത്തതാണോയെന്നും അന്വേഷിക്കും- കമ്മീഷണർ പറഞ്ഞു.

# ഒരു വർഷത്തിനിടെ ഇ.ഡി കണ്ടുകെട്ടിയത് 96 കോടി

കൊച്ചി: ഒരു വർഷത്തിനിടെ കേരളത്തിന്റെ ചുമതലയുള്ള കൊച്ചി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി) മേഖലാ ഓഫീസ് കോടതികളിൽ സമർപ്പിച്ചത് 53 കുറ്റപത്രങ്ങൾ. കരുവന്നൂർ സഹകരണബാങ്ക് തട്ടിപ്പ്, മോൻസൺ മാവുങ്കലിന്റെ പുരാവസ്തു തട്ടിപ്പ്, കൊച്ചി ഇഡിയെ കൈക്കൂലി കേസിൽ കുരുക്കിയ കശുവണ്ടി വ്യവസായി അനീഷ് ബാബുവിനെതിരായ കേസ്, നടൻ ജയസൂര്യ ഉൾപ്പെട്ട സേവ് ബോക്സ് തട്ടിപ്പ്, സിഎസ്ആർ ഫണ്ട് ദുരുപയോഗിച്ച പാതിവില തട്ടിപ്പ് തുടങ്ങിയ പ്രധാന കേസുകളിലടക്കമാണ് 2025 ഏപ്രിൽ മുതൽ 2026 മാർച്ച് വരെയുള്ള കാലയളവിൽ കുറ്റപത്രങ്ങൾ സമർപ്പിച്ചത്. മാർച്ചിൽ മാത്രം മുപ്പതോളം കുറ്റപത്രങ്ങളാണ് കോടതികളിലെത്തിയത്.

ഇന്ത്യയിൽ ഇ.ഡി. കേസുകൾ കോടതികളിലേക്ക് എത്തുന്നില്ലെന്നും എത്തിയവയിൽ തന്നെ ശിക്ഷ ലഭിക്കുന്നവരുടെ എണ്ണം കുറവാണെന്നും കഴിഞ്ഞ വർഷം വ്യാപകമായി ആരോപണങ്ങൾ ഉയർന്നിരുന്നു.

ഇ.ഡി. കേസുകളിൽ 10 ശതമാനത്തിൽ താഴെ മാത്രമേ ശിക്ഷിക്കപ്പെടുന്നുള്ളു എന്ന് സുപ്രീം കോടതിയും ചൂണ്ടിക്കാട്ടിയിരുന്നു. ഇതിന്റെ പശ്ചാത്തലത്തിലാണ് ഈ സാമ്പത്തികവർഷം കുറ്റപത്രങ്ങളുടെ എണ്ണം കൂട്ടാൻ കേന്ദ്രം നിർദേശം നൽകിയത്. രാജ്യവ്യാപകമായി ഏതാണ്ട് 700 കുറ്റപത്രങ്ങൾ സമർപ്പിക്കണം എന്നതായിരുന്നു ഇ.ഡി.ക്ക് ലഭിച്ച നിർദേശം.

കൊച്ചി മേഖലാ ഓഫീസിന് കിട്ടിയ ലക്ഷ്യം 500 കുറ്റപത്രങ്ങളെന്നതായിരുന്നു. കഴിഞ്ഞവർഷം പത്തിൽ താഴെ കേസുകളിൽ മാത്രമായിരുന്നു കൊച്ചി ഇ.ഡി. ഓഫീസ് കുറ്റപത്രം സമർപ്പിച്ചത്.

സാമ്പത്തികവർഷം അവസാനിക്കാറായപ്പോഴാണ് കർശന നിർദേശം ലഭിച്ചതെന്നതിനാൽ കൊച്ചി മേഖല ഇ.ഡി. ഓഫീസിലെയും ഇതിന് കീഴിൽ വരുന്ന കോഴിക്കോട് ഇ.ഡി. ഓഫീസിലെയും യൂണിറ്റുകളെല്ലാം കെട്ടിക്കിടന്ന കേസുകൾ തീർപ്പാക്കാൻ നെട്ടോട്ടമായിരുന്നു.

കുറ്റപത്രം സമർപ്പിച്ചതിൽ 2019 മുതലുള്ള കേസുകൾ വരെയുണ്ട്. കള്ളപ്പണ കേസുകൾ കൈകാര്യം ചെയ്യുന്ന എറണാകുളം സിബിഐ കോടതികൾ, കോഴിക്കോട് അഡീഷണൽ സെഷൻസ് കോടതി, ലക്ഷദ്വീപിലെ കവരത്തി കോടതി എന്നിവിടങ്ങളിലാണ് കുറ്റപത്രങ്ങൾ സമർപ്പിച്ചത്. ഇ.ഡി. അന്വേഷണം അവസാനിപ്പിച്ച 36 കേസുകളും ഈ കാലയളവിലുണ്ടായി.

# വിദേശത്തുനിന്നു പണം ഉടൻ ലഭിക്കും

ന്യൂഡൽഹി: വിദേശത്തുനിന്ന് ഇന്ത്യയിലേക്കു വരുന്ന പണമിടപാടുകൾ വേഗത്തിലാക്കാൻ റിസർവ് ബാങ്ക് പുതിയ മാർഗരേഖ പുറത്തിറക്കി. ആറ് മാസത്തിനകം ഇത് പ്രാബല്യത്തിലാകും.

ഉപയോക്താക്കളുടെ അക്കൗണ്ടിൽ പണം ക്രെഡിറ്റ് ചെയ്യുന്നതിലുള്ള കാലതാമസം ഒഴിവാക്കുകയാണ് ലക്ഷ്യം. നാട്ടിലെ ബാങ്കിൽ എത്തിയാലും ഉപയോക്താവിന്റെ അക്കൗണ്ടിൽ എത്താൻ വൈകാറുണ്ട്.

വിദേശത്തുനിന്ന് പണമെത്തിയാൽ അക്കാര്യം ഇനി ഉപയോക്താവിനെ ഉടൻ അറിയിക്കണം. ബാങ്ക് പ്രവർത്തനസമയം കഴിഞ്ഞാണ് എത്തുന്നതെങ്കിൽ അടുത്ത പ്രവൃത്തിദിവസം രാവിലെതന്നെ വിവരമറിയിക്കണം. നിലവിൽ പല ബാങ്കുകളും ദിവസത്തിന്റെ അവസാനമാണ് ഇത്തരം ഇടപാടുകൾ കൺഫേം ചെയ്യാറുള്ളത്. ഇനി ഓരോ മണിക്കൂറിലും ഇത് പരിശോധിച്ച് ഉറപ്പാക്കണം.

ഫോറെക്സ് വിപണി പ്രവർത്തിക്കുന്ന സമയത്ത് എത്തുന്ന പണം അതേദിവസം തന്നെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാൻ ബാങ്കുകൾ ശ്രദ്ധിക്കണം. വിപണി സമയം കഴിഞ്ഞാണെങ്കിൽ അടുത്ത ദിവസം ക്രെഡിറ്റ് ചെയ്തിരിക്കണം.

വ്യക്തിഗത അക്കൗണ്ടുകളിലേക്ക് പണം നേരിട്ട് ക്രെഡിറ്റ് ചെയ്യാൻ ഓട്ടോമാറ്റിക് സംവിധാനം കൊണ്ടുവരാനും നിർദേശമുണ്ട്.

ഉപയോക്താക്കൾക്ക് ഡിജിറ്റൽ സംവിധാനങ്ങൾ വഴി രേഖകൾ നല്കാനും പണമിടപാടുകൾ ട്രാക്ക് ചെയ്യാനും സൗകര്യമൊരുക്കണം.

# വനിതാ സംവരണം: സർക്കാർ–പ്രതിപക്ഷ പോര് ശക്തം

ന്യൂഡൽഹി: ലോക്സഭയിലും നിയമസഭകളിലും 50 ശതമാനം സീറ്റുകൾ വർധിപ്പിച്ചുകൊണ്ട് 2029 മുതൽ വനിതകൾക്ക് 33 ശതമാനം സംവരണം നടപ്പാക്കാനുള്ള സർക്കാർ നീക്കത്തെച്ചൊല്ലി രാഷ്ട്രീയപ്പോര് കടുക്കുന്നു.

16 മുതൽ മൂന്ന് ദിവസം ഇരുസഭകളും വനിതാ സംവരണ ബില്ലുകൾ പരിഗണിക്കും. ബില്ലുകൾക്ക് പിന്തുണ അഭ്യർഥിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി പാർലമെന്റിന്റെ ഇരുസഭകളിലെയും കക്ഷിനേതാക്കൾക്ക് കത്തയച്ചു. 2029-ലെ നിയമസഭാ, ലോക്സഭാ തെരഞ്ഞെടുപ്പുകളിൽ വനിതാ സംവരണം അനിവാര്യമെന്നാണ് പ്രധാനമന്ത്രിയുടെ കത്തിലുള്ളത്.

എന്നാൽ വനിതാ സംവരണത്തിനൊപ്പമുള്ള മണ്ഡല പുനർനിർണയത്തെക്കുറിച്ച് ഒരു വിവരവും വെളിപ്പെടുത്താതെയാണ് പ്രധാനമന്ത്രി സഹകരണം തേടുന്നതെന്ന് രാജ്യസഭാ പ്രതിപക്ഷ നേതാവും കോൺഗ്രസ് അദ്ധ്യക്ഷനുമായ മല്ലികാർജുൻ ഖാർഗെ ആരോപിച്ചു.

നിയമസഭാ തെരഞ്ഞെടുപ്പുകൾക്കുശേഷം സർവകക്ഷി യോഗം വിളിക്കണമെന്ന ആവശ്യവും കോൺഗ്രസ് ആവർത്തിച്ചു. നിയമസഭാ തെരഞ്ഞെടുപ്പുകൾക്കിടെ ബില്ലുകൾ പാസാക്കുന്നത് രാഷ്ട്രീയ നേട്ടത്തിനാണെന്ന് കോൺഗ്രസ് ആരോപിക്കുന്നു. 2023-ൽ വനിതാസംവരണ ബിൽ പാസാക്കുമ്പോൾ ഉടൻ നടപ്പാക്കണമെന്നാണ് കോൺഗ്രസ് ആവശ്യപ്പെട്ടത്.

എന്നാൽ സർക്കാർ ഇതിനു തയാറായില്ല. 30 മാസത്തിനു ശേഷം പ്രതിപക്ഷത്തെ വിശ്വാസത്തിലെടുക്കാതെയാണ് ഇപ്പോൾ ബില്ലുകളുമായി മുന്നോട്ടുപോകുന്നതെന്ന് ഖാർഗെ പറഞ്ഞു.

ഏറെക്കുറെ എല്ലാ പാർട്ടികളുമായി സർക്കാർ കൂടിയാലോചന നടത്തിയെന്നും ഇനിയും കൂടിയാലോചനകൾക്ക് സർക്കാർ സന്നദ്ധമാണെന്നും കേന്ദ്രം പാർലമെന്ററികാര്യമന്ത്രി കിരൺ റിജിജു ഖാർഗെയ്ക്ക് അയച്ച കത്തിൽ പറയുന്നു.

ലോക്സഭാ സീറ്റുകളുടെ എണ്ണം 543 ആയിരുന്നത് 816 ആയി വർധിപ്പിക്കാനാണ് കേന്ദ്രത്തിന്റെ നീക്കമെന്നാണ് വിവരം. അധികമായുള്ള 273 സീറ്റുകൾ വനിതകൾക്കായി സംവരണം ചെയ്യും.

ഭരണഘടനാ ഭേദഗതിക്കു പുറമേ 2011-ലെ സെൻസസ് അടിസ്ഥാനമാക്കി മണ്ഡല പുനർനിർണയത്തിനുള്ള ബില്ലുകളും പരിഗണിക്കും.

16 മുതൽ 18 വരെ പാർലമെന്റിൽ ഹാജരായിരിക്കണമെന്ന് ആവശ്യപ്പെട്ട് പാർട്ടി എംപിമാർക്ക് ബിജെപിക്ക് വിപ്പ് നൽകി.

## 'ലോക നിലവാര'ത്തിൽ കേരളത്തിലെ വേനൽ

തിരുവനന്തപുരം: വേനൽക്കാലത്തിന്റെ ദൈർഘ്യം കൂടുകയും വർഷകാലം ക്രമരഹിതമാവുകയും ചെയ്യുന്ന പ്രതിഭാസം കേരളത്തിലും ദൃശ്യമാകുന്നു. കേരളത്തിലേതിനു സമാനമായ ഭൂപ്രകൃതിയുള്ള വിയറ്റ്നാം, തായ്‌ലൻഡ്, മലേഷ്യ, ബ്രസീൽ എന്നിവിടങ്ങളിലെ കാലാവസ്ഥാമാറ്റവും കേരളത്തിലേതു പേലെയാണെന്നു പഠനങ്ങൾ വ്യക്തമാക്കുന്നു. ഈ മാസം ബാങ്കോക്കിലും വിയറ്റ്നാമിലെ ഹോ ചി മിൻ നഗരത്തിലും രേഖപ്പെടുത്തിയ 44 ഡിഗ്രി സെൽഷ്യസ് ചൂട് കേരളത്തിൽ പാലക്കാടും പുനലൂരും അനുഭവപ്പെടുന്ന ഉഷ്ണതരംഗത്തിനു സമാനമാണെന്നു വേൾഡ് മെറ്റിരിയോളജിക്കൽ ഓർഗനൈസേഷന്റെ (ഡബ്ല്യുഎംഒ) പഠനത്തിൽ പറയുന്നു.

മെഡിറ്ററേനിയൻ രാജ്യങ്ങളായ ഗ്രീസ്, സ്പെയിൻ എന്നിവിടങ്ങളിലെ തീവ്രമായ ഉഷ്ണതരംഗങ്ങളും കേരളത്തിലെ നിലവിലുള്ള താപനിലയോടു ചേർന്നു പോകുന്നതാണ്. ബ്രസീലിൽ ആമസോൺ മഴക്കാടുകളുടെ നശീകരണം മൂലമാണു താപനില വർധിച്ചതെങ്കിൽ കേരളത്തിൽ പശ്ചിമഘട്ട മലനിരകളുടെ തകർച്ചയാണു താപനില കൂട്ടാനിടയാക്കിയത്. വനവിസ്തൃതി കുറഞ്ഞതോടെ ഈർപ്പം വേഗത്തിൽ ബാഷ്പീകരിക്കുന്നതാണു കേരളത്തിൽ ചൂടു കൂടാനുള്ള ഒരു കാരണമെന്നു കേരള സർവകലാശാലയുടെ പഠനം വ്യക്തമാക്കുന്നു.

## യാത്രാമൊഴി

(ഒന്നാം പേജിൽ നിന്നും)

സിറിയക് ചാഴികാടൻ, കെ.സി.സി, കെ.സി.വൈ.എൽ അതിരൂപതാ ഭാരവാഹികൾ, മുൻ ഭാരവാഹികൾ, ബിസിഎം, ഉഴവൂർ കോളജുകളിലെ സഹപ്രവർത്തകർ, നാനാജാതി മതസ്ഥരായ സുഹൃത്തുക്കൾ തുടങ്ങി നിരവധി വ്യക്തികൾ ആദരാഞ്ജലികൾ അർപ്പിച്ചു.

തുടർന്ന് പാരിഷ് ഹാളിൽ നടന്ന അനുശോചന സമ്മേളനത്തിൽ വികാരി ഫാ. തോമസ് പുതിയകുന്നേൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. ഏബ്രഹാം പറമ്പേട്ട്, തോമസ് ചാഴികാടൻ, ഷൈജി ഓട്ടപ്പള്ളി, ടോം കരികുളം, സംക്രാന്തി വൈ.എം.സി.എ പ്രസിഡണ്ട് ഡോ. എം.എം. മാത്യു, രാജു ആലപ്പാട്ട് എന്നിവർ പ്രസംഗിച്ചു. പ്രൊഫ. അനിൽ സ്റ്റീഫൻ അനുശോചന പ്രമേയം അവതരിപ്പിച്ചു. കുടുംബാംഗവും സൺഡേ സ്കൂൾ ഹെഡ്മാസ്റ്ററുമായ ചാണ്ടി ജേക്കബ് പൂഴിക്കുന്നേൽ കൃതജ്ഞത പറഞ്ഞു.

(വാർത്ത 36-ാം പേജിൽ)

# ആർട്ടെമിസ് ദൗത്യം വിജയിച്ചു

ഹൂസ്റ്റൺ: നാസയുടെ ചാന്ദ്രദൗത്യം വിജയകരം. പത്തുദിവസം നീണ്ട ദൗത്യത്തിൽ ബഹിരാകാശ യാത്രികരായ റീഡ് വൈസ്മാൻ, ജെറമി ഹാൻസെൻ, ക്രിസ്റ്റീന കോച്ച്, വിക്ടർ ഗ്ലോവർ എന്നിവരുമായി ചന്ദ്രനെ വലംവെച്ച് യാത്രാപേടകം ഓറിയോൺ സുരക്ഷിതമായി പസഫിക് സമുദ്രത്തിൽ വന്നിറങ്ങി.

ഭൂമിയുടെ അന്തരീക്ഷത്തിലേക്കു പ്രവേശിക്കുമ്പോൾ മണിക്കൂറിൽ 40,428.30 കിലോമീറ്ററായിരുന്നു പേടകത്തിന്റെ വേഗത. ഇത് ശബ്ദത്തേക്കാൾ 33 ഇരട്ടിയോളം വരും. ഉയർന്ന വേഗത്തിനൊപ്പം അത് സൃഷ്ടിക്കുന്ന താപവും വളരെ ഉയർന്നതായിരുന്നു. ഓറിയോണിനു പുറത്തെ താപനില 2,800 ഡിഗ്രി സെൽഷ്യസ് വരെ ഉയർന്നു. അതായത് സൂര്യന്റെ ഉപരിതലത്തിലെ ചൂടിന്റെ പകുതിയോളം വരും. ചൂടിന്റെ ആധിക്യം മൂലം ചുവന്ന ഒതു തീഗോളമായി ഓറിയോൺ പേടകം മാറിയെന്നു പറഞ്ഞാലും അതിൽ അതിശയോക്തിയില്ല.

പസഫിക് സമുദ്രത്തിൽ ഇറങ്ങുന്നതിനു 15 മിനിറ്റ് മുമ്പ് (ഇന്ത്യൻ സമയം ഏകദേശം 5.23-ന്) പേടകം ഏകദേശം നാല് ദശലക്ഷം അടി (122 കിലോമീറ്റർ) ഉയരത്തിലെത്തിയപ്പോൾ കനത്ത ചൂടുമൂലം പേടകവുമായുള്ള ആശയവിനിമയ ബന്ധം തടസപ്പെട്ടു. ഏകദേശം ആറ് മിനിറ്റോളം ഈ അവസ്ഥ തുടർന്നു. ഏകദേശം രണ്ട് ലക്ഷം അടി ഉയരത്തിലെത്തിയപ്പോഴാണ് ആശയവിനിമയ സംവിധാനം പുനഃസ്ഥാപിക്കപ്പെട്ടത്. അപ്പോഴും ചൂടിനു വലിയ കുറവില്ലായിരുന്നു.



ആർട്ടെമിസിന്റെ വിജയകരമായ ദൗത്യത്തിനുശേഷം ബഹിരാകാശ യാത്രികരായ റീഡ് വൈസ്മാൻ, ജെറമി ഹാൻസെൻ, ക്രിസ്റ്റീന കോച്ച്, വിക്ടർ ഗ്ലോവർ എന്നിവർ യുഎസ്എസ് ജോൺ പി. മൂർത്തയുടെ ഡെക്കിൽ.

തുടർന്ന് ചൂടും വേഗവും കുറയ്ക്കുന്നതിനായി കറക്ഷൻ ബേൺ നടത്തി പേടകത്തെ അല്പം ഉയർത്തുകയും സഞ്ചാരപഥത്തിൽ മാറ്റം വരുത്തുകയും ചെയ്തു. പിന്നീട് 35000 അടി ഉയരത്തിലെത്തിയപ്പോൾ പേടകത്തിന്റെ വേഗം പരമാവധി കുറയ്ക്കാനായി ഘർഷണം ഉപയോഗപ്പെടുത്തുകയും പിന്നീട് പാരച്യൂട്ടുകൾ വിടർത്തുകയും ചെയ്തു. കൂറ്റൻ പാരച്യൂട്ടുകൾ വിടർന്നതോടെ പേടകത്തിന്റെ വേഗം കുറയുകയും (മണിക്കൂറിൽ ഏകദേശം 30 കിലോമീറ്റർ) നിയന്ത്രിത ലാൻഡിംഗ് (സ്പ്ലാഷ് ഡൗൺ) നടത്തുകയും ചെയ്തു.

പേടകം കടലിൽ ഇറങ്ങിയ ഉടൻ തന്നെ യുഎസ് നാവികസേനയുടെ യുഎസ്എസ് ജോൺ പി. മൂർത്ത എന്ന കപ്പലിൽ കാത്തിരുന്ന നാവിക സേനാംഗങ്ങൾ പേടകത്തെ സമുദ്രത്തിൽ നിന്ന് വീണ്ടെടുത്തു.

## ദമ്പതിമാരുൾപ്പെടെ കുടുംബത്തിലെ മൂന്നുപേർ മുങ്ങിമരിച്ചു

നാദാപുരം: നാദാപുരം പുളിയാവിൽ ദമ്പതിമാരും സഹോദരപുത്രിയായ എട്ടുവയസ്സുകാരിയും ഉൾപ്പെടെ ഒരു കുടുംബത്തിലെ മൂന്നുപേർ പുഴയിൽ മുങ്ങിമരിച്ചു. പുളിയാവ് അരീക്കുണ്ടിൽ അൻസാർ (44), ഭാര്യ സുഹാദ (38), അൻസാറിന്റെ സഹോദരപുത്രി ഹിസാ മറിയം (8) എന്നിവരാണ് മരിച്ചത്. ഏപ്രിൽ 11-ന് ശനിയാഴ്ച വൈകിട്ട് നാലോടെ മയ്യഴിപ്പുഴയുടെ ഭാഗമായ വേവം പുഴയിലാണ് സംഭവം. ഹിസാ മറിയത്തെ രക്ഷിക്കാനുള്ള ശ്രമത്തിനിടെയാണ് അൻസാറും സുഹാദയും ദുരന്തത്തിൽപ്പെട്ടത്. ആഴത്തിൽ വെള്ളമില്ലെങ്കിലും ചെളിയിൽ കുടുങ്ങിയതാണ് മരണത്തിനിടയാക്കിയത്. അലക്കാനായി കുട്ടികൾക്കൊപ്പം എത്തിയതായിരുന്നു അൻസാറും സുഹാദയും. വിവരമറിഞ്ഞ് ഓടിയെത്തിയ നാട്ടുകാർ പെട്ടെന്നുതന്നെ മൂവരെയും പുറത്തെടുത്ത് നാദാപുരം ഗവ. ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷപ്പെടുത്താനായില്ല. അരിക്കുണ്ടിൽ ഹനീഫയുടെയും അസ്മിനയുടെയും മകളാണ് ഹിസാ മറിയം. സഹോദരങ്ങൾ: അയിശ, ഇവാദ് റഹ്മാൻ. അൻസാറിന്റെ പിതാവ്: അമ്മദ്, മാതാവ്: ആമിന. സഹോദരങ്ങൾ: ഹനീഫ, അനീസ, അഫ്സൽ (ഖത്തർ കെ.എം.സി.സി). പരേതനായ തരുവണ അമ്മദ് മുസ്ല്യാരുടെയും സഫിയയുടെയും മകളാണ് സുഹാദ. മരിച്ച അൻസാർ-സുഹാദ ദമ്പതിമാർക്ക് ഹംന ഫാത്തിമ എന്ന മകളുണ്ട്.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 15
April 13, 2026

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

### മഹദ്വചനം


അച്ചടക്കമുള്ള കുട്ടി രാഷ്ട്രത്തിന്റെ സമ്പത്താകുന്നു.

**നെഹ്റു**

ഇന്നു ചിന്തിക്കുക. നാളെ സംസാരിക്കുക.

**ബോൺ**


SECURE YOUR FUTURE AND PREPARE YOUR FAMILY LEGACY
ESTATE PLANNING
Wills • Revocable Living Trust • Incapacity Planning
Signature Signing Systems
Estate Planning Services
(713) 487 7814
(248) 467 7937
www.signaturemobilenotarytx.com
signaturesignsystems@gmail.com
JOMS MATHEW CEP
Certified Estate planner
WE PROVIDE SERVICES IN ALL OVER AMERICA


LUXURY HOME STAY IN
PULLAD/KUMBANAD/KOZHENCHERRY/THIRUVALLA
Quiet and Safe Area
Near Shopping Centers and Major Towns/Attractions
3 hr to Kochin and Thiruvananthapuram Airport
3 AC Bedrooms (one of them is a loft bedroom)
Separate Studio for drivers
4 American-style Bathrooms
Surveillance camera
Car service/Chef/Security Personnel can be arranged
Weekly and Monthly stays can be arranged
If stay for large parties is needed, I can arrange other home stays also
Contact details:
Email: drmg456@gmail.com
Phone: +1 (917)-921-5765, 974-590-5222
Website: www.mundayilhomestay.in
Address: Mundayil Homestay,
Kumbanad P.O.
Pathanamthitta District,
Kerala, India 689547


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# വോട്ടെന്ന മൗലിക അവകാശം

പതിനാറാം നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പിൽ കേരളജനത ആവേശത്തോടെ വോട്ടുരേഖപ്പെടുത്തി. പോളിങ് നിരക്ക് 2021-ലെ നിയമസഭാതെരഞ്ഞെടുപ്പിലെ 76 ശതമാനത്തെ കടത്തിവെട്ടി. പ്രത്യേക തീവ്ര പുതുക്കലി (സ്പെഷ്യൽ ഇന്റൻസീവ് റിവിഷൻ - എസ്ഐആർ)നുശേഷം കേരളത്തിൽ 8.57 ലക്ഷം പേരുകൾ വോട്ടർപട്ടികയിൽനിന്ന് ഒഴിവാക്കപ്പെട്ടതു കണക്കിലെടുത്താലും ഇത്തവണത്തെ പോളിങ് ശതമാനം മികച്ച പങ്കാളിത്തത്തിന്റെ സൂചനതന്നെയാണു നൽകുന്നത്. മരിച്ച ഏഴുലക്ഷത്തോളംപേരെയാണ് എസ്ഐആറിൽ വോട്ടർപട്ടികയിൽനിന്ന് ഒഴിവാക്കാനായത്. സ്ഥിരമായി താമസം മാറിയവരെയും ഒഴിവാക്കി. ഇരട്ടവോട്ടുകളും കണ്ടെത്തി. ഇങ്ങനെ ശുദ്ധീകരിച്ച പട്ടികയുമായാണ് ഇത്തവണത്തെ തെരഞ്ഞെടുപ്പു നടന്നത്. കേരളത്തിനൊപ്പം അസം, പുതുച്ചേരി സംസ്ഥാനങ്ങളിലും നിയമസഭാതെരഞ്ഞെടുപ്പ് നടന്നു. രണ്ടിടത്തും കേരളത്തിലേതിനേക്കാൾ ഉയർന്ന പോളിംഗ് നിരക്കാണ്. തമിഴ്നാട്ടിൽ ഈ മാസം 23-നും പശ്ചിമബംഗാളിൽ 23, 29 തീയതികളിലും നിയമസഭയിലേക്കു വോട്ടെടുപ്പ് നടക്കും. എല്ലായിടത്തും മേയ് നാലിനാണ് വോട്ടെണ്ണൽ. ജനവിധിയറിയാൻ കേരളത്തിന് ഇരുപത്തിയഞ്ചു നാൾ കാത്തിരിക്കണം.

ലക്ഷക്കണക്കിനു നവവോട്ടർമാരും വയോജനങ്ങളും ശാരീരിക വെല്ലുവിളികളെ മറികടന്നു പോളിങ് ബൂത്തിലെത്തിയവരുമൊക്കെ നമ്മുടെ ജനാധിപത്യബോധത്തിനു നിറവോടെ മഷിക്കുറി ചാർത്തി. വോട്ടെടുപ്പു സമയം കഴിഞ്ഞും പലയിടത്തും വോട്ടർമാരുടെ നിര കാണപ്പെട്ടു. ചില ബൂത്തുകളിൽ വോട്ടിങ് യന്ത്രങ്ങൾക്കു സാങ്കേതിക പ്രശ്നങ്ങളുണ്ടായത് വോട്ടെടുപ്പു വൈകിച്ചിട്ടുമുണ്ട്. വോട്ടർമാരെ പോളിങ് ബൂത്തിലെത്തിക്കാൻ തെരഞ്ഞെടുപ്പു കമ്മീഷനും മാധ്യമങ്ങളുമൊക്കെ നടത്തിയ ശ്രമത്തിന്റെകൂടി വിജയമാണ് തെരഞ്ഞെടുപ്പുദിനം കണ്ട മികച്ച പങ്കാളിത്തം. പോളിങ് ശതമാനം ഉയർത്തുക എന്നതു പ്രധാന ലക്ഷ്യമാക്കിയ തെരഞ്ഞെടുപ്പു കമ്മീഷന് കേരളത്തിലെ വോട്ടർമാർ ആത്മസംതൃപ്തിക്കു വകനൽകുന്നുണ്ട്.

സമഗ്ര വോട്ടർപട്ടിക പരിഷ്കരണത്തിനു (എസ്ഐആർ) ശേഷം നടന്ന ഇത്തവണത്തെ വോട്ടെടുപ്പിൽ തെരഞ്ഞെടുപ്പു കമ്മീഷൻ ലക്ഷ്യമിട്ട 85 ശതമാനം പോളിങ് ഉണ്ടായില്ലെങ്കിലും കഴിഞ്ഞ തവണത്തേതിനെക്കാൾ (75.75 ശതമാനം) ഉയർന്ന പോളിങ്ങുണ്ടായി: 78.3 ശതമാനം. അന്തിമ കണക്കുകൂട്ടലിൽ ഇത് ഉയർന്നേക്കാം. ഇഎംഎസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള സർക്കാരിനെ പുറത്താക്കിയശേഷം 1960-ൽ നടന്ന തെരഞ്ഞെടുപ്പിലായിരുന്നു കേരള ചരിത്രത്തിലെ ഏറ്റവും ഉയർന്ന പോളിങ്: 85.72 ശതമാനം.

എസ്ഐആർ ഇത്തവണത്തെ പോളിങ് വർധനയിൽ നിർണായകമായെന്നതിൽ സംശയമില്ല. ഇതിന്റെ ഭാഗമായി 24.08 ലക്ഷം വോട്ടർമാരെയാണ് ഒഴിവാക്കിയത്. ഇവരിൽ 16.69 ലക്ഷം പേർ ഹിയറിങ്ങിനുശേഷം വീണ്ടും പട്ടികയുടെ ഭാഗമായി. വോട്ടർപട്ടിക പരിഷ്കരിക്കുകയും പുതിയ വോട്ടർമാരെ ചേർക്കുകയും ചെയ്തശേഷം നിലവിലുള്ളത് 2,71,96,936 വോട്ടർമാരാണ്.

അങ്ങിങ്ങ് ചെറിയ കശപിശകളുണ്ടായതൊഴിച്ചാൽ കേരളത്തിൽ പോളിങ് സമാധാനപരമായാണു നടന്നത്. തെരഞ്ഞെടുപ്പുപ്രചാരണക്കാലത്തും അക്രമമുക്തമായിരുന്നു. കൊട്ടിക്കലാശത്തിന്റെ ദിവസം വ്യത്യസ്തചേരികളുടെ പ്രവർത്തകർ തമ്മിൽ സംഘർഷമുണ്ടാകുന്ന പതിവൊക്കെ പഴങ്കഥയായി. നൂതന സൗകര്യങ്ങളുടെ ആഗമനവും രാഷ്ട്രീയപ്രവർത്തകരുടെ തുറസ്സായ സമീപനവുമൊക്കെയായതോടെ വോട്ടെടുപ്പു കേന്ദ്രങ്ങളിലെ സംഘർഷവും ഇപ്പോൾ എത്രയോ കുറഞ്ഞു. ചില്ലറ തർക്കങ്ങളും വഴക്കുകളും ഉണ്ടാകുന്നില്ലെന്നല്ല. എങ്കിലും കാലംമാറിയത് നമ്മുടെ രാഷ്ട്രീയകക്ഷികളും പ്രവർത്തകരും കുറേയേറെ ഉൾക്കൊള്ളുന്നുണ്ടെന്നു കരുതണം. കണ്ണൂർ ജില്ലയിലെ പേരാവൂർ മണ്ഡലത്തിൽ യുഡിഎഫിന്റെ വനിതാ ബൂത്ത് ഏജന്റിന്റെ ശരീരത്തിൽ നായ്ക്കരുണപ്പൊടി വിതറിയതുപോലുള്ള സംഭവങ്ങൾ ഉണ്ടാകാൻ പാടില്ലാത്തതുതന്നെ.

കേരളത്തിലെ രാഷ്ട്രീയനേതൃത്വങ്ങൾ വരുംദിവസങ്ങളിൽ തെരഞ്ഞെടുപ്പുവിശകലനങ്ങളിലേക്കും സാധ്യതകളുടെ കൂട്ടിക്കിഴിക്കലിലേക്കും പ്രവേശിക്കും. മേയ് നാലുവരെ അവർക്കതിനു സമയമുണ്ട്. ജയിച്ചാൽ ഭരണത്തിലേറാനുള്ള തയ്യാറെടുപ്പുകൾ എൽഡിഎഫ്, യുഡിഎഫ് മുന്നണികൾ ഇപ്പോഴേ നടത്തിയേക്കും. ഇത്തവണ നില മെച്ചപ്പെടുത്തുമെന്നും മേയ് നാലിനപ്പുറമുള്ള രാഷ്ട്രീയഭാവിയിലേക്ക് ഉറ്റുനോക്കാമെന്നുമുള്ള പ്രതീക്ഷയാകും ബിജെപിക്കും എൻഡിഎക്കും. ഉദ്വേഗത്തിന്റെ ഇരുപത്തിയഞ്ചു നാളുകളാണ് ഇനി. ഫലപ്രഖ്യാപനത്തിനായി രാഷ്ട്രീയകക്ഷികൾക്കും സ്ഥാനാർത്ഥികൾക്കുമൊപ്പം ജനങ്ങളും സാകൂതം കാത്തിരിക്കും. ആരു ഭരണത്തിൽ വന്നാലും നാട് മുന്നേറണമെന്നതിലാകും വലിയൊരുപങ്കു ജനത്തിന്റെ താത്പര്യം. മാറിമാറി വന്ന സർക്കാരുകൾ വളമിട്ട വികസനത്തിന് തുടർച്ചയുണ്ടാകണം. ക്ഷേമരാഷ്ട്രീയം ആത്മാർത്ഥതയോടെ മുന്നോട്ടുകൊണ്ടുപോകണം. തുല്യനീതി വിളങ്ങണം. വിഖ്യാതമായ കേരളമാതൃക സന്തോഷത്തിന്റെയും സംതൃപ്തിയുടെയും പുതുമാനങ്ങളിലേക്കു നീങ്ങണം. അടുത്ത സർക്കാരിന് ഏറ്റെടുക്കാനുള്ള ഉത്തരവാദിത്വം ഭാരിച്ചതാണ്.

# നൂറ് സംവത്സരങ്ങളിലൂടെ മാർ ജോസഫ് പള്ളിക്കാപറമ്പിൽ

**മോൺ. ഡോ. ജോസഫ് തടത്തിൽ**

അപൂർവ്വങ്ങളിൽ അപൂർവ്വങ്ങളായ വിശേഷണങ്ങൾ ആവരണം തീർക്കുന്ന വിസ്മയകരമായ ജീവിതമാണ് പാലായുടെ വലിയപിതാവ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിലിന്റേത്. പൗരോഹിത്യശുശ്രൂഷയുടെ 68-ാം വർഷം നൽകുന്ന ആത്മബലവും മെത്രാഭിഷേകത്തിന്റെ 53-ാം ആണ്ടിന്റെ ധാർമ്മികശക്തിയും ഒരുപോലെ സ്ഫുരിക്കുന്ന കാന്തിയോടെ തികഞ്ഞ ദൈവോന്മുഖതയിൽ ചരിക്കുകയാണ് നമ്മുടെ വാത്സല്യനിധിയായ വലിയപിതാവ്. പാലാ രൂപതയുടെ സഹായമെത്രാൻ എന്ന നിലയിൽ എട്ടും രൂപതാദ്ധ്യക്ഷനായി 23-ഉം വർഷങ്ങൾ ശുശ്രൂഷകൾക്ക് നേതൃത്വം നൽകിയ അഭിവന്ദ്യപിതാവ് 2004 മെയ് മാസം മുതൽ ബിഷപ് എമിരറ്റസായി രൂപതയെ പ്രാർത്ഥനകൊണ്ട് നിരന്തരമായി ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. രൂപതയെയും രൂപതയിലെ ദൈവജനത്തെയും സംബന്ധിച്ച വലിയ അനുഭവജ്ഞാനത്തിനുടമയായ അഭിവന്ദ്യ പിതാവ്, ദൈവം നൽകിയ അവർണനീയമായ ദാനമാണെന്ന് രൂപത തിരിച്ചറിയുന്നു. പിൻഗാമിയും പാലാ രൂപതാദ്ധ്യക്ഷനുമായ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നലം തികഞ്ഞ ദൈവശാസ്ത്രജ്ഞനും വിദ്യാഭ്യാസ വിചക്ഷണനും വലിയ സംരംഭകനും എന്നതുപോലെതന്നെ മുൻഗാമിയുടെ ക്ഷേമവും ആരോഗ്യപരിപാലനവും ഉൾപ്പെടെയുള്ള കാര്യങ്ങളിൽ അന്യൂനവും അളവറ്റതും ഒപ്പം അസൂയാർഹവുമായ രീതിയിൽ ഔത്സുക്യം പ്രകടിപ്പിക്കുന്ന ആളാണെന്നതും വലിയപിതാവിന് ലഭിച്ചുകൊണ്ടിരിക്കുന്ന വിലമതിക്കാനാവാത്ത ദൈവാനുഗ്രഹമാണ്. രൂപതയുടെ പൊതുപരിപാടികളിലും വൈദികപട്ടം ഉൾപ്പെടെയുള്ള കൂദാശകളുടെ പരികർമ്മങ്ങളിലും തിരുക്കർമ്മാഘോഷങ്ങളിലും വീൽചെയറിന്റെയും സഹായികളുടെയും പിൻബലത്തോടെ വലിയപിതാവിനെ സഹകാർമ്മികനാക്കുന്നതിൽ കല്ലറങ്ങാട്ട് പിതാവ് അതീവശ്രദ്ധാലുവാണ്.

മുത്തോലപുരത്തെ പ്രമുഖ കർഷക കുടുംബമായ പള്ളിക്കാപ്പറമ്പിൽ ദേവസ്യയുടെയും കത്രീനയുടെയും പുത്രനായി 1927 ഏപ്രിൽ 10-ന് അമ്മയുടെ വീടായ രാമപുരത്തെ കോയിപ്പള്ളി തറവാട്ടിൽ ഔസേപ്പച്ചൻ ജനിച്ചു. അമ്മയുടെ പിതൃസഹോദരൻ വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചനിൽനിന്നാണ് ഔസേപ്പച്ചൻ മാമ്മോദീസ സ്വീകരിച്ചത്. ഇതേ പള്ളിയിൽത്തന്നെയാണ് ആദ്യകുർബാന സ്വീകരണവും നടത്തപ്പെട്ടത്. സിസ്റ്റർ കൊച്ചുത്രേസ്യ എഫ്.സി.സി. മാതൃസഹോദരിയും ഫാ. ഡയനീഷ്യസ് പള്ളിക്കാപ്പറമ്പിൽ സി.എം.ഐ, ഫാ. പൗലോസ് പള്ളിക്കാപ്പറമ്പിൽ എന്നിവർ ഔസേപ്പച്ചന്റെ പിതാവിന്റെ പിതൃസഹോദരങ്ങളുമാണ്.

മുത്തോലപുരം ഗവൺമെന്റ് എൽ.പി, ഇലഞ്ഞി സെന്റ് പീറ്റേഴ്സ് ഇംഗ്ലീഷ് മിഡിൽ എന്നീ സ്കൂളുകളിൽ പ്രാഥമിക വിദ്യാഭ്യാസം പി.ഡി. ജോസഫ് എന്ന ഔസേപ്പച്ചൻ നേടി. ഹൈസ്കൂൾ വിദ്യാഭ്യാസമാകട്ടെ വാഴക്കുളം ഇൻഫന്റ് ജീസസ്, മാന്നാനം സെന്റ് എഫ്രേംസ് എന്നീ വിദ്യാലയങ്ങളിലായിരുന്നു.

1945-ൽ ചങ്ങനാശ്ശേരി എസ്ബി കോളജിൽ നിന്നും ഇന്റർമീഡിയേറ്റ് പാസ്സായ പി.ഡി. ജോസഫ് തൃശ്നാപ്പള്ളി സെന്റ് ജോസഫ് കോളജിൽ നിന്ന് ഇക്കണോമിക്സിൽ ബിരുദം നേടിയശേഷം മദ്രാസ് ലെയോള കോളജിൽ നിന്നാണ് ബിരുദാനന്തരബിരുദം കരസ്ഥമാക്കിയത്. സ്പോർട്സിലും ഫുട്ബോൾ ഉൾപ്പെടെയുള്ള കളികളിലും എണ്ണം പറഞ്ഞ വിദ്യാർത്ഥിയായിരുന്നു അദ്ദേഹം.

കുടുംബത്തിലും കോളജിലും ഹോസ്റ്റലിലുമായി ലഭിച്ച പ്രമുഖ വൈദികരുടെ സാമീപ്യം പി.ഡി. ജോസഫിന് ദൈവം നൽകിയ വൈദികവിളി



കണ്ടെത്തുവാനും ആ വിളിയോട് ഭാവാത്മകമായി പ്രതികരിക്കുവാനും കുറച്ചൊന്നുമല്ല സഹായിച്ചത്. 1949 ജൂണിൽ അവിഭക്ത ചങ്ങനാശേരി രൂപതയുടെ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. 1950 ജൂലൈ 25-ന് Quo Ecclesiarum എന്ന പേപ്പൽ ബൂളാ വഴി ചങ്ങനാശ്ശേരി വിഭജിച്ച് പാലാ രൂപത നിലവിൽവന്നു. മംഗലാപുരം സെന്റ് ജോസഫ്സ് മേജർ സെമിനാരിയിലെ ഒരു വർഷത്തെ തത്ത്വശാസ്ത്രപഠനത്തിനുശേഷം റോമിലെ അർബൻ കോളജിൽ 1952 മുതൽ 1958 വരെയുള്ള കാലയളവിൽ സെമിനാരി പരിശീലനം പൂർത്തിയാക്കി. റോമിൽവെച്ച് വൈദികനായി അഭിഷിക്തനായതിനെത്തുടർന്ന് ഫാ. ജോസഫ് പള്ളിക്കാപറമ്പിൽ അവിടുത്തെ മലബാർ കോളജിന്റെ വൈസ് റെക്ടറായി നിയമിതനാകുകയും തത്ത്വശാസ്ത്രത്തിൽ അതേ കാലഘട്ടത്തിൽ തന്നെ പി.എച്ച്.ഡി സമ്പാദിക്കുകയും ചെയ്തു.

പുതുതായി ആരംഭിച്ച വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയുടെ തത്ത്വശാസ്ത്രവിഭാഗം പ്രൊഫസറായി 1962-ൽ നിയമിക്കപ്പെട്ടു. 1965 ഒക്ടോബറിൽ റോമിലെ പ്രൊപ്പഗാന്ത കോളജ് വൈസ് റെക്ടറായി നിയമിതനാകുന്നതുവരെ പ്രസ്തുത ശുശ്രൂഷ അദ്ദേഹം തുടർന്നു. വടവാതൂർ സെമിനാരിയുടെ ദ്വിതീയ റെക്ടറായി 1969-ൽ തിരികെ വിളിക്കപ്പെട്ട ഫാ. ജോസഫ് പള്ളിക്കാപ്പറമ്പിൽ പ്രസ്തുത സ്ഥാനത്ത് 1973 വരെ തുടർന്നു. സെമിനാരി പ്രൊഫസറും റെക്ടറുമായിരുന്ന കാലഘട്ടങ്ങളിൽ കളികളിലെന്നപോലെ കായികാധ്വാനത്തിലും അദ്ദേഹത്തിനുണ്ടായിരുന്ന താല്പര്യം ഇന്നും അദ്ദേഹത്തിന്റെ ശിഷ്യഗണങ്ങൾ ആദരവോടെ അനുസ്മരിക്കുന്നു.

വടവാതൂർ സെമിനാരിയുടെ റെക്ടറായിരിക്കവെയാണ് 1973-ൽ പാലാ രൂപതയുടെ സഹായമെത്രാനായി നിയമിക്കപ്പെട്ടതും പ്രസ്തുത വർഷം ആഗസ്റ്റ് 15-ന് മെത്രാനായി അഭിഷിക്തനായതും. പാലാ രൂപതയുടെ പ്രഥമ മെത്രാൻ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവ് സഭാനിയമപ്രകാരം 1981 ഫെബ്രുവരി ആറിന് ചുമതല ഒഴിഞ്ഞതിനെത്തുടർന്ന് അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവ് അതേ വർഷം മാർച്ച് 25-ാം തീയതി രൂപതയുടെ ചുമതലയേറ്റു. സുദീർഘമായ 23 വർഷക്കാലം അഭിനന്ദനീയവും മാതൃകാപരവുമായ രീതിയിൽ അദ്ദേഹം പാലാ രൂപതയ്ക്ക് നേതൃത്വം കൊടുത്തു. 2004 മെയ് രണ്ടാം തീയതി വടവാതൂർ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിഡണ്ട്, ദൈവശാസ്ത്രജ്ഞൻ, സെമിനാരി പ്രൊഫസർ എന്നീ നിലകളിൽ ഇതിനോടകംതന്നെ പേരെടുത്തിരുന്ന അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന് രൂപതാ ചുമതലകൾ കൈമാറി.

കുടുംബങ്ങളും ഇടവകകളും കേന്ദ്രീകരിച്ചുള്ള അജപാലനശൈലിയിൽ വ്യക്തിമുദ്ര പതിപ്പിക്കുവാൻ അഭിവന്ദ്യ പള്ളിക്കാപ്പറമ്പിൽ പിതാവിന് സാധിച്ചു. രൂപതാദ്ധ്യക്ഷനായിരുന്ന കാലഘട്ടത്തിൽ 34 ഇടവകകളും മൂന്ന് ഫൊറോനകളും പുതുതായി സ്ഥാപിച്ചുകൊണ്ട് അജപാലനത്തിന്റെ ഫലങ്ങൾ ആളുകളിലേക്കെത്തിക്കുന്നതിൽ പിതാവ് മികവു കാട്ടി. ചിട്ടയായ ജീവിതക്രമവും പ്രാർത്ഥനാരീതികളും നിഷ്ഠയോടെ പുലർത്തുന്നതിൽ അതീവതത്പരനാണ് പിതാവ്. ഇടവക സന്ദർശനം ഞായറാഴ്ചകളിൽ ക്രമമായി നടത്തുവാനും താത്പര്യപൂർവ്വം പരിശ്രമിച്ചിരുന്നു. ചേർപ്പുങ്കൽ, രാമപുരം കോളജുകൾ, ലൂമൻ സ്റ്റഡി സെന്റർ, സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട്, ബഥാനിയ തിയളോജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, തിയോളജി കോഴ്സ് ഫോർ ലെയ്റ്റി തുടങ്ങിയവയുടെയെല്ലാം ഒരു പരിസമാപ്തിയായിരുന്നു 2002-ൽ അഭിവന്ദ്യ പിതാവ് നേതൃത്വം കൊടുത്ത് സ്ഥാപിച്ച

(ശേഷം 10-ാം പേജിൽ)

## LEGAL TEAM FOR PROPERTY SALE

I recently got my inherited properties in Kerala mutated from my parents to me through the efforts of a team of legal experts who have been practicing in Kerala for the past 40+ years on many different legal cases. If you are interested in getting in touch with this same legal team contact me for their contact details.

I have neither any financial (monetary) gains from nor any legal liability or responsibility for your case because your engagement with this legal team will be at your own sole risk. Consult with your local legal advisor before you decide to engage that is if you are unsure.

Here as a favor to the Malayalee expatriate community at large and at my own cost and my own will I am sharing my experience here for those seeking help with their assets in Kerala. The intent of the content in this post of mine is neither to promote nor degrade anyone nor their profession but to help those in serious need.

**My number is**
**+1 (412) 327-5600 (USA)**






# കേരളത്തിൽ 78.29 ശതമാനം പോളിംഗ്

തിരുവനന്തപുരം: നിയമസഭാ തെരഞ്ഞെടുപ്പിൽ കേരളത്തിൽ കനത്ത പോളിംഗ്. 78.25 ശതമാനം പേർ വോട്ടു രേഖപ്പെടുത്തിയെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്.

2021-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ 76 ശതമാനമായിരുന്നു പോളിംഗ്. കോഴിക്കോട് ജില്ലയിലാണ് ഏറ്റവും ഉയർന്ന പോളിംഗ് രേഖപ്പെടുത്തിയത്; 81.32 ശതമാനം. പാലക്കാട് ജില്ലയിലും പോളിംഗ് ശതമാനം 80 കടന്നു. 50-ലേറെ മണ്ഡലങ്ങളിൽ 80 ശതമാനത്തിലേറെയാണ് പോളിംഗ്. 1987-നുശേഷം ആദ്യമായാണ് വോട്ടിംഗ് ശതമാനം ഇത്രത്തോളം ഉയരുന്നത്. 1987-ൽ പോളിംഗ് 80.54 ശതമാനമായിരുന്നു.

വോട്ടർ പട്ടിക ശുദ്ധീകരണത്തിനു ശേഷം (എസ്ഐആർ) നടന്ന തെരഞ്ഞെടുപ്പ് എന്ന നിലയിലാണ് വോട്ടിംഗ് ശതമാനം ഉയരാൻ കാരണമായതെന്നാണ് തെരഞ്ഞെടുപ്പു കമ്മീഷൻ പറയുന്നത്. ഇരട്ടവോട്ടുകളും മരിച്ചവരുടെയും സ്ഥലംമാറിപ്പോയവരുടെയും അടക്കമുള്ള 24.6 ലക്ഷം വോട്ടുകളാണ് എസ്ഐആറിൽ കേരളത്തിൽ വെട്ടിപ്പോയത്. യുഡിഎഫ് തരംഗമാണ് വോട്ടിംഗ് ശതമാനത്തിലെ വർധന ചൂണ്ടിക്കാട്ടുന്നതെന്നു യുഡിഎഫും സർക്കാരിന്റെ വികസന നേട്ടങ്ങളാണ് വോട്ടിംഗ് ശതമാനം ഉയരാൻ കാരണമായതെന്ന് ഇടതുമുന്നണിയും അവകാശപ്പെട്ടു.

വോട്ടെടുപ്പ് കേരളത്തിൽ പൊതുവേ സമാധാനപരമായിരുന്നു. ഒറ്റപ്പെട്ട അക്രമസംഭവങ്ങൾ ഒഴിച്ചാൽ വലിയ സംഘർഷങ്ങൾ എങ്ങും റിപ്പോർട്ട് ചെയ്തില്ല. ചിലയിടങ്ങളിൽ കള്ളവോട്ടിനു ശ്രമം നടന്നതായി പരാതി ഉയർന്നു. പലരും വോട്ട് ചെയ്യാൻ എത്തിയപ്പോൾ, വോട്ട് ചെയ്തതായി കണ്ടെത്തി. തൃശൂർ കൂർക്കഞ്ചേരിയിൽ മഷി പുരട്ടേണ്ട ഇടതു കൈയിലെ ചൂണ്ടുവിരലിൽ ശസ്ത്രക്രിയ ചെയ്ത പെൺകുട്ടിക്ക് വോട്ടവകാശം നിഷേധിച്ച പ്രിസൈഡിംഗ് ഓഫീസറുടെ നിലപാട് ഏറെ പ്രതിഷേധത്തിന് ഇടയാക്കി.



വിവിപാറ്റ് പണിമുടക്കിയതും വോട്ടിംഗ് യന്ത്രങ്ങളുടെ വേഗക്കുറവും പലയിടത്തും വോട്ടെടുപ്പു തടസപ്പെടാനും കാലതാമസത്തിനും ഇടയാക്കിയതായി പരാതി ഉയർന്നു.

വൈകുന്നേരം ആറിന് വോട്ടെടുപ്പ് സമയം അവസാനിക്കുമ്പോഴും കേരളത്തിലെ മിക്ക ബൂത്തുകളിലും വോട്ടർമാരുടെ നീണ്ട നിരയായിരുന്നു. ചില ബൂത്തുകളിൽ 100-150 വോട്ടർമാർ ക്യൂവിലുണ്ടായിരുന്നു. ഇവർക്ക് ടോക്കൺ നൽകിയാണ് വോട്ട് ചെയ്യിച്ചത്. ഏഴു മണിയോടെയാണു മിക്കയിടത്തും വോട്ടിംഗ് നടപടി പൂർത്തിയാക്കാൻ കഴിഞ്ഞത്. അപൂർവം ചില ഇടങ്ങളിൽ വോട്ടെടുപ്പ് ഒൻപതുവരെ നീണ്ടതായാണ് തെരഞ്ഞെടുപ്പു കമ്മീഷൻ ഉദ്യോഗസ്ഥർ പറയുന്നത്.

രാവിലെ ഏഴിന് വോട്ടെടുപ്പ് ആരംഭിച്ചതു മുതൽ അസാധാരണ തിരക്കായിരുന്നു വോട്ടെടുപ്പു കേന്ദ്രങ്ങളിൽ. ആദ്യ രണ്ടു മണിക്കൂറിൽതന്നെ 16 ശതമാനത്തിലേറെ വോട്ട് രേഖപ്പെടുത്തി. പിന്നീടുവന്ന രണ്ടു മണിക്കൂറുകളിൽ ശരാശരി 13 ശതമാനം വീതം വോട്ട് പെട്ടിയിലായി. ഉച്ചയോടെ പകുതിയിലേറെ വോട്ടുകൾ പോൾ ചെയ്തു.

# ക്ഷേത്രങ്ങളിൽ അവിടത്തെ ആചാരം പാലിക്കണമെന്ന് സുപ്രീം കോടതി

ന്യൂഡൽഹി: ഹിന്ദുമതം കർശനമായ ആചാരരീതികൾ ആരുടെമേലും അടിച്ചേൽപ്പിക്കുന്നില്ലെങ്കിലും ക്ഷേത്രത്തിലെത്തുന്നവർ അവിടത്തെ സവിശേഷ ആചാരങ്ങൾ പാലിക്കാൻ ബാധ്യസ്ഥരാണെന്ന് സുപ്രീം കോടതി. മാർപാപ്പയെപ്പോലെയോ ആർച്ച് ബിഷപ്പിനെപ്പോ ഉള്ള കേന്ദ്രീകൃത ഘടന ഹിന്ദുമതത്തിൽ ഇല്ലെന്ന് അഡ്വ. സി.എസ്. വൈദ്യനാഥൻ ചൂണ്ടിക്കാട്ടിയപ്പോഴായിരുന്നു കോടതിയുടെ പ്രതികരണം. ഹിന്ദുമതത്തിൽ തന്നെ വിവിധ ആചാരരീതികളിൽ പെടുന്നവരാകാം വിശ്വാസികൾ. വിശ്വാസികൾക്ക് ഏതു ക്ഷേത്രത്തിലും പോകാമെന്നും എന്നാൽ ആ ക്ഷേത്രവുമായി ബന്ധപ്പെട്ട പ്രത്യേക ചിട്ടവട്ടങ്ങൾ പിന്തുടരണമെന്നും ജസ്റ്റിസ് നാഗരത്ന പറഞ്ഞു.

കേരളത്തിലെ ചില ക്ഷേത്രങ്ങളിൽ ഷർട്ട് ധരിക്കാൻ പാടില്ലെന്ന നിയമമുണ്ടെങ്കിൽ, അവിടെച്ചെന്ന് എനിക്കു ഷർട്ട് ധരിക്കണമെന്ന് നിർബന്ധം പിടിക്കാനാകില്ലെന്ന് ജസ്റ്റിസ് എം.എം. സുന്ദരേശ് ഓർമിപ്പിച്ചു. ഗുരുവായൂർ ക്ഷേത്രത്തിലും ഇതു ബാധകമാണെന്ന് ചീഫ് ജസ്റ്റിസ് സൂര്യകാന്ത് പറഞ്ഞു. ഗുരുദ്വാര സന്ദർശിക്കുമ്പോൾ തല മറയ്ക്കേണ്ടതുണ്ടെന്നും ചൂണ്ടിക്കാട്ടി. ഗുരൂവായൂർ ക്ഷേത്രത്തിലെ രീതികളും ഗുരുദ്വാരകളിൽ തല മറയ്ക്കണമെന്ന നിബന്ധനയും ഇത്തരത്തിൽ പ്രാധാന്യമുള്ളതാണെന്ന് കോടതി ചൂണ്ടിക്കാട്ടി. അയ്യപ്പനിൽ വിശ്വാസമുള്ള, വ്രതവും മറ്റ് ആചാരങ്ങളും പാലിക്കുന്ന ക്രിസ്ത്യാനികൾക്കും മുസ്‌ലിംകൾക്കും ഉൾപ്പെടെ ആർക്കും ശബരിമലയിൽ പോകാമെന്നും അവിടെ ആർക്കും വിലക്കില്ലെന്നും സി.എസ്. വൈദ്യനാഥൻ വ്യക്തമാക്കി.

# കാവൽ സർക്കാരിന് നയപരമായ തീരുമാനങ്ങൾ പാടില്ല

തിരുവനന്തപുരം: കേരളം ആരു ഭരിക്കുമെന്നറിയാൻ ഇനിയുള്ള 23 ദിവസത്തെ കാത്തിരിപ്പുകാലത്ത് രണ്ടാം പിണറായി സർക്കാർ പ്രവർത്തിക്കുക കാര്യമായ അധികാരങ്ങളില്ലാതെ കാവൽ സർക്കാരായാണ്. മന്ത്രിസഭ ചേരാമെങ്കിലും പ്രധാനപ്പെട്ട തീരുമാനങ്ങൾക്ക് തെരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രത്യേക അനുമതി തേടണം. ചടങ്ങുകൾ സംഘടിപ്പിക്കുന്നതിനു തടസ്സമില്ലെങ്കിലും അതിനും അനുമതി വേണം. വോട്ടെടുപ്പ് കഴിഞ്ഞാലും ഔദ്യോഗികവസതിയിൽ താമസിക്കുന്നതിനു മന്ത്രിമാർക്കു തടസ്സമില്ല. എല്ലാ ഫയലുകളും അനുമതിക്കായി തെരഞ്ഞെടുപ്പ് കമ്മീഷനിലേക്ക് അയയ്ക്കുന്നത് ഒഴിവാക്കാൻ പൊതുഭരണ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു സമിതിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്.

കമ്മീഷന്റെ അനുമതി ആവശ്യമില്ലാത്ത ഫയലുകൾക്ക് ഈ സമിതി പച്ചക്കൊടി കാട്ടും. ഇത് ഫയൽ നീക്കം അൽപം സുഗമമാക്കിയിട്ടുണ്ട്. അടുത്ത മാസം പതിനായിരത്തോളം സർക്കാർ ജീവനക്കാർ വിരമിക്കുന്നുണ്ട്. ഇതിൽ പലരുടെയും അവസാന സ്ഥാനക്കയറ്റം കമ്മീഷന്റെ അനുമതിയില്ലാതെതന്നെ നൽകാനും തീരുമാനിച്ചിട്ടുണ്ട്.

# ആസാമിൽ 85.38 ശതമാനം പോളിംഗ്, പുതുച്ചേരിയിൽ 89.83 ശതമാനം

ഗോഹട്ടി: ആസാമിലും പുതുച്ചേരിയിലും റിക്കാർഡ് പോളിംഗ്. ആസാമിലെ 126 മണ്ഡലങ്ങളിലേക്ക് ഏപ്രിൽ ഒൻപതിന് നടന്ന വോട്ടെടുപ്പിൽ 85.38 ശതമാനം പോളിംഗ് രേഖപ്പെടുത്തി. 2021-ൽ 82.04 ശതമാനമായിരുന്നു പോളിംഗ്. ന്യൂനപക്ഷങ്ങൾക്കു സ്വാധീനമുള്ള 16 മണ്ഡലങ്ങളിൽ പോളിംഗ് 90 ശതമാനം കടന്നു. ഡാൽഗാവിൽ 95.53 ശതമാനമാണു പോളിംഗ്. ഉയർന്ന പോളിംഗിനെ ചരിത്രപരം എന്നാണ് മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ വിശേഷിപ്പിച്ചത്. ആസാമിൽ ബിജെപി സഖ്യവും കോൺഗ്രസ് നേതൃത്വം നല്കുന്ന പ്രതിപക്ഷ സഖ്യവും തമ്മിൽ നേർക്കു നേർ പോരാട്ടമാണ്. ഹാട്രിക് വിജയം ബിജെപി ലക്ഷ്യമിടുമ്പോൾ അധികാരത്തിൽ തിരിച്ചെത്താനാണു കോൺഗ്രസ് ശ്രമിക്കുന്നത്. പുതുച്ചേരിയിൽ 89.93 ശതമാനം റിക്കാർഡ് പോളിംഗാണ് രേഖപ്പെടുത്തിയത്. ആദ്യ തെരഞ്ഞെടുപ്പ് നടന്ന 1964-നു ശേഷമുള്ള ഏറ്റവും ഉയർന്ന പോളിംഗാണിത്. 30 മണ്ഡലങ്ങളാണ് പുതുച്ചേരിയിലുള്ളത്.






# Loving Memory of

| 8th Death Anniversary | 10th Death Anniversary |
|---|---|
| 4-17-2026 | 7-31-2026 |





**Chacko Kaniyalil**
Chicago

**C.J. Annamma Kaniyalil**
Chicago

Inserted By
Sorrowing Family



# THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com

# ഇന്ത്യയിലെ സ്വർണ ഉപയോഗം: 30 ശതമാനവും കേരളത്തിൽ

പരവൂർ: ഇന്ത്യയിലെ സ്വർണ ഉപയോഗത്തിൽ മറ്റ് സംസ്ഥാനങ്ങളെ ബഹുദൂരം പിന്നിലാക്കി കേരളം ഒന്നാമത്. ഇന്ത്യയിലെ ആകെ സ്വർണ ഉപയോഗത്തിന്റെ 30 ശതമാനത്തോളം കേരളത്തിലാണെന്ന് കൊട്ടക് ഇൻസ്റ്റിറ്റ്യൂഷണൽ ഇക്വിറ്റീസ് പുറത്തുവിട്ട റിപ്പോർട്ട് വ്യക്തമാക്കുന്നു. തമിഴ്നാട്, മഹാരാഷ്ട്ര, പഞ്ചാബ്, കർണാടക എന്നീ സംസ്ഥാനങ്ങളാണ് പട്ടികയിൽ കേരളത്തിന് തൊട്ടുപിന്നാലെയുള്ളത്.

ഇന്ത്യയിലെ വീടുകളിലുള്ള ആകെ സ്വർണശേഖരത്തിന്റെ മൂല്യം കേട്ടാൽ അമ്പരക്കുംവിധം ഉയരത്തിലാണെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. 445 ലക്ഷം കോടി രൂപയുടെ സ്വർണമാണ് ഇന്ത്യൻ കുടുംബങ്ങളുടെ കൈവശമുള്ളത്. ഇത് ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉത്പാദനത്തേക്കാൾ (ജിഡിപി) 125 ശതമാനം അധികമാണ്. 324 ലക്ഷം കോടിയാണ് ഇന്ത്യയുടെ നിലവിലെ ജിഡിപി. ഓഹരി വിപണിയിലെ കമ്പനികളുടെ ആകെ വിപണിമൂല്യമായ 460 ലക്ഷം കോടിയോട് ഏകദേശം തുല്യമായ നിലയിലാണ് ഇന്ത്യൻ കുടുംബങ്ങളുടെ ഈ സ്വർണസമ്പാദ്യം.

ബാങ്ക് നിക്ഷേപം, ഭൂമി, കെട്ടിടം തുടങ്ങിയ മറ്റ് സമ്പാദ്യ രൂപങ്ങളേക്കാൾ ഇന്ത്യക്കാർക്ക് പ്രിയം സ്വർണത്തോടാണെന്ന് റിപ്പോർട്ടിലെ കണക്കുകൾ വ്യക്തമാക്കുന്നു. ഇന്ത്യൻ കുടുംബങ്ങളുടെ ആകെ സമ്പത്തിന്റെ 65 ശതമാനവും ഇപ്പോൾ സ്വർണരൂപത്തിലാണ്. ബാങ്ക് നിക്ഷേപങ്ങളുടെയും ഓഹരി സമ്പാദ്യങ്ങളുടെയും മൊത്തം മൂല്യത്തിന്റെ 175 ശതമാനത്തോളമാണിത്.

കഴിഞ്ഞ ഒരു വർഷത്തിനിടെ സ്വർണത്തിന്റെ മൂല്യം ഏകദേശം ഇരട്ടിയായാണ് വർധിച്ചത്. 5 വർഷത്തെ കണക്കെടുത്താൽ ഇത് നാലിരട്ടിയിലധികം വർധിച്ചു. 2019 മാർച്ചിൽ 109 ലക്ഷം കോടിയായിരുന്ന മൂല്യമാണ് 2026 ജനുവരിയിൽ 445 ലക്ഷം കോടിയായി ഉയർന്നത്. സമ്പാദ്യം മുഴുവൻ സ്വർണമാക്കി മാറ്റുന്നത് ഇന്ത്യയുടെ സൂക്ഷ്മ സാമ്പത്തികമേഖലയ്ക്ക് വെല്ലുവിളിയാകുമെന്നാണ് വിദഗ്ധരുടെ മുന്നറിയിപ്പ്. സ്വർണത്തിന്റെ ആവശ്യം വർധിക്കുന്നതിനനുസരിച്ച് ഇറക്കുമതി കൂട്ടേണ്ടിവരുന്നത് വിദേശനാണ്യ കരുതൽശേഖരത്തെ പ്രതികൂലമായി ബാധിക്കും. ഉത്പാദനപരമായ മേഖലകളിൽ നിക്ഷേപിക്കപ്പെടേണ്ട മൂല്യം മരവിച്ചു കിടക്കുന്നത് സമ്പദ്ഘടനയുടെ ചലനാത്മകതയ്ക്ക് തടസമാകുമെന്നും കൊട്ടക് റിപ്പോർട്ട് നിരീക്ഷിക്കുന്നു.

## ഔദ്യോഗിക വസതിയിൽ പണം കണ്ടെത്തിയ സംഭവം

# ജസ്റ്റിസ് വർമ രാജിവെച്ചു



ന്യൂഡൽഹി: കഴിഞ്ഞവർഷം മാർച്ചിൽ ഡൽഹിയിൽ ഔദ്യോഗിക വസതിയുടെ ഔട്ട്ഹൗസിൽ നോട്ടുകെട്ടു കണ്ടെത്തിയ വിഷയത്തിൽ ആരോപണ വിധേയനായ ജസ്റ്റിസ് യശ്വന്ത് വർമ (57) രാജിവെച്ചു. ലോക്സഭയിലെ കുറ്റവിചാരണാ നടപടിയുടെ ഭാഗമായ അന്വേഷണം പുരോഗമിക്കുന്നതിനിടെയാണു രാഷ്ട്രപതിക്കു രാജിക്കത്തു നൽകിയത്. 2031 ജനുവരി വരെ സർവീസ് ബാക്കിയുണ്ടായിരുന്നു. എവിടെ നിന്നാണു പണമെന്ന ഉത്തരം നൽകാനാവാത്ത ചോദ്യം ഉന്നയിക്കുന്ന സമിതിയോട് സഹകരിക്കുന്നത് തന്നോടും ജുഡീഷ്യറിയോടുമുള്ള നീതികേടാകും. അതിനാലാണ് രാജിയെന്ന് ലോക്സഭയിൽ അന്വേഷണ സമിതിക്കുള്ള കത്തിൽ ജസ്റ്റിസ് വർമ പറഞ്ഞു. ഹൈക്കോടതിയിലെ ഒരു സിറ്റിങ് ജഡ്ജിക്ക് നീതിപൂർവമായ നടപടികൾ നിഷേധിക്കപ്പെട്ടത് ചരിത്രം രേഖപ്പെടുത്തുമെന്ന് തനിക്കു പ്രതീക്ഷയുണ്ടെന്നും അദ്ദേഹം കത്തിൽ കുറിച്ചു. ഭരണ പ്രതിപക്ഷങ്ങൾ സംയുക്തമായാണു ലോക്സഭയിൽ ഇദ്ദേഹത്തിനെതിരെ കുറ്റവിചാരണ നോട്ടീസ് നൽകിയത്. വിവാദത്തെത്തുടർന്ന് അലഹാബാദ് ഹൈക്കോടതിയിലേക്ക് മാറ്റപ്പെട്ട ജസ്റ്റിസ് വർമയ്ക്ക് ഔദ്യോഗിക ചുമതലകൾ നൽകിയിരുന്നില്ല. കഴിഞ്ഞ വർഷം ജസ്റ്റിസ് വർമയുടെ ഔട്ട്ഹൗസിൽ തീപിടുത്തമുണ്ടായപ്പോൾ സ്ഥലത്തെത്തിയ പൊലീസും അഗ്നിശമനാ സേനാംഗങ്ങളുമാണ് നോട്ടുകെട്ടുകൾ അടങ്ങിയ ചാക്കുകൾ കണ്ടെത്തിയത്.

# വോട്ടുചെയ്യാൻ അക്ഷയ കാത്തിരുന്നത് നാലര മണിക്കൂർ

തൃശൂർ: മഷി പുരട്ടേണ്ട ചൂണ്ടുവിരലിനു പരുക്കേറ്റ ആനന്ദപുരം സ്വദേശിനി അക്ഷയ പി. സന്തോഷിനു വോട്ടു ചെയ്യാൻ കാത്തിരിക്കേണ്ടിവന്നത് നാലര മണിക്കൂർ.

വിരലിലെ കെട്ടഴിച്ചു കാട്ടാതെ വോട്ടുചെയ്യാൻ അനുവദിക്കില്ലെന്ന് പ്രിസൈഡിംഗ് ഓഫീസറും വോട്ടുചെയ്യാതെ മടങ്ങില്ലെന്ന് അക്ഷയയും നിലപാടെടുത്തതോടെ കൂർക്കഞ്ചേരിയിലെ 205-ാം നമ്പർ ബൂത്ത് വിവാദകേന്ദ്രമായി. നാലുവയസുള്ള മകളുമായി ഉച്ചയ്ക്ക് ഒന്നരയ്ക്കെത്തിയ അക്ഷയ എഡിഎം അടക്കമുള്ളവരുടെ ഇടപെടലിനൊടുവിൽ വോട്ടുചെയ്തത് വൈകുന്നേരം 6.15-ന്.

മിക്സിയിൽ കൈകുടുങ്ങി പരുക്കേറ്റ അക്ഷയയുടെ ചൂണ്ടുവിരലിൽ 15 തുന്നലിട്ടിരുന്നു. ഡോക്ടറുടെ കുറിപ്പുമായാണ് ബൂത്തിലെത്തിയത്. മെഡിക്കൽ രേഖകൾ ഹാജരാക്കിയിട്ടും, പോളിംഗ് സ്റ്റേഷനിലെ മെഡിക്കൽ ടീം പരിശോധിച്ചശേഷം വോട്ട് ചെയ്യാൻ അനുവദിക്കാമെന്നു രാഷ്ട്രീയപാർട്ടി പ്രതിനിധികൾ നിർദേശിച്ചിട്ടും ഉദ്യോഗസ്ഥ വഴങ്ങിയില്ല.

സംഘർഷം മുറുകിയതോടെ എഡിഎമ്മും റിട്ടേണിംഗ് ഓഫീസറും ഉന്നത പോലീസ് ഉദ്യോഗസ്ഥരും സ്ഥലത്തെത്തി. ജില്ലാ കളക്ടർ ഫോണിലൂടെ നിർദേശിച്ചിട്ടും പ്രിസൈഡിംഗ് ഓഫീസർ വഴങ്ങിയില്ല. തന്റെ വിവേചനാധികാരമാണ് ഇതെന്നായിരുന്നു നിലപാട്.

അക്ഷയ വോട്ട് ചെയ്യാൻ ഹാജരാക്കിയ തിരിച്ചറിയൽ രേഖയിൽ പോളിംഗ് ഏജന്റുമാർക്കോ മറ്റു പോളിംഗ് ഉദ്യോഗസ്ഥർക്കോ തർക്കമുണ്ടായിരുന്നില്ല. പിന്നീട് എഡിഎം. ആർഡിഒ എന്നിവർ സ്ഥലത്തെത്തി നിർദേശിച്ചതോടെ അക്ഷയയുടെ പക്കൽനിന്ന് ഡിക്ലറേഷൻ എഴുതി വാങ്ങിയശേഷം 6.15-നാണ് വോട്ടുചെയ്യാൻ അനുവദിച്ചത്.



വോട്ടറുടെ ജനാധിപത്യ അവകാശം നിഷേധിച്ച പ്രിസൈഡിംഗ് ഓഫീസർ മഞ്ജുവിനെതിരെ എൽഡിഎഫ് ചീഫ് ഇലക്ഷൻ ഏജന്റ് അഡ്വ. കെ.ബി. സുമേഷ് മുഖ്യവരണാധികാരിയായ ജില്ലാ കളക്ടർക്കു പരാതി നൽകി. അനധികൃതമായാണ് ഡിക്ലറേഷൻ വാങ്ങിയതെന്നും പരാതിയിൽ പറയുന്നു.

## മാർ ജോസഫ് പള്ളിക്കാപറമ്പിൽ

(6-ാം പേജിൽനിന്നും)

ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് കോളജ് ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി, ഷാലോം പാസ്റ്ററൽ സെന്ററിന്റെ നിർമ്മാണവും അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആവിർഭാവവും കൾച്ചറൽ മ്യൂസിയത്തിന്റെ ആരംഭവുമെല്ലാം പിതാവിന്റെ കാലത്തെ എടുത്തുപറയേണ്ട നേട്ടങ്ങളാണ്. ഫാമിലി എയ്ഡ് ഫണ്ട്, നീഡി ചർച്ച് ഫണ്ട്, രൂപതാ ബൈബിൾ കൺവൻഷൻ, സാന്ത്വന കൗൺസിലിംഗ് സെന്റർ, അഡാർട്ട്, വിവാഹ ഒരുക്ക സെമിനാർ, ബിഷപ് വയലിൽ ലൈബ്രറി, ഹോം സയൻസ് ഇൻസ്റ്റിറ്റ്യൂട്ട്, സി.റ്റി.പി കോഴ്സ്, വൈ.എ.റ്റി.പി കോഴ്സ്, മുട്ടുചിറ വൈദികമന്ദിരം, പാലാ കമ്മ്യൂണിക്കേഷൻസ്, മാതൃവേദി, ഇൻഫാം തുടങ്ങി നിരവധി സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും ഫോർമേഷൻ കോഴ്സുകളും അഭിവന്ദ്യ പിതാവിന്റെ കാലത്ത് ആരംഭം കുറിച്ചവയാണ്.

ധന്യവും അഭിമാനാർഹവും ദൈവത്തിന് പ്രീതികരവുമായ ഒരു ജീവിതം നയിക്കുന്നതിൽ നിതാന്ത ജാഗ്രത പുലർത്തുന്ന ദൈവഭവനത്തിന്റെ വിശ്വസ്തനായ കാവൽക്കാരനാണ് അഭിവന്ദ്യ പിതാവ് എന്നത് വ്യക്തവും സ്പഷ്ടവുമായ സത്യമാണ്.

രൂപതാ കുടുംബം ഒന്നടങ്കം ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു, എൻ.വി. കൃഷ്ണവാര്യരുടെ വാക്കുകളിൽ:

"തേരിതു തെളിച്ചീടുക ധീരനാം സാരഥേ
നേരുന്നു ഞങ്ങളങ്ങേക്കഖില ഭാവുകം."







# തിരുവിതാംകൂർ ദേവസ്വം ബോർഡ്: ഭരണസംവിധാനത്തിൽ പോരായ്മയെന്ന് ഹൈക്കോടതി

കൊച്ചി: തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അക്കൗണ്ടിംഗ് ഭരണ സംവിധാനങ്ങളിൽ പോരായ്മയുണ്ടെന്നും ബോർഡിന്റെ മൊത്തം സുതാര്യതയെ ബാധിക്കുന്നതാണിതെന്നും ഹൈക്കോടതി.

ഭരണനിർവഹണം, അക്കൗണ്ടിംഗ് പ്രവർത്തനങ്ങളിൽ സുതാര്യതയും കാര്യക്ഷമതയും മികച്ച ധനമാനേജ്മെന്റും ഉറപ്പാക്കാൻ കേന്ദ്രീകൃതമായ കംപ്യൂട്ടറൈസ്ഡ് അക്കൗണ്ടിങ് സംവിധാനം നടപ്പാക്കണമെന്ന് ജസ്റ്റിസ് വി.ജെ. വിജയരാഘവൻ, ജസ്റ്റിസ് കെ.വി. ജയകുമാർ എന്നിവരുൾപ്പെട്ട ബെഞ്ച് ഉത്തരവിട്ടു.

ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ടു ഹൈക്കോടതി സ്വമേധയാ എടുത്ത ഹർജിയിലാണ് ഉത്തരവ്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്ന സ്ഥാപനമായ വിജയൻ ആൻഡ് അസോസിയേറ്റ്സ് ഹൈക്കോടതിയിൽ റിപ്പോർട്ട് നല്കിയിരുന്നു. ഹൈക്കോടതി നിർദ്ദേശപ്രകാരം അക്കൗണ്ടിങ് സംവിധാനം, ഫിനാൻഷ്യൽ റിപ്പോർട്ടിങ് രീതി, ബോർഡിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തുടങ്ങിയവ സംബന്ധിച്ചുള്ള സമഗ്ര റിപ്പോർട്ടാണ് നല്കിയത്. റിപ്പോർട്ടും ശിപാർശകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് ദേവസ്വം ബെഞ്ച് മാറ്റങ്ങൾ നിർദ്ദേശിച്ചത്.

സാമ്പത്തിക മാനേജുമെന്റുമായി ആവർത്തിച്ചുള്ള പ്രശ്നങ്ങൾ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ടെന്നു കോടതി പറഞ്ഞു. ഇത് പരിഹരിച്ചില്ലെങ്കിൽ ബോർഡിന്റെ തന്നെ സത്യസന്ധതയെ ബാധിക്കുന്ന വിഷയമാകും അതിനാൽ ഉടൻതന്നെ ഫലപ്രദവും കാര്യക്ഷമവുമായ നടപടി സ്വീകരിക്കണമെന്നും നിർദേശിച്ചു.

പണത്തിന് രസീത് എന്നത് അടക്കമുള്ള രീതികളാണ് ബോർഡിനും ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളും പിന്തുടരുന്നതെന്നു റിപ്പോർട്ടിൽ അറിയിച്ചിരുന്നു. ആസ്തികൾ, ബാധ്യതകൾ, വരുമാനം, ചെലവ് തുടങ്ങിയവ ഉൾപ്പെടെയുള്ളവയുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. പരമ്പരാഗത രീതികളാണ് നിലവിലുള്ളതെന്നും ഇതിലൊക്കെ മാറ്റം വേണമെന്നും ശിപാർശ ചെയ്തു.

നിലവിലെ ഡേറ്റ ക്രമീകരിച്ചു സമഗ്രമായ ഡേറ്റ മൈഗ്രേഷൻ പ്ലാൻ രൂപീകരിക്കണമെന്നു കോടതി നിർദേശിച്ചു. നേരത്തെയുള്ള വിശദാംശങ്ങളിലെ പോരായ്മകൾ പരിഹരിക്കണം. തെരഞ്ഞെടുക്കപ്പെട്ട ക്ഷേത്രങ്ങളിൽ പൈലറ്റ് പദ്ധതിയായി ആദ്യം നടപ്പാക്കുക, ക്ഷേത്രജീവനക്കാർക്ക് ഉൾപ്പെടെ ആവശ്യമായ പരിശീലനം നല്കണം തുടങ്ങിയ നിർദേശങ്ങളാണ് കോടതി നല്കിയത്. സുതാര്യതയും ഉത്തരവാദിത്വവും നിയന്ത്രണവും ഉറപ്പാക്കാൻ കേന്ദ്രീകൃത കംപ്യൂട്ടർ സംവിധാനത്തിൽ സമഗ്രമായ ഓഡിറ്റിങ്ങിനുള്ള സൗകര്യം അടക്കം ഉണ്ടാകണമെന്നും കോടതി നിർദ്ദേശിച്ചു. നിലവിലുള്ള സോഫ്റ്റ്‌വെയർ സംവിധാനത്തിൽ നിന്നു മാറുന്നതിനു മുൻപ് പഴയ ഡേറ്റ മുഴുവൻ കൃത്യമായി സംരക്ഷിക്കാനും ബോർഡ് നടപടിയെടുക്കണം. ബോർഡിന്റെ കംപ്യൂട്ടറൈസ്ഡ് സംവിധാനം വികസിപ്പിക്കുന്നതിന് കിറ്റ്ഫ്രയ്ക്കടക്കം നേരത്തെ കോടതി നിരപ്ദേശം നല്കിയിരുന്നു. ഉത്തരവിന്റെ പകർപ്പ് കിറ്റ്ഫ്രയ്ക്ക് കൈമാറാനും കോടതി നിർദേശിച്ചു.

# ‘കാർഗിൽ ഹീറോ’ കേണൽ സോനം വാങ്ചുക്ക് അന്തരിച്ചു



ന്യൂഡൽഹി: കാർഗിൽ വീരനായകൻ കേണൽ സോനം വാങ്ചുക്ക്(62) അന്തരിച്ചു. ഹൃദയാഘാതത്തെത്തുടർന്നായിരുന്നു അന്ത്യം. വിരമിച്ച ശേഷം ലഡാക്കിലായിരുന്നു താമസം. കാർഗിൽ യുദ്ധത്തിൽ ശത്രു സൈന്യത്തെ തുരത്തുന്നതിൽ സമാനതകളില്ലാത്ത പോരാട്ടം കാഴ്ചവെച്ച അദ്ദേഹത്തെ രാജ്യം മഹാവീർ ചക്ര നൽകി ആദരിച്ചിരുന്നു.

കാർഗിൽ യുദ്ധകാലത്ത് ബറ്റാലിക് സെക്ടറിലെ ചോർബത് ലാ പിടിച്ചെടുക്കുക എന്ന ദുഷ്കരമായ ദൗത്യമായിരുന്നു അന്ന് മേജർ പദവിയിലായിരുന്ന സോനം വാങ്ചുക്കിനെ ഏൽപ്പിച്ചിരുന്നത്. ലഡാക്ക് സ്കൗട്ട്സിനെ നയിച്ച് 5500 മീറ്റർ ഉയരത്തിലുള്ള ഹിമാനി പ്രദേശത്ത് അദ്ദേഹം നടത്തിയ മുന്നേറ്റം സൈനിക ചരിത്രത്തിലെ സുവർണ അധ്യായമാണ്. കഠിനമായ മഞ്ഞുവീഴ്ച അവഗണിച്ച് ശത്രുകേന്ദ്രങ്ങൾ ആക്രമിച്ച അദ്ദേഹം ആറ് പാക് സൈനികരെ വധിക്കുകയും തന്ത്രപ്രധാനമായ ഇടങ്ങൾ തിരിച്ചുപിടിക്കുകും ചെയ്തു. അദ്ദേഹത്തോടുള്ള ബഹുമാനാർത്ഥം ലഡാക്കിലെ രണ്ടു സൈനികപോസ്റ്റുകൾക്ക് സോനം ഒന്ന്, സോനം രണ്ട് എന്നാണ് നാമകരണം ചെയ്തത്.  ലഡാക്കിന്റെ അഭിമാനിയായ മകൻ എന്നാണ് പ്രതിരോധമന്ത്രി വാങ്ചുക്കിനെ വിശേഷിപ്പിച്ചത്. ഓപ്പറേഷൻ വിജയ് സമയത്ത് പ്രായോഗികമായ മാതൃകയിലൂടെ വാങ്ചുക്ക് തന്റെ സൈനികരെ പ്രചോദിപ്പിച്ചുവെന്നും അദ്ദേഹത്തിന്റെ പാരമ്പര്യം വരും തലമുറകൾക്ക് കരുത്താകുമെന്നും രാജ്നാഥ് സിങ് എക്സിൽ കുറിച്ചു.

# കുരുക്കിലായി വൈറൽ താരത്തിന്റെ വിവാഹം

തിരുവനന്തപുരം: കുംഭമേളയിലെ വൈറൽതാരമായ പെൺകുട്ടിക്ക് 16 വയസ്സേയുള്ളുവെന്നും കഴിഞ്ഞമാസം വിവാഹത്തിനു ഹാജരാക്കിയ ജനനസർട്ടിഫിക്കറ്റ് വ്യാജമാണെന്നും ദേശീയ പട്ടികവർഗ കമ്മീഷൻ അറിയിച്ചു. ഭർത്താവ് ഫർമാൻ ഖാനെതിരെ പോക്സോ നിയമപ്രകാരം കേസെടുക്കാൻ മധ്യപ്രദേശ് പോലീസിനു നിർദേശവും നല്കി. കേരള, മധ്യപ്രദേശ് ഡിജിപിമാർ 22-ന് ഡൽഹിയിൽ ഹാജരാകണമെന്നും നിർദേശിച്ചു.

മഹാരാഷ്ട്ര സ്വദേശി ഫർമാനുമായുള്ള പ്രണയവിവാഹത്തെ കുടുംബം എതിർത്തിരുന്നുവെന്നു പറഞ്ഞാണ് മധ്യപ്രദേശ് സ്വദേശിയായ പെൺകുട്ടി കേരളത്തിൽ അഭയം തേടിയത്.

കഴിഞ്ഞമാസം 11-ന് തിരുവനന്തപുരത്ത് സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ, മന്ത്രി വി. ശിവൻകുട്ടി, എ.എ. റഹിം എംപി തുടങ്ങിയവരുടെ സാന്നിദ്ധ്യത്തിലായിരുന്നു വിവാഹം. പ്രായപൂർത്തിയായെന്നും വിവാഹം നിയമപ്രകാരമാണെന്നും സംസ്ഥാന പോലീസ് വ്യക്തമാക്കിയിരുന്നു. എന്നാൽ, 2009 ഡിസംബർ 30-നാണ് പെൺകുട്ടി ജനിച്ചതെന്നു പട്ടികവർഗ കമ്മീഷൻ പറയുന്നു. കഴിഞ്ഞവർഷം പ്രയാഗ് രാജിലെ കുംഭമേളയിൽ രുദ്രാക്ഷമാല വിൽക്കാനെത്തിയപ്പോൾ പകർത്തിയ ചിത്രമാണ് പെൺകുട്ടിയെ താരമാക്കിയത്.

# കേരളത്തിൽ ബാറുകളുടെ എണ്ണം റെക്കോർഡിൽ

തിരുവനന്തപുരം: പുതിയ സാമ്പത്തിക വർഷം കേരളത്തിൽ 1111 ഹോട്ടലുകൾക്കുകൂടി ബാർ, ബീയർ പാർലർ ലൈസൻസ്. ഇതോടെ കേരളത്തിലെ ബാറുകളുടെ എണ്ണം സർവകാല റെക്കോർഡിലെത്തി. തുടർച്ചയായി രണ്ടാം സാമ്പത്തിക വർഷമാണു സ്വകാര്യ മദ്യശാലകളുടെ എണ്ണം 1000 കടക്കുന്നത്.

ക്ലാസിഫിക്കേഷൻ പുതുക്കാത്ത ഹോട്ടലുകൾക്കു ബാർ ലൈസൻസ് പുതുക്കാനുള്ള നീക്കം വിവാദമായെങ്കിലും കഴിഞ്ഞ വർഷത്തേതുപോലെ ഇത്തവണയും ഇവയ്ക്കു ലൈസൻസ് പുതുക്കി നൽകി. ഇത്തരത്തിൽ ലൈസൻസ് നേടിയ ബാറുകളുടെ എണ്ണം എത്രയെന്നതിന്റെ കണക്കു പ്രത്യേകമായി പുറത്തുവിട്ടിട്ടില്ല.

പുതിയ സാമ്പത്തിക വർഷം ബാർ പ്രവർത്തിപ്പിക്കാനുള്ള ലൈസൻസ് നേടിയത് 894 ഹോട്ടലുകളാണ്. കഴിഞ്ഞ വർഷം ഏപ്രിലിൽ 848 ബാറുകളായിരുന്നു. ഒരു വർഷംകൊണ്ടു 46 ബാറുകളുടെ വർധന. 217 ബീയർ പാർലറുകളും ഈ വർഷം ലൈസൻസ് നേടി.

കഴിഞ്ഞ വർഷം ഏപ്രിലിൽ ബാറും ബീയർ പാർലറും ചേർത്ത് 1070 മദ്യശാലകളുണ്ടായിരുന്നെങ്കിൽ ഈ വർഷം 1111 ആയി. സാമ്പത്തിക വർഷത്തിന്റെ ആദ്യപാദം കഴിയുന്നതുവരെ ലൈസൻസ് പുതുക്കൽ പ്രക്രിയ നടക്കാറുള്ളതിനാൽ എണ്ണം ഇനിയും കൂടാം.

മദ്യ ഉപയോഗം ഘട്ടം ഘട്ടമായി കുറയ്ക്കുമെന്നും മദ്യവർജനത്തിനു ജനകീയ പ്രസ്ഥാനം ആരംഭിക്കുമെന്നും പ്രകടന പത്രികയിൽ വാഗ്ദാനം ചെയ്ത രണ്ട് പിണറായി സർക്കാരുകളും ചേർന്നു പുതിയതായി തുറന്നത് 443 ബാറുകൾ. സർക്കാരിന്റെ 333 മദ്യവിൽപനശാലകളും പ്രവർത്തിക്കുന്നു.

സർക്കാരിന്റെ മദ്യനയം അനുസരിച്ച് ത്രീസ്റ്റാറോ, മുകളിലോ ക്ലാസിഫിക്കേഷനുള്ള ഹോട്ടലുകൾക്കു മാത്രമേ ബാർ ലൈസൻസ് നൽകാൻ പാടുള്ളൂ. കേന്ദ്ര ടൂറിസം മന്ത്രാലയമാണു ക്ലാസിഫിക്കേഷൻ നൽകേണ്ടത്. ഹോട്ടലുകൾ റീ ക്ലാസിഫിക്കേഷന് അപേക്ഷ നൽകിയശേഷം മനഃപൂർവം ക്ലാസിഫിക്കേഷൻ പരിശോധന വൈകിപ്പിക്കുന്നതായി ടൂറിസം മന്ത്രാലയം കഴിഞ്ഞവർഷം കത്തയച്ചിരുന്നു.

എന്നാൽ, റീ ക്ലാസിഫിക്കേഷന് അപേക്ഷ നൽകിയ ഇരുനൂറോളം ഹോട്ടലുകൾക്കു കഴിഞ്ഞ സാമ്പത്തിക വർഷം ബാർ ലൈസൻസ് പുതുക്കി നൽകി.


ഇത്തവണയും അനുവദിക്കാൻ ഫെബ്രുവരി 13-നു നികുതി വകുപ്പ് ഉത്തരവിറക്കിയിരുന്നു. ഇക്കാര്യം റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് മദ്യനിരോധന സമിതിയടക്കം ഹൈക്കോടതിയെ സമീപിച്ചെങ്കിലും ലൈസൻസ് പുതുക്കി നൽകി.



# ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് ജോസഫ് ബാവ ഫാമിലി കോൺഫറൻസിൽ പങ്കെടുക്കുന്നു

വർഗീസ് പാലമലയിൽ

ന്യൂജേഴ്സി: പരിശുദ്ധ അന്ത്യോഖ്യൻ സിംഹാസനത്തിനു കീഴിലുള്ള ആകമാന യാക്കോബായ സുറിയാനി സഭയുടെ അമേരിക്കൻ അതിഭദ്രാസനത്തിന്റെ 37-ാമത് യൂത്ത് ആൻഡ് ഫാമിലി കോൺഫറൻസിൽ യാക്കോബായ



സുറിയാനി ഓർത്തഡോക്സ് സഭയുടെ കാതോലിക്കയും മലങ്കര മെത്രാപ്പോലീത്തയുമായ ആബൂൻ മോർ ബസേലിയോസ് ജോസഫ് ബാവ മുഖ്യാതിഥിയായി പങ്കെടുക്കുന്നു.

ഈ വരുന്ന ജൂലൈ മാസം 22-ാം തീയതി മുതൽ 25-ാം തീയതിവരെ അമേരിക്കൻ അതിഭദ്രാസന ആസ്ഥാനത്ത് (236 Old Tappan Rd, Old Tappan, NJ) വെച്ചാണ് ഈ വർഷത്തെ കോൺഫറൻസ് നടക്കുന്നത്. ഭദ്രാസനത്തിലെ നൂറോളം പള്ളികളിൽ നിന്നായി ആയിരത്തിൽപ്പരം വിശ്വാസികൾ പങ്കെടുക്കുന്ന ഈ സമ്മേളനത്തിന്റെ ഒരുക്കങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. അമേരിക്കൻ അതിഭദ്രാസന മെത്രാപ്പോലീത്തായും പാത്രിയർക്കൽ വികാരിയുമായ യെൽദോ മോർ തീത്തോസ് തിരുമേനിയും ഭദ്രാസന സെക്രട്ടറി റവ.ഫാ. പോൾ തോട്ടക്കാട്ട്, ഭദ്രാസന ട്രഷറർ സിമി ജോസഫ്, ജോയിന്റ് സെക്രട്ടറി റവ.ഫാ. ബെൽസൻ കുര്യാക്കോസ്, ജോയിന്റ് ട്രഷറർ ബോബി കുര്യാക്കോസ്, കൗൺസിൽ അംഗങ്ങൾ എന്നിവർ ചേർന്ന് ശ്രേഷ്ഠ ബാവയെ സ്വീകരിക്കാൻ വിപുലമായ ഒരുക്കങ്ങളാണ് നടത്തിവരുന്നത്. ഭദ്രാസന ആസ്ഥാനത്ത് വെച്ച് നടക്കുന്ന ഈ ഫാമിലി കോൺഫറൻസിന്റെ മുഖ്യ അതിഥിയായിരിക്കും ശ്രേഷ്ഠ ബാവ. സ്ഥാനാരോഹണത്തിനുശേഷം അമേരിക്കയിൽ ആദ്യമായി വരുന്ന ശ്രേഷ്ഠ ബാവയ്ക്ക് വൻ സ്വീകരണമാണ് ഭദ്രാസനാധിപൻ യെൽദോ മോർ തീത്തോസ് തിരുമേനിയും കൗൺസിൽ അംഗങ്ങളും ചേർന്ന് ഒരുക്കിയിരിക്കുന്നത്. ഇതോടനുബന്ധിച്ച് 22-ാം തീയതി വൈകിട്ട് നടക്കുന്ന അനുമോദന സമ്മേളനത്തിലും ബാങ്ക്വറ്റ് റിസപ്ഷനിലും ശ്രേഷ്ഠ ബാവായോടൊപ്പം വിവിധ സഭാ മേലദ്ധ്യക്ഷന്മാരും, സ്റ്റേറ്റ്/കൗണ്ടി പ്രതിനിധികളും സാമൂഹിക പ്രവർത്തകരും പങ്കെടുക്കുന്നതാണ്. ഈ സ്വീകരണവും കുടുംബസംഗമവും ചരിത്രവിജയമാക്കി മാറ്റുവാൻ നിങ്ങളേവരുടേയും സാന്നിദ്ധ്യവും സഹകരണവും ഉണ്ടാകണമെന്ന് ജനറൽ കൺവീനർ റവ.ഫാ. പോൾ തോട്ടക്കാട്ട് (917 291 7887), ജോയിന്റ് കൺവീനർ സിമി ജോസഫ് (973 870 1720), കൗൺസിൽ അംഗങ്ങൾ എന്നിവർ അറിയിച്ചു.

# ചിക്കാഗോയിൽ അന്തരിച്ച ഫിലിപ്പ് വിരുത്തക്കുളങ്ങരയുടെ സംസ്കാരം ഏപ്രിൽ 15-ന് ബുധനാഴ്ച



ചിക്കാഗോ: ചിക്കാഗോയിൽ അന്തരിച്ച ഫിലിപ്പ് തോമസ് വിരുത്തക്കുളങ്ങരയുടെ (54) സംസ്കാരം ഏപ്രിൽ 15-ന് ബുധനാഴ്ച നടത്തപ്പെടും. മോർട്ടൺഗ്രോവ് സെന്റ് മേരീസ് ക്നാനായ കാത്തലിക് പള്ളിയിൽ രാവിലെ 7.30 മുതൽ 10.30 വരെ പൊതുദർശനം. തുടർന്ന് ദിവ്യബലിയും പ്രാർത്ഥനാശുശ്രൂഷകളും. നൈൽസിലുള്ള മേരിഹിൽ കാത്തലിക് സെമിത്തേരിയിൽ സംസ്കാരം നടക്കും. ഭാര്യ നീത (മാർഗരറ്റ്) പതിയിൽ കുടുംബാംഗമാണ്. മക്കൾ: അലക്സ്, ജേക്കബ്, ആശ. സഹോദരങ്ങൾ: ചിന്നമ്മ & സൈമൺ പള്ളിക്കുന്നേൽ (ചിക്കാഗോ), മേരി & പരേതനായ ചാക്കോ പുലിക്കുത്തിയേൽ (ന്യൂയോർക്ക്), തോമാച്ചൻ & എൽസമ്മ വിരുത്തക്കുളങ്ങര (ചിക്കാഗോ), പരേതരായ മാനുവൽ & ലിസി വിരുത്തക്കുളങ്ങര (ന്യൂജേഴ്സി), ലൂക്കോസ് & മേഴ്സി വിരുത്തക്കുളങ്ങര (ചിക്കാഗോ), ആലീസ് & സാജു മഠത്തിപ്പറമ്പിൽ (ചിക്കാഗോ).

# ട്രൈസ്റ്റേറ്റ് കേരളാ ഫോറം ഓണം ഓഗസ്റ്റ് 22-ന്

സുമോദ് തോമസ് നെല്ലിക്കാല

ഫിലാഡൽഫിയ: ട്രൈസ്റ്റേറ്റ് കേരളാ ഫോറത്തിന്റെ നേതൃത്വത്തിൽ ഈ വർഷത്തെ ഓണാഘോഷം ഓഗസ്റ്റ് 22-ന് ശനിയാഴ്ച ഫിലാഡൽഫിയയിലെ കാൻസ്റ്റാറ്റർ വോൾക്സ്ഫെസ്റ്റ് വെറൈൻ (Cannstatter) 9130 Academy Road, PA 19114 ഓഡിറ്റോറിയത്തിൽ നടത്തപ്പെടുമെന്ന് സംഘാടക സമിതി അറിയിച്ചു.

ഫോറം ചെയർമാൻ സിനോ സ്കറിയയുടെ നേതൃത്വത്തിലാണ് പരിപാടികൾ ഒരുക്കുന്നത്. ജനറൽ സെക്രട്ടറി ജോബി ജോർജ്, ട്രഷറർ രാജൻ സാമുവേൽ എന്നിവരും സംഘാടന പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നു. ഓണം ചെയർമാനായി ബിനു മാത്യുവും കേരള ഡേ ചെയർമാനായി തോമസ് പോളും നേതൃത്വനിരയിൽ പ്രവർത്തിക്കുന്നു.

എക്സിക്യൂട്ടീവ് വൈസ് ചെയർമാന്മാരായി വിൻസെന്റ് ഇമ്മാനുവൽ, ജോർജ് ഓലിക്കൽ, അലക്സ് തോമസ്, സുധ കർത്താ, അഭിലാഷ് ജോൺ, ഫിലിപ്പോസ് ചെറിയാൻ, ജിമോൻ ജോർജ്, ആഷ അഗസ്റ്റിൻ, ബിനു മാത്യു (ഓണാഘോഷ ചെയർമാൻ), സുമോദ് നെല്ലിക്കാല (പിആർഒ), റോണി വറുഗീസ് (പ്രോഗ്രാം കോ-ഓർഡിനേറ്റർ), ജോർജ് നടവയൽ (അവാർഡ് കമ്മിറ്റി), സാജൻ വർഗീസ് (ഐടി കോ-ഓർഡിനേറ്റർ), അനൂപ് അനു (സോഷ്യൽ മീഡിയ കോ-ഓർഡിനേറ്റർ), ദിലീപ് ജോർജ് (സ്പോർട്സ്), ജോൺ പണിക്കർ (ഓഡിറ്റർ) എന്നിവർ ഉൾപ്പെട്ട വിപുലമായ കമ്മിറ്റി പരിപാടിയുടെ വിജയത്തിനായി പ്രവർത്തിക്കുന്നു.

വിവിധ കലാപരിപാടികൾ, സാംസ്കാരിക ഘോഷയാത്ര, ഓണസദ്യ തുടങ്ങിയവ ഉൾപ്പെടുത്തി വിപുലമായ ആഘോഷപരിപാടികളാണ് സംഘാടകർ ആസൂത്രണം ചെയ്തിരിക്കുന്നത്. മലയാളി സമൂഹത്തിന്റെ സാംസ്കാരിക പാരമ്പര്യവും ഐക്യവും ഉയർത്തിക്കാട്ടുന്ന ഈ മഹോത്സവം ലോകോത്തര നിലവാരത്തിൽ എത്തിക്കാൻ ട്രൈസ്റ്റേറ്റ് കേരള ഫോറത്തിന് മുൻകാലങ്ങളിൽ കഴിഞ്ഞിട്ടുണ്ട്.

മലയാളികളുടെ ഏറ്റവും വലിയ സാംസ്കാരിക ഉത്സവമായ ഓണം, സമത്വത്തിന്റെയും സമൃദ്ധിയുടെയും പ്രതീകമായ മഹാബലി രാജാവിന്റെ സ്മ



Leno Skaria Chairman | Joby George Gen. Secretary | Rajan Samuel Treasurer | Thomas Paul Kerala Day chairman

രണയിലാണ് ആഘോഷിക്കുന്നത്. മഹാബലി രാജാവിന്റെ ഭരണകാലത്ത് കേരളം സമൃദ്ധിയുടെയും സമത്വത്തിന്റെയും നാടായിരുന്നു. മഹാബലിയെ പാതാളത്തിലേക്ക് അയച്ചെങ്കിലും വർഷത്തിൽ ഒരിക്കൽ തന്റെ ജനങ്ങളെ സന്ദർശിക്കാൻ മഹാബലിക്ക് അനുമതി ലഭിച്ചു എന്ന ഐതിഹാസിക കഥയാണ് ഓണാഘോഷത്തിന്റെ അടിസ്ഥാനം.

ഈ സന്ദർശനത്തെ വരവേൽക്കാൻ മലയാളികൾ പൂക്കളമൊരുക്കി, ഓണസദ്യയൊരുക്കി, വടംവലി, വള്ളംകളി, തിരുവാതിര, പുലിക്കളി തുടങ്ങിയ കലാപരിപാടികൾ അവതരിപ്പിച്ച് ആഘോഷിക്കുന്നു. അതേ ആവേശത്തോടെയും പാരമ്പര്യത്തോടെയും ട്രൈസ്റ്റേറ്റ് കേരള ഫോറവും ഈ വർഷം വിപുലമായ ഓണാഘോഷമാണ് സംഘടിപ്പിക്കുന്നത്.

വിവിധ കലാപരിപാടികൾ, സാംസ്കാരിക ഘോഷയാത്ര, ആകർഷകമായ ഓണസദ്യ എന്നിവയോടെ മലയാളി സമൂഹത്തിന്റെ ഐക്യവും പാരമ്പര്യവും ഉയർത്തിക്കാട്ടുന്ന ഈ മഹോത്സവത്തിൽ ഏവരും കുടുംബസമേതം പങ്കെടുക്കണമെന്ന് സംഘാടകർ അഭ്യർത്ഥിച്ചു.


# സാറാമ്മ ചെറിയാൻ അന്തരിച്ചു



പത്തനാപുരം: പിടവൂർ വേങ്ങൽ മണപ്പുറത്ത് സാറാമ്മ ചെറിയാൻ (88) അന്തരിച്ചു. പരേത മാവേലിക്കര ഷോപ്പിൽ പീടികയിൽ കുടുംബാംഗമാണ്. ഭർത്താവ് ഫാ. വി.ഐ. ചെറിയാൻ. മക്കൾ: മിനി ചെറിയാൻ, ബ്ലെസി മാത്യു, ജിമോൻ (സൗദി). മരുമക്കൾ: ചാക്കോ മാത്യു (ദുബായി), തേവലപ്പുറത്ത് മാലിക്, മനു മോഷ് വർഗീസ് നെല്ലിക്കുന്നേൽ.







PROSPEROUS
THERAPY
Dr. Elizabeth Nellamattathil
PhD, LPC-TX, LCPC-IL
Offering telehealth therapy for adults in Illinois and Texas.
Our services
• Individual Therapy
• Couples Therapy
• Anxiety & Stress Management
• Depression & Mood Concerns
• Self-Esteem & Confidence
• Life Transitions
• Family Concerns
• Identity Exploration
• Interpersonal Functioning
• And more…
Contact Us
972-433-7211
info@prosperoustherapy.com
ProsperousTherapy.com

# ഫൊക്കാന ഹെൽത്ത് ക്ലിനിക്കിന്റെ ന്യൂജേഴ്സി ഓഫീസ് ഉദ്ഘാടനം ചെയ്തു

ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂയോർക്ക്: ഫൊക്കാനയുടെ ഡ്രീം പ്രൊജക്ടുകളിൽ ഒന്നായ ഫൊക്കാന ഹെൽത്ത് ക്ലിനിക്കിന്റെ ന്യൂജേഴ്സി ഓഫീസിന്റെ ഉദ്ഘാടനം ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണി നിർവഹിച്ചു. ന്യൂജേഴ്സി ഓഫീസ് ഇൻ ചാർജും ന്യൂജേഴ്സിയിലെ പ്രമുഖ ഡോക്ടറായ ജെയിംസ് ജോസഫിന്റെ അദ്ധ്യക്ഷതയിൽ നടന്ന മീറ്റിങ്ങിൽ ഫൊക്കാന സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ, റീജണൽ വൈസ് പ്രസിഡണ്ട് കോശി കുരുവിള, രജിസ്ട്രേഷൻ കമ്മിറ്റി ചെയർ ഫ്രാൻസിസ് കരക്കാട്ട് എന്നിവരും പങ്കെടുത്ത് ആശംസകൾ നേർന്ന് സംസാരിച്ചു.



നാട്ടിൽനിന്നും വരുന്ന ഇൻഷുറൻസ് പരിരക്ഷയില്ലാത്ത ആളുകൾക്കും അതുപോലെ അമേരിക്കയിലുള്ള ഇൻഷുറൻസ് പരിരക്ഷയില്ലാത്ത മലയാളികൾക്കും ബേസിക് ചികിത്സ നല്കുക എന്ന ലക്ഷ്യത്തോടെയാണ് ഫൊക്കാന ഹെൽത്ത് ക്ലിനിക്ക് നിലവിൽ വന്നിരിക്കുന്നത്. ഈ ഹെൽത്ത് ക്ലിനിക്കുകളുടെ ന്യൂജേഴ്സി ഓഫീസ് ആയി പ്രവർത്തിക്കുന്നത് (124 Gregory Ave # 301, passaic, New Jersey) ഡോ. ജെയിംസ് ഏബ്രഹാം എംഡിയുടെ സ്വന്തം ഓഫീസിൽ തന്നെയാണ്.

ഡോ. ജെയിംസ് ഏബ്രഹാം എംഡി 38 വർഷത്തെ മെഡിക്കൽ പരിചയമുള്ള ന്യൂജേഴ്സിയിലെ പ്രസിദ്ധനായ ഡോക്ടറാണ്. ന്യൂജേഴ്സിയിൽ 30 വർഷമായി പ്രവർത്തിക്കുന്നു. സെന്റ് മേരീസ് ജനറൽ ഹോസ്പിറ്റൽ, കെയർ പോയിന്റ് ഹെൽത്ത് ബേവൺ യൂണിവേഴ്സിറ്റി മെഡിക്കൽ സെന്ററുമായും അഫിലിയേറ്റായാണ് പ്രവർത്തിക്കുന്നത്. അദ്ദേഹം സ്പെഷലൈസ് ചെയ്യുന്നത് പൾമോളജി, ഇന്റേണൽ മെഡിസിൻ, ക്രിട്ടിക്കൽ കെയർ, സ്ലീപ്പ് മെഡിസിസ്സ് എന്നീ മേഖലകളിലാണ്. ആലപ്പുഴ മെഡിക്കൽ കോളജിൽ നിന്നും മെഡിസിൻ കഴിഞ്ഞു അമേരിക്കയിലെത്തിയ ഡോ. ജെയിംസ് ഏബ്രഹാം ടോപ് ഡോക്ടേഴ്സ് റെക്കഗ്നേഷൻ ലിസ്റ്റിൽ അംഗമാണ്. ഔട്ട് സ്റ്റാൻഡിംഗ് ഹെൽത്ത് എഡ്യൂക്കേഷൻ നാഷണൽ ഹെൽത്ത് ഇൻഫർമേഷൻ അവാർഡ് നേടിയിട്ടുണ്ട്. നല്ലൊരു ഡോക്ടർ എന്നതിനപ്പുറം നല്ലൊരു മനുഷ്യസ്നേഹി കൂടിയാണ് അദ്ദേഹം. നിരവധി ചാരിറ്റി പ്രവർത്തനങ്ങൾ നടത്തുന്നു.

ദ്രുതഗതിയിലുള്ള മാറ്റങ്ങളാണ് ഫൊക്കാനയിൽ ഉണ്ടായത്. മിന്നൽ വേഗത്തിലുള്ള പ്രവർത്തനങ്ങൾ സമൂഹത്തിന്റെ താഴേത്തട്ടിൽ എത്തിക്കുവാൻ ഈ കമ്മിറ്റിക്ക് കഴിഞ്ഞിട്ടുണ്ട് എന്ന് പ്രസിഡണ്ട് സജിമോൻ ആന്റണി അഭിപ്രായപ്പെട്ടു. പുതിയ പുതിയ ആശയങ്ങൾ സംഘടനയിൽ കൊണ്ടുവരുന്നതും സംഘടനയെ പുരോഗതിയിലേക്ക് നയിക്കുന്നതും ഒരു ലീഡർഷിപ്പിന്റെ ക്വാളിറ്റി മാത്രമല്ല മറിച്ച്, സമൂഹത്തോടുള്ള നമ്മുടെ കമ്മിറ്റ്മെന്റ് കൂടിയാണ്. ഫൊക്കാന ഹെൽത്ത് ക്ലിനിക്ക് പ്രാവർത്തികമാക്കാൻ ഫൊക്കാനക്ക് കഴിയുന്നത് ഡോ. ജെയിംസ് ഏബ്രഹാം എംഡിയെപ്പോലുള്ള നല്ല കുറെ ഡോക്ടർമാരുടെ സഹകരണം കൊണ്ട് കൂടിയാണെന്നും സജിമോൻ ആന്റണി അഭിപ്രായപ്പെട്ടു.

തന്റെ ഓഫീസും സ്റ്റാഫും ഫൊക്കാനയുടെ ഹെൽത്ത് ക്ലിനിക്കുമായി സഹകരിച്ചു പ്രവർത്തിക്കുന്നതിൽ അതിയായ സന്തോഷമേ ഉള്ളുവെന്നും എന്റെ സേവനങ്ങൾ അമേരിക്കൻ മലയാളി സമൂഹത്തിന് പ്രയോജനപ്പെടുന്നതിൽ തനിക്ക് സംതൃപ്തി നല്കുന്ന കാര്യമാണെന്നും ഡോ. ജെയിംസ് ഏബ്രഹാം പറഞ്ഞു. എന്റെ പ്രവർത്തനങ്ങൾ ഒരു സേവനമായി തന്നെയാണ് ചെയ്യുന്നതെന്നും അദ്ദേഹം അറിയിച്ചു.



ഫൊക്കാനയുടെ പ്രസ്റ്റീജിയസ് ആയ നിരവധി പ്രോഗ്രാമുകളിൽ ചിലതായ ഫൊക്കാന മെഡിക്കൽ കാർഡിനും ഫൊക്കാന പ്രിവിലേജ് കാർഡിനും ശേഷം അമേരിക്കൻ മലയാളി സമൂഹത്തിന് വളരെയധികം പ്രയോജനം ലഭിക്കുന്ന മറ്റൊരു പ്രിസ്റ്റീജിയസ് പ്രോഗ്രാമായ ഫൊക്കാന ഹെൽത്ത് ക്ലിനിക്ക് ഏവരുടെയും പ്രശംസയ്ക്കു പാത്രമാകുന്നു.

# ഫോമാ സെൻട്രൽ റീജിയൻ കലാമേള ഏപ്രിൽ 26-ന്; രജിസ്ട്രേഷൻ ആരംഭിച്ചു

ബിജു മുണ്ടക്കൽ

ചിക്കാഗോ: നോർത്ത് അമേരിക്കയിലെ മലയാളി സംഘടനകളുടെ ഫെഡറേഷൻ ആയ ഫോമായുടെ സെൻട്രൽ റീജിയന്റെ ആഭിമുഖ്യത്തിലുള്ള കലാമേള 2026 ഏപ്രിൽ 26-ന് ഞായറാഴ്ച രാവിലെ 9-ന് ഡെസ്പ്ലെയിൻസിലുള്ള കെസിഎസ് ക്നാനായ സെന്ററിൽ വെച്ച് നടക്കും.

കലാമേളയുടെ രജിസ്ട്രേഷൻ ആരംഭിച്ചതായി കലാമേള കോ-ഓർഡിനേറ്റർ സാറാ അനിൽ, കോ കോ-ഓർഡിനേറ്റർ ഷൈനി ഹരിദാസ്, ഫോമാ സെൻട്രൽ റീജിയൻ ആർവിപി ജോൺസൺ കണ്ണൂക്കാടൻ, ട്രഷറർ അച്ചൻകുഞ്ഞ് മാത്യു, സെൻട്രൽ റീജിയൻ ചെയർമാൻ ആന്റോ കവലക്കൽ എന്നിവർ അറിയിച്ചു. കെസിഎസ് ക്നാനായ സെന്ററിലെ വിവിധ ഹാളുകളിലായി ഒരേസമയം നടക്കുന്ന മത്സരപരിപാടികളിൽ ചിക്കാഗോയിലും മറ്റ് സബർബുകളിലുമുള്ള പ്രതിഭകൾ മാറ്റുരയ്ക്കും. മത്സരപരിപാടികളുടെ വിജയകരമായ നടത്തിപ്പിനായി വിവിധ കമ്മിറ്റികൾ രൂപീകരിച്ചു. മത്സര പരിപാടികളുടെ കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി https://fomaacentralregion.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഈ മത്സരങ്ങളിൽ വിജയികളാകുന്നവർക്ക് ഹൂസ്റ്റണിൽ നടക്കുന്ന നാഷണൽ ലെവൽ കലാമേളയിൽ പങ്കെടുക്കാൻ അവസരം ഉണ്ടായിരിക്കും. ഈ സുവർണ്ണാവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് ഭാരവാഹികൾ അഭ്യർത്ഥിച്ചു.









കേരളാ എക്സ്പ്രസ് KERALA EXPRESS

വഴിവിളക്കുകൾ 7

# പൊട്ടൻ



എല്ലാവരും അയാളെ പൊട്ടനെന്നാണ് വിളിച്ചിരുന്നത്. എത്ര ഉച്ചത്തിൽ വിളിച്ചാലും അയാൾ കേൾക്കില്ലെന്ന് ഉറപ്പുള്ളതുകൊണ്ട് ഞങ്ങളും സധൈര്യം വിളിച്ചു- “പൊട്ടൻ”. കേൾവിയുടെയും സംസാരത്തിന്റെയും മാസ്മര സിദ്ധികൾ ഇല്ലാത്തതുകൊണ്ടുതന്നെ അയാൾ അത്തരം എല്ലാ വിളികളെയും നിറഞ്ഞ പുഞ്ചിരിയോടെ സ്വീകരിച്ചു. അരയിൽ എപ്പോഴും കരുതുന്ന വെറ്റില, അടയ്ക്ക, ചുണ്ണാമ്പ്, പുകയില എന്നിവയുടെ പൊതി അയാളുടെ പല്ലുകളിൽ അങ്ങിങ്ങ് കറപിടിപ്പിച്ചിരുന്നു. എങ്കിലും അത്രയും കറയറ്റ ചിരികൾ ഞാൻ വിരളമായേ കണ്ടിട്ടുള്ളു.

ഞങ്ങളുടെ വീട്ടിലെയും ആ നാട്ടിലെ തന്നെയും പ്രധാന തെങ്ങുകയറ്റക്കാരൻ ആയിരുന്നു ഈ പൊട്ടൻ. പൊട്ടൻ എന്ന പേര് അത്രമേൽ പ്രചാരത്തിൽ ആയിരുന്നതുകൊണ്ട് ആരും അയാളുടെ യഥാർത്ഥ പേരിനെക്കുറിട്ട് ആലോചിച്ച് തലപുകച്ചില്ല. അല്ലെങ്കിലും കേൾക്കാത്തവർക്ക് എന്തിനാണ് പേര്?

ആകാശത്തോളം എത്തുന്ന തെങ്ങുകളിൽ സമൃദ്ധമായി തേങ്ങ വിളഞ്ഞിരുന്ന കുട്ടിക്കാലം. പലപ്പോഴായി തെങ്ങുകളുടെയും തേങ്ങകളുടെയും എണ്ണത്തിൽ കാര്യമായ കുറവുണ്ടായി. എന്നിട്ടും ഞങ്ങളുടെ കറി ആവശ്യങ്ങൾക്കുള്ള തേങ്ങ വലിയ പ്രയാസമില്ലാതെ കിട്ടിയിരുന്നു. വിറകുപുരയിൽ കൂട്ടിയിട്ടിരിക്കുന്ന തേങ്ങകളുടെ എണ്ണം കുറഞ്ഞു തുടങ്ങുമ്പോഴേക്കും, അമ്മ പൊട്ടനെ അന്വേഷിച്ചു തുടങ്ങും. വഴിയേയെങ്ങാനും അയാൾ പോകുന്നത് കണ്ടാൽ ഒന്നുകിൽ അമ്മ ഓടും, അല്ലെങ്കിൽ ഞങ്ങളെ ആരെയെങ്കിലും ഓടിക്കും. വിളിച്ചാൽ കേൾക്കാത്തതുകൊണ്ട് പൊട്ടന്റെ മുൻപിൽ ചെന്നുനിൽക്കണം. അല്ലെങ്കിൽ തൊട്ടുവിളിക്കണം.

പിന്നത്തെ കാഴ്ച ഒന്നു കാണേണ്ടത് തന്നെയാണ്. അമ്മയും പൊട്ടനും തമ്മിൽ നടക്കുന്ന ദീർഘമായ സംഭാഷണം. സംസാരിക്കാൻ അമ്മയ്ക്ക് വാക്കുകളുടെ ആവശ്യമില്ലായിരുന്നു. അല്ലെങ്കിൽ തന്നെ അമ്മയ്ക്ക് എല്ലാവരുടെയും ഭാഷ അറിയാമായിരുന്നു എന്ന് എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. പൂക്കളുടെയും മരങ്ങളുടെയും ചെടികളുടെയും പൂച്ചയുടെയും പട്ടിയുടെയും കിളികളുടെയും കുഞ്ഞുങ്ങളുടെയുമൊക്കെ ഭാഷ! എത്ര അനായാസമായാണ് അമ്മ അവയോടെല്ലാം സംസാരിച്ചിരുന്നത്. ആശങ്കകളോ, അർഥശങ്കകളോ ഇല്ലാതെ, വരുന്ന തീയതിയും സമയവും ഒക്കെ ഉറപ്പിച്ച് പൊട്ടൻ നടന്നു നീങ്ങും.

മിക്കവാറും പറഞ്ഞ ദിവസം തന്നെ, അല്ലെങ്കിൽ ഒന്നോ രണ്ടോ ദിവസങ്ങൾക്കു ശേഷം അയാൾ വരും. വെറ്റിലപ്പൊതിയും കയറും തളപ്പുമൊക്കെയായി, തേങ്ങയിടുന്നത് കാണാനുള്ള കൗതുകം കൊണ്ട് ഞാനും പലപ്പോഴും അമ്മയുടെ പിറകേ കൂടും. ഞങ്ങൾ മൂന്നാളും തെങ്ങിൻചുവട്ടിൽ നിന്ന് തെങ്ങിൻചുവട്ടിലേക്ക് നടപ്പാണ് പിന്നെ. ഏതൊക്കെ തെങ്ങിൽ കയറണം, എത്ര തേങ്ങ കാണും എന്ന ഏകദേശ കണക്കെടുപ്പുകൾക്കൊടുവിൽ പൊട്ടൻ വിസ്തരിച്ച് ഒന്നു മുറുക്കും. അതു കാണാൻ തന്നെ ഒരു ശേലാണ്. മുറുക്കിത്തുപ്പി, തളപ്പൊക്കെ ഇട്ട് ആദ്യത്തെ തെങ്ങിലേക്ക്. ആ മെല്ലിച്ച ശരീരം, മാനം നോക്കി നിൽക്കുന്ന തെങ്ങിന്റെ തുഞ്ചത്തേക്ക് കയറിപ്പോകുന്നത് ഞാൻ പലപ്പോഴും ശ്വാസമടക്കിയാണ് നോക്കി കണ്ടിരുന്നത്.

ഇനിയാണ് രസം. നമ്മുടെ കൺമുൻപിൽ തേങ്ങകൾ ഓരോന്നായി താഴേക്ക് വീഴും. എത്ര നോക്കിനിന്നാലും രണ്ടു തേങ്ങകൾ എല്ലാ പ്രാവശ്യവും ഞങ്ങളുടെ കാഴ്ചയ്ക്കപ്പുറം പൊട്ടനു മാത്രമറിയാവുന്ന ഏതോ പൊന്തക്കാട്ടിൽ പതിയിരിക്കും. അങ്ങനെ വിട്ടുകൊടുക്കാൻ മനസ്സില്ലാത്ത എന്നിലെ കുറ്റാന്വേഷി ആ രണ്ടു തേങ്ങകളെ പരതി ഇറങ്ങും. നീണ്ട തെരച്ചിലിനൊടുവിൽ ആ തേങ്ങകളെ കണ്ടെടുത്ത് വിജയശ്രീലാളിതയായി ഞാനാ തേങ്ങകളെയും ആ സാധു മനുഷ്യനെയും നോക്കി ചിരിക്കും. എന്റെ മഹത്തായ നേട്ടത്തിൽ അമ്മയെന്നെ അഭിനന്ദിച്ചിരുന്നതായി എനിക്ക് ഓർമ്മയില്ല. പക്ഷേ, അയാൾ എപ്പോഴും വെറ്റിലക്കറയുള്ള പല്ലുകൾ കാട്ടി എന്നെ നോക്കി ചിരിച്ചു.

അങ്ങനെ അവസാനം ആ സാധുമനുഷ്യൻ എല്ലാ തേങ്ങയും ചുമന്നുകൊണ്ട് മുറ്റത്തിടും. അപ്പോഴാവും എന്റെ കണ്ണ് മുറ്റത്തെ മാവിൻകൊമ്പിലോ, പറമ്പിലെ വരിക്കച്ചക്കയിലോ ഒക്കെ ഉടക്കുന്നത്. ഞാനമ്മയോട് കാര്യം പറയും. അമ്മ പൊട്ടനോട് ചോദിക്കും. പലപ്പോഴും അയാൾ മടിയൊന്നും കൂടാതെ ഞാൻ വിരൽ ചൂണ്ടിയ ദിക്കിലേക്ക് നടക്കും. ചൊട്ടനുറുമ്പുകൾ ആർത്തുല്ലസിക്കുന്ന മാവിൽ കയറി മാങ്ങയുമായി ആ പാവം തിരിച്ചു വരുമ്പോൾ ദേഹം നിറയെ ഉറുമ്പുകൾ പൊതിഞ്ഞിരിക്കും. ആ മനുഷ്യൻ എന്നെ നോക്കി പുഞ്ചിരിച്ചുകൊണ്ട് മാമ്പഴം എന്റെ നേർക്ക് നീട്ടുമ്പോൾ, ചുനയൊലിച്ച് പൊള്ളുന്നത് എന്റെ മനസ്സാണ്.

ഉറുമ്പുകളേയൊക്കെ കുടഞ്ഞ്, കൂലി എണ്ണി വാങ്ങി അയാൾ പോകാനൊരുങ്ങുമ്പോൾ അമ്മ രണ്ടോ മൂന്നോ തേങ്ങകൾകൂടി അയാൾക്ക് കൊടുക്കും. വീണ്ടും വെറ്റിലക്കറയുള്ള അതേ ചിരി! തേങ്ങ പിരിച്ച് തോളിലിട്ട് അയാൾ നടന്നു പോകുന്നത് കാഴ്ച മറയുവോളം ഞാൻ നോക്കിനിൽക്കും.



ആൻസി സിറിയക് ഇലക്കാട്ട്

**(ആൻസി സിറിയക് ഇലക്കാട്ട് (കോട്ടയം ബിസിഎം കോളജ് ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക) രചിച്ച്, മഷിക്കൂട്ട് പബ്ലീഷേഴ്സ് പ്രസിദ്ധീകരിച്ച, നാട്ടുവഴിയിലെ വിളക്കുമരങ്ങൾ എന്ന പുസ്തകത്തിൽ നിന്ന്)**

# അനു സിത്താര മെഗാഷോ സിനി ഫ്യൂഷൻ 2026; ടിക്കറ്റ് വിതരണം ഉദ്ഘാടനം നിർവഹിച്ചു

ന്യൂയോർക്ക്: ന്യൂയോർക്ക് എൽമോണ്ടിൽ വെച്ച് നടത്തുന്ന അനു സിത്താര ആൻഡ് ടീമിന്റെ ഷോയുടെ ടിക്കറ്റ് വിതരണ ഉദ്ഘാടനം മെയിൻ സ്പോൺസർ ആയ തോമസ് സക്കറിയക്ക് നൽകി ലീല മാരേട്ട് നിർവഹിച്ചു. ഫൊക്കാന ട്രസ്റ്റി സെക്രട്ടറി ബിജു ജോൺ, റീജണൽ വൈസ് പ്രസിഡണ്ട് ലാജി തോമസ്, ഡോൺ തോമസ് എന്നിവരും പങ്കെടുത്തു. ചിരിക്കാനും ചിന്തിപ്പിക്കാനും സ്ക്രിപ്റ്റുകളും താമശകളും കേട്ട് കാണികളെ പ്രകമ്പനം കൊള്ളിക്കാനും നല്ല ഒരു നൃത്ത സംഗീത സായാഹ്നത്തിനും അനു സിത്താരയുടെ പത്തംഗ ടീം മെയ് പത്തിന് ഞായറാഴ്ച വൈകിട്ട് 5-ന് സീറോമലബാർ കാത്തലിക് ഓഡിറ്റോറിയത്തിൽ (1510 Depaul Street, Elmont, Ny 11003) മായാജാലം സൃഷ്ടിക്കുമ്പോൾ ഏവർക്കും ഇതിലേക്ക് സ്വാഗതം.

സ്കൂൾ കലോത്സവ വേദികളിലൂടെ ശ്രദ്ധിക്കപ്പെട്ട നർത്തകിയായി സിനിമയിലെത്തിയ നടി അനു സിത്താര ഏഷ്യാനെറ്റിലെ ബഡായി ബംഗ്ലാവിലൂടെ പ്രേക്ഷകരുടെ മനം കവർന്ന മോഡലും ടെലിവിഷൻ അവതാരകയും നടിയുമായ ആര്യ, അനുഗൃഹീത ഗായകൻ വിപിൻ സേവ്യർ, ടെലിവിഷൻ ഷോകളിലൂടെ മികച്ച പ്രകടനം കാഴ്ചവെക്കുന്ന മിമിക്രി കലാകാരൻ രാജേഷ് അടിമാലി, എന്നിവർക്കൊപ്പം കാർത്തിക, സുനുൽ പാറയ്ക്കൽ, അഖിൽ കവലിയൂർ, റോണി റാഫേൽ, ജസ്റ്റിൻ പോൾ തുടങ്ങിയവരും അണിനിരക്കുന്ന മെഗാഷോ ആണ് സിനി ഫ്യൂഷൻ-2026.

ഫൊക്കാനയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ആവിഷ്കരിച്ചിരിക്കുന്ന ഭവനനിർമ്മാണ പദ്ധതിക്കായി പ്രമുഖ ചലച്ചിത്ര പ്രതിഭകൾ ഉൾപ്പെടെയുള്ളവരെ അണിനിരത്തി മെഗാഷോ സിനി ഫ്യൂഷൻ-2026 അരങ്ങേറുന്നത്.

അമേരിക്കൻ മലയാളികളുടെ ഇടയിൽ സുപരിചിതനായ തോമസ് സക്കറിയ (സുജിത് മൂലയിൽ) Index Wealth Solution INC ഈ ഷോയുടെ മെയിൻ സ്പോൺസറാണ്.



കൂടുതൽ വിവരങ്ങൾക്ക് ലീല മാരേട്ട് 646 539 8443, ബിജു ജോൺ 516 445 1873 നിങ്ങളെ ഓരോരുത്തരെയും ഈ ഷോ കാണുവാൻ വേണ്ടി വിനീതപൂർവം ക്ഷണിക്കുന്നതായി റീജണൽ വൈസ് പ്രസിഡണ്ട് ലാജി തോമസ് അറിയിച്ചു.

# ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്ക ചിക്കാഗോ ചാപ്റ്റർ 'കേരളം ഇലക്ഷൻ ഡിബേറ്റ് 2026' സംഘടിപ്പിച്ചു




ചിക്കാഗോ: ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്ക ചിക്കാഗോ ചാപ്റ്റർ 'കേരളം ഇലക്ഷൻ ഡിബേറ്റ് 2026' സംഘടിപ്പിച്ചു. ഏപ്രിൽ 6–ന് തിങ്കളാഴ്ച മോർട്ടൻഗ്രോവിലെ സെന്റ് മേരീസ് ചർച്ച് ഹാളിൽ നടന്ന ചർച്ചയിൽ മൂന്നു മുന്നണികളേയും പ്രതിനിധീകരിച്ച പാനലുകൾ അവരവരുടെ നേട്ടങ്ങളെ ഉയർത്തിക്കാട്ടി. ഫ്ളവേഴ്സ് ടിവി യുഎസ്എയുടെ സിഇഒ ബിജു സഖറിയയും പ്രവാസി സാഹിത്യകാരനായ അനിലാൽ ശ്രീനിവാസനുമാണ് ചർച്ചകൾ മോഡറേറ്റ് ചെയ്തത്. തെരഞ്ഞെടുപ്പ് പടിവാതിൽക്കൽ

**പ്രസന്നൻ പിള്ള**

എത്തിനിൽക്കെ കേരളത്തിലെ തെരഞ്ഞെടുപ്പ് വിഷയങ്ങളും വിവാദങ്ങളും ചർച്ചചെയ്ത മികച്ച സംവാദമാണ് അമേരിക്കൻ മലയാളികൾ കാഴ്ചവെച്ചത്. വിലക്കയറ്റം, തൊഴിലില്ലായ്മ, വികസനം, പൊതുകടം, ആരോഗ്യ–വിദ്യാഭ്യാസ മേഖലയിൽ പ്രശ്നങ്ങൾ, സാമൂഹിക, മത–രാഷ്ട്രീയ വിഷയങ്ങൾ, ക്ഷേമപദ്ധതികൾ, ശബരിമല സ്വർണ്ണക്കൊള്ള തുടങ്ങിയ വിഷയങ്ങൾ ചർച്ചയിൽ ഉയർന്നുവന്നു. ജന്മനാട്ടിലെ ഓരോ സ്പന്ദനവും മനസ്സിൽ സൂക്ഷിക്കുന്ന ചിക്കാഗോ മലയാളികളുടെ സ്വരമാണ് ഈ സംവാദത്തിൽ അലയടിച്ചത്. അത് റിപ്പോർട്ട് ചെയ്യാൻ നിരവധി മലയാളം മാധ്യമങ്ങളും എത്തിയിരുന്നു.



പത്ത് വർഷത്തെ വികസന നേട്ടങ്ങളും ക്ഷേമപെൻഷൻ, ലൈഫ്മിഷൻ പോലുള്ള ക്ഷേമ പദ്ധതികളുടെ കൃത്യമായ വിതരണവും ചൂണ്ടിക്കാട്ടിയാണ് എൽഡിഎഫ് ക്യാപെയ്ൻ പൊടിപൊടിച്ചത്. ഏറ്റവും ഒടുവിൽ യുഡിഎഫിന്റെ വയനാട് ഫണ്ട് തട്ടിപ്പ് എന്ന ആരോപണം കേരളത്തിലുടനീളം ചർച്ചയാക്കാനും എൽഡിഎഫിനു സാധിച്ചു. എൽഡിഎഫിനു വേണ്ടി സംസാരിച്ചത് ജോയൽ ജോയിയും പീറ്റർ കുളങ്ങരയും അടങ്ങിയ പാനലായിരുന്നു.

**ജോയൽ ജോയി–** പ്രകടനപത്രിക എന്നത് തെരഞ്ഞെടുപ്പ് അടുക്കുമ്പോൾ വെറുതെ അടിച്ചിറക്കുന്ന ഒരു ബുക്ക്ലെറ്റ് മാത്രമായിരുന്നു. എന്നാൽ, എൽഡിഎഫ് ഭരണത്തിൽ എത്തിയപ്പോൾ മുതൽ പ്രകടനപത്രികയിലുള്ളത് കൃത്യമായി നടപ്പിലാക്കുകയും അതിന്റെ പുരോഗതി വിലയിരുത്തുന്ന പ്രോഗ്രസ് റിപ്പോർട്ട് പുറത്തിറക്കുകയും ചെയ്തു. അഡ്മിനിസ്ട്രേഷൻ രംഗത്തെ മികവാണ് എൽഡിഎഫിന്റെ പദ്ധതികളെ മികച്ചരീതിയിൽ മുന്നോട്ടു കൊണ്ടുപോകാൻ സഹായിച്ചത്. ആരോഗ്യ–വിദ്യാഭ്യാസ മേഖലകളിൽ എൽഡിഎഫ് നടപ്പിലാക്കിയ നൂതന ആശയങ്ങളും പദ്ധതികളും ദീർഘവീക്ഷണത്തോടെയുള്ളതാണ്. അതിന്റെ യഥാർത്ഥ ഫലം കാണാനാകുന്നത് 8–10 വർഷങ്ങൾക്ക് അപ്പുറമാണ്. പലരും ക്ഷേമപദ്ധതികളെ സൗജന്യമായി തെറ്റിദ്ധരിക്കുകയാണ്. എന്നാൽ, രണ്ടും രണ്ടാണ്. ക്ഷേമപദ്ധതികൾ സമൂഹത്തിനുവേണ്ടിയുള്ള ദീർഘകാല നിക്ഷേപങ്ങളാണ്. ഇത്തരം പദ്ധതികളുടെ പൂർണ്ണഫലം ലഭിക്കാൻ തീർച്ചയായും ഭരണത്തുടർന്ന അനിവാര്യമാണ്.

**പീറ്റർ കുളങ്ങര–** ഭരണമാറ്റം ഇടതുപക്ഷം ആഗ്രഹിച്ചാൽ പോലും കോൺഗ്രസ് ഗ്രൂപ്പ്കളി മൂലം അതുപോലും സമ്മതിക്കാത്ത സ്ഥിതിയാണ്. കേരളത്തിൽ ഇടതുപക്ഷത്തിന് ഇളക്കം തട്ടാത്ത 55–60 സീറ്റ് എന്തായാലും ഉണ്ട്. വളരെ കുറച്ച് സീറ്റുകൾ അധികം നേടിയാൽ വീണ്ടും ഭരണത്തിലെത്തും. കോൺഗ്രസിൽ കേരളത്തിലെ ജനങ്ങൾക്ക് വിശ്വാസമില്ല. ആരു മുഖ്യമന്ത്രിയാകും എന്ന് കോൺഗ്രസുകാർക്ക് തന്നെ അറിയില്ല. എന്നാൽ, എൽഡിഎഫ് അങ്ങനെയല്ല. പിണറായി എന്ന ശക്തനായ നേതാവുണ്ട്. ഏതു പ്രതിസന്ധിയെയും അതിജീവിക്കാൻ കഴിവുള്ള നേതാവാണ് അദ്ദേഹമെന്ന് പ്രളയകാലത്തും കോവിഡ് കാലത്തും തെളിയിച്ചിട്ടുള്ളതുമാണ്. വയനാട്ടിലെ ജനങ്ങൾക്ക് വീട് വെച്ചുകൊടുക്കാം എന്നുപറഞ്ഞ് കോൺഗ്രസ് ഫണ്ടു പിരിച്ചു. എന്നിട്ട് വീട് എവിടെ? ഫണ്ടിലും തിരിമറി കാട്ടിയില്ലേ? ജനം ഇതെല്ലാം കാണുന്നുണ്ട്.

**ജോൺ പാട്ടപതി–** എൽഡിഎഫ് ഭരണനേട്ടങ്ങൾ ഉയർത്തിക്കാട്ടാനാണെങ്കിൽ നിരവധിയാണ്. തീരദേശ ഹൈവേ, മലയോര ഹൈവേ, വാട്ടർ മെട്രോ, നിരവധി പാലങ്ങൾ, ഐടി പാർക്കുകൾ എല്ലാം കൺമുന്നിൽ കാണാവുന്ന നേട്ടങ്ങളാണ്. കുട്ടികൾ വിദേശത്തേക്ക് ജോലി തേടി പോകുന്നത് തൊഴിൽ ലഭിക്കാത്തതിനാലല്ല, മികച്ച ജീവിതസാഹചര്യങ്ങൾ തേടിയാണ്.

ഇന്ദിരാ ഗ്യാരന്റി ജനങ്ങൾക്ക് ഇടയിൽ ചർച്ചയാക്കാൻ സാധിച്ചെന്നും അത് വോട്ടായി മാറുമെന്നുമാണ് യുഡിഎഫിന്റെ കണക്കുകൂട്ടൽ. സംസ്ഥാനം മുഴുവൻ യുഡിഎഫ് തരംഗം നിലനിൽക്കുന്നു എന്നാണ് മുന്നണിയുടെ വാദം. സ്ത്രീകൾക്ക് സൗജന്യ കെഎസ്ആർടിസി യാത്ര, ഒരു കുടുംബത്തിന് 25 ലക്ഷത്തിന്റെ ആരോഗ്യ ഇൻഷുറൻസ് ഉൾപ്പെടെ എല്ലാം കുടുംബങ്ങളുടെയും ക്ഷേമത്തിന് ഉതകുന്നതെല്ലാം അഞ്ച് ഇന്ദിരാ ഗ്യാരന്റിയിലൂടെ യുഡിഎഫ് ഉറപ്പാക്കിയിട്ടുണ്ടെന്നും അതുകൊണ്ട് നൂറിനു മുകളിൽ സീറ്റ് യുഡിഎഫ് കടക്കുമെന്നുമാണ് യുഡിഎഫ് വിശ്വാസം. സണ്ണി വള്ളിക്കളവും സതീശൻ നായരും അടങ്ങുന്ന പാനലാണ് യുഡിഎഫിനായി സംസാരിച്ചത്.

**സണ്ണി വള്ളിക്കളം (പ്രവാസി കോൺഗ്രസ്)–** തുടർഭരണം വന്നാൽ ഉറപ്പായും ധൂർത്തും താൻപോരിമയും സഹിക്കാൻ ജനങ്ങൾക്ക് പറ്റാതെവരും. ഇപ്പോൾത്തന്നെ നോക്കൂ, കേരളം കടക്കെണിയിലാണ്. എന്നാൽ, ഖജനാവിലെ പണമെടുത്താണ് സർക്കാർ അവരുടെ പരസ്യം ചെയ്യുന്നത്. പിണറായി വിജയനെ സൗമ്യനായ, ചിരിക്കുന്ന നല്ല മുഖ്യമന്ത്രിയാക്കാനുള്ള പിആർ ശ്രമമാണ്. ചില സിനിമാതാരങ്ങളെയൊക്കെ കൊണ്ടുവന്നു നടത്തുന്ന അഭിമുഖങ്ങളൊക്കെ നമ്മൾ കണ്ടതല്ലേ. ലക്ഷങ്ങൾ എത്രയാണ് പൊടിച്ചത്. യുഡിഎഫ് വന്നാൽ നടപ്പാക്കുന്ന അഞ്ച് ഗ്യാരന്റികളെക്കുറിച്ച് വ്യക്തമാക്കിക്കഴിഞ്ഞു. അത് മറ്റു സംസ്ഥാനങ്ങളിൽ നടപ്പാക്കി വിജയിപ്പിച്ചതുമാണ്. കോൺഗ്രസ് ഉറപ്പാക്കുന്ന മറ്റൊന്ന് അക്കൗണ്ടബിലിറ്റിയാണ്. ഉത്തരവാദിത്വമില്ലാത്ത എല്ലാ ഉദ്യോഗസ്ഥന്മാർക്കെതിരെയും നടപടി ഉണ്ടാകും.

**സതീശൻ നായർ (ഐഒസി നാഷണൽ ഭാരവാഹി)–** ഇടതുപക്ഷത്തെ നല്ലൊരു ശതമാനം ആളുകളും ഇടതു സർക്കാരിനെ കൊണ്ട് സഹികെട്ട അവസ്ഥയിലാണ്. സർക്കാർ 5 വർഷം കഴിയുമ്പോൾ മാറിവരണം. അല്ലെങ്കിൽ ധൂർത്തും അഴിമതിയും ആക്രമവും പെരുകും. അത് കേരളത്തിൽ വ്യക്തമായി കാണാനും സാധിക്കും. കേരളത്തിലെ യുവജനങ്ങൾക്ക് തൊഴിൽ ഇല്ല. എല്ലാവരുടെയും അവസ്ഥ അധോഗതിയാണ്. യുവാക്കൾ ലഹരിയിൽ അഭയം കണ്ടെത്തുകയാണ്. ലഹരിമാഫിയയുടെ ഹബ്ബായി കേരളം മാറി. പോലീസാണെങ്കിൽ കേരളത്തിൽ അഴിഞ്ഞാടുകയാണ്. സാധാരണജനം വിലക്കയറ്റം മൂലം പൊറുതിമുട്ടുന്നു. സ്വജനപക്ഷപാതവും പിൻവാതിൽ നിയമനവും അനുസ്യൂതം തുടരുന്നു. സാധാരണക്കാരുടെ സഹകരണ ബാങ്കിൽ നിന്ന് പാർട്ടിക്കാർക്ക് മാത്രമേ ലോൺ കിട്ടുകയുള്ളൂ. പാർട്ടിക്കാർക്കു മാത്രമേ ജോലി കിട്ടുകയുള്ളൂ. ജനം പൊറുതി മുട്ടിയിരിക്കുകയാണ്. എല്ലാവരും ഒരു മാറ്റം ആഗ്രഹിക്കുന്നു.

**ജോഷി വള്ളിക്കളം–** പത്ത് വർഷം ഭരിച്ചിട്ടും നടക്കാത്ത വികസനമാണോ ഇനി എൽഡിഎഫ് കേരളത്തിൽ നടത്താൻ പോകുന്നത്? കേരളത്തിലെ ജനങ്ങളെല്ലാം മണ്ടന്മാരാണ് എന്നാണ് വിചാരം. സത്യത്തിൽ ഇടതുപക്ഷം കേരളത്തിൽ ചെയ്യുന്നത് മണ്ടത്തരങ്ങളും വികസനം പിന്നോട്ടടിക്കുന്ന കാര്യങ്ങളുമാണ്. കൊച്ചി മെട്രോയും വിഴിഞ്ഞം തുറമുഖവും ഉമ്മൻ ചാണ്ടിയുടെ പദ്ധതികളാണ്. അതെല്ലാം എൽഡിഎഫ് അവരുടെ പദ്ധതികളാക്കി കൊണ്ടുനടക്കുകയാണ്. ഇതിനെല്ലാം അപ്പുറം എന്തു പദ്ധതിയാണ് ഇടതു സർക്കാർ കൊണ്ടുവന്നത്.

**ജോസ് ഞാറവേലിൽ–** പ്രവാസി മലയാളികളുടെ ശബ്ദം കേരളത്തിൽ എത്തിക്കാനും അവരുടെ അവകാശങ്ങൾ നേടിയെടുക്കാനും ഒരു സംവിധാനം ആവശ്യമാണ്. കേരളത്തിലെ തൊഴിലില്ലായ്മ പരിഹരിക്കാൻ നിരവധി വ്യവസായങ്ങളും ഫാക്ടറികളും കേരളത്തിൽ പുതുതായി ആരംഭിക്കേണ്ടത് ആവശ്യമാണ്.

**പ്രവീൺ തോമസ് (ഫൊക്കാന പ്രതിനിധി)–** ഭരിക്കുന്ന പാർട്ടിക്ക് ഒപ്പം നിൽക്കുന്ന സംഘടനയാണ് ഫൊക്കാന. ഭരണം മാറിയാലും ഇല്ലെങ്കിലും മികച്ച പദ്ധതികൾക്ക് തുടർച്ചയുണ്ടായാൽ മാത്രമേ വികസനം സാദ്ധ്യമാകൂ. പ്രവാസികൾക്ക് ഗുണകരമാകുന്ന വ്യക്തികളാണ് അധികാരത്തിൽ എത്തേണ്ടത്. പ്രവാസികളുടെ സ്വത്തും പ്രോപ്പർട്ടിയും എസ്റ്റേറ്റുകളുമൊക്കെ സംരക്ഷിക്കുന്ന സംവിധാനം സർക്കാരിനു വേണം. മറ്റൊന്ന് വിദ്യാർത്ഥിരാഷ്ട്രീയത്തിന് പരിധികൾ നിശ്ചയിക്കണം എന്നതാണ്.

**റോയി ചേലമലയിൽ–** സ്ഥാനാർത്ഥികളുടെ മെറിറ്റു നോക്കി ജനപ്രതിനിധികളെ തെരഞ്ഞെടുക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. മതത്തിന്റെ പേരിൽ സ്ഥാനാർത്ഥികളെ വിലയിരുത്തുന്നത് ശരിയല്ല. ഏതു മതത്തിൽപ്പെട്ട വ്യക്തിയാണെങ്കിലും മികച്ചയാൾ ആരോ അയാളെയാണ് വിജയിപ്പിക്കേണ്ടത്.

**ബിജു തോമസ്–** കേരളത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് വേണ്ടി രണ്ടു മുന്നണികളും ഒരുമിച്ചു നിന്ന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണമെന്നാണ് എന്റെ ആവശ്യം. നോർക്ക ഐഡി കിട്ടാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ പ്രവാസികൾ സമ്മർദ്ദം ചെലുത്തണം.

ഐപിസിഎൻഎ ചിക്കാഗോ ചാപ്റ്റർ പ്രസിഡണ്ട് പ്രസന്നൻ പിള്ള, സെക്രട്ടറി അലൻ ജോർജ്, ട്രഷറർ അനിലാൽ ശ്രീനിവാസൻ, ജോയിന്റ് ട്രഷറർ വർഗീസ് പാലമലയിൽ, ഡയറക്ടർ ബോർഡംഗം ഡൊമിനിക് ചൊള്ളമ്പേൽ ഉൾപ്പെടെയുള്ള നേതൃസംഘമാണ് പരിപാടിക്ക് നേതൃത്വം നല്കിയത്.

അഡ്വൈസറി ബോർഡ് അംഗങ്ങളായ ബിജു സഖറിയ, ബിജു കിഴക്കേക്കുറ്റ് എന്നിവരും പരിപാടിയിൽ പങ്കെടുത്തു.

# ഇല്ലിക്കാട്ടിൽ ഫ്രാൻസിസ് മെമ്മോറിയൽ 56, 28, റമ്മി കാർഡ് ടൂർണമെന്റ് മെയ് 9-ന്

**സാജൻ കണ്ണാലിൽ**

ഹൂസ്റ്റൺ: ഹൂസ്റ്റൺ കെസിഎസ് ബിവൈഒഎല്ലിന്റെ ആഭിമുഖ്യത്തിൽ ചീട്ടുകളി പ്രേമികളെ ആവേശക്കൊടുമുടിയിലേക്കേറ്റുന്ന പ്രശസ്തമായ ഇല്ലിക്കാട്ടിൽ ഫ്രാൻസിസ് മെമ്മോറിയൽ 56, 28, റമ്മി കാർഡ് ടൂർണമെന്റ് മെയ് 9-ന് വ്യാഴാഴ്ച രാവിലെ സ്റ്റാഫോർഡിലെ ഹൂസ്റ്റൺ ക്നാനായ കമ്യൂണിറ്റി സെന്ററിൽ അരങ്ങേറും.

56, 28 ഇനങ്ങൾ രാവിലെ 10 മണിക്ക് ആരംഭിക്കും. ഉച്ചകഴിഞ്ഞ് 3 മണിക്കാണ് റമ്മി മത്സരം തുടങ്ങുക. 56-നും റമ്മിക്കും 100 ഡോളറാണ് ഓരോ വ്യക്തിക്കുമുള്ള രജിസ്ട്രേഷൻ ഫീസ്. 28 മത്സരത്തിന്റെ രജിസ്ട്രേഷൻ ഫീസ് 50 ഡോളറാണ്.

ഹൂസ്റ്റൺ കെ.സി.എസിന്റെ മുൻ പ്രസിഡണ്ട് ഫ്രാൻസിസ് ഇല്ലിക്കാട്ടിലിന്റെ സ്മരണാർത്ഥം നടത്തുന്ന ടൂർണമെന്റിൽ ആകർഷകമായ സമ്മാനത്തുകയാണ് വിജയികളെ കാത്തിരിക്കുന്നത്. 56 വിജയിക്കുള്ള ഒന്നാം സമ്മാനം 1500 ഡോളറും രണ്ടാം സമ്മാനം 900 ഡോളറും മൂന്നാം സമ്മാനം 600 ഡോളറും നാലാം സമ്മാനം 300 ഡോളറുമാണ്.

28 കളി മത്സര വിജയിക്ക് ഒന്നാം സമ്മാനമായി 900 ഡോളർ ലഭിക്കും. 600, 300, 150 ഡോളറാണ് യഥാക്രമം രണ്ടും മൂന്നും നാലും സ്ഥാനങ്ങളിലെത്തുന്നവർക്കുള്ള സമ്മാനം. റമ്മി മത്സര വിജയിക്ക് 1000 ഡോളറാണ് ഒന്നാം സമ്മാനം. 600, 400, 200 ഡോളറാണ് യഥാക്രമം രണ്ടും മൂന്നും നാലും സ്ഥാനങ്ങളിലെത്തുന്നവർക്ക് ലഭിക്കുക.

ഹൂസ്റ്റൺ കെസിഎസിന്റെ പോഷക സംഘടനയായ ബിവൈഒഎൽ ആണ് ടൂർണമെന്റ് നടത്തുന്നത്. ചീട്ടുകളിയിൽ ഏറെ പ്രചാരമുള്ള പരമ്പരാഗത ഇനങ്ങളാണ് 56-ഉം 28-ഉം റമ്മിയും. എല്ലാവരും സ്പോർട്സ്മാൻ സ്പിരിറ്റോടെ പങ്കെടുത്ത് ഈ ടൂർണമെന്റ് വൻ വിജയമാക്കണമെന്ന് സംഘാടകർ അഭ്യർത്ഥിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് താഴെപ്പറയുന്ന വ്യക്തികളെ ബന്ധപ്പെടുക: സിറിയക് അമ്പലത്തുങ്കൽ (832) 541 9293, ജോണി മക്കോറ (281) 386 7472, ചാക്കോ പാലക്കാട്ട് (713) 449 9835, റ്റിജി പള്ളികിഴക്കേതിൽ (832) 236 6863, ബെറ്റി സൈമൺവെളിയത്ത് (832) 6271 553, തോമസ് ഐക്കരേത്ത് (713) 444 3025, ടോണി മഠത്തിൽത്താഴെ (713) 385 3634. രജിസ്ട്രേഷനുള്ള ലിങ്ക്: https://forms.gle/s9AX5ZEwzNAuCr538




# A TRIBUTE TO THE KNANAYA COMMUNITY OF GREATER NEW YORK



Lisie Tharathattel

New York Commemorating the 50th anniversary of IKCC marks a truly pivotal milestone in the history of the Knanaya community across New York, New Jersey, and Connecticut.

Established in 1976, IKCC stands as the pioneering Knanaya lay organization outside of India.

Over the decades, it has remained a beacon of hope, a pillar of strength, and a source of enduring pride for all Knanayites who continue to uphold our age-old heritage, culture, and traditions. Spanning more than half a century, the growth and sustainability of IKCC have been shaped by the dedication of countless leaders who have served in various capacities—both in the main organization and its subgroups, including Kids Club, KCYL, Yuvajanavedi, Women's Forum, Golden Club, Building Board etc.

Each of you deserves heartfelt gratitude for your invaluable contributions. We also recognize and salute the many unsung men, women, and children whose time, effort, and talents have quietly strengthened this organization in countless ways. IKCC has truly stood the test of time.

Despite navigating challenging periods, it has remained resilient, never yielding to external pressures. It continues to stand firmly rooted in its founding principles and values.

May IKCC continue to inspire future generations, serving as a vibrant platform for our youth to cherish, preserve, and carry forward the rich Knanaya heritage for years to come.

# യെൽദോ മോർ തീത്തോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ പെസഹാവ്യാഴാഴ്ച കാൽകഴുകൽ ശുശ്രൂഷ നടത്തി

**വർഗീസ് പാലമലയിൽ**

സാൻഫ്രാൻസിസ്കോ: ക്രിസ്തുവിന്റെ അന്ത്യഅത്താഴത്തിന്റെ സ്മരണ പുതുക്കി കാലിഫോർണിയ സാൻ ഫ്രാൻസിസ്കോ ദേവാലയത്തിൽ പെസഹാ തിരുനാൾ ആഘോഷിച്ചു.

ബുധനാഴ്ച വൈകിട്ട് ആറു മണിക്ക് സന്ധ്യാനമസ്കാരത്തോടു കൂടി നടന്ന പെസഹായുടെ ശുശ്രൂഷകൾക്കും വിശുദ്ധ കുർബാനയ്ക്കും തുടർന്ന് വ്യാഴാഴ്ച വൈകിട്ട് നടന്ന കാൽകഴുകൽ ശുശ്രൂഷയ്ക്കും അമേരിക്കൻ അതിഭദ്രാസന മെത്രാപ്പോലീത്ത യെൽദോ മോർ തീത്തോസ് തിരുമേനി മുഖ്യ കാർമ്മികത്വം വഹിച്ചു.



വിനയത്തിന്റെയും താഴാഴ്മയുടെയും മാതൃക നല്കിക്കൊണ്ട് വ്യാഴാഴ്ച നടന്ന കാൽകഴുകൽ ശുശ്രൂഷയിൽ തിരുമേനി ഭക്തിയുടെ നിറവിൽ മൂന്ന് വൈദികരുടെയും ഒൻപത് ശെമ്മാശന്മാരുടെയും കാലുകൾ കഴുകി.



കുരിശുമരണം വരിക്കുന്നതിനു മുൻപ് യേശുക്രിസ്തു തന്റെ പന്ത്രണ്ട് ശിഷ്യന്മാരുടെ കാലുകൾ കഴുകി അവർക്കൊപ്പം അത്താഴം കഴിച്ചതിന്റെയും കുർബാന സ്ഥാപിച്ചതിന്റെയും ഓർമ്മ പുതുക്കൽ കൂടിയാണ് പെസഹ.

കാൽകഴുകൽ ശുശ്രൂഷയ്ക്ക് പള്ളി വികാരി റവ. ഫാ. കുര്യാക്കോസ് പുതുപ്പാടി അഭിവന്ദ്യ തിരുമേനിയേയും വന്ദ്യ വൈദികരെയും ശെമ്മാശന്മാരെയും ഭക്തവിശ്വാസികളേയും സ്വാഗതം ചെയ്തതിനേത്തുടർന്ന് പ്രധാനസന്ദേശം നല്കി.





# അഷിത സ്മാരക സാഹിത്യ പുരസ്കാരം ബിന്ദു കാനയ്ക്ക്

# അക്ഷരങ്ങളിലെ അഗ്നിപർവ്വതങ്ങൾ:







മലയാള സാഹിത്യത്തിലെ ഏകാന്തവും എന്നാൽ കരുത്തുറ്റതുമായ സ്വരമായിരുന്നു അഷിത. അഷിതയുടെ പേരിൽ നൽകപ്പെടുന്ന പുരസ്കാരം ബിന്ദു കാനയുടെ 'ആത്മായനം' എന്ന കൃതിക്ക് ലഭിക്കുമ്പോൾ അത് ചരിത്രപരമായ ഒരു കാവ്യനീതിയായി മാറുകയാണ്.

അഷിതയുടെ പേരിൽ ഒരു അമേരിക്കൻ മലയാളി എഴുത്തുകാരിക്ക് ആദ്യമായി ലഭിക്കുന്ന സാഹിത്യപുരസ്കാരം കൂടിയാണ് ഇത്. ഓർമ്മക്കുറിപ്പ് വിഭാഗത്തിൽ ബിന്ദു കാനയുട ആത്മായനം പരിഗണിക്കപ്പെട്ടപ്പോൾ അത് പ്രവാസ സാഹിത്യ ലോകത്തിനുള്ള അംഗീകാരം കൂടിയായി മാറി.

അഷിത തന്റെ ജീവിതത്തിന്റെ അവസാന കാലങ്ങളിൽ പറഞ്ഞുവെച്ച പല സത്യങ്ങളുടെയും ബാക്കിപത്രമാണ് ബിന്ദു കാനയുടെ എഴുത്തുകൾ എന്ന് തോന്നിപ്പിക്കുന്ന തരത്തിലാണ് ആ വരികളുടെ കരുത്ത്. കേവലം ഒരു പുരസ്കാരലബ്ധിക്കപ്പുറം, സമാനമായ രണ്ട് ജീവിതാനുഭവങ്ങളുടെയും പോരാട്ടവീര്യത്തിന്റെയും സംഗമവേദിയായി ഈ നിമിഷം മാറുന്നു.

അഷിതയുടെ ജീവിതം കലുഷിതമായ ഒരു കടലായിരുന്നു. കുടുംബം, മതം, സമൂഹം എന്നിവ ഏൽപ്പിച്ച മുറിവുകളെ അക്ഷരങ്ങൾ കൊണ്ട് തുന്നിക്കെട്ടുകയായിരുന്നു അവർ. സമാനമായ ഒരു ജീവിത സാഹചര്യത്തിലൂടെയാണ് ബിന്ദു കാനയും കടന്നുവന്നത്. ബിന്ദു ഫെർണാണ്ടസ് എന്ന സാധാരണ സ്ത്രീയിൽ നിന്ന് ബിന്ദു കാന എന്ന ഉറച്ച നിലപാടുകളുള്ള എഴുത്തുകാരിയിലേക്കുള്ള ദൂരം നിസ്സാരമായിരുന്നില്ല. ആ യാത്രയിൽ അവർ നേരിട്ട കനലുകളാണ് ഇന്ന് വായനക്കാർക്ക് വെളിച്ചമായി മാറുന്നത്. പ്രതിസന്ധികളെ പൂമാലകളായല്ല, മറിച്ച് മൂർച്ചയുള്ള ആയുധങ്ങളായാണ് ഇവർ രണ്ടുപേരും നേരിട്ടത്.

അഷിതയെപ്പോലെ തന്നെ ബിന്ദുവും തന്റെ ജീവിതത്തെ അക്ഷരങ്ങൾക്ക് വേണ്ടി ഹോമിച്ച വ്യക്തിയാണ്. അഷിതയുടെ കഥകളിൽ നാം കണ്ടിട്ടുള്ള, വീർപ്പുമുട്ടുന്ന അടുക്കളകളിൽ നിന്ന് ഇറങ്ങിനടന്ന സ്ത്രീകളുടെ ആധുനികരൂപമാണ് ബിന്ദു. 'തുമ്മിയാൽ തെറിക്കുന്ന മൂക്കാണെങ്കിൽ അതങ്ങു പൊയ്ക്കോട്ടെ' എന്ന ബിന്ദുവിന്റെ നിലപാട്, അഷിത തന്റെ ജീവിതത്തിലുടനീളം ഉയർത്തിപ്പിടിച്ച ആർജ്ജവത്തിന്റെ തുടർച്ചയാണ്. ആരെയും ബോധിപ്പിക്കാനോ പ്രീണിപ്പിക്കാനോ ഈ രണ്ട് എഴുത്തുകാരും ശ്രമിച്ചിട്ടില്ല എന്നത് ഇവരുടെ സാഹിത്യത്തെ കൂടുതൽ സത്യസന്ധമാക്കുന്നു.

ബിന്ദു കാനയുടെ എഴുത്തുകളെ മനോഹരമാക്കുന്നത് അവയിലെ വിട്ടുവീഴ്ചയില്ലാത്ത സത്യസന്ധതയാണ്. ഒരു സ്ത്രീ സമൂഹത്തോട് ഒരിക്കലും അനാവശ്യമായ പ്രതിബദ്ധത വച്ചുപുലർത്തേണ്ടതില്ല എന്ന വിപ്ലവകരമായ ചിന്തയാണ് ബിന്ദുവിനെ വ്യത്യസ്തയാക്കുന്നത്. ഇത് അഷിതയുടെ രചനകളിൽ നാം കണ്ടിട്ടുള്ള 'ലിബറേഷൻ' ചിന്താഗതിക്ക് സമാനമാണ്. സ്വന്തം ആത്മാഭിമാനത്തെ പണയം വെച്ചുകൊണ്ടുള്ള ഒരു സാമൂഹിക ജീവിതവും തങ്ങൾക്ക് ആവശ്യമില്ലെന്ന് ഇവർ രണ്ടുപേരും ഒരേപോലെ പ്രഖ്യാപിക്കുന്നു. മറ്റുള്ളവരുടെ കൈയടിക്കായി സ്വന്തം സ്വത്വത്തെ ബലികഴിക്കാൻ ഇവർ തയ്യാറല്ല.

സമൂഹത്തിന്റെ കണ്ണിലെ 'ആട്ടിൻകുപ്പായമണിഞ്ഞ ചെന്നായകളെ' ബിന്ദു തിരിച്ചറിയുന്നു. മനുഷ്യർ കെട്ടുന്ന വേഷങ്ങളെക്കുറിച്ച് അവർക്ക് വ്യക്തമായ ബോധ്യമുണ്ട്. മകനായും മകളായും ഭാര്യയായും ഭർത്താവായും നമ്മളൊക്കെ ദിനംപ്രതി വേഷങ്ങൾ കെട്ടിക്കൊണ്ടിരിക്കുകയാണ് എന്ന സത്യം ബിന്ദു ഓർമ്മിപ്പിക്കുന്നു. ഈ വേഷപ്പകർച്ചകൾക്കിടയിൽ സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്താതിരിക്കാൻ അവർ വായനക്കാരെ പ്രേരിപ്പിക്കുന്നു. അഷിതയുടെ കഥകളിലും ഇത്തരം ജീവിത നാടകങ്ങൾ വലിയ പ്രമേയമായിരുന്നു.

അഷിത സ്മാരക പുരസ്കാരം ബിന്ദു കാനയെ തേടിയെത്തുമ്പോൾ അത് മലയാള സാഹിത്യത്തിലെ കരുത്തുറ്റ രണ്ട് പെൺകരുത്തുകളുടെ സംഗമഭൂമിയാകുന്നു. അഷിതയുടെ അദൃശ്യമായ സാന്നിധ്യം ബിന്ദുവിന്റെ വരികളിൽ ഉണ്ടെന്ന് നമുക്ക് തോന്നിപ്പോകും. അടിച്ചമർത്തപ്പെട്ടവരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ശബ്ദമായി ബിന്ദുവിന്റെ തൂലിക ഇനിയും ചലിക്കട്ടെ. ഈ പുരസ്കാരം ബിന്ദുവിന്റെ പോരാട്ടങ്ങൾക്കുള്ള അംഗീകാരം മാത്രമല്ല, മലയാള സാഹിത്യത്തിലെ പെൺസ്വാതന്ത്ര്യത്തിന്റെ പുതിയൊരു ഉദയം കൂടിയാണ്.

'ഓരോരുത്തരും തീയാവുക, അവനവനെ വേട്ടയാടുന്ന കാടുകൾ കത്തിച്ചു ചാമ്പലാക്കുക' എന്ന ബിന്ദുവിന്റെ ആഹ്വാനം വായനക്കാരുടെ മനസ്സിൽ ഒരു കാട്ടുതീയായി പടരുകയാണ്. അഷിത തുടങ്ങിവെച്ച ആ അക്ഷര വിപ്ലവം ബിന്ദു കാനയിലൂടെ കൂടുതൽ കരുത്തോടെ മുന്നോട്ട് പോകുന്നു. ആരെയും ഭയക്കാതെ, ആർക്കും അടിമപ്പെടാതെ ജീവിക്കുന്ന ഒരു യഥാർത്ഥ സ്ത്രീരൂപത്തെയാണ് ബിന്ദു കാനയിൽ നാം കാണുന്നത്. ആത്മായനം വായനക്കാരെ ഭയമില്ലാത്ത ഒരു ലോകത്തേക്ക് നയിക്കട്ടെ.

പുരസ്കാരങ്ങൾ പുതിയ കണ്ടെത്തലുകളിലേക്ക്, എഴുത്തിന്റെ പുതിയ പ്രപഞ്ചങ്ങളിലേക്ക് ബിന്ദുവിനെ കൊണ്ടുപോകട്ടെ.

**അനിൽ പെണ്ണുക്കര**

# ചാണ്ടി ഉമ്മന്റെ നവയുഗ രാഷ്ട്രീയം

കേരളാ എക്സ്പ്രസ് വാരാന്ത്യം





ഫീച്ചർ



ജോസ് കണിയാലി

കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ പ്രചാരണങ്ങൾ എന്നാൽ ചുവരെഴുത്തുകളും പ്ലാസ്റ്റിക് തോരണങ്ങളും വലിയ ഫ്ളെക്സ് ബോർഡുകളുമാണ്. എന്നാൽ, ഈ പരമ്പരാഗത ശൈലികളെ പാടേ നിരാകരിച്ചുകൊണ്ട് പുതുപ്പള്ളിയുടെ യുവജനപ്രതിനിധി ചാണ്ടി ഉമ്മൻ ഒരു പുതിയ രാഷ്ട്രീയ സംസ്കാരത്തിന് അടിത്തറ പാകുകയാണ്. ഇത് കേവലം ഒരു വ്യക്തിപരമായ താല്പര്യമല്ല, മറിച്ച് ഭൂമിയുടെ നിലനിൽപ്പിനെക്കുറിച്ചും വരും തലമുറയുടെ ആരോഗ്യത്തെക്കുറിച്ചും ബോധ്യമുള്ള ഒരു ഭരണാധികാരിയുടെ വിപ്ലവകരമായ തീരുമാനമാണ്.

കേരള രാഷ്ട്രീയത്തിലെ ഇതിഹാസമായിരുന്ന ഉമ്മൻ ചാണ്ടി ജനങ്ങൾക്കിടയിൽ ജീവിച്ച നേതാവായിരുന്നു. ജനക്കൂട്ടമായിരുന്നു അദ്ദേഹത്തിന്റെ ഊർജ്ജം. പിതാവ് കാണിച്ചുതന്ന ആ അചഞ്ചലമായ ജനസ്വാധീനവും ലാളിത്യവും ഹൃദയത്തിലേറ്റു വാങ്ങുമ്പോഴും, മാറുന്ന കാലത്തിനനുസരിച്ച് രാഷ്ട്രീയ പ്രവർത്തനത്തിൽ പുതിയ പരിഷ്കാരങ്ങൾ കൊണ്ടുവരാൻ ചാണ്ടി ഉമ്മൻ ശ്രദ്ധിക്കുന്നു. ഉമ്മൻ ചാണ്ടി ജനസമ്പർക്ക പരിപാടികളിലൂടെ ഭരണസംവിധാനത്തെ ജനങ്ങളിലേക്ക് എത്തിച്ചെങ്കിൽ, ചാണ്ടി ഉമ്മൻ ആധുനികമായ പരിസ്ഥിതി ബോധത്തെയും ഡിജിറ്റൽ സാക്ഷരതയെയും രാഷ്ട്രീയത്തിന്റെ മുഖമുദ്രയാക്കുന്നു.

തന്റെ പിതാവിന്റെ പേരിൽ ഉയരുന്ന സ്മരണാഞ്ജലികൾ പോലും പ്രകൃതിക്ക് ഭാരമാകാത്ത വിധം പരിസ്ഥിതി സൗഹൃദമാകണമെന്ന് നിർബന്ധം പിടിക്കുന്നതിലൂടെ, പിതാവിനോടുള്ള ഏറ്റവും വലിയ ആദരവ് വരുംതലമുറയ്ക്ക് ജീവിക്കാൻ അനുയോജ്യമായ ഒരു ഭൂമി ഒരുക്കലാണെന്ന് അദ്ദേഹം തെളിയിക്കുന്നു.

പൊതുവിടങ്ങൾ മലിനമാക്കാതെയും ജനങ്ങൾക്ക് ശല്യമുണ്ടാക്കാതെയും എങ്ങനെ രാഷ്ട്രീയം കൈകാര്യം ചെയ്യാം എന്ന് ചാണ്ടി ഉമ്മൻ കാണിച്ചു തരുന്നു. കവലകൾ തോറും സ്ഥാപിക്കുന്ന കൂറ്റൻ ബോർഡുകൾ ഡ്രൈവർമാരുടെ ശ്രദ്ധ തിരിക്കാനും അപകടങ്ങൾ ഉണ്ടാക്കാനും കാരണമാകാറുണ്ട്. കൂടാതെ, മഴയും കാറ്റും ഏൽക്കുമ്പോൾ ഇവ നശിച്ചു മണ്ണിലും ജലാശയങ്ങളിലും കലരുന്നു. ഇത്തരം സാമൂഹിക വിപത്തുകളെ തടയാൻ തന്റെ പ്രചാരണ രീതികൾ പരിഷ്കരിക്കുക വഴി അദ്ദേഹം ഒരു പുതിയ അവബോധം സൃഷ്ടിക്കുന്നു. രാഷ്ട്രീയ പ്രവർത്തനം എന്നത് നാട് നന്നാക്കലാണെന്നും അത് നാടിനെ മലിനമാക്കിക്കൊണ്ടാവരുത് എന്നുമുള്ള അദ്ദേഹത്തിന്റെ ലളിതമായ ദർശനം വലിയൊരു സാമൂഹിക പരിവർത്തനത്തിനാണ് വഴിതെളിക്കുന്നത്.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജോലി ചെയ്യുന്ന മലയാളി പ്രവാസികൾക്ക് ചാണ്ടി ഉമ്മന്റെ ഈ നിലപാട് വലിയൊരു ആശ്വാസമാണ്. വികസിത രാജ്യങ്ങളിൽ പൊതുവിടങ്ങൾ എത്രമാത്രം വൃത്തിയായും പരിസ്ഥിതി സൗഹൃദമായും സംരക്ഷിക്കപ്പെടുന്നു എന്ന് കണ്ടറിഞ്ഞവരാണ് പ്രവാസികൾ. കേരളത്തിലെ കവലകളിൽ നിറഞ്ഞുനിൽക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ അവരിൽ എന്നും വേദനയുണ്ടാക്കിയിരുന്നു. അതുകൊണ്ടുതന്നെ, ചാണ്ടി ഉമ്മന്റെ ഫ്ളെക്സ് വിരുദ്ധ രാഷ്ട്രീയത്തിന് പ്രവാസികൾക്കിടയിൽ വൻ സ്വീകാര്യതയാണ് ലഭിക്കുന്നത്. ലോകോത്തര നിലവാരത്തിലുള്ള ഒരു രാഷ്ട്രീയ ശൈലി കേരളത്തിലേക്ക് കൊണ്ടുവരാൻ അദ്ദേഹത്തിന് കഴിയുന്നു എന്നത് ഓരോ മലയാളി പ്രവാസിക്കും അഭിമാനകരമായ കാര്യമാണ്.

ഉമ്മൻ ചാണ്ടി എന്ന ജനനായകൻ തന്റെ ജീവിതം കൊണ്ട് കാണിച്ചുതന്ന ലാളിത്യത്തിന്റെ പുതിയ പതിപ്പാണ് ചാണ്ടി ഉമ്മനിൽ നാം കാണുന്നത്. എന്നാൽ, തന്റെ കാലഘട്ടത്തിന്റെ ആവശ്യമായ പരിസ്ഥിതി സംരക്ഷണവും ശുചിത്വബോധവും അദ്ദേഹം തന്റെ രാഷ്ട്രീയത്തിന്റെ മുഖമുദ്രയാക്കി മാറ്റി. രാഷ്ട്രീയത്തിൽ മാറ്റങ്ങൾ വരണമെന്ന് ആഗ്രഹിക്കുന്ന യുവതലമുറയ്ക്ക് ചാണ്ടി ഉമ്മൻ ഒരു വലിയ പ്രതീക്ഷയാണ്. പ്രകൃതിയെ സംരക്ഷിച്ചുകൊണ്ട് എങ്ങനെ ഒരു ജനപ്രതിനിധിയായി പ്രവർത്തിക്കാം എന്നതിന് അദ്ദേഹം നൽകുന്ന ഉദാഹരണങ്ങൾ വരുംകാല രാഷ്ട്രീയ ചരിത്രത്തിൽ സ്വർണ്ണലിപികളാൽ എഴുതപ്പെടും. ഓരോ രാഷ്ട്രീയ പ്രവർത്തകനും ഓരോ പൗരനും ഏറ്റെടുക്കേണ്ട ഒരു ഹരിതദൗത്യമായി ചാണ്ടി ഉമ്മന്റെ ഈ പ്രയാണം മാറിക്കഴിഞ്ഞു.

തീർച്ചയായും, ഈ ലേഖനത്തിന് പൂർണ്ണത നൽകുന്നതിനായി, ചാണ്ടി ഉമ്മന്റെ ഈ നിലപാട് എങ്ങനെ ഒരു ജനകീയ മുന്നേറ്റമാക്കി മാറ്റാം എന്നതിനെക്കുറിച്ച് ഒരു സമാപന ഖണ്ഡിക കൂടി താഴെ നൽകുന്നു.

നാളെയുടെ ആവശ്യം: നമ്മളോരോരുത്തരും ഓരോ ചാണ്ടി ഉമ്മൻ ആകുമ്പോൾ

യഥാർത്ഥത്തിൽ, ചാണ്ടി ഉമ്മൻ എന്ന ജനപ്രതിനിധി മുന്നോട്ടുവെക്കുന്നത് ഒരു വ്യക്തിയുടെ മാത്രം നിലപാടല്ല, മറിച്ച് ഒരു സമൂഹത്തിന്റെ നിലനിൽപ്പിനായുള്ള ആഹ്വാനമാണ്.

രാഷ്ട്രീയക്കാർ മാത്രം വിചാരിച്ചാൽ മാറുന്നതല്ല നമ്മുടെ നാടിന്റെ പരിസ്ഥിതി. പാർട്ടികൾക്കും നേതാക്കൾക്കും വേണ്ടി ഫ്ളെക്സുകൾ അടിച്ചുയർത്തുന്ന അണികളും, തന്റെ വീടിനു മുന്നിൽ ഫ്ളെക്സ് വെക്കാൻ അനുവാദം നൽകുന്ന സാധാരണക്കാരും ഈ മാറ്റം ഏറ്റെടുക്കേണ്ടതുണ്ട്. പരിസ്ഥിതി സംരക്ഷണത്തിന്റെ കാര്യത്തിൽ നമ്മളോരോരുത്തരും ഓരോ 'ചാണ്ടി ഉമ്മൻ' ആയി മാറുമ്പോഴാണ് യഥാർത്ഥ മാറ്റം സംഭവിക്കുന്നത്. പൊതുപരിപാടികളിലും കുടുംബ വിശേഷങ്ങളിലും പ്ലാസ്റ്റിക്കിനും ഫ്ളെക്സിനും നോ പറയാൻ നമുക്ക് കഴിയണം.


ഒരു ജനപ്രതിനിധി കാണിച്ചുതന്ന ഈ വഴിയിലൂടെ സഞ്ചരിക്കാൻ ഓരോ പൗരനും തയ്യാറായാൽ, നാളത്തെ തലമുറയ്ക്ക് ശ്വസിക്കാൻ ശുദ്ധവായുവും ജീവിക്കാൻ സുരക്ഷിതമായ മണ്ണും ഉറപ്പാക്കാൻ നമുക്ക് സാധിക്കും. ആ ബോധ്യം നമ്മുടെ രാഷ്ട്രീയ പ്രവർത്തനത്തിന്റെ കൂടി ഭാഗമാകേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

KERALA EXPRESS പ്രവാസി താളുകൾ

# ചിക്കാഗോ സെന്റ് മേരീസിൽ വിശുദ്ധ വാര തിരുക്കർമ്മങ്ങൾ അനുഗ്രഹപ്രദമായി

റോയി ചേലമലയിൽ

ചിക്കാഗോ: യേശുക്രിസ്തുവിന്റെ രാജകീയമായ ജറുസലേം പ്രവേശനം, പെസഹ, പീഢാനുഭവം, കുരിശുമരണം, ഉയിർത്തെഴുന്നേല്പ് എന്നിവ അനുസ്മരിച്ച് വിശുദ്ധ വാരത്തിലെ തിരുക്കർമ്മങ്ങൾ മോർട്ടൻഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ദേവാലയത്തിൽ ഭക്തിനിർഭരമായി സമാപിച്ചു.









ഓശാന ഞായറാഴ്ച 10 മണിക്ക് നടന്ന കുരുത്തോല വെഞ്ചരിപ്പിനും പ്രദക്ഷിണത്തിനും വി. കുർബാനയ്ക്കും വികാരി ഫാ. സിജു മുടക്കോടിൽ മുഖ്യ കാർമ്മികനായി. ഫാ. അനീഷ് മാവേലിപുത്തൻപുരയിൽ ഓശാന സന്ദേശം നൽകി. ഈ വർഷം യുവജനങ്ങൾക്കായി ആദ്യമായി വൈകുന്നേരം 4 മണിക്ക് ഇംഗ്ലീഷിൽ നടത്തിയ ഓശാന കർമ്മങ്ങളിൽ നിരവധി യുവജനങ്ങൾ പങ്കെടുത്തു.

പെസഹാ വ്യാഴാഴ്ച വൈകുന്നേരം 6.30–ന് നടന്ന കാൽകഴുകൽ ശുശ്രൂഷയിലും വി. കുർബാനയ്ക്കും കോട്ടയം അതിരൂപതാ വികാരി ജനറൽ മോൺ. തോമസ് ആനിമൂട്ടിൽ മുഖ്യ കാർമ്മികനായി. ഫാ. സിജു മുടക്കോടിൽ വചന സന്ദേശം നൽകി. ഫാ. അനീഷ് മാവേലിപുത്തൻപുരയിൽ സഹകാർമ്മികനായി. കാൽകഴുകൽ ശുശ്രൂഷയിൽ പങ്കെടുത്തവർക്ക് പീറ്റർ കുളങ്ങര സ്പോൺസർ ചെയ്ത സമ്മാനങ്ങൾ മോൺ. തോമസ് ആനിമൂട്ടിൽ സമ്മാനിച്ചു.

ദുഃഖവെള്ളിയാഴ്ച വൈകുന്നേരം 5 മണിക്ക് യുവജനങ്ങൾക്കായും 7 മണിക്ക് മലയാളത്തിലും പീഢാനുഭവ ശുശ്രൂഷകൾ നടന്നു. മോൺ. തോമസ് ആനിമൂട്ടിൽ മുഖ്യ കാർമ്മികനായിരുന്നു. ബെൻസൻവിൽ സേക്രഡ് ഹാർട്ട് ക്നാനായ ഫൊറോനാ വികാരി ഫാ. അബ്രാഹം കളരിക്കൽ വചന സന്ദേശം നൽകി. ഫാ. സിജു മുടക്കോടിൽ, ഫാ. അനീഷ് മാവേലിപുത്തൻപുരയിൽ എന്നിവർ സഹകാർമ്മികരായിരുന്നു. തുടർന്ന് പങ്കെടുത്ത ഏവർക്കും കഞ്ഞിനേർച്ചയും ഉണ്ടായിരുന്നു.

ശനിയാഴ്ച രാവിലെ പുത്തൻ വെള്ളവും പുത്തൻ തിരിയും ആശീർവദിച്ചുകൊണ്ടുള്ള ദുഃഖശനിയുടെ തിരുക്കർമ്മങ്ങൾ നടന്നു. വൈകുന്നേരം 5 മണിക്ക് ഇംഗ്ലീഷിലും 7 മണിക്ക് മലയാളത്തിലും ഉയിർപ്പിന്റെ തിരുക്കർമ്മങ്ങൾ നടന്നു. മോൺ. തോമസ് ആനിമൂട്ടിൽ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകുകയും വചന സന്ദേശം നൽകുകയും ചെയ്തു. ഫാ. സിജു മുടക്കോടിൽ, ഫാ. അനീഷ് മാവേലിപുത്തൻപുരയിൽ എന്നിവർ സഹകാർമ്മികരായിരുന്നു.

എല്ലാ ദിവസത്തെയും തിരുക്കർമ്മങ്ങളിൽ നൂറുകണക്കിന് യുവജനങ്ങൾ ഉൾപ്പെടെ ആയിരക്കണക്കിന് വിശ്വാസികൾ പങ്കെടുത്തു. വിവിധ ദിവസങ്ങളിലെ ഗാനശുശ്രൂഷയ്ക്കു ജോബി പണയപറമ്പിലിന്റെ നേതൃത്വത്തിലുള്ള ഗായകസംഘം മലയാളത്തിലും അയോണ മറ്റത്തികുന്നേലിന്റെ നേതൃത്വത്തിലുള്ള ഗായകസംഘം ഇംഗ്ലീഷിലും നേതൃത്വം നൽകി. വിശുദ്ധ വാരത്തിലെ എല്ലാ ക്രമീകരണങ്ങൾക്കും കൈക്കാരന്മാരായ സേവ്യർ നടുപ്പറമ്പിൽ, സണ്ണി കണ്ണാല, ജോബി പോളക്കൽ, മജോ കുന്നശ്ശേരി, ഫെലിക്സ് പാലകൻ എന്നിവരും വിസിറ്റേഷൻ സിസ്റ്റേഴ്സും നിരവധി വോളന്റിയേഴ്സും നേതൃത്വം നൽകി.

# ഫോമാ കൺവൻഷൻ: സുവനീർ ചെയർമാനും ചീഫ് എഡിറ്ററുമായി അച്ചൻകുഞ്ഞ് മാത്യു



ഹൂസ്റ്റൺ: ഫോമാ ദേശീയ കൺവൻഷന്റെ സുവനീർ കമ്മിറ്റിയുടെ ചെയർമാനും ചീഫ് എഡിറ്ററുമായും അച്ചൻകുഞ്ഞ് മാത്യുവിനെ (ചിക്കാഗോ) ഫോമാ എക്സിക്യൂട്ടീവ് തെരഞ്ഞെടുത്തു. അച്ചൻകുഞ്ഞ് മാത്യു നിരവധി സാമൂഹിക സാംസ്കാരിക സംഘടനകളിൽ സജീവമായി പ്രവർത്തിക്കുന്ന വ്യക്തിത്വത്തിനുടമയാണ്. നിലവിൽ അദ്ദേഹം ഫോമാ സെൻട്രൽ റീജിയൻ സെക്രട്ടറിയായും ചിക്കാഗോ മലയാളി അസോസിയേഷൻ ട്രഷററായും ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് (ഐഒസി) ചിക്കാഗോ ചാപ്റ്റർ സെക്രട്ടറിയായും പ്രവർത്തിക്കുന്നു.

ഫോമാ 2019 ചിക്കാഗോ കൺവൻഷൻ, 2023–ലെ പുന്റക്കാനാ കൺവൻഷൻ എന്നിവയുടെ സുവനീർ കമ്മിറ്റിയുടെ ചെയർമാനും ചീഫ് എഡിറ്ററായും പ്രവർത്തിച്ച അനുഭവവും അച്ചൻകുഞ്ഞ് മാത്യുവിനുണ്ട്. നേരത്തെ കേരള ക്ലബ് ചിക്കാഗോയുടെ സെക്രട്ടറിയായും ചിക്കാഗോ എക്യുമെനിക്കൽ കൗൺസിൽ സെക്രട്ടറിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. അച്ചൻകുഞ്ഞ് മാത്യുവിന്റെ നേതൃത്വത്തിൽ ഫോമാ 2026 സുവനീറിന്റെ പ്രകാശനം അവിസ്മരണീയമാക്കാൻ സാധിക്കുമെന്ന് ഫോമാ നാഷണൽ പ്രസിഡണ്ട് ബേബി മണക്കുന്നേൽ അഭിപ്രായപ്പെട്ടു.

സുവനീർ കമ്മിറ്റിയിൽ അച്ചൻകുഞ്ഞ് മാത്യുവിനോടൊപ്പം ഡോ. ജിൽസി ഡിൻസ് (അരിസോണ), ദയാലു ജോസഫ് (കാലിഫോർണിയ), വിൽസൺ ഉഴത്തിൽ (ഫ്ളോറിഡ), മാത്തുക്കുട്ടി ഈശോ (ന്യൂയോർക്ക്), ഷാജി ആലപ്പാട്ട് (ടെക്സസ്), റോഷൻ പ്ലാമൂട്ടിൽ (ഫിലാഡൽഫിയ), സാബു കട്ടപ്പുറം (ചിക്കാഗോ) എന്നിവരും സുവനീർ വർണ്ണാഭമാക്കുവാൻ പ്രവർത്തിക്കുന്നു.

# കേരളം വിധിയെഴുതി; ജനങ്ങൾ ആഗ്രഹിക്കുന്നത് ഭരണത്തുടർച്ചയോ മാറ്റമോ?


രാജു തരകൻ

കേരള നിയമസഭാ തെരഞ്ഞെടുപ്പിന്റെ ഫലമറിയാൻ ഇനി ഏതാനും ആഴ്ചകൾ മാത്രം.

ഇത്തവണ വോട്ടർമാരുടെ സജീവ പങ്കാളിത്തം ജനാധിപത്യ പ്രക്രിയയ്ക്ക് കരുത്തു പകർന്നു. എങ്കിലും പശ്ചിമേഷ്യൻ രാജ്യങ്ങളിലെ സംഘർഷം മൂലമുണ്ടായ വിമാനയാത്രാ ക്ലേശവും വർദ്ധിച്ച ടിക്കറ്റ്നിരക്കും പ്രവാസി മലയാളികളിൽ പലർക്കും വോട്ട് ചെയ്യാനുള്ള അവസരം നഷ്ടപ്പെടുത്തി എന്നത് ഖേദകരമാണ്.

നൂറ് സീറ്റുകൾ നേടി യുഡിഎഫ് അധികാരത്തിൽ വരുമെന്നും അല്ലാത്തപക്ഷം താൻ രാഷ്ട്രീയം ഉപേക്ഷിക്കുമെന്നുമുള്ള പ്രതിപക്ഷ നേതാവ് വി.ഡി. സതീശന്റെ പ്രഖ്യാപനം രാഷ്ട്രീയ വൃത്തങ്ങളിൽ വലിയ ചർച്ചയായിരുന്നു.

ഒരു നേതാവെന്ന നിലയിലുള്ള അദ്ദേഹത്തിന്റെ ആത്മവിശ്വാസത്തെയും ശുഭാപ്തി വിശ്വാസത്തെയും മാനിക്കുമ്പോൾ തന്നെ, രാഷ്ട്രീയത്തിലെ അനിശ്ചിതത്വങ്ങളെക്കുറിച്ചും പൊതുജനം ബോധവാന്മാരാണ്. നിലവിലെ ഭരണകൂടം തുടർച്ച ആഗ്രഹിക്കുമ്പോൾ മാറ്റത്തിനായി പ്രതിപക്ഷം വാദിക്കുന്നു.



ഭരിക്കുന്നത് ആരായാലും ജനങ്ങൾക്ക് ചില കൃത്യമായ ആവശ്യങ്ങളുണ്ട്. സാധാരണക്കാരന്റെ ജീവിതം മെച്ചപ്പെടുത്തുന്ന ഒരു ഭരണസംവിധാനമാണ് അവർ സ്വപ്നം കാണുന്നത്.

സർക്കാർ ഓഫീസുകളിൽ കൈക്കൂലി നല്കാതെ തന്നെ ജനങ്ങളുടെ ആവശ്യങ്ങൾ യഥാസമയം നിറവേറ്റപ്പെടണം. തൊഴിൽ മേഖലയിലെ സുതാര്യത, നിയമനങ്ങൾ പൂർണ്ണമായും പി.എസ്.സി വഴി മാത്രമായിരിക്കണം. രാഷ്ട്രീയ ഇടപെടലുകൾ വഴി പിൻവാതിൽ നിയമനങ്ങൾ നടക്കുന്നത് അവസാനിപ്പിക്കണം.

കുറ്റവാളികളെ സംരക്ഷിക്കുന്ന പോലീസ് ഉദ്യോഗസ്ഥന്മാർക്കെതിരെ കർശന നടപടി സ്വീകരിക്കണം. അഴിമതിക്കാരായ ഉദ്യോഗസ്ഥരെ സർവീസിൽ നിന്ന് പുറത്താക്കാൻ ഭരണകൂടം മടിക്കരുത്.

പേഴ്സണൽ സ്റ്റാഫ് നിയമനങ്ങളിൽ പുനഃപരിശോധന നടത്തി അനാവശ്യ തസ്തികകൾ ഒഴിവാക്കണം. ജനപ്രതിനിധികളുടെ ശമ്പള വർദ്ധനവും ആനുകൂല്യങ്ങളും പരിമിതപ്പെടുത്തണം.

സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന ശ്രീലങ്കയിൽ ജനപ്രതിനിധികളുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നിർത്തലാക്കിയത് ഒരു വലിയ മാതൃകയാണ്.

ഭരണകർത്താക്കൾ സ്വന്തം ആനുകൂല്യങ്ങൾ ത്യജിച്ച് ജനങ്ങളുടെ ജീവിതനിലവാരം ഉയർത്താൻ ശ്രമിക്കുന്നത് ഏതു ജനാധിപത്യ സംവിധാനത്തിനും ഉത്തമ ഉദാഹരണമാണ്.

കേരളത്തിലെയും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെയും ഭരണകർത്താക്കൾ ഇത്തരം മാതൃകകൾ പിന്തുടരേണ്ടത് ഒരു നല്ല നാളേക്കായി അത്യാവശ്യമാണ്.

വരാനിരിക്കുന്ന ഭരണകൂടം ജനങ്ങളുടെ ഈ അടിസ്ഥാന ആവശ്യങ്ങളെ എത്രത്തോളം പരിഗണിക്കുമെന്നാണ് ഇനി കേരളം കാത്തിരുന്നു കാണേണ്ടത്.

# 35,006 പോളിങ് ഉദ്യോഗസ്ഥർ വോട്ടുചെയ്തില്ല

തിരുവനന്തപുരം: കേരളത്തിൽ തെരഞ്ഞെടുപ്പു ജോലിക്കായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരിൽ 35,006 പേർ വോട്ടുചെയ്തില്ല. 1,46,000 ഉദ്യോഗസ്ഥരിൽ 1,10,994 പേർക്കുമാത്രമാണ് വോട്ടുചെയ്യാനായത്. പോളിങ് ഉദ്യോഗസ്ഥർക്കായി 154 വോട്ടർ ഫെസിലിറ്റേഷൻ സെന്ററുകൾ മാർച്ച് 31 മുതൽ ഏപ്രിൽ 8 വരെ പ്രവർത്തിച്ചിരുന്നു. എട്ടു മുതൽ വിതരണ കേന്ദ്രങ്ങളും ഉദ്യോഗസ്ഥർക്ക് വോട്ടുചെയ്യാൻ സൗകര്യമൊരുക്കിയിരുന്നു. അതേസമയം, പോലീസ് ഉദ്യോഗസ്ഥരിൽ 95.28 ശതമാനം പേരും വോട്ടുരേഖപ്പെടുത്തിയതായും മുഖ്യതെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ രത്തൻ യു ഖേൽക്കർ അറിയിച്ചു. വീട്ടിൽ വോട്ടിനായി അപേക്ഷ നൽകിയ 1,45,598 മുതിർന്ന പൗരരിൽ 1,40,177 പേർ നിലവിൽ വോട്ടു ചെയ്തു. ഭിന്നശേഷി വിഭാഗത്തിൽ 62,159 അപേക്ഷകളിൽ 60,705 പേരും വോട്ടുചെയ്തു. അവശ്യസേവന വിഭാഗത്തിൽ 34,140 പേരാണ് പോസ്റ്റൽ വോട്ടിന് അർഹതയുള്ളവർ. ഇതിൽ 32,113 പേർ വോട്ട് രേഖപ്പെടുത്തി. 35,000–ത്തിലധികം പോലീസ് ഉദ്യോഗസ്ഥരും വോട്ട് രേഖപ്പെടുത്തിയിട്ടുണ്ട്. തെരഞ്ഞെടുപ്പ് ചുമതലയുള്ള അർഹരായ എല്ലാ ജീവനക്കാർക്കും വോട്ടുചെയ്യാനാവശ്യമായ സൗകര്യങ്ങൾ കമ്മീഷൻ സജ്ജമാക്കിയിരുന്നെന്ന് സിഇഒ അറിയിച്ചു.


GREEN NESTLE
VACATION HERITAGE HOME
Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India
For Vacation and Holiday rentals.
Licensed Home stay, Safe and Secured.
3 A/C rooms, Unique Packages for 2-8 people very economical.
Individual Room rental for families.
Fruits and vegetable Garden.
Feels like farm house with Pets, Animals, Fish and birds.
Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
Adhering Food Safety Regulations.
Caretaker to help you in as your needs, Travel Desk and Tour Package Facilities
CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com


K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
K.O. JOSE, CPA
Compilation
Setup Small Business Corporations
Personal & Business Income Taxes
Free Electronic Filing
Non-Profit Tax Exemption from IRS
Install Accounting Packages
Retirement and Estate Planning
Tel: 847-724-3020 • Cell: 847-833-6038
CPA SM
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200 | 773.685.7388 | www.bmautocollision.com

# വീണ്ടും – ചില ജന്മദിന ചിന്തകൾ

രാജു മൈലപ്ര

അങ്ങനെ എന്റെ ആയുസ്സിന്റെ കലണ്ടറിൽ ഏപ്രിൽ പത്തിന്-ഒരു താളു കൂടി മറിയുന്നു. ആത്മകഥയുടെ അവസാന അദ്ധ്യായം എഴുതേണ്ട സമയം സമാഗതമായിരിക്കുന്നു.

വാർദ്ധക്യത്തിലേക്കടുക്കുമ്പോൾ കഴുകന്റെ വേഗത്തിലാണ് സമയം പറക്കുന്നത്.

എഴുത്തോലയിൽ ആരംഭിച്ച അറിവിന്റെ പാഠങ്ങൾ ഇന്നത്തെ ആർട്ടിഫിഷ്യൽ ഇന്റലിജൻസുമായി കൂട്ടിമുട്ടിക്കുവാൻ ഞാൻ പെടാപ്പാടു പെടുന്നു. സത്യമേത്, മിഥ്യയേത് എന്ന് തിരിച്ചറിയാനാവാത്ത ഒരു കാലം.

ബാല്യം, കൗമാരം, യാവനം ഈ ഘട്ടങ്ങളൊക്കെ പിന്നിട്ട്, ജീവിതം സായാഹ്നത്തിലെത്തി നിൽക്കുമ്പോഴും പതിനേഴിന്റെ മോഹങ്ങളിൽ നിന്നും മനസ് ഇന്നും മോചനം നേടിയിട്ടില്ല.

എന്തു ചെയ്യാം! മനസ്സും ശരീരവും രണ്ട് സമാന്തര മേഖലകളിൽ കൂടിയാണ് സഞ്ചരിക്കുന്നത്.

ഏജ് ഈസ് ജസ്റ്റ് എ നമ്പർ എന്നു പറയുന്നത് വയോധികരെ സന്തോഷിപ്പിക്കുവാനുള്ള ഒരു ഭംഗിവാക്ക് മാത്രമാണ്. എത്ര ചിട്ടയോടുകൂടി ജീവിച്ചാലും അറുപതു കഴിയുമ്പോൾ ശരീരം അതിന്റെ അവശലക്ഷണങ്ങൾ പ്രകടിപ്പിച്ചു തുടങ്ങും. ലാലേട്ടനെപ്പോലെ ഒരു വശത്തേക്ക് ചരിഞ്ഞാവും നടത്തം.

ക്ഷണിക്കപ്പെടാത്ത അതിഥിയെപ്പോലെ, രോഗങ്ങൾ ഒന്നിനു പിറകേ ഒന്നായി നമ്മേ തേടിവരും. കണ്ണും കാതും കരളും-എന്തിനേറെ തലച്ചോറു വരെ ഓരോ വൈദ്യന്മാർക്കായി വീതിച്ചു നല്കേണ്ടിവരും.

അവശേഷിക്കുന്ന മുടിയും മീശയും കരിഓയിൽ തേച്ചു പിടിപ്പിച്ച്, വാർദ്ധക്യലക്ഷണങ്ങളെ മറയ്ക്കുവാൻ എത്ര ശ്രമിച്ചാലും കവിളിലെയും കഴുത്തിലേയും ചുളിവുകൾ നമ്മുടെ കള്ളി വെളിച്ചത്തു കൊണ്ടുവരും.

ജീവിതയാത്രയിൽ വാർദ്ധക്യം ഒരു സത്യമാണെന്ന് അംഗീകരിച്ച്, നമ്മുടെ ജീവിതത്തെ ക്രമപ്പെടുത്തുവാൻ മടി കാണിക്കരുത്.

'ഞാനൊരു സംഭവമാണെന്നും താനില്ലെങ്കിൽ പരിപാടികളൊന്നും ശരിയായി നടക്കില്ല' എന്നുമുള്ള മിഥ്യാ ധാരണ മാറ്റണം.

സംഘടനകളുടെ തലപ്പത്ത് സ്ഥിരമായി കടിച്ചുതൂങ്ങി കിടക്കാതെ, അവർ തള്ളി മാറ്റുന്നതിനു മുമ്പായി യുവജനങ്ങൾക്കായി അവസരമൊരുക്കുവാനുള്ള വിവേകം കാണിക്കണം.

എപ്പോഴും സ്റ്റേജിലും മുൻനിരയിലും ഒരു ഇരിപ്പിടം വേണമെന്നുള്ള വാശി ഉപേക്ഷിക്കണം. താൻ കൂടി നിലവിളക്കിന്റെ ഒരു തിരി കൊളുത്തിയാലേ കാര്യങ്ങൾ മംഗളമായി പര്യവസാനിക്കൂ എന്ന മട്ടിൽ തള്ളിക്കയറരുത്.

'ഇയാളൊരു ശല്യമായല്ലോ' എന്നു മറ്റുള്ളവരെക്കൊണ്ട് പറയിക്കുവാൻ ഇട വരുത്തരുത്.

'തന്റെ പ്രതാപകാലം കഴിഞ്ഞിരിക്കുന്നു' എന്നു വലിയ അക്ഷരത്തിൽ ഭിത്തിയിൽ എഴുതിവെച്ചിരിക്കുന്നത് താങ്കളെപ്പറ്റിയാണെന്നു മനസ്സിലാക്കണം.

'ഒരുത്തൻ നിന്നെ വിരുന്നിനു വിളിച്ചാൽ മുഖ്യാസനത്തിൽ ഇരിക്കരുത്. ഒരുപക്ഷേ നിന്നിലും മാനമേറിയവനെ അവൻ വിളിച്ചിരിക്കാം. പിന്നെ നിന്നെയും അവനെയും ക്ഷണിച്ചവൻ വന്ന് 'ഇവന് ഇടം കൊടുക്ക്' എന്നു നിന്നോടു പറയുമ്പോൾ നീ ലജ്ജയോടെ പിൻനിരയിൽ പോയി ഇരിക്കേണ്ടി വരും.

നിന്നെ ക്ഷണിച്ചാൽ പിൻനിരയിൽ ഇരിക്ക. നിന്നെ ക്ഷണിച്ചവൻ വന്ന് നിന്നോട് 'സ്നേഹിതാ മുന്നോട്ട് വന്ന് ഇരിക്ക' എന്നു പറയുവാൻ ഇടവരട്ടെ!' അപ്പോൾ സദസ്സിനു മുന്നിൽ നിനക്കു മാനമുണ്ടാകും.

തന്നത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും.

തന്നത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും (സെന്റ് മാത്യു)

അതിസമ്പന്നൻ അല്ലെങ്കിൽ സമൂഹത്തിൽ നിന്നും, സുഹൃത്തുക്കളിൽ നിന്നും സ്വന്തക്കാരിൽ നിന്നു പോലും അർഹിക്കുന്ന അംഗീകാരം നമ്മൾക്കു ലഭിക്കില്ല എന്ന സത്യം നമ്മൾ മനസ്സിലാക്കണം.

നമ്മുടെ സാന്നിദ്ധ്യം അവർക്ക് ആവശ്യമില്ല എന്നൊരു തോന്നലുണ്ടായാൽ, മാന്യമായ അകലം പാലിക്കണം.

എന്റെ മരണം ആർക്കും വലിയൊരു നഷ്ടമാവില്ല എന്നെനിക്കുറപ്പുണ്ട്. 'നമ്മുടെ രാജു ഉണ്ടായിരുന്നെങ്കിൽ...' എന്ന് എന്നെയോർത്ത് ആരും നെടുവീർപ്പിടില്ല. കാരണം എന്നോട് കടപ്പാട് അർഹിക്കത്തക്ക സഹായമോ ഉപകാരമോ ഒന്നും ഞാനാർക്കും ചെയ്തിട്ടില്ല.

നിങ്ങളുടെ എത്രയോ ബന്ധുക്കളും സ്നേഹിതരും ഇതിനോടകം എന്നെന്നേക്കുമായി വിട്ടുപോയി. ഈ ഘട്ടത്തിൽ ദുഃഖിക്കുകയോ സങ്കടപ്പെടുകയോ ചെയ്യരുത്. ഇതാണ് ജീവിതം. ഒടുവിൽ അവരുടെ പിന്നാലെ നമ്മളും പോകും. അതിനാൽ നമ്മുടെ ശരീരത്തിൽ ജീവൻ നിലനിൽക്കുന്നിടത്തോളം കാലം, ചലനശക്തി നഷ്ടപ്പെടാത്തോളം കാലം ജീവിതം പൂർണ്ണമായി



ആസ്വദിച്ചു ജീവിക്കുക. ആരോഗ്യത്തിന് ആവശ്യമുള്ളത് കഴിക്കുക, കുടിക്കുക, കളിക്കുക, ചിരിക്കുക, നിങ്ങൾ ഇഷ്ടപ്പെടുന്ന കാര്യങ്ങൾ ചെയ്യുക, എപ്പോഴും സന്തോഷവാനായി ഇരിക്കുക.

മറ്റുള്ളവർ എന്തു വിചാരിക്കും എന്ന പേടി പാടേ ഉപേക്ഷിക്കുക. നിവൃത്തിയുണ്ടെങ്കിൽ സീനിയർ സിറ്റിസൺസ് ക്ലബിൽ പങ്കെടുക്കരുത്. അവിടെ 'ബാക്ക് യാർഡി'ലെ പയറിന്റെയും പടവലങ്ങയുടേയും കൈകാൽ കഴപ്പിന്റെയും കാര്യമാണ് മിക്കവാറും ചർച്ച ചെയ്യുന്നത്.

'ചീരയും മുരിങ്ങയിലയും വയറിനു നല്ലതാണ്. മലശോധനയ്ക്ക് ഇതു വളരെ നല്ലതാണെന്ന്' ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ ഇക്കൂട്ടർ പറയും. എല്ലാം നെഗറ്റീവ്. കേൾക്കുമ്പോൾ ഓക്കാനം വരും.

കഴിയുന്നിടത്തോളം കുട്ടികളുമായും യുവജനങ്ങളുമായി സമയം പങ്കിടുക. അവരിൽനിന്നും പല പുതിയ അറിവുകളും നമ്മൾക്കു ലഭിക്കും. നമ്മളറിയാതെ ഒരു പോസിറ്റീവ് എനർജി നമ്മളിലേക്ക് റാഡിയേറ്റ് ചെയ്യും.

എന്റെ ജന്മദിനത്തെപ്പറ്റി ആരോ ചർച്ച ചെയ്യുന്നത് ഞങ്ങളുടെ കൊച്ചുമകൾ, ആറു വയസുള്ള വിക്കി കേട്ടു.

അവൾ ഞാൻ കിടക്കുന്ന മുറിയിലേക്കു വന്നു. എന്റെ കണ്ണുകളിലേക്കു സൂക്ഷിച്ചു നോക്കി.

"Appa, how old are you?" ഞാൻ എന്റെ പ്രായം പറഞ്ഞു. പെട്ടെന്ന് വിക്കിയുടെ മുഖത്തൊരു മ്ളാനത പടർന്നു.

"I am sorry Appa. If yoy are that old, you are going to die soon."

സത്യത്തിൽ ഞാനൊന്നു ഞെട്ടി. ഈ കാലത്തെ ആറു വയസുകാരിക്കുപോലും മരണത്തെപ്പറ്റി വ്യക്തമായ ധാരണയുണ്ട്.

സമനില വീണ്ടെടുത്ത ഞാൻ വിക്കിയുടെ കവിളിലൊരുമ്മ കൊടുത്തിട്ടു പറഞ്ഞു:

"No baby; I am not going to die soon. I will be still around for your wedding. I said. Don't worry Appa. You don't need to be there. Anyway, it's not going to be an Indian wedding."

ഞാൻ അന്തംവിട്ടുപോയി. ആറു വയസുകാരിക്ക് അവളുടെ വിവാഹത്തെപ്പറ്റി ഇപ്പോഴെ വ്യക്തമായ ധാരണയുണ്ട്.

വിക്കി എന്റെ നെറ്റിയിലൊരു ഉമ്മ തന്നിട്ട് എന്നെ ആശ്വസിപ്പിച്ചു.

"Appa, I promise, after my wedding me and my husband will come to your graveyard with a lot of flowers. And may be, I will cry a little bit. Are you happy now?

സന്തോഷമായി മക്കളെ, സന്തോഷമായി!

'ചുറ്റും ആയിരം പ്രശ്നങ്ങൾ കഴുകനെപ്പോലെ വട്ടമിട്ട് പറക്കുമ്പോഴും, അതെല്ലാം ചെറുപുഞ്ചിരിയിൽ ഒതുക്കാൻ പറ്റുന്നതും ഒരു തരത്തിൽ അനുഗ്രഹം തന്നെയാണ്.

'മരിച്ചു കിടക്കണം. കിടന്നു മരിക്കരുത്'-എന്റെ ഒരു സുഹൃത്ത് പൊന്നച്ചൻ ഇടയ്ക്കിടെ പറയാറുണ്ട്.

'ഒരു ജീവി ജനിക്കലന്ന്, ദൈവം കരുതിയിട്ടുണ്ടവനുള്ള മൃത്യുകാലം ഒരു ലേശമതൊന്നു മാറ്റിവെക്കാൻ അരുതാർക്കും, വിഫലം മനുഷ്യയജ്ഞം.'

അതുകൊണ്ട്, ഒന്നിനെക്കുറിച്ചും അധികമൊന്നും ആലോചിക്കാതെ, വിക്കിയുടെ വിവാഹത്തിൽ സംബന്ധിക്കാമെന്നുള്ള ശുഭാപ്തി വിശ്വാസത്തോടെ യാത്ര തുടരുകയാണ്!

# പ്രവാസികളെത്തിയില്ല; നാല് മണ്ഡലങ്ങളിൽ പോളിംഗിൽ ഇടിവ്

കോട്ടയം: നിയമസഭാ വോട്ടിംഗ് അവസാനിച്ചപ്പോൾ കേരളത്തിൽ പോളിംഗ് ഏറ്റവും കുറവ് തിരുവല്ലയിലും കടുത്തുരുത്തിയിലും ചെങ്ങന്നൂരിലും റാന്നിയിലും.

പ്രവാസികൾ ഏറ്റവും കൂടുതൽ വോട്ടർമാരായുള്ളത് ഈ നാല് മണ്ഡലങ്ങളിലാണ്. 68.99 ശതമാനമാണ് കടുത്തുരുത്തിയിലെ വോട്ടിംഗ്. തിരുവല്ലയിലാകട്ടെ 68.81, ചെങ്ങന്നൂർ 68.28, റാന്നി 67.31 എന്നിങ്ങനെയാണ് ശതമാന കണക്കുകൾ.

കേരളത്തിലെ തന്നെ ഏറ്റവും കുറവ് പോളിംഗ് നടന്ന മണ്ഡലങ്ങളായി ഈ നാലെണ്ണം മാറിയതിൽ പല ഘടകങ്ങളാണ് കാരണം. കേരളത്തിൽ 28 നിയോജക മണ്ഡലങ്ങളിൽ 80 ശതമാനം പിന്നിട്ടപ്പോഴാണ് മധ്യകേരളത്തിലെ നാലു മണ്ഡലങ്ങളിൽ പോളിംഗ് കുറവ് രേഖപ്പെടുത്തിയത്.

മണ്ഡലങ്ങളിലെ ഒട്ടേറെപ്പേർ പ്രവാസികളായതും പശ്ചിമേഷ്യൻ യുദ്ധ സാഹചര്യം കണക്കിലെടുത്ത് നാട്ടിലെത്താൻ കഴിയാതെ പോയതുമാണ് പോളിംഗ് കുറയാൻ മുഖ്യകാരണമെന്നാണ് കരുതുന്നത്. പലരും ടിക്കറ്റിനായി ശ്രമിച്ചെങ്കിലും ലഭ്യമാകാതെ വന്നു.


വിമാന ടിക്കറ്റ് നിരക്കിലെ അപ്രതീക്ഷിത കുതിപ്പും തിരിച്ചടിയായി. കേരളം ആര് ഭരിക്കണമെന്ന വലിയ ചോദ്യത്തിന് ഉത്തരം രേഖപ്പെടുത്താൻ കഴിയാതെ പോയതിന്റെ നിരാശയിലാണ് പ്രവാസി വോട്ടർമാർ. വർഷങ്ങളായി തെരഞ്ഞെടുപ്പിനായി നാട്ടിലെത്തുന്ന പലയാളുകളും ഇത്തവണ എത്തിയിരുന്നില്ലെന്നതും ശ്രദ്ധേയമാണ്.

# A LIFELONG COMMITMENT: GEORGE ABRAHAM RETURNS TO VOTE IN KERALA



New York: George Abraham has once again traveled to India to exercise his franchise in the Assembly elections at his home constituency of Changannur in Kerala. For Abraham, this is not merely a routine civic duty, but a deeply personal and emotional journey, one he has undertaken consistently over the years.

When asked what motivates him to return election after election, Abraham reflects with conviction: "It is a sentiment for my motherland and a passion for the very idea of India." He adds, with a note of introspection, "I often wonder why people like me had to leave this incredible land, so rich in natural beauty and heritage, to build lives elsewhere." Having just cast his vote, he remarked, "I have exercised my democratic right, and I hope this small act contributes to keeping the spirit of democracy alive."



Abraham has spent nearly six decades - 58 years - abroad, primarily in the United States, after a distinguished 36-year career with the United Nations, where he retired as Chief Technology Officer of the United Nations Pension Fund. Despite his global professional accomplishments, his connection to Indiaand particularly to its political and democratic processes has remained unwavering.

Politics, in fact, has been a lifelong passion for him. In 1998, driven by a desire to organize and mobilize the Indian diaspora, Abraham, along with veteran Congress worker John Philipose Thengumcherry, founded the Indian Overseas Congress (IOC) in the United States. At the time, there was no comparable global platform for Congress supporters abroad. The initiative gained momentum when the late Oommen Chandy visited the United States, providing the occasion for its formal launch.

The organization grew steadily, and in 2001 it received official recognition at a landmark event in New York attended by senior national leaders including Sonia Gandhi, Manmohan Singh, Natwar Singh, and Murli Deora. Today, the IOC has evolved into a well-established global network spanning more than 30 countries, currently led by Sam Pitroda as Chairman. George Abraham presently serves as Vice-Chairman of IOC USA and Global Coordinator of its IT and Social Media wing. In recognition of his decades of service, he was conferred a Lifetime Achievement Award by Rahul Gandhi during the latter's visit to New York in 2023.

Abraham's political grounding, however, began much earlier. As a teenager, he was actively involved with the All Kerala Balajana Sakhyam, a youth organization under the aegis of Malayala Manorama, where he served as State Treasurer in 1967. He credits the late Pala K.M. Mathew whom he regards as his mentor for shaping his early political and social consciousness.

Reflecting on the broader role of the Indian diaspora, Abraham emphasizes the importance of safeguarding India's democratic and secular values. "It is essential that we uphold the democratic and secular fabric of India. Without that, the nearly 35 million Indians living abroad would have little moral standing when advocating for justice, equality, and religious freedom globally," he notes.

For Abraham, returning home to vote is more than participation, it is a reaffirmation of identity, responsibility, and belief in the enduring promise of India's democracy.

# വനിതാ സംവരണ ബില്ലിന് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി

ന്യൂഡൽഹി: പാർലമെന്റിലും സംസ്ഥാന നിയമസഭകളിലും സ്ത്രീകൾക്ക് 33 ശതമാനം സംവരണം ഉറപ്പാക്കാൻ ഭരണഘടനാ ഭേദഗതിക്കുള്ള 'നാരീശക്തി വന്ദൻ അധീനിയം' ബില്ലിന് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം. ലോക്സഭയിലെയും സംസ്ഥാന നിയമസഭകളിലെയും സീറ്റുകളുടെ എണ്ണം 50 ശതമാനം വർധിപ്പിക്കുന്നതിന് മണ്ഡല പുനർനിർണയ നിയമത്തിൽ ഭേദഗതി വരുത്തുന്ന മറ്റൊരു ബില്ലിനും പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന മന്ത്രിസഭാ യോഗം അംഗീകാരം നൽകി. ഏപ്രിൽ 16 മുതൽ ചേരുന്ന ബജറ്റ് സമ്മേളനത്തിന്റെ തുടർച്ചയിൽ ബില്ലുകൾ പാർലമെന്റിൽ അവതരിപ്പിക്കും.

2011-ലെ സെൻസസ് വിവരങ്ങളുടെ അടിസ്ഥാനത്തിലാകും വനിതാ സംവരണം നടപ്പാക്കുക. ബില്ലുകൾ പാർലമെന്റ് പാസാക്കിയാൽ ലോക്സഭാ സീറ്റുകളുടെ എണ്ണം 543-ൽനിന്ന് 816 ആകും. വർധിക്കുന്ന 273 സീറ്റുകൾ സ്ത്രീകൾക്കായി സംവരണം ചെയ്യും. 2029-ലെ പൊതുതെരഞ്ഞെടുപ്പ് മുതൽ വനിതാ സംവരണം പ്രാബല്യത്തിൽ വരും.

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ കഴിഞ്ഞ ദിവസങ്ങളിൽ വിവിധ പ്രതിപക്ഷ നേതാക്കളുമായി കൂടിക്കാഴ്ച നടത്തി സർക്കാർ നിലപാട് അറിയിച്ചിരുന്നു. എന്നാൽ കോൺഗ്രസ് ഉൾപ്പെടെയുള്ള ചില പ്രതിപക്ഷ പാർട്ടികൾ ബില്ലിന്റെ കരടുരൂപം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ചർച്ചകളിൽനിന്ന് വിട്ടുനിന്നു.



# മനസ്സാക്ഷിയുടെ ആക്ഷേപം ഉണ്ടായിരിക്കട്ടെ

**ഏലിയാമ്മ ലൂക്കോസ്**

ദൈവം ത്രീത്വമാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവുമാണത്. മനുഷ്യനിൽ ദേഹം, ദേഹി, ആത്മാവ് ഇവ മൂന്നുമുണ്ട്. ദേഹമാണ് നാം കാണുന്നത്. ദൃശ്യമായ ഈ ശരീരത്തിനു വേണ്ടി നാം അഹോരാത്രം ഓടുന്നു, അദ്ധ്വാനിക്കുന്നു. ദേഹി അഥവാ മനസ്സിനെ കാണാൻ പറ്റുന്നില്ല. അത് അദൃശ്യമാണ്. ആത്മാവും അദൃശ്യമാണ്. വായു നാം ശ്വസിക്കുന്നു. കാണാൻ പറ്റുന്നില്ല. എന്നാൽ, വായു കൂടാതെ ജീവിക്കുക സാദ്ധ്യമല്ലല്ലോ. അതുപോലെ മനസ്സ് കൂടാതെ മനുഷ്യനില്ല. വാസ്തവത്തിൽ മനസ്സാണ് മനുഷ്യനെ നിയന്ത്രിക്കുന്നത്. മനസ്സിൽ ചിന്തിക്കും. പിന്നീട് പ്രവർത്തിക്കും. പ്രാകൃതമനുഷ്യനും ജഡികനുമെല്ലാം മനസ്സിന്റെ നിയന്ത്രണത്തിൽ തന്നെയാണ്. മനസ്സിന്റെ ഒരുക്കത്തിലാണ് ഒരു ആത്മീയൻ ഉരുവാകുന്നത്. ദൈവം മനുഷ്യനെ ഭയങ്കരവും അതിശയകരവുമായി സൃഷ്ടിച്ചു. ബൈബിൾ പഠിക്കുന്നവൻ സത്യമായതും ഘനമായതും നീതിയായതും നിർമ്മലമായതും ബൈബിളിൽ നിന്നു വെളിപ്പെട്ടുകിട്ടും. അവൻ ഭോഷനായി മാറുകയില്ല. അവൻ ആത്മീയനായി മാറുക തന്നെ ചെയ്യും.

ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും. ഒരു ശുദ്ധഹൃദയം അഥവാ ഒരു നിർമ്മല മനസ്സ് ദൈവം ആഗ്രഹിക്കുന്നു. ഹൃദയം നുറുങ്ങിയവർക്ക് യഹോവ സമീപസ്ഥൻ, മനസ്സ് തകർന്നവരെ യഹോവ വിടുവിക്കുന്നു. നാം ഹൃദയം എന്നിവിടെ വിവക്ഷിക്കുന്ന ഈ മാംസളമായ ഹൃദയത്തെ അല്ല. അദൃശ്യമായ ഹൃദയം അഥവാ മനസ്സിനെത്തന്നെയെന്ന് നമുക്കറിയാം. ഹൃദയം മാറ്റിവെച്ചവരെ നാം കണ്ടിട്ടുണ്ടല്ലോ. മറ്റാരുടെയെങ്കിലും ഹൃദയമാണ് അദ്ദേഹത്തിനു ലഭിച്ചത്. എന്നാൽ, അദ്ദേഹം പഴയ സ്വഭാവങ്ങൾ തന്നെയാണ് നിലനിർത്തുന്നത്. കിട്ടിയ ഹൃദയത്തിന്റെ ഉടമയുടെ സ്വഭാവം തന്നിലേക്കു വരുന്നില്ല. തന്റെ മനസ്സ് തന്നിൽത്തന്നെ ഉണ്ടായിരുന്നു. മനുഷ്യൻ മരിച്ചാൽ അവനിൽ നിന്ന് ആത്മാവും മനസ്സും വിട്ടുപോകുന്നു. ശരീരം മണ്ണിലേക്ക് ചേരുന്നു.

ഈ മനസ്സ് എങ്ങനെയായിരിക്കേണം. വിശുദ്ധ പൗലോസ് അപ്പോസ്തലൻ 'മനസ്സ് പുതുക്കി രൂപാന്തരപ്പെടേണം' എന്നെഴുതി. ഒരു നല്ല മനസ്സിനുടമ ദൈവമുള്ളവനും ദൈവഭയമുള്ളവനുമാണ്. "ദൈവം യിസ്രായേലിന് നിർമ്മല ഹൃദയമുള്ളവർക്കു തന്നെ നല്ലവനാകുന്നു നിശ്ചയം." സങ്കീർത്തനക്കാരനായ ആസാഫിന്റെ ഭാഷ്യമാണിത്. ഒരു ശുദ്ധ ഹൃദയമുള്ളവനെ ദൈവം കൈവിടുകയില്ല. മനുഷ്യനെക്കുറിച്ചു ദൈവം "എന്റെ ഹൃദയപ്രകാരമുള്ള മനുഷ്യനെന്ന്" പറയുന്നു. എനിക്കു ബോധിച്ച പുരുഷനായി കണ്ടിരിക്കുന്നു. വാസ്തവത്തിൽ ദാവീദ് ഒരു വലിയ പാപം ചെയ്തവനാണ്. ഊരിയാവിനെ ചതിവിൽ കൊന്ന് ഭാര്യ ബേദ്ശേബയെ സ്വന്തമാക്കി. മഹാപാപമാണ് ചെയ്തത്. പ്രവാചകനായ നാഥാൻ രാജാവായിരുന്ന ദാവീദിനെ അക്കാര്യം ബോദ്ധ്യപ്പെടുത്തിയപ്പോൾ ദൈവസന്നിധിയിൽ വീണുകിടന്നു നിലവിളിച്ച് മാപ്പപേക്ഷിച്ചു. തകർന്ന മനസ്സോടെ 51-ാം സങ്കീർത്തനം രചിച്ചു. തെറ്റു ചെയ്തുവെങ്കിലും ഹൃദയനുറുക്കത്തോടെ പശ്ചാത്തപിച്ചു. മറ്റാരെങ്കിലുമെങ്കിൽ "രാജാവായ എന്നോടു പറയാൻ നീയാര്" എന്നു ചോദിച്ചുകൊണ്ട് നാഥാൻ പ്രവാചകനെ വധിക്കുമായിരുന്നു. ദാവീദിന്റെ നല്ല മനസ്സിനെ അവിടെ വെളിപ്പെടുത്തുന്നു. വൈകുന്നേരം ദൈവസന്നിധിയിൽ സമയം ചെലവഴിക്കേണ്ടതിനു പകരം മട്ടുപ്പാവിൽ ഉലാത്തിക്കൊണ്ടിരുന്ന ദാവീദിന്റെ കണ്ണും വേണ്ടാത്ത സ്ഥലത്തെത്തി. മഹാപാപം ചെയ്ത പ്രിയരെ നാം നമ്മുടെ സമയങ്ങളെ വ്യർത്ഥമാക്കിക്കളയരുത്. ജഡമോഹം, കൺമോഹം ജീവനത്തിന്റെ പ്രതാപം ഇവ നമ്മെ പാപത്തിലേക്കു വഴി നടത്തും. ദാവീദു തന്നെ കൊല്ലുവാൻ ഇട്ട് ഓടിച്ച ശൗലിനെ കൈയിൽ കിട്ടിയിട്ടും കൊന്നില്ല. ശൗലിനെ പേടിച്ചു കാട്ടിൽകൂടി ഒളിച്ചുനടന്ന ദാവീദ് എൽഗെമി മരുഭൂമിയിൽ ശൗലിനെ കണ്ടു. അവനെ കൊല്ലാൻ പറ്റിയ അവസരമായിരുന്നു. എന്നാൽ, ദാവീദ് അങ്ങനെ ചെയ്യാതെ ശൗലിന്റെ വസ്ത്രത്തിന്റെ (മേലങ്കി)യുടെ അറ്റം മുറിച്ചുകളഞ്ഞു. പിന്നത്തേതിൽ ദാവീദിന്റെ മനസ്സാക്ഷി കത്തിത്തുടങ്ങി. നല്ല മനസ്സും മനസ്സാക്ഷിയുമുള്ള ഒരു മനുഷ്യനായിരുന്നു ദാവീദ്. അതുകൊണ്ട് ദൈവം അവനെ 'എന്റെ ഹിതമൊക്കെയും ചെയ്യുന്നവൻ എന്നു പറഞ്ഞിരിക്കുന്നു.


ലേഖിക

യേശുതമ്പുരാന്റെ അടുത്ത് ഒരു സ്ത്രീയെ വ്യഭിചാരക്കുറ്റത്തിനു പിടിച്ചു. പകൽമാന്യന്മാർ കൊണ്ടുവന്നു. യേശു നിങ്ങളിൽ പാപമില്ലാത്തവൻ അവളെ കല്ലേറിയട്ടെ'യെന്നു പറഞ്ഞു. അവളോടൊപ്പം പാപം ചെയ്തവർ ആയിരിക്കാം അവരിൽ പലരും. എന്നാൽ, യേശുവിന്റെ വാക്കിൽ ഞെട്ടിപ്പോയ അവർ മനസ്സാക്ഷിയുടെ ആക്ഷേപം ഹേതുവായി അവിടെനിന്ന് അപ്രത്യക്ഷമായി. നമ്മുടെ മനസ്സാക്ഷി നമ്മെ കുറ്റം വിധിക്കുന്നുവോ? നാം നമ്മുടെ അനുദിന ജീവിതത്തിൽ മനസ്സാക്ഷിയെ മറുത്തു അഥവാ തെറ്റെന്ന് അറിഞ്ഞിട്ടും തെറ്റു ചെയ്യുന്നു. ഭാര്യാഭർത്താക്കന്മാർ മക്കളോടൊപ്പം പാർത്തുകൊണ്ട് സിംഗിൾ മദർ ആണെന്നു പറഞ്ഞു ആനുകൂല്യം പറ്റുന്നവർ അമേരിക്കയിൽ അനേകരുണ്ട്. ഏതെല്ലാം കള്ളത്തരം കാണിക്കാമോ അവയെല്ലാം ചെയ്ത് ഗവൺമെന്റ് ആനുകൂല്യങ്ങൾ കൈക്കലാക്കുന്നവരുടെ സംഖ്യ വളരെയാണ്. തങ്ങൾ നിർദ്ധനരാണെന്നു കാണിക്കാൻ വീടും കാറുമെല്ലാം മക്കളുടെ പേരിലെഴുതിയിട്ട് സഹായം നേടി ജീവിക്കുന്നവർ വളരെയാണ്. നിങ്ങൾക്കു മനസ്സാക്ഷിയുടെ ആക്ഷേപം ഇല്ലയോ? ഓരോന്നും എണ്ണിപ്പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നിങ്ങളുടെ മനസ്സാക്ഷിയോട് ചോദിക്കുക.

വി. പൗലോസ് തിമോത്തിയോസിനെഴുതുന്നു: "ആശങ്കയുടെ ഉദ്ദേശമോ ശുദ്ധഹൃദയം നല്ല മനസ്സാക്ഷി നിർവ്യാജ വിശ്വാസം എന്നിവയാൽ ഉളവാകുന്ന സ്നേഹം" തന്നെ. നല്ല മനസ്സാക്ഷിയുള്ളവനായി ദൈവസേവ ചെയ്യാൻ ആജ്ഞാപിക്കുന്നു. ഒരിക്കൽ മരണവും പിന്നെ ന്യായവിധിയും ഉണ്ടെന്നറിഞ്ഞു ശുദ്ധ മനസ്സാക്ഷിയോടെ ജീവിപ്പാൻ നമുക്കൊരുങ്ങാം. മനസ്സാക്ഷി നിന്നെ കുറ്റം വിധിക്കാതിരിക്കട്ടെ. നശ്വരമായ ലോകത്തിനു വേണ്ടിയല്ല, അനശ്വരമായ ഒരു രാജ്യത്തിനു വേണ്ടി കരുതാൻ ദൈപം കൃപ തരട്ടെ.

# എസ്ഐയുസിസി മ്യൂസിക് ക്ലബിന് ആവേശകരമായ തുടക്കം

**ഡോ. ജോർജ് എം. കാക്കനാട്ട്**

ഹൂസ്റ്റൺ: കലാ-സാംസ്കാരിക വിനിമയം, മാനസിക ഉല്ലാസം എന്നിവ മുൻനിർത്തി സൗത്ത് ഇന്ത്യൻ യുഎസ് ചേംബർ ഓഫ് കൊമേഴ്സ് (എസ്ഐയുസിസി) ആവിഷ്കരിച്ച മ്യൂസിക് ക്ലബിന്റെ ഉദ്ഘാടനം ആവേശകരമായ ചടങ്ങിൽ നടന്നു.

സമൂഹത്തിന്റെ വിവിധ തുറകളിലുള്ള നിരവധി പേരുടെ സാന്നിദ്ധ്യത്തിൽ നടന്ന ചടങ്ങ് വൈവിധ്യമാർന്ന പരിപാടികൾ കൊണ്ട് ശ്രദ്ധേയമായി. പരിപാടിയുടെ ഭാഗമാകാൻ എത്തിയവർ വിവിധ ഗാനങ്ങൾ ആലപിച്ചതും സംഗീത സന്ധ്യയ്ക്ക് മാറ്റ് കൂട്ടി.

ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ മ്യൂസിക് ക്ലബിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിച്ചു. സംഗീതം ബാല്യം മുതൽ മനുഷ്യജീവിതത്തിന്റെ അവിഭാജ്യ ഘടകമാണെന്നും ദൈനംദിന ജീവിതത്തെ അത് കൂടുതൽ അർത്ഥവത്താക്കുന്നുവെന്നും അദ്ദേഹം തന്റെ പ്രസംഗത്തിൽ ഓർമ്മിപ്പിച്ചു.

ലോകപ്രശസ്ത സംഗീതജ്ഞനും ഗായകനുമായ റവ.ഡോ. പോൾ പൂവത്തിങ്കൽ ഓൺലൈൻ വഴി പങ്കെടുത്തു അനുഗ്രഹ പ്രഭാഷണം നടത്തി. സംഗീതം മതപരമായ അതിർവരമ്പുകൾക്കതീതവും ദൈവികവുമാണെന്ന് അദ്ദേഹം പറഞ്ഞു. മാനസിക ഏകാഗ്രത വർദ്ധിപ്പിക്കാനും പിരിമുറുക്കങ്ങളിൽ നിന്ന് മുക്തി നേടാനും സംഗീതം സഹായിക്കുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ചടങ്ങിൽ അദ്ദേഹം ആലപിച്ച ഗാനം കാണികളെ ഏറെ ആകർഷിച്ചു.

ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച ചേംബർ പ്രസിഡണ്ട് ഡോ. ജോർജ് കാക്കനാട്ട് സംഗീതം വഴി മാനസികാരോഗ്യം മെച്ചപ്പെടുത്താനും ജീവിത വെല്ലുവിളികളെ അതിജീവിക്കാനും സഹായിക്കുക എന്നതാണ് ക്ലബിന്റെ പ്രധാന ലക്ഷ്യമെന്ന് വ്യക്തമാക്കി. ഫോമാ ഫൗണ്ടിംഗ് പ്രസിഡണ്ടും ചേംബർ എക്സിക്യൂട്ടീവ് ഡയറക്ടറുമായ ശശിധരൻ നായർ ബോർഡ് അംഗങ്ങളെ അഭിനന്ദിക്കുകയും 'ഇത്രത്തോളം യഹോവ സഹായിച്ചു' എന്ന ഗാനം ആലപിക്കുകയും ചെയ്തു.

മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൺ (മാഗ്) പ്രസിഡണ്ട് റോയ് മാത്യു, തൃശൂർ അസോസിയേഷൻ പ്രസിഡണ്ട് ധനിഷാ സാം എന്നിവർ ചടങ്ങിൽ ആശംസകൾ നേർന്നു സംസാരിച്ചു. പതിനഞ്ചാം വർഷത്തിലേക്കു കടക്കുന്ന എസ്ഐയുസിസി ബിസിനസ് സംരംഭകർക്കും പൊതുജനങ്ങൾക്കും ഒരുപോലെ പ്രയോജനകരമായ നിരവധി പദ്ധതികൾ നടപ്പിലാക്കിവരികയാണ്.

ഈ പരിപാടിയുടെ വിജയത്തിനായി ചേംബർ സെക്രട്ടറി ബ്രൂസ് കൊളംബേൽ ഫിനാൻസ് ഡയറക്ടർ സണ്ണി കാരിക്കൽ, മുൻ പ്രസിഡണ്ട് ജിജി ഓലിക്കൻ, ജോയിന്റ് ട്രഷറർ സാം സുരേന്ദ്രൻ എന്നിവർ നേതൃത്വം നല്കി. സെക്രട്ടറി ബ്രൂസ് കൊളംബേൽ സ്വാഗതം ആശംസിച്ചു.

വിജി കാരിക്കൽ, സാലി കാക്കനാട്ട് എന്നിവർ തയ്യാറാക്കിയ വിഭവസമൃദ്ധമായ വിരുന്നോടെ ചടങ്ങുകൾ സമാപിച്ചു.

സംരംഭകത്വത്തെ പിന്തുണയ്ക്കുന്നതിനൊപ്പം സാമൂഹിക പ്രതിബദ്ധതയുള്ള പ്രവർത്തനങ്ങൾ തുടരുമെന്ന് എസ്ഐയുസിസി ഭാരവാഹികൾ അറിയിച്ചു.




നിത്യജീവിതത്തിലെ സമ്മർദ്ദങ്ങൾ കുറയ്ക്കുക, ഭാവനാപരമായ കഴിവുകൾ വളർത്തുകയും വൈകാരിക സന്തുലിതാവസ്ഥ ഉറപ്പാക്കുകയും ചെയ്യുക, വളർന്നുവരുന്ന ഗായകർക്കും സംഗീതപ്രേമികൾക്കും ആവശ്യമായ മാർഗ്ഗനിർദ്ദേശവും വേദിയും ഒരുക്കുക എന്നിവയാണ് മ്യൂസിക് ക്ലബിന്റെ ലക്ഷ്യങ്ങൾ.

# അമേരിക്കയിലെ ഇന്ത്യൻ പൗരന്മാർക്ക് സഹായഹസ്തം നീട്ടി ന്യൂയോർക്ക് കോൺസുലേറ്റ്

ന്യൂയോർക്ക്: അമേരിക്കയിൽ താമസിക്കുന്ന ഇന്ത്യൻ പൗരന്മാർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് പ്രമുഖ സംഘടനാ നേതാക്കൾ ഇന്ത്യൻ കോൺസുലേറ്റ് അധികൃതരുമായി നിർണായക ചർച്ച നടത്തി. ഇന്ത്യയുടെ ന്യൂയോർക്കിലെ കോൺസുൽ ജനറൽ അംബാസഡർ ബിനയ ശ്രീകാന്ത പ്രസാദിന്റെ നേതൃത്വത്തിലായിരുന്നു യോഗം.

ഫോമാ നാഷണൽ വൈസ് പ്രസിഡണ്ട് ഷാലു പുന്നൂസ്, ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്ക നേതാവ് സജി ഏബ്രഹാം, ഫോമാ മുൻ പ്രസിഡണ്ട് ഡോ. ജേക്കബ് തോമസ്, മാർത്തോമ്മാ സഭ കൗൺസിൽ അംഗം സന്തോഷ് ഏബ്രഹാം, ഫോമാ ജോയിന്റ് സെക്രട്ടറി പോൾ ജോസ്, മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഫിലാഡൽഫിയ പ്രതിനിധി ജെയിംസ് പീറ്റർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

ഇന്ത്യൻ പാസ്പോർട്ട് ഉടമകൾക്ക് മരണവുമായി ബന്ധപ്പെട്ട അടിയന്തര സാഹചര്യങ്ങളിൽ മൃതദേഹം ഇന്ത്യയിലേക്ക് കൊണ്ടുപോകുന്നതിനായി 10,000 ഡോളർ വരെ സാമ്പത്തിക സഹായം ലഭ്യമാണെന്ന് കോൺസുലേറ്റ് അധികൃതർ അറിയിച്ചു. കൂടാതെ, ഗാർഹിക പീഡനം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ നേരിടുന്ന ഇന്ത്യൻ പാസ്പോർട്ട് ഉടമകളായ വനിതകൾക്ക് 4,000 ഡോളർ വരെ നിയമസഹായം നല്കുന്ന സംവിധാനവും നിലവിലുണ്ടെന്ന് വ്യക്തമാക്കി.

ന്യൂയോർക്കിലെ കോൺസുലേറ്റ് അടിയന്തര സേവനങ്ങൾക്കായി വർഷം മുഴുവൻ (365 ദിവസം) പ്രവർത്തിക്കുന്നതായും ഒ.സി.ഐ, അറ്റസ്റ്റേഷൻ, പവർ ഓഫ് അറ്റോർണി തുടങ്ങിയ സേവനങ്ങൾക്കായി ഇന്ത്യൻ സമൂഹത്തിന് എപ്പോഴും സഹായം ലഭ്യമാക്കുന്നതായും അറിയിച്ചു.

**ജീമോൻ റാന്നി**

അമേരിക്കയിലെ ഇന്ത്യൻ പൗരന്മാർക്ക് സേവനങ്ങൾ കൂടുതൽ എളുപ്പമാക്കുന്നതിന്റെ ഭാഗമായി പെൻസിൽവാനിയയും ന്യൂജേഴ്സിയും സംസ്ഥാനങ്ങളിലെ ഇന്ത്യൻ സമൂഹത്തിന് ഇനി എഡിസൺ, ന്യൂജേഴ്സിയിലെ വിഎഫ്എസ് കേന്ദ്രത്തിൽ നിന്ന് സേവനങ്ങൾ ലഭ്യമാകും. തിങ്കൾ മുതൽ ശനി വരെ പ്രവർത്തിക്കുന്ന ഈ കേന്ദ്രം പാസ്പോർട്ട്, ഒസിഐ, അറ്റസ്റ്റേഷൻ, പവർ ഓഫ് അറ്റോർണി തുടങ്ങിയ വിവിധ കോൺസുലർ സേവനങ്ങൾ നല്കും.

ഇതോടെ സമീപപ്രദേശങ്ങളിലുള്ള ഇന്ത്യൻ പൗരന്മാർക്ക് ന്യൂയോർക്കിലേക്ക് യാത്ര ചെയ്യേണ്ട ബുദ്ധിമുട്ട് കുറയും. സേവനങ്ങൾ വേഗത്തിലും സൗകര്യപ്രദമായും ലഭ്യമാക്കുന്നതിനുള്ള കോൺസുലേറ്റിന്റെ ഭാഗമായാണ് ഈ നടപടി.

ഇന്ത്യൻ സമൂഹത്തിന്റെ ആവശ്യങ്ങൾ മുൻനിർത്തി കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുകയാണെന്നും ബന്ധപ്പെട്ടവർ അറിയിച്ചു.

സന്ദർശനം ഫലപ്രദമായിരുന്നുവെന്നും അമേരിക്കയിലെ ഇന്ത്യൻ സമൂഹത്തിന്റെ ആവശ്യങ്ങൾ പരിഗണിച്ച് കൂടുതൽ സേവനങ്ങൾ ഉറപ്പാക്കാൻ കോൺസുലേറ്റ് പ്രതിജ്ഞാബദ്ധമാണെന്നും പങ്കെടുത്തവർ പറഞ്ഞു.


കൂടുതൽ വിവരങ്ങൾക്ക് ഔദ്യോഗിക വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.



# സീറോമലബാർ യൂക്കറിസ്റ്റിക് കോൺഗ്രസ് 2025 സ്മരണിക 'സിബാച്' പ്രകാശനം ചെയ്തു

ന്യൂജേഴ്സി: ചിക്കാഗോ സെന്റ് തോമസ് സീറോമലബാർ കത്തീഡ്രൽ ദേവാലയത്തിൽ 2025-ലെ സീറോമലബാർ യൂക്കറിസ്റ്റിക് കോൺഗ്രസിന്റെ സ്മരണികയായ 'സിബാച്' (Living Sacrifice Remembered) ചിക്കാഗോയിൽ പ്രകാശനം ചെയ്തു. ഈസ്റ്റർ തിരുനാളിനോടനുബന്ധിച്ച് നടന്ന വിശുദ്ധ കുർബാനയ്ക്കുശേഷം രാവിലെ 11.15-നായിരുന്നു ചടങ്ങ്. ചിക്കാഗോ രൂപതാ മെത്രാൻ മാർ ജോയി ആലപ്പാട്ട് സ്മരണികയുടെ ഔദ്യോഗിക പ്രകാശനം നിർവഹിച്ചു. കത്തീഡ്രൽ വികാരി ഫാ. തോമസ് കടുകപ്പള്ളിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ചടങ്ങിൽ സഭയുടെ മുതിർന്ന അംഗവും സീനിയർ ഫോറം പ്രതിനിധിയുമായ പി.ഡി. ജോസഫ് (വക്കച്ചായൻ) ആദ്യപ്രതി ഏറ്റുവാങ്ങി. ഈ നിമിഷം വിശ്വാസ പരമ്പരയുടെ തുടർച്ചയെ പ്രതിനിധീകരിക്കുന്നതും ശ്രദ്ധേയമായി.

2025 മെയ് 23 മുതൽ 25 വരെ ന്യൂജേഴ്സിയിലെ സോമർസെറ്റിൽ നടന്ന ചരിത്രപ്രധാനമായ യൂക്കറിസ്റ്റിക് കോൺഗ്രസിന്റെ ആത്മീയ അനുഭവങ്ങൾ, പ്രധാന പ്രഭാഷണങ്ങൾ, വിശ്വാസ സാക്ഷ്യങ്ങൾ എന്നിവയാണ് ഈ സ്മരണികയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. സഭയുടെ ഐക്യത്തിന്റെയും ദിവ്യകാരുണ്യ ഭക്തിയുടെയും പ്രതീകമായി ഈ പ്രസിദ്ധീകരണം നിലകൊള്ളുന്നതായി മാർ ജോയി ആലപ്പാട്ട് തന്റെ സന്ദേശത്തിൽ വ്യക്തമാക്കി.



ന്യൂജേഴ്സിയിലെ സോമർസെറ്റ് സെന്റ് തോമസ് സീറോമലബാർ ഫൊറോന ദേവാലയത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച കോൺഗ്രസിന്റെ സ്മരണിക പ്രസിദ്ധീകരണത്തിനു പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും പ്രത്യേകിച്ച് റവ.ഫാ. ആന്റണി സേവ്യർ പുല്ലുകാട്ട് (മുൻ വികാരി), റവ.ഫാ. ജോൺിക്കുട്ടി പുലിശ്ശേരി (വികാരി), ട്രസ്റ്റിമാർ, എഡിറ്റോറിയൽ കമ്മിറ്റി അംഗങ്ങൾക്കും വിവിധ സബ് കമ്മിറ്റികൾക്കും സന്നദ്ധ പ്രവർത്തകർക്കും ബിഷപ് അഭിനന്ദനങ്ങൾ അറിയിച്ചു.

'സ്വർഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്' (യോഹന്നാൻ 6:51) എന്ന വചനത്തെ ആസ്പദമാക്കി തയ്യാറാക്കിയ ഈ സ്മരണിക, വരും തലമുറകൾക്ക് വിലപ്പെട്ട ആത്മീയ സമ്പത്തായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സുവനീർ കമ്മിറ്റി അംഗങ്ങൾ: റോയി മാത്യു, ടോം പെരുമ്പായിൽ, മിനേഷ് ജോസഫ്, സെബാസ്റ്റ്യൻ ആന്റണി, തെരേസ ടോമി, നിഷ അലക്സ്, മരിയേല പയ്യപ്പിള്ളി, റോസ് പോറവന്തട്ടിൽ, ജോർജ് ചെറിയാൻ, സജി ജേക്കബ് മുള്ളൂർ, ജിജോ തോമസ്, റോബർട്ട് ആന്റണി. ട്രസ്റ്റിമാർ: റോബിൻ ജോർജ് (മുൻ ട്രസ്റ്റി), ബോബി വർഗീസ് (മുൻ ട്രസ്റ്റി), സുനിൽ ജോസ്, ലാസർ വെള്ളാറ, ബിജു ചക്കുപുരക്കൽ, സെബാസ്റ്റ്യൻ തോട്ടത്തിൽ. വെബ്സൈറ്റ്: stthomassyronj.org





# അസൂയ ജീവിതങ്ങളെ നശിപ്പിക്കും

പാസ്റ്റർ പി.പി. കുര്യൻ

### അസൂയയോ അസ്തികൾക്കു ദ്രവത്വം (സദൃശ്യവാക്യങ്ങൾ 14 : 30)

അസൂയ ഒരു മാരകവിഷം ആണ്.

രാഷ്ട്രീയ നേതാക്കന്മാരായ നെപ്പോളിയൻ, ജൂലിയസ് സീസർ, മഹാനായ അലക്സാണ്ടർ എന്നിവർക്ക് അസൂയ എന്ന മാരകവിഷം ഉണ്ടായിരുന്നു.

അധികാരവും പ്രതാപവും ഒക്കെ ഉണ്ടായിരുന്നിട്ടും മനസ്സിനെ വിഷലിപ്തമാക്കുന്ന ഒരു ദുർഗുണം അവർ ഉള്ളിൽ കൊണ്ട് നടന്നു. ഇവർ മൂവരും അന്യോന്യം അസൂയപ്പെട്ടിരുന്നു. സമ്പത്തും നേട്ടങ്ങളും കൈവരിച്ചിട്ടുള്ള സൽസ്വാഭാവികളായ വ്യക്തികൾ ഉൾപ്പെടെ ആരിലും അസൂയ എന്ന തിന്മ നാമ്പെടുക്കാം. ഒരു വ്യക്തിയുടെ സമ്പത്ത്, അഭിവൃദ്ധി, നേട്ടങ്ങൾ എന്നിവകൊണ്ട് അയാളോട് തോന്നുന്ന ഒരു നീരസമാണ് അസൂയ. ബൈബിൾ വെളിച്ചത്തിൽ മറ്റുള്ള ഒരാൾക്ക് ഉള്ളതെല്ലാം തനിക്കും വേണമെന്ന് ആഗ്രഹത്തെക്കാൾ ഉപരി അയാൾക്കുള്ളത് ഇല്ലാതാക്കാനുള്ള ത്വരയും അസൂയയിൽ പെടുന്നുണ്ട്.

അസൂയ ഉള്ള ഒരു വ്യക്തിക്ക് അപരന്റെ ഉന്നതിയിൽ അസഹ്യത തോന്നുന്നതോടൊപ്പം അയാൾക്കുള്ളത് തട്ടിയെടുക്കാനുള്ള വ്യഗ്രതയും ഉണ്ടാകും. അസൂയ മുളപൊട്ടുന്നത് എങ്ങനെയെന്നും അതിന്റെ ഭവിഷത്തുകൾ എന്തെല്ലാം എന്നും പരിശോധിക്കുന്നത് ഉത്തമം ആയിരിക്കും. അസൂയ നമ്മുടെ ജീവിതത്തെ നിയന്ത്രിക്കാതിരിക്കാൻ നാം പാലിക്കേണ്ട മുൻകരുതലുകൾ എന്തൊക്കെ എന്ന് അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്.

**1) അസൂയ ആളിക്കത്തുന്ന മനോഭാവം**

'അവൻ നമ്മിൽ വസിക്കുമാറാക്കിയ ആത്മാവു അസൂയെക്കായി കാംക്ഷിക്കുന്നുവോ?' (യാക്കോബ് 4:5)

ഗലാത്യർ അഞ്ചിന്റെ ഇരുപത്തിയാറിൽ അപ്പൊസ്തലനായ പൗലോസ് രേഖപ്പെടുത്തിയിരിക്കുന്നത്:

'നാം അന്യോന്യം പോരിനു വിളിച്ചും അന്യോന്യം അസൂയപ്പെട്ടും കൊണ്ടു വൃഥാഭിമാനികൾ ആകരുതു.'

(ഗലാത്യർ 5:26). അന്യോന്യം വെല്ലുവിളിക്കാൻ പ്രേരിപ്പിക്കുന്ന മത്സര മനോഭാവം നമ്മുടെ ഉള്ളിലുള്ള അസൂയയെ ഊട്ടിവളർത്തും. ദൈവവചനത്തിൽ പല മുന്നറിയിപ്പുകൾ കാണാനാകും. പൗലോസ് അപ്പൊസ്തലൻ 1 കൊരിന്ത്യർ 10-ന്റെ 11, 12 വാക്യങ്ങളിൽ മുന്നറിയിപ്പുകളെ ചൂണ്ടിക്കാണിച്ചിട്ട് പറഞ്ഞിരിക്കുന്നത് ലോകാവസാനം വന്ന് എത്തിയിരിക്കുന്ന നമ്മുക്ക് ബുദ്ധി ഉപദേശത്തിനായി എഴുതിയിരിക്കുന്നു.

ആകയാൽ താൻ നിൽക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ. ഉദാഹരണത്തിന് കായീൻ ഹാബേലിനെ കൊന്നത് അസൂയയും പകയും നിറഞ്ഞതുമൂലം ആയിരുന്നു.

1 യോഹന്നാൻ 3:12-ൽ പറഞ്ഞിരിക്കുന്നത് കായീൻ ദുഷ്ടനിൽ നിന്നും ഉള്ളവനാണ് എന്നാണ്.


യോസേഫിന്റെ ചരിത്രവും ഇതിൽ നിന്നും വ്യത്യസ്തമല്ല. യോസേഫിനെ യാക്കോബിന് കൂടുതൽ ഇഷ്ടം തോന്നിയതിനാൽ സഹോദരന്മാർക്ക് യോസഫിനോട് അസൂയ തോന്നി അടിമയായി വിറ്റ ചരിത്രം ദൈവവചനത്തിലൂടെ ഗ്രഹിക്കാവുന്നതാണ്.

കോരഹ്, ദാഥാൻ, അബീരാം എന്നിവരും അസൂയ പൂണ്ട് മോശെയോടും, അഹരോനോടും മത്സരികളായി മാറിയ സംഭവം ദൈവവചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇയ്യോബിന്റെ പുസ്തകം 5-ന്റെ 2-ൽ പറഞ്ഞിരിക്കുന്നത് 'നീരസം ഭോഷനെ കൊല്ലുന്നു; ഈർഷ്യ മൂഢനെ ഹിംസിക്കുന്നു.'

രാഷ്ട്രീയത്തിലായാലും ആത്മീകത്തിലായാലും പൈശാചിക തിന്മയായ അസൂയ ഏഴു മൂല പാപങ്ങളിൽ പെട്ടതാണ്.

ദൈവജനങ്ങളുടെ ഇടയിൽ ഐകൃതപ്പെട്ട് ജീവിക്കാൻ അസൂയ അനുവദിക്കുകയില്ല. ഒരുവൻ നല്ലതുപോലെ പാടുന്നവൻ ആയിരിക്കാം അപ്പോൾ ശൗലിൽ കയറിയ അസൂയയും കണ്ണുകടിയും ആരംഭിക്കും. ഒരാൾ നല്ലതുപോലെ പ്രസംഗിക്കുന്നവൻ ആയിരിക്കാം അതല്ല എങ്കിൽ മറ്റു കൃപാവരങ്ങൾ ഉള്ളവർ ആയിരിക്കാം. അങ്ങനെയുള്ളവർ പ്രസംഗിക്കുമ്പോഴോ മറ്റ് ശുശ്രൂഷകൾ നടത്തുമ്പോഴോ അവർക്ക് പ്രോത്സാഹനമായി ഒരു ഹല്ലേലുയ്യായോ സ്തോത്രമോ ഒന്നും പറയാതെ മയിൽകുറ്റികൾ പോലെ സ്റ്റേജ് നിറഞ്ഞിരിക്കുന്ന പാസ്റ്റർമാരെ നമുക്ക് കാണുവാൻ സാധിക്കും. കാരണം അസൂയ. അങ്ങനെയുള്ളവർ ധാരാളമായി ഉണ്ട്. പ്രസിദ്ധനായ ഒരു പാസ്റ്റർ ഉണ്ട് ഞാൻ ദൈവദാസൻ എന്ന സംബോധന ചെയ്യാത്തത് ദൈവത്തിന്റെ ദാസന്മാരിൽ അസൂയ ഉണ്ടാകാൻ പാടില്ല. അദ്ദേഹം ആര് പ്രസംഗിച്ചാലും സ്റ്റേജിൽ ഇരുന്ന് പ്രസംഗങ്ങൾ ശ്രദ്ധിക്കാതെ വെറുതെ ബൈബിൾ മറിച്ചു കൊണ്ടിരിക്കും. എന്നാൽ അദ്ദേഹം പ്രസംഗിക്കാൻ എഴുന്നേൽക്കുമ്പോൾ എല്ലാവരും ഉഷാറായിരിക്കണം. എന്ത് സംഭവിച്ചു? ആത്മീയ ശോഷണം സംഭവിച്ച ഇദ്ദേഹം രാഷ്ട്രീയത്തിന് മുൻതൂക്കം കൊടുത്ത് ജനത്തെ വിറളി പിടിപ്പിച്ചിരിക്കുകയാണ്. അസൂയയുടെ മൂർത്തീഭാവമായി മാറിയത് മൂലമാണ് ഇങ്ങനെ സംഭവിച്ചത്. മറ്റൊരാൾ നല്ല ശുശ്രൂഷ ചെയ്യുമ്പോൾ തന്നെക്കാൾ ജനങ്ങൾ ആ വ്യക്തിയെ സ്വീകാര്യമെങ്കിൽ മറ്റു മാർഗ്ഗം ഒന്നുമില്ലാതെ ആ



ലേഖകൻ

വ്യക്തിയെ അപകീർത്തിപ്പെടുത്തി ആത്മീക മണ്ഡലത്തിൽ നിന്ന് അകറ്റി കളയുവാൻ അസൂയക്കാർക്ക് സാധിക്കുന്നത് നമ്മുടെ കൺമുമ്പിൽ കാണുന്ന കാഴ്ചകളാണ്. ഒരുവൻ അല്ലെങ്കിൽ ഒരുവൾ നല്ലതുപോലെ പാടുമ്പോൾ പ്രസംഗിക്കുമ്പോൾ നന്മകളും അനുഗ്രഹങ്ങളും പ്രാപിക്കുമ്പോൾ അസൂയപ്പെട്ടിട്ട് കാര്യം ഇല്ല. ഒരു കുടുംബത്തിൽ തന്നെയെങ്കിലും നല്ല മാർക്ക് വാങ്ങി പാസാകുമ്പോൾ സ്വന്തം സഹോദരങ്ങൾക്ക് വരെ അസൂയ തോന്നും.

ഇത് വല്ലാത്ത ഒരു വിഷം തന്നെയാണ്. D.L. മൂഡി പറഞ്ഞ ഒരു കഥയാണ്.

ഒരിക്കൽ ഒരു കഴുകൻ ഉയരത്തിൽ പറക്കുന്നത് കണ്ടിട്ട് മറ്റൊരു കഴുകന് അതിനോട് അസൂയ തോന്നി. ഒരു ദിവസം വേട്ടക്കാരൻ അമ്പും വില്ലുമായി വരുന്നത് കണ്ടിട്ട് അസൂയ തോന്നിയ കഴുകൻ പറഞ്ഞു. അതാ എന്നെക്കാൾ ഉയരത്തിൽ പറക്കുന്ന കഴുകൻ ഉണ്ടല്ലോ അതിനെ അമ്പ് എയ്തു താഴെ ഇടാമോ. വേട്ടക്കാരൻ പറഞ്ഞു; ഞാൻ ചെയ്യാം. പക്ഷേ, എനിക്ക് നിന്റെ ഒരു തൂവൽ ആവശ്യമാണ്. എന്റെ അമ്പ് അവിടെ വരെ ചെല്ലാൻ തൂവൽ ആവശ്യമാണ്. അസൂയ പൂണ്ട കഴുകൻ തൂവൽ പറിച്ചു കൊടുത്തു. അമ്പ് എയ്തു എങ്കിലും അവിടെ ഉയരത്തിൽ എത്തിയില്ല. വീണ്ടും തൂവലുകൾ പറിച്ചു കൊടുത്തു. അങ്ങനെ അസൂയ തോന്നിയ കഴുകന്റെ തൂവലുകൾ എല്ലാം തീർന്നു. അതിനു പറക്കാൻ പറ്റാതെയായി. അവസാനം വേട്ടക്കാരൻ അസൂയ പൂണ്ട കഴുകനെ എയ്തു താഴെ ഇട്ടു. പ്രിയരേ, നിങ്ങൾ അസൂയ ഉള്ളവർ എങ്കിൽ ഏറ്റവും ദോഷം ചെയ്യുന്നത് നിങ്ങൾക്ക് തന്നെയാണ്. ഇതിനെ ജയിക്കാനുള്ള ഏകമാർഗ്ഗം തിന്മ ചെയ്യുന്നവനെ നിങ്ങൾ നന്മ കൊണ്ട് ജയിക്കുക. അസൂയയുടെ അമ്പ് നിങ്ങൾ മറ്റുള്ളവരുടെ മേൽ എയ്യുന്ന പക്ഷം അതിന്റെ മുറിവ് നിങ്ങൾക്ക് തന്നെയാണ്.

പ്രകൃതിയെ നോക്കി നമുക്ക് നല്ലത് പഠിക്കുകയും നല്ലത് തെരഞ്ഞെടുക്കുകയും ചെയ്യാം. വൃക്ഷങ്ങൾ ഫലം സ്വയം ആസ്വദിക്കാതെ മറ്റുള്ളവർക്ക് നൽകുന്നു. നദികൾ വെള്ളം സ്വയം സ്വീകരിക്കാതെ മറ്റുള്ളവർക്ക് പകർന്നു കൊടുക്കുന്നു. പശുക്കൾ പാൽ സ്വയം കുടിക്കാതെ മറ്റുള്ളവർക്ക് പ്രയോജനപ്പെടുത്തുന്നു. ഇതുപോലെ മനുഷ്യൻ അസൂയയും കണ്ണുകടിയും ഇല്ലാതെ മറ്റു മനുഷ്യർക്ക് പ്രയോജനപ്പെടുന്നവർ ആയി തീർന്നാൽ എത്ര നന്നായിരുന്നു.

മനുഷ്യൻ ഇതിനുവേണ്ടി പരിശ്രമിക്കണം. പരിശ്രമിച്ചാൽ മാത്രമേ കാര്യങ്ങൾ സുഗമമായി നടക്കുകയുള്ളൂ. ഉറങ്ങുന്ന സിംഹത്തിന്റെ വായിൽ മറ്റു മൃഗങ്ങൾ സ്വയം വന്ന് കയറാറില്ല. നല്ല സൗന്ദര്യവും ഉന്നതകുലത്തിൽ ജനിച്ചവർ ആയാലും വിദ്യയോ യോഗ്യതയോ അറിവോ ഇല്ലെങ്കിൽ മണമില്ലാത്ത പ്ലാസ്റ്റിക് പൂ പോലെയാണ്. ആകയാൽ എല്ലാ അസൂയയും നുണയും എല്ലാം അകറ്റി നന്മ ചെയ്തു ജീവിക്കാൻ ശ്രമിക്കാം. സാത്താൻ അനേകരെ വീഴിച്ചു കൊണ്ടിരിക്കുന്ന ഈ നാളുകളിൽ അസൂയയെ കീഴ്പ്പെടുത്തി ദേശത്ത് പാർത്തു നന്മ ചെയ്തും വിശ്വസ്തത പാലിച്ചും ദൈവത്തിന്റെ ആത്മാവിനാൽ നടത്തപ്പെടുന്നവരുമായി തീരുവാൻ സർവ്വശക്തൻ ഏവർക്കും കൃപ ചെയ്യട്ടെ. ദൈവം ഏവരെയും അനുഗ്രഹിക്കട്ടെ.

# പെൻഗ്വിനുകളും സീലുകളും വംശനാശ പട്ടികയിലേക്ക്

അന്റാർട്ടിക്ക: പെൻഗ്വിനുകളും സീലുകളും വംശനാശത്തിന്റെ ചുവപ്പുപട്ടികയിലേക്ക്. പ്രകൃതി സംരക്ഷണ സംഘടനയായ ഇന്റർനാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നേച്ചറിന്റേതാണ് മുന്നറിയിപ്പ്.

കാലാവസ്ഥാ മാറ്റവും ആഗോളതാപനവും അന്റാർട്ടിക്കയിലെ പക്ഷികളുടെയും സസ്തനികളുടെയും നിലനിൽപ്പിനെ ബാധിച്ചു തുടങ്ങി എന്ന് ഗവേഷകർ പറയുന്നു. 2080 ആകുമ്പോഴേക്കും പെൻഗ്വിനുകളുടെ എണ്ണം പകുതിയാകും.

സസ്തനിയായ സീലുകളുടെ എണ്ണം കഴിഞ്ഞ 25 വർഷത്തിനിടെ പകുതിയായി കുറഞ്ഞു. തെക്കൻ കടലാനകൾ എന്നറിയപ്പെടുന്ന എലിഫന്റ് സീലുകളും കടുത്ത വംശനാശ ഭീഷണിയിലാണ്. പക്ഷിപ്പനി വൈറസുകളാണ് പ്രശ്നം. 10 വർഷത്തിനിടെ 20,000 പെൻഗ്വിനുകൾ നാമാവശേഷമായി.

# കരുതലിൻ കൈനീട്ടം ഒരുക്കി ഡാളസ് വിമൺസ് മിനിസ്ട്രി

ജോക്കുട്ടി മേലേടത്ത്

ഡാളസ്: ഡാളസ് ക്രിസ്തുരാജ ക്നാനായ കത്തോലിക്ക ഇടവക വിമൺസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ നോമ്പിന്റെ ചൈതന്യ നിറവിൽ കരുതലിൻ കൈനീട്ടം ഒരുക്കി. ഇടവകയിലെ എല്ലാ വനിതകളെയും കൈനീട്ടം പദ്ധതിയിൽ കോർത്തിണക്കി ഡാളസ് മദർ തെരേസ ഹോമിലെ ഭവനരഹിതർക്കായി അവശ്യസാധനങ്ങളും സാമ്പത്തിക സഹായവും എത്തിച്ച് നൽകി. എല്ലാ വനിതകളും ഈ പദ്ധതിയിൽ പങ്കുകാരായി.

വിമൺസ് മിനിസ്ട്രി പ്രസിഡണ്ട് സിൽവി നടക്കുഴയ്ക്കൽ, എക്സിക്യൂട്ടീവ് അംഗങ്ങളായ ആൽഫി പവ്വത്തേൽ, ജോസി ക്ലാക്കിൽ, റാണി ചോരത്ത്, അനില പാലുത്തറ, ജോമിനി ചാമക്കാല, ജെസിൽ മാങ്ങാച്ചാലിൽ, ജോതിസ് കരിങ്ങനാത്ത്, മാത്യു പ്ലാക്കാട്ടിൽ, റ്റീന കുഴിപ്പിൽ, സിസ്റ്റർ അഡ്വൈസർ സി. സബിത എന്നിവരുടെ നേതൃത്വത്തിൽ സാധനങ്ങൾ മദർ തെരേസ ഹോമിൽ എത്തിച്ച് നൽകി.



# രജതജൂബിലി കൺവൻഷൻ കിക്കോഫ് വിസ്കോൺസിനിൽ



മിൽവാക്കി: ചിക്കാഗോ സീറോമലബാർ രൂപത സ്ഥാപനത്തിന്റെ രജതജൂബിലി ആഘോഷങ്ങളുടെ സമാപനത്തോടനുബന്ധിച്ച് ചിക്കാഗോയിൽ 2026 ജൂലൈ 9 മുതൽ 12 വരെ സംഘടിപ്പിച്ചിട്ടുള്ള രജതജൂബിലി കൺവൻഷന്റെ വിസ്കോൺസിനിലെ കിക്കോഫ് ചടങ്ങ് ഈസ്റ്റർ ദിനത്തിൽ മിൽവാക്കിയിൽ വെച്ച് നടന്നു. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോയി ആലപ്പാട്ട് മുഖ്യാതിഥിയായിരുന്നു.

**തോമസ് ഡിക്രൂസ്**

മിൽവാക്കി സെന്റ് ആന്റണി സീറോമലബാർ മിഷൻ സന്ദർശിച്ച അഭിവന്ദ്യ പിതാവിനെ ഡയറക്ടർ റവ.ഫാ. നവീൻ പള്ളൂരാത്തിൽ, ട്രസ്റ്റിമാരായ രഞ്ജു ജോസ്, തോമസ് ഡിക്രൂസ്, സൂസൻ ജോർജ് എന്നിവർ ചേർന്ന് ഊഷ്മളമായി സ്വീകരിച്ചു. ഈസ്റ്റർ സന്ദേശം നല്കിയതിനെ തുടർന്ന് അഭിവന്ദ്യ പിതാവ് നടത്തിയ പ്രഭാഷണത്തിൽ രജതജൂബിലി കൺവൻഷന്റെ കാതലായ ലക്ഷ്യങ്ങളും പ്രാധാന്യവും വിശദീകരിച്ചു.

സീറോമലബാർ സഭയുടെ അമേരിക്കയിലെ വളർച്ചയും ദൗത്യപരമായ മുന്നേറ്റവും ഇടവകാംഗങ്ങളെ ഓർമ്മിപ്പിച്ചു. വിശ്വാസസംരക്ഷണം, കുടുംബമൂല്യങ്ങൾ, സഭയിലെ യുവജന പങ്കാളിത്തം, സഭൈക്യം എന്നിവ ശക്തിപ്പെടുത്തുന്നതിനുള്ള അപൂർവ്വ അവസരമാണ് സിൽവർ ജൂബിലി കൺവൻഷൻ.

വിശ്വാസവും അറിവും സൗഹൃദവും പങ്കുവെക്കുന്ന ഏറ്റവും അനുഗൃഹീത വേദിയായി കൺവൻഷനെ കാണണമെന്നും യുവജനങ്ങളെയും പുതുതലമുറയെയും ഇതിലേക്ക് ആകർഷിക്കേണ്ടത് സഭാമക്കളുടെ ഉത്തരവാദിത്വമാണെന്നും കിക്കോഫ് നിർവഹിച്ചുകൊണ്ട് മാർ ജോയി ആലപ്പാട്ട് പറഞ്ഞു.

മിൽവാക്കിയിൽ നിന്നും ഊഷ്മളമായ പ്രതികരണമാണ് കിക്കോഫ് ചടങ്ങിന് ലഭിച്ചത്. പാരിഷ് കൗൺസിൽ അംഗങ്ങളായ വർഷ വർഗീസ്, റവ.സിസ്റ്റർ സ്മിത പാറപ്പുറം സിഎംസി, ലിൻഡ വർഗീസ്, സ്റ്റീഫൻ പോളി, സെലിൻ സക്കറിയാസ്, ജെറിൻ ജോസഫ്, ഷൈനി കുര്യൻ, ഡോ. ക്രിസ്റ്റീന എന്നിവർ വിവിധ പരിപാടികൾക്ക് നേതൃത്വം നല്കി.

# കുട്ടികൾക്ക് 'ടീൻ അക്കൗണ്ട്സ്' അവതരിപ്പിച്ച് ഇൻസ്റ്റഗ്രാം

ന്യൂഡൽഹി: കുട്ടി ഉപഭോക്താക്കളുടെ ഓൺലൈൻ സുരക്ഷ ഉറപ്പാക്കുന്നതിനായി സമൂഹ മാധ്യമമായ ഇൻസ്റ്റഗ്രാമിൽ പുതിയ നിയന്ത്രണങ്ങൾ അവതരിപ്പിച്ച് മെറ്റ. ടീൻ അക്കൗണ്ട്സ് എന്ന പേരിൽ നടപ്പിലാക്കുന്ന ഈ പരിഷ്കാരം വഴി 18 വയസ്സിനു താഴെയുള്ളവർക്ക് ഇനി മുതൽ കൂടുതൽ കർശനമായ സുരക്ഷാ ക്രമീകരണങ്ങൾ തനിയെ ലഭ്യമാകും. ഇത്തരത്തിൽ ക്രിയേറ്റ് ചെയ്യപ്പെടുന്ന അക്കൗണ്ടുകൾക്ക് മാതാപിതാക്കളുടെ അനുവാദമില്ലാതെ നിയന്ത്രണങ്ങളിൽ മാറ്റം വരുത്താൻ സാധിക്കില്ല. സിനിമകൾക്കു പ്രായപരിധി നിശ്ചയിക്കുന്ന മാതൃകയിലാണ് ഇൻസ്റ്റഗ്രാം ഈ ക്രമീകരണങ്ങൾ ഒരുക്കിയിരിക്കുന്നത്. അപകടകരമായ അഭ്യാസപ്രകടനങ്ങൾ, മോശം ഭാഷാ പ്രയോഗങ്ങൾ, അശ്ലീല ഉള്ളടക്കം തുടങ്ങിയവ കൗമാരക്കാരുടെ അക്കൗണ്ടിൽ സ്വയം വരുത്തുന്നത് തടയാൻ പുതിയ സാങ്കേതിക വിദ്യ സഹായിക്കും. പ്രായത്തിന് അനുയോജ്യമല്ലാത്ത വിവരങ്ങൾ സ്വയം കണ്ടെത്തി നിയന്ത്രിക്കാനുള്ള സംവിധാനവും ഇൻസ്റ്റഗ്രാമിൽ ലഭ്യമാകും. കൂടാതെ, അനുചിതമായ കാര്യങ്ങൾ പങ്കുവയ്ക്കുന്ന അക്കൗണ്ടുകളെ പിന്തുടരുന്നതിൽനിന്നും കൗമാരക്കാരെ ഇൻസ്റ്റഗ്രാം തടയും. പോസ്റ്റുകൾക്കു താഴെയുള്ള കമന്റുകൾ കാണുന്നതിനും പോസ്റ്റ് ചെയ്യുന്നതിനും പരിധി നിശ്ചയിക്കുന്ന ലിമിറ്റഡ് കണ്ടന്റ് മോഡും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ ലോകത്ത് കുട്ടികളുടെ പ്രവർത്തനങ്ങളിൽ മാതാപിതാക്കൾക്ക് കൂടുതൽ മേൽനോട്ടം നൽകുകയെന്ന ലക്ഷ്യത്തോടെയാണു മെറ്റ ഈ സുരക്ഷാ സംവിധാനങ്ങൾ ഇന്ത്യയിൽ നടപ്പിലാക്കുന്നത്. സമൂഹമാധ്യമങ്ങൾ ഉപയോഗിക്കുന്നതിനു കുട്ടികൾക്കു പ്രായപരിധി ഏർപ്പെടുത്താൻ കേന്ദ്ര സർക്കാർ ആലോചിക്കുന്നതിനിടെയാണു മെറ്റയുടെ നീക്കം.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 93.36 |
| യൂറോ | 109.12 |
| സ്റ്റെർലിംഗ്പൗണ്ട് | 125.29 |
| സ്വിസ് ഫ്രാങ്ക് | 118.12 |
| സിംഗപ്പൂർ ഡോളർ | 73.17 |
| കനേഡിയൻ ഡോളർ | 67.42 |
| ഓമാൻ റിയാൽ | 242.60 |
| ബഹ്റൈൻ ദിനാർ | 247.34 |
| സൗദി റിയാൽ | 24.85 |
| യു.എ.ഇ. ദിർഹം | 25.42 |
| കുവൈത്ത് ദിനാർ | 302.04 |

# പെൻഷൻകാരോട് വിവേചനമരുതെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: സർക്കാർ ജീവനക്കാരുടെ ക്ഷാമബത്തയേക്കാൾ (ഡിഎ) കുറച്ച് പെൻഷൻകാർക്കു ക്ഷാമാശ്വാസം (ഡിആർ) അനുവദിക്കുന്നതു നിയമവിരുദ്ധമെന്നു സുപ്രീംകോടതി. ഭരണഘടന ഉറപ്പുനൽകുന്ന സമത്വത്തിനുള്ള അവകാശത്തിന് എതിരാണിതെന്നും കോടതി നിരീക്ഷിച്ചു. സർവീസിലുള്ളവർക്കും വിരമിച്ചവർക്കും വ്യത്യസ്ത നിരക്കു പ്രഖ്യാപിച്ച കെഎസ്ആർടിസിയുടെ ഉത്തരവു റദ്ദാക്കിയ കേരള ഹൈക്കോടതി ഉത്തരവു ശരിവെച്ചാണു സുപ്രധാന വിധി. സംസ്ഥാന സർക്കാരിന്റെ അപ്പീൽ തള്ളുകയും ചെയ്തു. കെഎസ്ആർടിസി ജീവനക്കാർക്ക് 14 ശതമാനം ഡിഎ കൂട്ടിയപ്പോൾ, പെൻഷൻകാർക്കുള്ള ഡിആർ വർധന 11 ശതമാനം മാത്രമായിരുന്നു. വിലക്കയറ്റ സാഹചര്യം പരിഗണിച്ചുള്ള ക്ഷാമബത്തയും ക്ഷാമാശ്വാസവുമെന്നും ഇതു തുല്യമായാണു കൂട്ടേണ്ടതെന്നും ചൂണ്ടിക്കാട്ടി കെഎസ്ആർടിസി പെൻഷൻകാർ കോടതിയെ സമീപിക്കുകയായിരുന്നു. വിലക്കയറ്റം നേരിടാനുള്ളതാണ് ഡിഎയും ഡിആറുമെന്ന വാദം കോടതി അംഗീകരിച്ചു. സാമ്പത്തിക ഞെരുക്കം സർക്കാർ ഉന്നയിച്ചെങ്കിലും കോടതി അംഗീകരിച്ചില്ല. തീരുമാനം നീട്ടിവെക്കുന്നത് ഉൾപ്പെടെ നടപടി സർക്കാരിനു സ്വീകരിക്കാമെങ്കിലും പല രീതിയിൽ തുക അനുവദിക്കാൻ പാടില്ലെന്നും ജഡ്ജിമാരായ മനോജ് മിശ്ര, പി.ബി. വരാലെ എന്നിവരുടെ ബെഞ്ച് വ്യക്തമാക്കി. പെൻഷൻകാർക്കായി വി. ചിദംബരേഷ്, വിപിൻ നായർ എന്നിവരും സർക്കാരിനു വേണ്ടി ജയദീപ് ഗുപ്ത, സ്റ്റാൻഡിങ് കൗൺസൽ സി.കെ. ശശി എന്നിവരും ഹാജരായി.




OVER 20 YEARS OF EXPERIENCE
SERVING ILLINOIS & INDIANA

Mathew Kunjappy
Managing Broker
Emsons Realty LTD.
Phone: 1(630) 935-4333
Email: MK@EmsonsRealty.com
EMSONS REALTY
240 E. LAKE STREET, SUITE 109B, ADDISON, IL 60101
BEST TIME
TO BUY!!!
SHOPPING CENTERS
GROCERY STORES
GAS STATIONS
APARTMENTS

# ഐപിസി മിഡ്‌വെസ്റ്റ് റീജിയണിനു പുതിയ സാരഥികൾ

**സാം മാത്യു**

ഡാളസ്: ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ വടക്കേ അമേരിക്കയിലെ വിവിധ റീജിയനുകളിൽ ഒന്നായ മിഡ്‌വെസ്റ്റ് റീജിയന്റെ 2026-2029 പ്രവർത്തന വർഷത്തേക്കുള്ള പുതിയ ഭരണസമിതിയെ തെരഞ്ഞെടുത്തു. ഏപ്രിൽ 11-ന് ഐപിസി ഹെബ്രോൺ ഡാളസ് സഭാ മന്ദിരത്തിൽ നടന്ന പൊതുയോഗത്തിലാണ് പുതിയ ഭാരവാഹികളെ പ്രഖ്യാപിച്ചത്.

നിലവിലെ പ്രസിഡണ്ട് പാസ്റ്റർ ഷിബു തോമസിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സെക്രട്ടറി പാസ്റ്റർ കെ.വി. തോമസ് പ്രവർത്തന റിപ്പോർട്ടും ട്രഷറർ ജോഷിൻ ഡാനിയേൽ കണക്കും അവതരിപ്പിച്ചു. തുടർന്നു നടന്ന തെരഞ്ഞെടുപ്പിൽ അടുത്ത മൂന്നു വർഷത്തേക്കുള്ള ഭാരവാഹികളെ റവ. ഡോ. ഷിബു തോമസ് (ഒക്കലഹോമ) പ്രസിഡണ്ട്, പാസ്റ്റർ ജെയിംസ് പൊന്നോലിൽ ഏബ്രഹാം (ഓസ്റ്റിൻ) വൈസ് പ്രസിഡണ്ട്, പാസ്റ്റർ ബെന്നി പാപ്പച്ചൻ (ഒക്കലഹോമ) സെക്രട്ടറി, വെസ്ലി മാത്യു (ഡാളസ്) ജോയിന്റ് സെക്രട്ടറി, വെസ്ലി ആലുംമൂട്ടിൽ (ഹൂസ്റ്റൺ) ട്രഷറർ, ടിജു തോമസ് (ഹൂസ്റ്റൺ) ജനറൽ കൗൺസിൽ അംഗം, സാം മാത്യു (ഡാളസ്) മീഡിയ, എസ്.പി. ജെയിംസ് (ഡാളസ്) ചാരിറ്റി കോ-ഓർഡിനേറ്റർ, സാക് ചെറിയാൻ (ഒക്കലഹോമ) മിഷൻ കോ-ഓർഡിനേറ്റർ, ആൻസൺ തോമസ് ഓഡിറ്റർ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. ഇവരോടൊപ്പം അംഗത്വം സഭകളിൽനിന്നും പ്രതിനിധികളെ ഉൾപ്പെടുത്തി 51 അംഗ കൗൺസിൽ നിലവിൽ വന്നു.

പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട ഐപിസി ഹെബ്രോൻ ഒക്കലഹോമ ശുശ്രൂഷകനായ റവ. ഷിബു തോമസ് അനുഗൃഹീത കൺവൻഷൻ പ്രഭാഷകൻ കൂടിയാണ്. ഇത് തുടർച്ചയായ രണ്ടാം തവണയാണ് റീജിയന്റെ അമരത്ത് എത്തുന്നത്. വൈസ് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ ജെയിംസ് പൊന്നോലിൽ കഴിഞ്ഞ തവണയും റീജിയൻ കമ്മിറ്റിയുടെ ഉപാദ്ധ്യക്ഷനായിരുന്നു. നിലവിൽ ഓസ്റ്റിൻ വർഷിപ്പ് സെന്റർ ശുശ്രൂഷകനാണ്.

ഐപിസി ഒക്കലഹോമ എബനേസർ സഭയുടെ മുൻ ശുശ്രൂഷകനായിരുന്ന റവ. ബെന്നി പാപ്പച്ചൻ ആണ് നിയുക്ത സെക്രട്ടറി. കേരളത്തിൽ പിടവൂർ സ്വദേശിയായ ഇദ്ദേഹം ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ സീനിയർ ശുശ്രൂഷകനായിരുന്ന പാസ്റ്റർ എം. പാപ്പച്ചന്റെ മകനാണ്. ഗുഡ് ന്യൂസ് വാരികയുടെ ചെയർമാൻ ആയിരുന്ന പരേതനായ വി.എം. മാത്യുവിന്റെ മകനും, ഡാളസ് ഐപിസി ടാബർനാക്കിൾ സഭാംഗവുമായ വെസ്ലി മാത്യുവാണ് ജോയിന്റ് സെക്രട്ടറി സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. അമേരിക്കയിലെ വിവിധ മലയാളി പെന്തെക്കോസ്ത് കോൺഫറൻസുകളിൽ എക്സിക്യൂട്ടീവ് പദവി അലങ്കരിച്ചിട്ടുണ്ട്.

കഴിഞ്ഞ വർഷങ്ങളിൽ ഐപിസി മിഡ്‌വെസ്റ്റ് റീജിയന്റെ യുവജന വിഭാഗത്തിന് ശക്തമായ മാതൃക നല്കിയ സേവന പാടവമുള്ള വെസ്ലി ആലുംമൂട്ടിൽ ആണ് പുതുതായി തെരഞ്ഞെടുക്കപ്പെട്ട ട്രഷറർ. കേരളത്തിൽ കോട്ടയം സ്വദേശിയായ ഇദ്ദേഹം ഐപിസി ഹെബ്രോൺ ഹൂസ്റ്റൺ സഭാംഗമാണ്.

ജനറൽ കൗൺസിൽ അംഗമായി തെരഞ്ഞെടുക്കപ്പെട്ട ടിജു തോമസ് ഹൂസ്റ്റൺ ഐപിസി ഹെബ്രോൻ അംഗവും വടക്കെ അമേരിക്കയിലെ വിവിധ പെന്തെക്കോസ്ത് സമ്മേളനങ്ങളുടെ ദേശീയ നേതൃത്വരംഗത്ത് പ്രവർത്തിച്ച് സംഘാടനപാടവം ഉള്ള വ്യക്തിയാണ്.

1985-ൽ ചുരുക്കം ചില സഭകളുമായി പ്രവർത്തനം ആരംഭിച്ച ഭാരത സുവിശേഷീകരണത്തിനും സഭാ വളർച്ചയ്ക്കും ഏറെ സംഭാവനകൾ നല്കിയിട്ടുള്ള മിഡ്‌വെസ്റ്റ് റീജിയൺ ഇന്ന് ഡാളസ്, ഓസ്റ്റിൻ, ഹൂസ്റ്റൺ, ഒക്കലഹോമ, സാൻ അന്റോണിയോ എന്നീ പട്ടണങ്ങളിലെ സഭകളെ ഏകോപിപ്പിച്ചു പ്രവർത്തിക്കുന്നു. റീജിയണിന്റെ 2026-ലെ വാർഷിക കൺവൻഷൻ സാൻ അന്റോണിയോയിൽ വെച്ച് നടക്കുമെന്നും ഭാരവാഹികൾ അറിയിച്ചു.


Rev. Dr.Shibu Thomas | Rev. James Ponnolil | Rev. Benni Pappachan
Wesly Mathew | Wesley Alummoottil | Tiju Thomas
Sam Mathew | Zach Cherian | S.P. James

# ബയോമെട്രിക് തിരിച്ചറിയൽ പരിഗണിക്കും: സുപ്രീംകോടതി

ന്യൂഡൽഹി: ഇരട്ടവോട്ട് തടയാനായി പോളിങ് സ്റ്റേഷനുകളിൽ ബയോമെട്രിക് തിരിച്ചറിയൽ ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെടുന്ന ഹർജി പരിഗണിക്കാൻ സുപ്രീംകോടതി. വിഷയത്തിൽ കേന്ദ്ര സർക്കാർ, തെരഞ്ഞെടുപ്പ് കമ്മീഷൻ, വിവിധ സംസ്ഥാനങ്ങൾ എന്നിവരോട് നിലപാട് അറിയിക്കാൻ കോടതി ആവശ്യപ്പെട്ടു. അഭിഭാഷകൻ അശ്വിനികുമാർ ഉപാദ്ധ്യായ സമർപ്പിച്ച ഹർജിയിൽ അടുത്ത പാർലമെന്റ്, നിയമസഭാ തെരഞ്ഞെടുപ്പുകൾക്കു മുമ്പായി ബയോമെട്രിക് സംവിധാനം നടപ്പാക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷന് നിർദേശം നല്കണമെന്ന് ആവശ്യപ്പെടുന്നു. ചീഫ് ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസ് ജോയ്മല്യ ബാഗ്ചി എന്നിവർ അടങ്ങുന്ന ബെഞ്ചാണ് ഹർജി പരിഗണിക്കാൻ സമ്മതിച്ചത്. നിലവിൽ തെരഞ്ഞെടുപ്പ് നടക്കുന്ന സംസ്ഥാനങ്ങളിൽ ഈ നിർദേശം ബാധകമാകില്ലെന്നും കോടതി വ്യക്തമാക്കി. വോട്ടർമാരുടെ തിരിച്ചറിയലിനായി വിരലടയാളവും കണ്ണിലെ കൃഷ്ണമണിയുടെ (ഐറിസ്) സ്കാനിങ്ങും ഉൾപ്പെടുത്തണമെന്നാണ് ഹർജിയിലെ ആവശ്യം.

# ഇലക്ട്രിക് ബൈക്കുകൾ സേനയുടെ ഭാഗമാകുന്നു

ന്യൂഡൽഹി: അതീവ സുരക്ഷ ആവശ്യമായ അതിർത്തികളിൽ ഇനി സൈന്യം 'നിശബ്ദമായി' സഞ്ചരിക്കും. ഫോസിൽ ഇന്ധനങ്ങൾക്കു ബദലായി ഇലക്ട്രിക് ഇരുചക്രവാഹനങ്ങൾ ഉടൻ സൈന്യത്തിന്റെ ഭാഗമാകും. അതിർത്തി സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഇന്ത്യൻ സൈന്യം ഇലക്ട്രിക് മോട്ടോർസൈക്കിളുകൾ അവതരിപ്പിക്കാൻ ഒരുങ്ങുകയാണ്. ദൗത്യങ്ങൾക്കിടയിൽ സൈനികർ എങ്ങനെ നിശബ്ദമായി നീങ്ങുകയും ആശയവിനിമയം നടത്തുകയും ചെയ്യുന്നുവെന്നതിന്റെ ഒരു പുതിയഘട്ടം ഇതോടെ ആരംഭിക്കുന്നു. പെട്രോൾ ബൈക്കുകൾക്ക് പകരം സൈലന്റ് സ്കൗട്ട്സ് എന്നറിയപ്പെടുന്ന പുതിയ തരം ഇലക്ട്രിക് ഇരുചക്ര വാഹനങ്ങൾ ഉപയോഗിക്കുകയാണ് ഈ നീക്കത്തിന്റെ ലക്ഷ്യം. രഹസ്യനടപടി, ചലനക്ഷമത, പ്രവർത്തന വഴക്കം എന്നിവയ്ക്കായാണ് വാഹനങ്ങൾ നിർമിച്ചിരിക്കുന്നത്.

യുദ്ധം ഉപയോഗത്തിനായി പ്രത്യേകമായി ഉദ്ദേശിച്ചിട്ടുള്ള പ്രത്യേക ഇലക്ട്രിക് മോട്ടോർസൈക്കിളുകൾക്കും സ്കൂട്ടറുകൾക്കുമുള്ള ആവശ്യകതകൾ ടെൻഡറിൽ വ്യക്തമാക്കുന്നു. ബാറ്ററിയിൽ പ്രവർത്തിക്കുന്ന മെസഞ്ചർ ബൈക്കുകളുമായി മറ്റൊരു ടെൻഡർ ബന്ധപ്പെട്ടിരിക്കുന്നു. റേഡിയോ നിശബ്ദത ആവശ്യമായി വരുമ്പോൾ കമാൻഡ് പോസ്റ്റുകൾക്കിടയിൽ സന്ദേശങ്ങൾ ഭൗതികമായി കൊണ്ടുപോകാൻ സൈനികരെ സഹായിക്കുന്നതിനാണ് ഈ ബൈക്കുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. റേഡിയോ സിഗ്നലുകൾ തടയാനോ ട്രാക്ക് ചെയ്യാനോ കഴിയുന്ന സെൻസിറ്റീവ് ഓപ്പറേഷനുകളിൽ അത്തരം ആശയവിനിമയം പ്രധാനമാണ്. നിശബ്ദ ഇലക്ട്രിക് മോട്ടോർ സൈക്കിളുകൾ ഉപയോഗിക്കുന്നതിലൂടെ, സൈനികർക്ക് ശ്രദ്ധ ആകർഷിക്കാതെയോ അവരുടെ സ്ഥാനങ്ങൾ വെളിപ്പെടുത്താതെയോ നീങ്ങാൻ കഴിയും.

# ശ്രീനന്ദയുടെ മരണകാരണം തലയ്ക്കേറ്റ ഗുരുതരപരുക്ക്

പാലക്കാട്: ഉറ്റവരുടെയും നാടിന്റെയും ദിവസങ്ങൾ നീണ്ട കാത്തിരിപ്പിനൊടുവിൽ, ശ്രീനന്ദ ചേതനയറ്റ് വീട്ടിലെത്തി. ശ്രീനന്ദയുടെ ശരീരവും വഹിച്ച് വീട്ടുപടിക്കലെത്തിയ ആംബുലൻസിൽനിന്ന് പൊട്ടിക്കരഞ്ഞുകൊണ്ട് ആദ്യമിറങ്ങിയത് അമ്മയും അച്ഛനുമായിരുന്നു. പിന്നെ നെഞ്ചുരുകും കാഴ്ചകൾക്ക് കൊല്ലിയാനി ഗ്രാമം സാക്ഷിയായി. കർണാടകയിലെ ചിക്കമംഗളൂരുവിൽ മലമുകളിൽനിന്ന് വീണു മരിച്ച കെ.ആർ. ശ്രീനന്ദയുടെ മൃതദേഹം വരുന്നതും കാത്ത് ഏപ്രിൽ 11-ന് പുലർച്ചെ ആറുമണിമുതൽ കൂത്തറ വീടിന്റെ പരിസരത്ത് ആളുകൾ എത്തിത്തുടങ്ങിയിരുന്നു. കൂട്ടുകാരും അദ്ധ്യാപകരും ശ്രീനന്ദയെ അവസാനമായി ഒരുനോക്കു കാണാനെത്തി.

വീട്ടുവളപ്പിൽ പൊതുദർശനത്തിനുശേഷം ഒരുമണിയോടെ ചടങ്ങുകൾ നടത്തി മൃതദേഹം കൊണ്ടുപോകാനൊരുങ്ങുമ്പോൾ നാടൊന്നാകെ കരഞ്ഞു. അന്ത്യോപചാരം അർപ്പിക്കാൻ വി.കെ. ശ്രീകണ്ഠൻ എം.പി, ഒറ്റപ്പാലം മണ്ഡലത്തിലെ സ്ഥാനാർത്ഥികളായിരുന്ന കെ. പ്രേമംകുമാർ, പി.കെ. ശശി,



മേജർ രവി എന്നിവരുമെത്തി. വൈകിട്ടോടെ ഐവർമഠത്തിലായിരുന്നു സംസ്കാരം.

ഏപ്രിൽ നാലിനാണ് പുന്നാംപറമ്പ് കിഴക്കൻ പൂരാഘോഷക്കമ്മിറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച വിനോദയാത്രയിൽ കൊല്ലിയാനി ഗ്രാമത്തിലെ 41 അംഗ സംഘം കർണാടകയിലേക്ക് യാത്രതിരിച്ചത്. അഞ്ചിന് ഹംപിയിലെത്തിയ സംഘം ആറിന് മുഴുവൻ അവിടെ തങ്ങി. ഏഴിന് ചിക്കമംഗളൂരുവിലെത്തി കാഴ്ചകൾ കണ്ടു. ഏഴിന് വൈകിട്ടാണ് ശ്രീനന്ദയെ കാണാതായത്.

ശ്രീനന്ദയുടെ മരണകാരണം തലയുടെ വലതുഭാഗത്തേറ്റ ഗുരുതര പരുക്കാണെന്ന് പോസ്റ്റ്മോർട്ടത്തിൽ സൂചന. കുട്ടിയുടെ ശരീരത്തിലുടനീളം പരുക്കുകളുണ്ടെന്നും പോസ്റ്റുമോർട്ടം നടത്തിയ ഡോക്ടർമാർ പറഞ്ഞു. അസ്ഥികൾ ഒടിഞ്ഞ നിലയിലായിരുന്നു. പരുക്കുകൾ വീഴ്ചയിൽ സംഭവിച്ചതാകാമെന്നാണ് പ്രാഥമിക വിലയിരുത്തൽ. പാറകളിലും മരങ്ങളിലും ചെടികളിലും തട്ടി മുറിവുകളുണ്ടായതാകാമെന്നും കരുതുന്നു. അസ്വാഭാവികമായി ഒന്നും കണ്ടെത്തിയിട്ടില്ലെന്നാണ് സൂചന.

# ടിപ്പർ ബൈക്കിൽ ഇടിച്ച് രണ്ടു യുവാക്കൾ മരിച്ചു

മാവേലിക്കര: മിച്ചൽ ജംഗ്ഷനിൽ ഏപ്രിൽ 13-ന് പുലർച്ചെ രണ്ടിന് ടിപ്പർ ലോറി ബൈക്കിൽ ഇടിച്ച് പെരിങ്ങലിപ്പുറം സ്വദേശികളായ രണ്ട് യുവാക്കൾ മരിച്ചു. പെരിങ്ങിലിപ്പുറം കാട്ടുത്തറയിൽ മാനവ് (18), ആദിത്യൻ (16) എന്നിവരാണ് മരിച്ചത്. ഇരുവരും ബന്ധുക്കളാണ്. കാട്ടൂത്തറയിൽ മധു, കവിത ദമ്പതികളുടെ മകനാണ് മാനവ്. കാട്ടൂത്തറയിൽ രതീഷ്, സൗമ്യ എന്നിവരുടെ മകനാണ് ആദിത്യൻ. മാവേലിക്കരയിലെ ടർഫിൽ ഫുട്ബോൾ കളിച്ച ശേഷം ഓലകെട്ടെ അമ്പലത്തിലുള്ള സുഹൃത്തിനെ വീട്ടിൽ ആക്കിയ ശേഷം മടങ്ങവെ ആയിരുന്നു അപകടം. മാനവ് സംഭവ സ്ഥലത്തും ആദിത്യൻ തിരുവല്ലയിലെ സ്വകാര്യ ആശുപത്രിയിലുമാണ് മരിച്ചത്.

# SEEKING BRIDEGROOM

*Roman Catholic parents looking for groom for 24 year old, tall, beautiful and God-fearing daughter. She completed her masters in social science and works for the U.S. government hospital. Inviting suitable groom with good education. Please email with photo to **seanjoey2020@gmail.com**

*Pentecostal parents invite proposals for their daughter D.O.B. August 86, 5'6" working as Accounts Manager for a Financial Institution in the U.S. She did schooling and undergrad from Canada and Masters in Accounting and M.B.A. from U.S.Those who are interested may please respond with details and recent pictures to **scjoseph22@gmail.com** or call (whatsapp) **1 416 903 5007**.

*Parents seek proposal for daughter, age 26, baptized Christian, raised in USA, 5'.1", active in a Bible-based community church with Pentecostal beliefs, employed after B.S. in Engineering. Looking for one with similar faith, values, and professional background. Please email with photo & details to **Lordhears@outlook.com**

*A Pentecostal missionary family in Kerala is seeking proposals for their youngest daughter (31 years old, 163cm), who holds an M.Sc. in Audiology and Speech-Language Pathology. She is currently working in Seattle, WA. Pentecostal parents of boys with a missionary spirit and good educational background may send a recent photo and profile to **email4ksa@gmail.com** or contact **+91 94474 01025, 94961 07772**.

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal (Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport (she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

# SEEKING BRIDE

*Pentecostal parents prayerfully seeking proposals for our son, born and brought up in Texas, US (Dec 1995 5'9") Graduated DNP and working as a nurse practitioner in an outpatient clinic in Texas. He is living and attending church with us. Inviting proposals from the parents of girls attending Pentecostal church, preferably non ornamental & from US. Please contact with a full-size picture. Phone # **214-732-9726.**

*Seeking a bride for 69-year young male, US Citizen, handsome, Medical professional, no liabilities, divorced, annulled, Knanaya Catholic preferred, but other denominations also considered. Please contact WhatsApp at **+1 914-471-7454** (USA) or email to **alexkalarickal@gmail.com** with recent photos & details.

*Malayalee pentacostal family settled in USA seeking a bride for their son born, raised and graduated from North India, 38 years, 5'10" tall, residing in USA for last 9 years and completed BBA from a university in Georgia, currently managing family business. He is born again, spirit filled, God fearing and visionary about gospel church going. Seeking suitable alliance from the parents. Please contact **6783657445**. Pictures and further details upon request.

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

## SEEKING BRIDEGROOM CONTD.....

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

KERALA EXPRESS

# നിര്യാതരായി

## ഡോ. സി.വി. മാത്യൂസ്

**കോട്ടയം:** കുമ്മനം ചമ്പക്കാട്ട് വാഴയിൽ ഡോ. സി.വി. മാത്യൂസ് (കുഞ്ഞുമോൻ–86) ഹൂസ്റ്റണിൽ അന്തരിച്ചു. ഭാര്യ വേളൂർ പാറോച്ചാലിലായ മഠത്തിപ്പറമ്പിൽ തങ്കമ്മ മാത്യൂസ്. മക്കൾ: ഷീബ മാത്യു, ഷീന മാണി, ഷിബു മാത്യൂസ്. മരുമക്കൾ: സുനിൽ മാണി കൊടുവത്ത് (കോട്ടയം), ഡോ. ജയ മാത്യൂസ് (എല്ലാവരും യുഎസ്).

**പാലാ:** എഫ്സിസി ജലന്തർ പ്രോവിൻസ് അംഗം സിസ്റ്റർ റെജി മാനുവൽ (ബ്രിഡ്ജിത്ത്–75) അന്തരിച്ചു.

**അതിരമ്പുഴ:** പേമലയിൽ പരേതനായ പി.ടി. മത്തായിയുടെയും മറിയക്കുട്ടി മത്തായിയുടെയും മകൻ സജീവ് മാത്യു (59) അന്തരിച്ചു.

## മറിയാമ്മ തോമസ്



**ന്യൂയോർക്ക്:** കോട്ടയം പുതുപ്പള്ളി ഞണ്ടുകുളം ചക്കാലക്കുഴിയിൽ പരേതനായ പുന്നൂസ് തോമസിന്റെ ഭാര്യ മറിയാമ്മ തോമസ് (102) അന്തരിച്ചു. മക്കൾ: പരേതനായ ഉമ്മൻ സി. രാജൻ, ബേബി സി. തോമസ് (റോക്‌ലാൻഡ് ന്യൂയോർക്ക്), മോളി പൗലോസ്, സ്കറിയാ തോമസ്, തങ്കച്ചൻ തോമസ്, തോമസ് തോമസ്, ജോളി ചാക്കോ, ഡോളി കൊച്ചുമ്മൻ (എല്ലാവരും ഡാളസ്, ടെക്സസ്).

**ചിറക്കടവ്:** കാരിയിൽ (പേണ്ടാനത്ത്) പി.ഡി. വർക്കി (93) അന്തരിച്ചു.

**മാവേലിക്കര:** കല്ലിമേൽ അമ്പഴവേലിൽ സി.ഡി. ജോയി (89) അന്തരിച്ചു.

## ലീലാമ്മ തോമസ്

**നെല്ലിക്കാല:** റിട്ട. അദ്ധ്യാപിക താഴയിൽ ചൂട്ടിപ്പാറയിൽ ലീലാമ്മ തോമസ് (62) അന്തരിച്ചു. ഉതിമൂട് കോയിക്കമണ്ണിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ സി.ടി. തോമസ്. മക്കൾ: ജിജ (ഷാർജ), ബിജു, ലിജ (ഇരുവരും യുഎസ്). മരുമക്കൾ: തേവലക്കര പാറ്റൂർ തറവടക്കേതിൽ ഷൈല (ഷാർജ), റാന്നി ചേത്തയ്ക്കൽ നീറപ്ലാക്കൽ ആൻസി (യുഎസ്), നെല്ലിക്കാല മുല്ലശേരി മണ്ണിൽ ജോർജ് (യുഎസ്).

## ജോസഫ് അഗസ്റ്റിൻ

**കടപ്പാമറ്റം:** കിഴക്കേനെല്ലിക്കുന്നേൽ ജോസഫ് സെബാസ്റ്റ്യൻ (ജോയി–86) യുഎസിലെ കൊളംബിയയിൽ അന്തരിച്ചു. ഭാര്യ വയലത്തല കുഴിയമണ്ണിൽ മേരിക്കുട്ടി. മക്കൾ: സുരേഷ്, സതീഷ്. മരുമക്കൾ: സോണിയ, എമിലി.

**ന്യൂഡൽഹി:** ഡൽഹി ഓർത്തഡോക്സ് ഭദ്രാസനത്തിലെ മയൂർവിഹാർ ഫേസ് ഒന്ന് സെ. ജോൺസ് ഇടവക വികാരി ഫാ. ടി.ജെ. ജോൺസൺ (53) അന്തരിച്ചു.

## വി.വി. വർക്കി

**കൂടല്ലൂർ:** വലിയപറമ്പിൽ വി.വി. വർക്കി (93) അന്തരിച്ചു. ഭാര്യ വയലാ തടത്തിൽ (പുള്ളോലിക്കൽ) ഏലമ്മ വർക്കി. മക്കൾ: കുഞ്ഞുമോൾ, മിനി, രാജേഷ് (യുഎസ്). മരുമക്കൾ: ജോയി പെരുമാലിൽ (ഇടപ്പള്ളി), ജോർജ് തോമസ് ഊന്നുകല്ലേൽ ഏറ്റുമാനൂർ (ഹൈദരാബാദ്), സോളി ജോസഫ് തയ്യിൽ കുടമാളൂർ (യുഎസ്).

**തിരുവനന്തപുരം:** മെഡിക്കൽ കോളജ് സൂപ്രണ്ടും ആലപ്പുഴ മെഡിക്കൽ കോളജ് പ്രിൻസിപ്പലുമായിരുന്ന വഞ്ചിയൂർ പാറ്റൂർ ഹൗസ് വൈഷ്ണവിയിൽ ഡോ. എസ്.കെ. രാമചന്ദ്രൻ നായർ (84) അന്തരിച്ചു.

**നട്ടാശേരി:** പാറക്കാല കൊച്ചിപടിക്കൽ പരേതനായ മാത്യുവിന്റെ മകൻ ഫിലിപ്പ് മാത്യു (ബേബി–60) അന്തരിച്ചു.

## സമീർ സഹൃദയൻ അന്തരിച്ചു



**ന്യൂയോർക്ക്:** ലോങ് ഐലൻഡിൽ താമസിക്കുന്നതും ന്യൂയോർക്ക് മലയാളി സമൂഹത്തിൽ നിറസാന്നിദ്ധ്യവുമായ സഹൃദയൻ പണിക്കരുടെയും അമ്മുക്കുട്ടിയുടെയും ഏകപുത്രൻ സമീർ സഹൃദയൻ (35) അന്തരിച്ചു. മാവേലിക്കരയിലെ കലക്കാട് കുടുംബാംഗമായ ഗംഗാധര പണിക്കരുടെ കൊച്ചുമകനാണ് സമീർ. ന്യൂയോർക്കിലെ ശ്രീനാരായണ അസോസിയേഷന്റെ പ്രസിഡണ്ടായും ട്രസ്റ്റി ചെയർ ആയും കമ്മിറ്റി മെംബറായും കെഎച്ച്എൻഎയുടെ കമ്മിറ്റി മെംബറായും ഇപ്പോഴത്തെ ഓഡിറ്റർ ആയും പ്രവർത്തിക്കുന്ന സഹൃദയൻ പണിക്കർ മഹിമയിലും എൻബിഎയിലും മലയാളി സമൂഹത്തിലും നിറസാന്നിദ്ധ്യമാണ്. സമീറിന്റെ നിര്യാണത്തിൽ ന്യൂയോർക്ക് ശ്രീനാരായണ അസോസിയേഷൻ, മഹിമ, എൻബിഎ, ഫൊക്കാന തുടങ്ങിയ സംഘടനകൾ അനുശോചനമറിയിച്ചു.

## വി.ജെ. ജോൺ

**കുറുപ്പന്തറ:** വഴുതനപ്പള്ളിയിൽ വി.ജെ. ജോൺ (ജോണി –84) അന്തരിച്ചു. ഭാര്യ മുത്തോലപുരം പള്ളിക്കാപ്പറമ്പിൽ പരേതയായ സെലീനാമ്മ. മക്കൾ: റോബിൻ (യുഎസ്), പ്രിൻസ്, ജാനറ്റ്, ജസ്റ്റിൻ, ഗോൾഡ, മിൽട്ടൺ (എല്ലാവരും യുകെ), പരേതയായ ജാസ്മിൻ, ഹിൽഡ (കെഎസ്എഫ്ഇ കല്ലറ). മരുമക്കൾ: റീനി പാപ്പനശേരി കാട്ടാമ്പാക്ക്, മാത്യൂസ് വേലൻകുന്നേൽ അറക്കുളം, ജെസി അറയാണ്ടയിൽ ഈരാറ്റുപേട്ട, യൂജിൻ ഇലവുങ്കൽ തലയനാട്, റോസ്മേരി പകലോമറ്റം പുത്തൻപുര കുറിച്ചിത്താനം, ജോസ് എടാട്ടുകാരൻ മാള, ചെറിയാൻ പുതുമന വാഴൂർ, നദീൻ വെള്ളക്കട കോതമംഗലം.

## അന്നക്കുട്ടി സേവ്യർ

**കാരികുളം:** കുറുമണ്ണിൽ അന്നക്കുട്ടി സേവ്യർ (80) അന്തരിച്ചു. എരുമേലി പരവരാകത്ത് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ കെ.സി. സേവ്യർ (റിട്ട. അദ്ധ്യാപകൻ). മക്കൾ: എബിൻ (റിട്ട. പ്രധാനാദ്ധ്യാപിക), ഏവീസ് (തഹസീൽദാർ റാന്നി), ജിൻസ് (പ്രധാനാദ്ധ്യാപിക തരകനാട്ടുകുന്ന്),ജിനോൾ (യുഎസ്), ഐറിഷ് (സപ്ലൈകോ, തിരുവല്ല). മരുമക്കൾ: ജോസ് പുന്നോലിക്കുന്നേൽ കുവപ്പള്ളി, ജോണിക്കുട്ടി കിഴക്കേക്കര കാരികുളം, സാലസ്കുട്ടി പുള്ളോലിൽ, റെജി വയലിൽ (യുഎസ്), അഭിലാഷ് തുരുത്തിമറ്റം കണ്ണിമല.

**പാഴുത്തുരുത്ത്:** ഞീഴൂർ പഞ്ചായത്ത് മുൻ അംഗം പാഴുത്തുരുത്ത് കുഴിവേലിൽ ത്രേസ്യാമ്മ ജോസഫ് (77) അന്തരിച്ചു.

## ശോശാമ്മ കുര്യൻ

**വട്ടപ്പാറ:** കാലാപറമ്പിൽ ശോശാമ്മ കുര്യൻ (88) അന്തരിച്ചു. റാന്നി പുത്തൻവീട് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ഡോ. കെ.വി. കുര്യൻ. മക്കൾ: ഡോ. എബി വർക്കി കുര്യൻ (യുഎസ്), പ്രേം മാത്യു കുര്യൻ. മരുമക്കൾ: എലിസബത്ത് അമ്പിളി കുര്യൻ (യുഎസ്), ആനി ജോർജ്.

**പുളിങ്കുന്ന്:** കാവാലം ലിറ്റിൽഫ്ളവർ എച്ച്എസ് റിട്ട. അദ്ധ്യാപിക കണ്ണാടി മാളിയേപ്പുരക്കൽ മറിയാമ്മ ചെറിയാൻ (89) അന്തരിച്ചു.

**കൂടരഞ്ഞി:** കൂടരഞ്ഞിയിലെ മലഞ്ചരക്ക് വ്യാപാരിയായിരുന്ന തെക്കേടത്ത് ദേവസ്യാച്ചൻ (76) അന്തരിച്ചു.

**കൊല്ലാട്:** വലിയ കിഴക്കേക്കരയിൽ ഏലിയാമ്മ ജോർജ് (84) അന്തരിച്ചു.

**കോട്ടയം:** വലിയങ്ങാടി കപ്യാരുപറമ്പിൽ (ഇറ്റാലിയ)കുര്യാക്കോസ് ഏബ്രഹാം (മോൻ –73) അന്തരിച്ചു.

**ഇളങ്ങുളം:** മുറിഞ്ഞാലക്കൽ തങ്കമ്മ ആന്റണി (87) അന്തരിച്ചു.

## സിസ്റ്റർ ഗൊരേത്തി എസ്ജെസി



**കോട്ടയം:** ദിവംഗതനായ മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവിന്റെ സഹോദരിയും സെന്റ് ജോസഫ്സ് കോൺഗ്രിഗേഷന്റെ മുൻ മദർ ജനറാളുമായ സിസ്റ്റർ ആനി ഗൊരേത്തി കുന്നശ്ശേരി (89) അന്തരിച്ചു. സഹോദരങ്ങൾ: ഡോ. ജോസഫിൻ കുന്നശ്ശേരി, സാവിയോ കുന്നശ്ശേരി, ആൻസി സണ്ണി വെട്ടത്തുകണ്ടത്തിൽ, പരേതരായ തങ്കമ്മ കമ്പക്കാലുങ്കൽ, കെ.ജെ. ജോൺ കുന്നശ്ശേരി, സിസ്റ്റർ പയസ് എസ്ജെസി.

**കൊച്ചി:** തൃപ്പൂണിത്തുറ മുക്കോട്ടിൽ ടെമ്പിൾ റോഡിൽ പള്ളിയിൽ ബ്രിഗേഡിയർ കൃഷ്ണകുമാർ മേനോൻ (79) അന്തരിച്ചു.

## പി.കെ. തോമസ്

**ചെറുവാണ്ടൂർ:** പറകാട്ടിൽ കിഴക്കേൽ (തോട്ടത്തിൽ) പി.കെ. തോമസ് (തോമാച്ചൻ–96) അന്തരിച്ചു. ഭാര്യ അതിരമ്പുഴ കുറുപ്പംതുണ്ടം പരേതയായ ഏലിക്കുട്ടി തോമസ്. മക്കൾ: മോളി ജോൺ തയ്യിൽ (കുമരകം), ലാലി തോമസ് ചക്കാലയിൽ (കുടമാളൂർ), സിറിയക് തോമസ് (റിട്ട.എസ്ബിഐ), പരേതനായ ഫിലിപ്പ് തോമസ്, സോളി ബിനോ കല്ലുങ്കൽ അതിരമ്പുഴ (യുഎസ്). മരുമക്കൾ: പരേതനായ ജോൺ തയ്യിൽ (കുമരകം), തോമസ് ചക്കാലയിൽ (കുടമാളൂർ), മേഴ്സി കുമ്പളന്താനം (അയർക്കുന്നം),ബിനോ ജോസഫ് കല്ലുങ്കൽ അതിരമ്പുഴ (യുഎസ്).

## പി. പാപ്പച്ചൻ

**തെങ്ങണ:** കെഎസ്ഇബി റിട്ട. സബ് എൻജിനീയർ ചിറക്കോണത്ത് പി. പാപ്പച്ചൻ (84) അന്തരിച്ചു. ഭാര്യ പി.എസ്. സാറാമ്മ (റിട്ട. സൂപ്പർവൈസർ ഐസിഡിഎസ്. മക്കൾ: അലക്സ് പി. പാപ്പച്ചൻ, അനീഷ് പി. പാപ്പച്ചൻ (യുകെ), അനീഷ്യ പോൾ (യുഎസ്). മരുമക്കൾ: ഷേർലി ചാക്കോ കൽക്കുഴിയിൽ (കണ്ണൂർ), ധനു ഡേവിഡ് ഓവുങ്കൽ (തൃശൂർ), സോണി ജോസ് പാത്താടൻ (അങ്കമാലി).

**താഴത്തങ്ങാടി:** മറ്റത്തിൽ (സൗപർണിക) റബർ ബോർഡ് റിട്ട. ഉദ്യോഗസ്ഥൻ എം.ജി. ഗോപി (87) അന്തരിച്ചു.

**കാവാലം:** കിഴക്കേ ചേന്നങ്കരി വടക്കേ വെണ്ണിമലശേരിൽ ത്രേസ്യാമ്മ ജോസഫ് (തറമ്മ –84) അന്തരിച്ചു.

## അന്നമ്മ തോമസ്

**എസ്.എച്ച്. മൗണ്ട്:** പൗവത്ത് അന്നമ്മ തോമസ് (90) അന്തരിച്ചു. കൈപ്പുഴ കൊറ്റത്തിൽ കുടുംബാംഗമാണ്. മക്കൾ: പരേതനായ പി.ടി. ചാക്കോ, ജോർജ് (യുഎസ്), സിസ്റ്റർ ഇമ്മാനുവൽ പ്രകാശ്, കുഞ്ഞുമോൾ, ബാബു, ലിസ, ലിറ്റി (യുഎസ്). മരുമക്കൾ: ആൻസി അയിലേടത്ത് (ഓസ്ട്രേലിയ), ആനി ചാണാശേരിൽ (യുഎസ്), അപ്പച്ചൻ കിഴക്കേപ്പറമ്പിൽ (മംഗലം ഡാം), ജോസ് തുണ്ടിയത്ത് (റാന്നി), സൈമൺ മരങ്ങാട്ടിൽ (മകുടാലയം), സജി മൂലക്കൽ (യുഎസ്).

## ഗ്രേസിക്കുട്ടി ജോൺ

**പിറവന്തൂർ:** അലിമുക്ക് ചുട്ടിപ്പാറയ്ക്കൽ വീട്ടിൽ ഗ്രേസിക്കുട്ടി ജോൺ (79) യുഎസിൽ അന്തരിച്ചു. ഭർത്താവ് ജോൺ ഇടിക്കുള. മക്കൾ: മിനി, ജിമ്മി. മരുമക്കൾ: പോൾ ഇവാൻസ്, ഷിജി.

## മേരിക്കുട്ടി മാണി



**കുറവിലങ്ങാട്:** മുട്ടപ്പിള്ളിൽ മേരിക്കുട്ടി മാണി (84) അന്തരിച്ചു. വൈക്കം ഇടശേരി കുടുംബാംഗമാണ്. ഭർത്താവ് പരേതനായ എം.എം. മാണി. മക്കൾ: റോളി (റിട്ട. ലോക്കോപൈലറ്റ്), ടോമി (മുട്ടപ്പിള്ളിൽ സൂപ്പർബസാർ, കുറവിലങ്ങാട്), ബെന്നി (യുഎസ്), മിനിമോൾ, സാബു (അബുദാബി), ആൻസി (ഓസ്ട്രിയ). മരുമക്കൾ: ജയമോൾ ചൂരക്കുളം അമ്മഞ്ചേരി, കുഞ്ഞുമോൾ തെന്നാട്ട് പൈക്കോട്, മിനി പുന്നാംതടത്തിൽ കോഴ (യുഎസ്), ജോയി പുന്നക്കൽ പൈക്കാട് മരങ്ങാട്ടുപിള്ളി, മഞ്ജു മണിമുറിയിൽ തൃക്കൊടിത്താനം (യുകെ), സോണി ഇടക്കല്ലിൽ നെടുങ്കുന്നം (ഓസ്ട്രിയ).

**കോട്ടയം:** വിസിറ്റേഷൻ സന്യാസിനി സമൂഹാംഗമായ സിസ്റ്റർ ഈദാ (88) അന്തരിച്ചു.

## ജോസഫ് മാണി

**തൊടുപുഴ:** നെടിയകാട് തെരുവംകുന്നേൽ ജോസഫ് മാണി (അപ്പച്ചൻ–76) യുഎസിൽ അന്തരിച്ചു. ഭാര്യ കരിമണ്ണൂർ കല്ലറയ്ക്കൽ ത്രേസ്യാമ്മ ജോസഫ്. മക്കൾ: ലിൻഡ ജോസഫ്, ലിൻസ ജോസഫ്.

**പാലാ:** വള്ളിച്ചിറ മണലേൽ ലൂക്കാ അഗസ്റ്റിൻ (കുട്ടിച്ചൻ –79) അന്തരിച്ചു.

**പാലാ:** പുല്ലാട്ട് സിസിലി തോമസ് (70) അന്തരിച്ചു.

## റിട്ട. കമ്മഡോർ എം.വി. പോൾ

**ചെലവൂർ:** ഇന്ത്യൻ നാവികസേന റിട്ട. കമ്മഡോർ പള്ളിത്താഴം മെഡിക്കൽ കോളജ് റോഡിൽ മേലെടത്ത് വർഗീസ് പോൾ (83) അന്തരിച്ചു. ഭാര്യ ബേബി പോൾ. മക്കൾ: ബിന്ദു ഡയാന പോൾ (അസോ. പ്രഫസർ യുഎസ്), ബാരി പോൾ. മരുമകൻ: ഡോ. ചിറ്റൂർ സ്വാമിനാഥൻ (യുഎസ്).

## സുഭദ്രക്കുട്ടിയമ്മ

**ഞീഴൂർ:** ഞീഴൂർ പഞ്ചായത്ത് മുൻ അംഗം വൃന്ദാവനത്തിൽ എൽ. സുഭദ്രക്കുട്ടിയമ്മ (85) അന്തരിച്ചു. പാറകുളങ്ങര ആശാരിപറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ഗോപാലൻ നായർ. മക്കൾ: വി.ജി. സുകുമാരി, വി.ജി. ജയശ്രീ (യുഎസ്), വി.ജി. രാധ, വി.ജി. അനിത, വി.ജി, രാജേഷ് (യുഎസ്). മരുമക്കൾ: മോഹൻദാസ്, ആർ. രാമചന്ദ്രൻ, കെ.എൻ. സഞ്ജീവ്, ലേഖ രാജേഷ് (യുഎസ്) പരേതനായ ശ്രീകുമാർ.

## ജോസ് കെ. ജോൺ

**കൂത്താട്ടുകുളം:** പിഡബ്ല്യുഡി റിട്ട. എൻജിനീയർ കരിമ്പന ചെറുകുന്നേൽ (കുരുവേലിൽ) ജോസ് കെ. ജോൺ (87) അന്തരിച്ചു. ഭാര്യ തിരുവല്ല വല്ലോലിൽ മറിയാമ്മ (റിട്ട. അദ്ധ്യാപിക). മക്കൾ: സിനി (യുഎസ്), സിൻസ്. മരുമക്കൾ: സുജു മാത്യു (യുഎസ്), ജൂലി (ഒമാൻ).

## ത്രേസ്യാമ്മ തോമസ്

**മരങ്ങാട്ടുപിള്ളി:** മാധവത്ത് (പേപ്പതിക്കൽ) ത്രേസ്യാമ്മ തോമസ് (91) അന്തരിച്ചു.അയർക്കുന്നം പൊക്കിടിയിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ എം.എം. തോമസ് (റിട്ട. ഹെഡ്മാസ്റ്റർ). മക്കൾ: ഡോ. മാത്യു തോമസ് (സൂപ്രണ്ട്, മരിയൻ മെഡിക്കൽ സെന്റർ, പാലാ), ജോർജ് (യുഎസ്), ജിജമ്മ (റിട്ട. ലക്ചറർ, ബെംഗ്ളൂരു), പരേതയായ സജമ്മ. മരുമക്കൾ: ബിൽസി മാത്യു തോട്ടുങ്കൽ കരിങ്കുന്നം, ആൻസി ജോർജ് പുത്തനങ്ങാടി (റിട്ട. എച്ച്.എം. വൈക്കം), ജി. ജോർജ് കരികിലാംതടം (റിട്ട. ഐഎസ്ആർഒ, ബെംഗ്ളൂരു).

## തോമസ് ജോസഫ്

**കുരിശുമ്മൂട്:** കടമാൻചിറ നെല്ലിക്കൽ തോമസ് ജോസഫ് (ബേബിച്ചൻ–78) അന്തരിച്ചു. ഭാര്യ കടമാൻചിറ കടവിൽ റോസമ്മ തോമസ്. മക്കൾ: ലൗലി സാം (യുഎസ്), സോണി തോമസ് (സൗദി). മരുമക്കൾ: സാം മാത്യു (യുഎസ്), ബിനി സോണി (സൗദി).

**കാഞ്ഞിരപ്പള്ളി:** എഫ്സിസി കോൺഗ്രിഗേഷൻ പോത്തുപാറ അമല കോൺവന്റ് അംഗമായ സിസ്റ്റർ പയസ് മരിയ (86) അന്തരിച്ചു.

**അടുക്കം:** പുത്തൻപുരക്കൽ ഏലിക്കുട്ടി തോമസ് (87) അന്തരിച്ചു.

# MALAYALEE CARETAKER/ BABYSITTER NEEDED – MINNESOTA (6 MONTHS)

A young malayalee family in Minnesota is seeking a reliable and caring live-in caretaker/babysitter to assist with the care of two small children.

**Position Details:**

Duration: 6-12 months (Summer & Fall Season only)

Live-in arrangement/ Accommodation provided

Primary focus on childcare

Light household duties (e.g., tidying, basic help)

Travel expenses covered

We are looking for someone who is nurturing, patient, and enjoys working with young children. Salary and overall compensation can be discussed further over a phone call.

**CONTACT:**

**Mithun @ 651-895-3887**

**for further details.**

# BABYSITTER NEEDED IN NILES, ILLINOIS

Seeking a reliable and caring babysitter for a 3-year-old toddler in Niles, IL. Position begins May 2026 and requires availability 3–4 days per week.

**For more information, please call or text**

**708-250-4845**

# FOR SALE PRIME LAND IN KOCHI CITY

For sale 10.50 cents of prime land in Kochi city (half cents will be free); Rs 15 lakh per cent, but negotiable.

**Please contact: 703-907-9132**

*Favors Received*



*Inserted by: Firm Believer, Boston*

*Favors Received*



*Inserted by: Firm Believer, Dallas*

# CAREGIVER NEEDED – OKLAHOMA CITY

## (Malayalee Christian Preferred)

An 80-year-old Ammachi in Oklahoma City is seeking a compassionate and reliable Malayalee Christian caregiver. This role can be either live-in or part-time (a few times per week) depending on availability.

**Responsibilities include:**

• Light cooking (Indian/Malayalee meals preferred) • Household chores • Grocery shopping and errands • General companionship and support

**Preferred qualifications:**

- Malayalee Christian background
- Ability to drive (strongly preferred)
- Kind, patient, and trustworthy nature

Ammachi is currently independent and able to drive short distances but would benefit from additional support.

**Contact:**

**Annie Shepherd**

**321-287-0187**

# BABYSITTER WANTED IN ST LOUIS

Doctor and family near St Louis, MO seeking a kind, reliable live-in babysitter. Responsibilities include infant care and daily housework as needed. Private room included.

**Please call or email if interested**

**Leyah at 201-207-8299**

**leyahelizabeth@gmail.com**

# PROPERTY FOR SALE AT NEENDOOR, KOTTAYAM

Property for sale. 118 cent property at Neendoor, Onamthuruthu Village, Kottayam dist., Kerala State.

Total only $2,60313 or Rs 236 Cr. Best place to build house, resort, plantations, Animal or Fish farm. Panchayathu road at all the 3 sides & bus service. Price negotiable.

**Please contact**

**Alex at +1 914-471-7454 (WhatsApp USA) or**

**email at alexkalarickal@gmail.com**

Visit Our Website: www.keralaexpress.com for Classified Advt.




# മോഹിനിയാട്ടത്തിലെ നായകനായ സൈജു കുറുപ്പിന്റെ വിശേഷങ്ങൾ



ഹരിഹരന്റെ 'മയൂഖ'ത്തിലൂടെ സിനിമയിലെത്തിയ സൈജുകുറുപ്പ് നായകൻ, വില്ലൻ, കേന്ദ്രകഥാപാത്രം, സപ്പോർട്ടിംഗ് ആക്ടർ എന്നിങ്ങനെ വേറിട്ട വേഷപ്പകർച്ചകളിൽ അഭിനയ യാത്രയുടെ 20 വർഷങ്ങൾ പിന്നിടുകയാണ്.

സൈജു നായകനും സഹനിർമാതാവുമായി 2004-ൽ റിലീസായ ഭരതനാട്യത്തിന്റെ രണ്ടാം ഭാഗം 'മോഹിനിയാട്ടം' ഈ മാസം 10-നു തിയറ്ററുകളിലെത്തി. കൃഷ്ണദാസ് മുരളി തിരക്കഥയെഴുതി സംവിധാനം ചെയ്ത 'മോഹിനിയാട്ട'ത്തിൽ സുരാജ് വെഞ്ഞാറമൂട്, വിനയ് ഫോർട്ട്, ജഗദീഷ്, ബേബി ജീൻ എന്നിവരും പ്രധാന വേഷങ്ങളിൽ.

'എന്റെ കരിയറിലെ ഏറ്റവും വലിയ പടമാണിത്. പ്രായഭേദമെന്യേ ഏതു തലമുറയ്ക്കും കാണാവുന്ന ക്രൈം ത്രില്ലർ. ഡാർക്ക് ഹ്യൂമർ അല്ലെങ്കിൽ കോമഡി ഫാമിലി സിനിമ. ചെറിയ രീതിയിൽ ഹൊറർ എലമെന്റ് കൂടിയുണ്ട്. എല്ലാം പറഞ്ഞിരിക്കുന്നതു നർമത്തിലാണ്'- സൈജു പറയുന്നു.

ആദ്യത്തെ പടം 'ഭരതനാട്യം' ഓടിടി ഹിറ്റായിരുന്നു. അന്നു തിയറ്ററിൽ കാര്യമായി വിജയിച്ചില്ല. അതിന്റെ റവന്യൂ ഷെയറിംഗ് തിരിച്ചുപിടിക്കാൻ ഒന്നേകാൽ വർഷമെടുത്തു. ലാഭമൊന്നും ഉണ്ടായില്ല. പക്ഷേ, മുടക്കുമുതൽ തിരിച്ചുകിട്ടി. ഇനിയൊരു പടം നിർമിക്കുന്നില്ല എന്നു തീരുമാനിച്ചു. തിയറ്ററിൽ ഹിറ്റ് കൊടുക്കാനായില്ലെങ്കിൽ പിന്നെ പടം നിർമിച്ചിട്ട് എന്തു കാര്യം. അങ്ങനെയിരിക്കെ 'ഭരതനാട്യ'ത്തിന്റെ സഹനിർമാതാവ് തോമസ് തിരുവല്ല അതിന്റെ രണ്ടാം ഭാഗം ചെയ്യാം എന്നു പറഞ്ഞു.

ആദ്യഭാഗത്തിൽ നിർമാണ പങ്കാളി ആയിരുന്നതിനാൽ രണ്ടാം ഭാഗത്തിലും ഞാൻ തുടർന്നു. പാർട്ട് 2 അല്ലായിരുന്നുവെങ്കിൽ ഞാൻ ചിലപ്പോൾ കൈകൊടുക്കില്ലായിരുന്നു. റിപ്പീറ്റ് വാച്ച് വാല്യൂ ഉള്ള ഒരു പടമാണു 'ഭരതനാട്യം'. അതാണ് ആ സിനിമ നല്കിയ സന്തോഷം.

'ഭരതനാട്യം' ഭരതന്റെ നാട്യം ആയിരുന്നുവെങ്കിൽ ഇതു മോഹിനിയുടെ ആട്ടമാണ്. ഇതിലെ ഒരു കഥാപാത്രമാണു മോഹിനി. ഇതിന്റെ സ്ക്രിപ്റ്റ് വായിച്ച മിഥുൻ മാനുവൽ തോമസാണ് ഈ പേരു നിർദേശിച്ചത്. മിഥുന്റെ ആദ്യ സിനിമ മുതൽ ആട് 3 വരെ രണ്ടെണ്ണത്തിലൊഴിച്ച് എല്ലാറ്റിലും ഞാൻ അഭിനയിച്ചിട്ടുണ്ട്. മിഥുനുമായി നല്ല സൗഹൃദമാണ്. എന്റെ സഹോദരനെപ്പോലെയാണ്. പുറത്തുള്ള ഒരാൾകൂടി വായിച്ച് അഭിപ്രായം പറഞ്ഞാൽ നമുക്കതു ഗുണകരമാകുമെന്നോർത്താണ് സ്ക്രിപ്റ്റ് വായിക്കാൻ കൊടുത്തത്. മിഥുൻ നിർദേശിച്ച ഒന്നു രണ്ടു മാറ്റങ്ങൾ സംവിധായകൻ സ്വീകരിച്ചു. അപ്പോൾ തിരക്കഥ ഒന്നുകൂടി മികച്ചതായി.

തൃശൂർ ജില്ലയാണു 'ഭരതനാട്യ'ത്തിന്റെ കഥാപശ്ചാത്തലം. രണ്ടാനമ്മയുടെ നാടായ കണ്ണൂരിലെ ശ്രീകണ്ഠപുരത്തേക്ക് ശ്രീജ രവി അവതരിപ്പിക്കുന്ന രുക്മിണിയെ കൊണ്ടാക്കാൻ പോകുന്നിടത്താണ് ഈ സിനിമ തുടങ്ങുന്നത്. തുടർന്നു ശ്രീകണ്ഠപുരത്തു സംഭവിക്കുന്ന കാര്യങ്ങളാണു മോഹിനിയാട്ടം.

സുരാജ് വെഞ്ഞാറമൂട്, വിനയ് ഫോർട്ട്, ജഗദീഷ്, നിസ്താർ സേട്ട്, സന്തോഷ് കെ. നായർ തുടങ്ങിയവരാണ് ശ്രീകണ്ഠപുരത്തെ നാട്ടുകാരായി അഭിനയിക്കുന്നത്. സായികുമാർ ഒഴികെ ഭരതനാട്യത്തിൽ കുടുംബാംഗങ്ങളായി അഭിനയിച്ച കലാരഞ്ജിനി, ശ്രീജ രവി, സ്വാതി ദാസ് പ്രഭു, നന്ദു പൊതുവാൾ, ശ്രുതി സുരേഷ്, ജിനിൽ റെക്സ്, ജവിൻ റെക്സ് തുടങ്ങിയവരെല്ലാം ഇതിലുമുണ്ട്. സുഭാഷായി അഭിനയിച്ച അഭിറാം രാധാകൃഷ്ണനും മോഹിനിയാട്ടത്തിലുണ്ട്. ബാലചന്ദ്രൻ ചുള്ളിക്കാടും ഒരു കഥാപാത്രമായി വരുന്നുണ്ട്.

വക്കീലിന്റെ ഡയലോഗിൽ 'ദൃശ്യം' കഥ ഫീൽ ചെയ്യുന്നുണ്ട്. ട്രെയിലറിൽനിന്ന് എന്താണോ മനസിലായത് അതിനപ്പുറമൊന്നും ഇപ്പോൾ പറയാനാകില്ല.

ഭരതനാട്യത്തിലേതുപോലെ ദുരൂഹതകൾ ഏറെയുള്ള ചിത്രമാണ് മോഹിനിയാട്ടം.

കുടുംബത്തിനുവേണ്ടി ചാവാൻ വരെ തയാറായി നിൽക്കുന്നയാളാണു ശശിധരൻ നായർ. ആ കഥാപാത്രസ്വഭാവം അതേപോലെ തന്നെയാണ് ഇതിലും. അയാൾക്കായി ഒരു കുടുംബം ഇല്ലായിരുന്നു, ആദ്യ ഭാഗത്തിൽ. ശശിധരൻ നായരുമായി ബന്ധപ്പെട്ടാണോ മോഹിനിയുടെ രംഗപ്രവേശം എന്നതു സസ്പെൻസായി നിൽക്കട്ടെ.

'ഭരതനാട്യ'ത്തിന്റെ പത്തു മടങ്ങ് നർമം ഇതിലുണ്ട്. മേക്കിംഗ് രീതിയിലും തിരക്കഥയുടെ കാര്യത്തിലുമൊക്കെ ആദ്യ ഭാഗത്തേക്കാൾ പത്തു മടങ്ങാണു മികവ്. ഭരതനാട്യത്തിന്റെ മൂന്നു മടങ്ങു ബജറ്റിലാണു നിർമാണം.




'ഭരതനാട്യം' സ്ക്രിപ്റ്റ് വായിച്ചപ്പോൾ കൃഷ്ണദാസിൽ എനിക്കു തോന്നിയ ആത്മവിശ്വാസം ഈ പടത്തിലുമുണ്ട്. 'ഭരതനാട്യ'ത്തിന്റെ അനുഭവ സമ്പത്തു കൂടിയായപ്പോൾ സ്ക്രിപ്റ്റും സംവിധാനവും കൂടുതൽ മികച്ചതായി.

വിഷ്ണു ആർ. പ്രദീപാണു കോ-റൈറ്റർ. 'ഭരതനാട്യ'ത്തിൽ ആദ്യത്തെ അര മണിക്കൂർ കുറച്ചു സ്ലോ ആണെന്നും അതു കഴിഞ്ഞാണ് ടേക്ക് ഓഫ് ആകുന്നതെന്നും പറഞ്ഞുകേട്ടിരുന്നു. പക്ഷേ, ഇതിൽ സിനിമ തുടങ്ങി അഞ്ചാമത്തെ മിനിറ്റിൽ സിനിമ ടേക്ക് ഓഫ് ആവും. പിന്നീട് മുകളിലേക്കാവും ആവേശത്തിന്റെ ഗ്രാഫ്.

വിഷുവിനു തിയറ്ററുകളിൽ കാണാൻ പറ്റിയ ഒരു സിനിമയാണിത്. ചിരിക്കാനുള്ള നല്ല അവസരമാണു കൊടുക്കുന്നത്. തിയട്രിക്കൽ അനുഭവം കിട്ടുന്നതിനു വേണ്ടിയുള്ള ഫ്രെയിമിംഗും ബാക്ക്ഗ്രൗണ്ട് സ്കോറും ഇഫക്ട്സുമൊക്കെയാണു ചേർത്തിരിക്കുന്നത്. ഇലക്ട്രോണിക് കിളി മ്യൂസിക് ചെയ്ത നാലു പാട്ടുകളുണ്ട്. തിയറ്റർ വിജയം പ്രതീക്ഷിക്കുന്നു.

ആടിന്റെ വിജയത്തിൽ സന്തോഷത്തിലാണ് മൊത്തം ടീമും. ഏറെ കഷ്ടപ്പെട്ടു ചെയ്ത ഒരു സിനിമയാണത്. ഇത്തവണ രണ്ടു വേഷങ്ങളിൽ - പടനായകൻ കോമക്കുറുപ്പും അറയ്ക്കൽ അബുവും. ആദ്യം പഴയ കാലഘട്ടം ഷൂട്ട് ചെയ്തു. രണ്ടു ദിവസത്തിനുശേഷം അറയ്ക്കൽ അബുവായി അഭിനയിച്ചു.

'മോഹിനിയാട്ടം' തിയറ്ററുകളിൽ ഹിറ്റായാൽ ഉറപ്പായും ഞാൻ വേറെ പടങ്ങൾ നിർമിക്കും. അല്ലെങ്കിൽ തത്കാലം പ്രൊഡ്യൂസർ എന്ന കുപ്പായം മടക്കി സ്യൂട്ട്കേസിൽ വയ്ക്കും. അഭിനയത്തിൽ മാത്രം ശ്രദ്ധിക്കും.

ഭരതനാട്യവും മോഹിനിയാട്ടവും പോലെ നല്ല പടങ്ങൾ നിർമിക്കണമെന്ന് ആഗ്രഹമുണ്ട്. അതിനു കൈയിൽ പൈസ വേണം. പൈസ ഉണ്ടാകണമെങ്കിൽ ഇതു തിയറ്ററിൽ ഓടണം. എങ്കിൽ മാത്രമേ എനിക്കു പുതിയ ആളുകൾക്കു ചാൻസ് കൊടുക്കാനാവൂ.

'ഭൂതകാല'ത്തിലെ ജോർജ് എന്ന കഥാപാത്രത്തെ ഇതിലേക്കു കൊണ്ടുവരികയായിരുന്നു സംവിധായകൻ രാഹുൽ സദാശിവൻ. അതിന്റെ തുടർച്ച ഉണ്ടാകുമെന്ന് ഷൂട്ടിംഗ് സമയത്തു കേട്ടിരുന്നു. പിന്നീട് എന്തായെന്ന് അറിയില്ല.

ഞാൻ പോലീസ് വേഷത്തിൽ അഭിനയിച്ച 'ആരം' എന്ന ക്രൈം ത്രില്ലറിന്റെ പോസ്റ്റ് പ്രൊഡക്ഷൻ തുടരുന്നു. ജോമോൻ ജ്യോതിർ നായകനായ 'പ്രേംപാറ്റ'യിലാണ് ഇപ്പോൾ അഭിനയിക്കുന്നത്. അതിൽ സപ്പോർട്ടിംഗ് കഥാപാത്രമാണ്.




# കാമ്പസ് പ്രണയചിത്രം 'പ്രേംപാറ്റ' തുടങ്ങി

ലിജീഷ് കുമാറിന്റെ തിരക്കഥയിൽ ആമിർ പള്ളിക്കൽ സംവിധാനം ചെയ്യുന്ന കാമ്പസ് പ്രണയകഥ പ്രേംപാറ്റയുടെ ഷൂട്ടിംഗ് കോഴിക്കോട് ആരംഭിച്ചു. ഒരു എൻഎസ്എസ് ക്യാമ്പിന്റെ പശ്ചാത്തലത്തിൽ ഒരുങ്ങുന്ന ചിത്രമാണിത്. മമ്ത മോഹൻദാസ് ചിത്രത്തിന്റെ ആരംഭ ചടങ്ങുകളിലെ പ്രത്യേക സാന്നിധ്യമായി.

പ്രേക്ഷകശ്രദ്ധ ആകർഷിച്ച ആയിഷയ്ക്കും ഇഡിക്കും ശേഷം ആമിർ പള്ളിക്കൽ സംവിധാനം ചെയ്യുന്ന ചിത്രം സ്റ്റുഡിയോ ഔട്ട്സൈഡേഴ്സിന്റെ ബാനറിൽ ആമിർ പള്ളിക്കൽ തന്നെയാണു നിർമിക്കുന്നത്. ജോമോൻ ജ്യോതിർ നായകനാകുന്ന ചിത്രത്തിലെ നായിക കൊൽക്കത്തയിൽനിന്നുള്ള പുതുമുഖമാണ്. ജുനൈസ് വി.പി. സാഫ് ബോയ്, ഹനാൻ ഷാ, അശ്വിൻ വിജയൻ, ടിസ് തോമസ്, ഇന്നസെന്റ് തുടങ്ങി മലയാള സിനിമയുടെ പുതിയ ട്രെൻഡ് സെറ്റേഴ്സെല്ലാം ചിത്രത്തിൽ അണിനിരക്കുന്നു. ഇവർക്കൊപ്പം സൈജു കുറുപ്പ്, സിദ്ദിഖ്, അനുശ്രീ, രാജേഷ് മാധവൻ, സഞ്ജു ശിവ്റാം, ഇർഷാദ് അലി, ബിപിൻ പെരുമ്പള്ളി തുടങ്ങി താരങ്ങളുടെ ഒരു വലിയ നിരതന്നെയുണ്ട് പ്രേംപാറ്റയിൽ.

സംഗീത സംവിധായകൻ അങ്കിത് മേനോൻ സഹനിർമാതാവാകുന്ന പ്രേംപാറ്റയുടെ എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ-ഒമർ നവാസി. ഛായാഗ്രഹണം-രണശിദ.

ഒരു കോളജ് കാമ്പസിന്റെ പശ്ചാത്തലത്തിൽ പറയുന്ന പ്രേമകഥയായ പ്രേംപാറ്റയിൽ അങ്കിത് മേനോന്റെ സംഗീതത്തിന് പാട്ടുകൾ എഴുതുന്നത് മുഹ്സിൻ പരാരിയും, സുഹൈൽ എം. കോയ, മുത്തു എന്നിവർ ചേർന്നാണ്. പ്രേമലു, സൂപ്പർ ശരണ്യ തുടങ്ങിയ സിനിമകളിലൂടെ സുപരിചിതനായ ആകാശ് വർഗീസ് ജോസഫ് ആണ് ചിത്രത്തിന്റെ എഡിറ്റിംഗ് നിർവഹിക്കുന്നത്. കൊറിയോഗ്രഫി-പ്രസന്ന മാസ്റ്റർ. മാർക്കോയ്ക്കുശേഷം കലൈ കിംഗ്സൺ സ്റ്റണ്ട് മാസ്റ്റർ ആകുന്ന സിനിമ എന്ന പ്രത്യേകതയും പ്രേംപാറ്റയ്ക്കുണ്ട്.



പ്രൊഡക്ഷൻ ഡിസൈനർ-അനീസ് നാടോടി, കോസ്റ്റ്യൂം-സമീര സനീഷ്, സൗണ്ട് ഡിസൈനർ-വിഷ്ണു സുജാതൻ, മേക്കപ്പ്-സുധി സുരേന്ദ്രൻ, ചീഫ് അസോസിയേറ്റ്-സുഹൈൽ എം, പ്രൊഡക്ഷൻ കൺട്രോളർ-അനീഷ് നന്ദിപുലം, എസ്എഫ്എക്സ്-ഗണേഷ് ഗംഗാധരൻ, കളറിസ്റ്റ്-ശ്രീക് വാര്യർ, സ്റ്റിൽസ്-രോഹിത് കെ. സുരേഷ്, ടൈറ്റിൽ ആൻഡ് പോസ്റ്റേഴ്സ്-യെല്ലോ ടൂത്ത്സ്, ഡിജിറ്റൽ മാർക്കറ്റിംഗ്-ഒബ്സ്ക്യൂറ എന്റർടെയ്ൻമെന്റ്സ്, പബ്ലിസിറ്റി-മാഡിസം ഡിജിറ്റൽ. 45 ദിവസത്തെ ഷൂട്ടിംഗ് ഷെഡ്യൂളുകൾ ഉള്ള ചിത്രത്തിന്റെ ലൊക്കേഷനുകൾ കോഴിക്കോടും തൃശൂരുമാണ്.

സെൻട്രൽ പിക്ചേഴ്സ് ആണ് ചിത്രം തിയറ്ററുകളിൽ എത്തിക്കുന്നത്.

## പള്ളിച്ചട്ടമ്പിയിലെ മാവീരനായി ടൊവിനോ തോമസ്

ടൊവിനോ തോമസിനെ നായകനാക്കി ഡിജോ ജോസ് ആന്റണി സംവിധാനം ചെയ്ത പീര്യേഡ് ഡ്രാമ ത്രില്ലറായ 'പള്ളിച്ചട്ടമ്പി'യിലെ രണ്ടാമത്തെ ഗാനം പുറത്തിറങ്ങി. മാവീരൻ എന്ന പേരിൽ പുറത്തിറങ്ങിയ ഗാന രംഗത്തിൽ ഒരു ആയുധ പരിശീലകനായാണ് ടൊവിനോ പ്രത്യക്ഷപ്പെടുന്നത്. ഗാനം ഇതിനോടകം തന്നെ മികച്ച അഭിപ്രായമാണു നേടിക്കൊണ്ടിരിക്കുന്നത്. ഈ വർഷത്തെ ഏറ്റവും വലിയ വിഷു മലയാള സിനിമ റിലീസായി എത്തുന്ന പള്ളിച്ചട്ടമ്പി, ഏപ്രിൽ പത്തിന് ലോകമെമ്പാടുമുള്ള തിയറ്ററുകളിൽ അഞ്ചു ഭാഷകളിൽ പ്രദർശനത്തിനെത്തി. ജേക്സ് ബിജോയ് സംഗീതം നൽകിയിരിക്കുന്ന ഗാനം ആലപിച്ചിരിക്കുന്നത് ജോബ് കുര്യനാണ്. 'കാട്ടുചെമ്പകം' എന്ന പേരിൽ പുറത്തിറങ്ങിയിരുന്ന ചിത്രത്തിലെ ആദ്യ ഗാനം ഇപ്പോഴും ട്രെൻഡിംഗിൽ മുൻനിരയിൽ നിൽക്കുകയാണ്. യൂട്യൂബിൽ പതിനഞ്ച് മില്യണും ഇൻസ്റ്റഗ്രാമിൽ ഒരു ലക്ഷം റീൽസുമായി മുൻപിട്ട് നിൽക്കുന്ന കാട്ടുചെമ്പകം എന്ന സോംഗിന് തൊട്ടുപിന്നാലെയാണ് ഇപ്പോൾ മാവീരനും പുറത്തെത്തിയിരിക്കുന്നത്. 1950-60 കാലഘട്ടത്തിൽ നടക്കുന്ന കഥയാണ് 'പള്ളിച്ചട്ടമ്പി' പറയുന്നത്.




സംവിധായകൻ ഡിജോ ജോസ് ആന്റണിയും ജേക്സ് ബിജോയിയും ഒന്നിക്കുന്ന നാലാമത്തെ ചിത്രമാണ് 'പള്ളിച്ചട്ടമ്പി'. ക്വീൻ, ജന ഗണ മന, മലയാളി ഫ്രം ഇന്ത്യ എന്നീ മൂന്ന് മുൻ ചിത്രങ്ങളിലും ട്രെൻഡിംഗായ ചാർട്ട്ബസ്റ്റർ ഗാനങ്ങൾ ഒരുക്കിയ ഈ കൂട്ടുകെട്ട് വീണ്ടും ഒന്നിക്കുന്നതു കാണാൻ പ്രേക്ഷകരും കാത്തിരിക്കുകയാണ്. വിജയരാഘവൻ, സുധീർ കരമന, ബാബുരാജ്, വിനോദ് കെടാമംഗലം, പ്രശാന്ത് അലക്സ് തുടങ്ങി നിരവധി പ്രമുഖ താരങ്ങളും ചിത്രത്തിൽ അണിനിരക്കുന്നു.

ഹിറ്റ് തിരക്കഥാകൃത്ത് എസ്. സുരേഷ് ബാബുവാണ് 'പള്ളിച്ചട്ടമ്പി'യുടെ രചന നിർവഹിച്ചിരിക്കുന്നത്. ടിജോ ടോമിയാണ് ഈ പീരിയഡ് ചിത്രത്തിന്റെ ഛായാഗ്രഹണം, മേഘശ്യാമും തൻസീറുമാണ് ചിത്രത്തിന്റെ സഹനിർമാതാക്കൾ. മഞ്ജുഷ രാധാകൃഷ്ണൻ കോസ്റ്റ്യൂംസും റഷീദ് അഹമ്മദ് മേക്കപ്പും നിർവഹിക്കുന്നു. ലൈൻ പ്രൊഡ്യൂസർ-അലക്സ് ഇ. കുര്യൻ, ഫിനാൻസ് കൺട്രോളർ-അനിൽ ആമ്പല്ലൂർ, പ്രൊഡക്ഷൻ കൺട്രോളർ-രാജേഷ് മേനോൻ, ചീഫ് അസോസിയേറ്റ് ഡയറക്ടർമാർ-റെനിത് രാജ് ആൻഡ് കിരൺ റാഫേൽ, സൗണ്ട് ഡിസൈൻ-സിങ്ക് സിനിമ, ആർട്ട് ഡയറക്ടർ-രാജഷ് മേനോൻ, കാസ്റ്റിംഗ് ഡയറക്ടർ-ബിനോയ് നമ്പാല, ഡിജിറ്റൽ മാർക്കറ്റിംഗ്-അഖിൽ വിഷ്ണു വി.എസ്, പോസ്റ്റർ ഡിസൈൻസ്-യെല്ലോടൂത്ത്സ്.

## 'കത്തനാർ' പ്രദർശനത്തിനൊരുങ്ങി

ഗോകുലം മൂവീസിന്റെ ബാനറിൽ ഗോകുലം ഗോപാലൻ നിർമിച്ച് റോജിൻ തോമസ് സംവിധാനം ചെയ്യുന്ന കത്തനാർ എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ ട്രെയിലർ ശ്രദ്ധേയമായി. തമിഴിലും മലയാളത്തിലുമായാണ് ട്രെയിലറിലെ സംഭാഷണം. അദൃശ്യമായ അമാനുഷിക ശക്തിയും അതിനു പിന്നിലെ അദ്ഭുതങ്ങളും പ്രേക്ഷകർക്കു സമ്മാനിക്കുന്നതാവും ചിത്രം. ജനപ്രിയ ഫാന്റസി കഥയായ കടമറ്റത്തു കത്തനാരെ അധികരിച്ചുള്ളതാണ് പ്രമേയം. ഫിലിപ്സ് ആൻഡ് മങ്കിപെൻ, ഹോം എന്നീ ചിത്രങ്ങളുടെ സംവിധായകനാണ് റോജിൻ തോമസ്.

മഹാ മാന്ത്രികനെന്നു വിശേഷിപ്പിക്കാവുന്ന കടമറ്റത്തു കത്തനാരെക്കുറിച്ചുള്ള കലാസൃഷ്ടികളെല്ലാം ഏറെ ജനപ്രീതി നേടിയിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യകളുടേയും മികച്ച അണിയറ പ്രവർത്തകരുടെയും പിൻബലത്തോടെ സമീപകാലത്തെ ഏറ്റവും വലിയ മുതൽമുടക്കിലാണ് ചിത്രം നിർമിക്കുന്നത്. ചിത്രീകരണത്തിനും പോസ്റ്റ് പ്രൊഡക്ഷനും വലിയ സമയമെടുത്താണ് ചിത്രം പ്രദർശനത്തിന് ഒരുങ്ങുന്നത്. 45,000 ചതുരശ്രയടി വിസ്തീർണത്തിൽ ഒരുക്കിയ മോഡ്യുലർ ഷൂട്ടിംഗ് ഫ്ളോറിലാണ് ചിത്രീകരണം പൂർത്തിയാക്കിയത്. ഇന്ത്യയിലെതന്നെ ഏറ്റവും വലിയ ഷൂട്ടിംഗ് ഫ്ളോർ ആണിത്. മുപ്പതിൽപ്പരം ഭാഷകളിലായി രണ്ടു ഭാഗങ്ങളിലായിട്ടാണ് ഈ ചിത്രം എത്തുന്നത്.




ജയസൂര്യയാണ് കത്തനാരെ അവതരിപ്പിക്കുന്നത്. അനുഷ്ക ഷെട്ടി, പ്രഭുദേവ, സാൻഡി മാസ്റ്റർ, കുൽപ്രീത് യാദവ്, ഹരീഷ് ഉത്തമൻ, നിതീഷ് ഭരദ്വാജ്, സനൂപ് സന്തോഷ്, വിനീത്, കോട്ടയം രമേശ്, ദേവികാ സഞ്ജയ്, കിരൺ അരവിന്ദാക്ഷൻ, സുശീൽ കുമാർ എന്നിവരും പ്രധാന വേഷങ്ങളിലുണ്ട്. ആർ. രാമാനന്ദിന്റേതാണ് തിരക്കഥ. രാഹുൽ സുബ്രഹ്മണ്യനാണ് സംഗീത സംവിധായകൻ. ഛായാഗ്രഹണം-നീൽ ഡികുഞ്ഞ, കോസ്റ്റ്യൂം ഡിസൈൻ-ഉത്തരാ മേനോൻ തുടങ്ങിയവരും അണിയറയിലുണ്ട്.

# പെട്രോൾ ബൈക്കുകൾക്ക് 2028 മുതൽ ഡൽഹിയിൽ രജിസ്ട്രേഷനില്ല

ന്യൂഡൽഹി: അന്തരീക്ഷ മലിനീകരണം മൂലം പൊറുതിമുട്ടുന്ന ഡൽഹിയിൽ ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്ന ഇലക്ട്രിക് വാഹന (ഇവി) നയത്തിന്റെ കരട് പുറത്തിറക്കി ഡൽഹി സർക്കാർ. ഡൽഹിയിലെ വായു മലിനീകരണ പ്രതിസന്ധിക്കു കാരണമാകുന്ന ഇന്ധന വാഹനങ്ങളുടെ ഉപയോഗം പരമാവധി കുറയ്ക്കുക, നഗരം പരിസ്ഥിതി സൗഹൃദ സംവിധാനത്തിലേക്ക് മാറ്റുക തുടങ്ങിയവയാണ് നയത്തിന്റെ ലക്ഷ്യം.

പുതിയ നിയമമനുസരിച്ച് 2027 ജനുവരി ഒന്നു മുതൽ ഇലക്ട്രിക് മുച്ചക്ര വാഹനങ്ങൾക്കു മാത്രമായിരിക്കും പുതിയ രജിസ്ട്രേഷൻ അനുമതി നല്കുക. 2028 ഏപ്രിൽ ഒന്നു മുതൽ ഈ നിയന്ത്രണം ഇരുചക്ര വാഹനങ്ങളിലേക്കും വ്യാപിപ്പിക്കും. ഗതാഗത വകുപ്പിനു കീഴിലെ ഇവി വിഭാഗം പുറത്തിറക്കിയ കരട് നടത്തിന്മേൽ അടുത്ത 30 ദിവസത്തിനുള്ളിൽ വിദഗ്ധരിൽ നിന്നും പൗരന്മാരിൽ നിന്നും നിർദേശങ്ങൾ ക്ഷണിച്ചിട്ടുണ്ട്. ഇതിനു ശേഷമായിരിക്കും നയം അന്തിമമാക്കുക.

പെട്രോൾ, ഡീസൽ വാഹനങ്ങൾക്ക് കടുത്ത നിയന്ത്രണങ്ങൾ നടപ്പാക്കുകയും ഇലക്ട്രിക് വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികളും ഉൾപ്പെടുന്നതാണ് പുതിയ നയം. പെട്രോൾ വാഹനങ്ങൾക്ക് സമയബന്ധിതമായ നിത്രണങ്ങൾ കർശനമായ ഫ്ളീറ്റ് നിയന്ത്രണം, ഇവിയെ പ്രോത്സാഹിപ്പിക്കുന്നതിന് ചാർജിംഗ് സൗകര്യത്തിന്റെ വിപുലീകരണം തുടങ്ങിയവ ഉൾപ്പെടുന്നതാണ് ഇവി നയം.

നഗരത്തിൽ ഡെലിവറി സർവീസിനായി ഉപയോഗിക്കുന്ന ടൂവീലറുകളും ഗുഡ്സ് വാഹനങ്ങളും ഇലക്ട്രിക് മാത്രമായിരിക്കും. ഇതിനായുള്ള നടപടികൾ കഴിഞ്ഞ ജനുവരി ഒന്നു മുതൽ ആരംഭിച്ചുകഴിഞ്ഞു, നിലവിലുള്ള ബി.എസ്-6 ഇരുചക്ര വാഹനങ്ങൾക്ക് ഈ വർഷം ഡിസംബർ 31 വരെ മാത്രമേ അനുമതി നല്കൂവെന്നും നയം വ്യക്തമാക്കുന്നു. ഡൽഹിയിൽ പെട്രോൾ ടൂ വീലറുകളുടെ രജിസ്ട്രേഷൻ പൂർണമായും ഇല്ലാതാക്കുന്നതാണ് പുതിയ തീരുമാനം. സ്കൂൾ ബസുകളും സർക്കാർ വാഹനങ്ങളും ഘട്ടം ഘട്ടമായി ഇലക്ട്രിക്കിലേക്കു മാറ്റും. നയം നിലവിൽ വന്നു രണ്ടാം വർഷത്തിൽ വാഹനങ്ങൾ പത്തു ശതമാം ഇവിയിലേക്കു മാറ്റും. മൂന്നാം വർഷത്തിൽ 20 ശതമാനം. 2030 ആകുമ്പോഴേയ്ക്കും 30 ശതമാനവും ഇവിയിലേക്കു മാറ്റാനാണ് ലക്ഷ്യം.

# മോദി–രാഹുലുമായി സൗഹൃദ സംഭാഷണത്തിൽ

ന്യൂഡൽഹി: പാർലമെന്റിനകത്തും പുറത്തും രൂക്ഷമായ വാക്കുകളുമായി ഏറ്റുമുട്ടാറുള്ള പ്രധാനമന്ത്രി നരേന്ദ്രമോദിയും പ്രതിപക്ഷ നേതാവ് ലോക്സഭാ സ്പീക്കർ ഓം ബിർള, കേന്ദ്രമന്ത്രിമാരായ ജെ.പി. നഡ്ഡ, അർജുൻ റാം, മേഘ്‌വാൾ തുടങ്ങിയവരുടെ സാന്നിദ്ധ്യത്തിൽ രാഹുൽ ഗാന്ധി ഗ്യസ്ഥിതി സംബന്ധിച്ചാണ് പ്രധാനമന്ത്രി രാഹുൽ ഗാന്ധിയോട് വിവരങ്ങൾ ചോദിച്ചറിഞ്ഞതെന്ന് അടുത്ത വൃത്തങ്ങൾ പറഞ്ഞു.



പ്രധാനമന്ത്രി നരേന്ദ്ര മോദിയും പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും സൗഹൃദസംഭാഷണത്തിൽ.

രാഹുൽ ഗാന്ധിയും സൗഹൃദം പങ്കിടുന്ന ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിൽ സജീവ ചർച്ചയായി. സാമൂഹിക പരിഷ്കർത്താവായ മഹാത്മാ ജ്യോതിറാവു ഫുലെയുടെ 200-ാം ജന്മവാർഷികത്തോടനുബന്ധിച്ച് പാർലമെന്റ് സമുച്ചയത്തിലെ ചടങ്ങിലായിരുന്നു കൂടിക്കാഴ്ച. യെ മോദി അഭിവാദ്യം ചെയ്യുന്നതും തുടർന്നു സംസാരിച്ചു നിൽക്കുന്നതും വീഡിയോയിൽ കാണാം.

സോണിയ ഗാന്ധിയുടെ ആരോ മെച്ചപ്പെട്ടു വരുന്നതായി രാഹുൽ അറിയിച്ചു. വേഗത്തിൽ സുഖപ്പെടാൻ മോദി ആശംസ നേർന്നതായും ബന്ധപ്പെട്ടവർ പറഞ്ഞു.

# സഹായത്തിന്റെ പേരിൽ അതിക്രമിച്ചതായി പരാതി

കായംകുളം: വാഹനാപകടത്തിൽ പരുക്കേറ്റ യുവതിക്കു നേരെ ലൈംഗിക അതിക്രമം നടത്തിയതായി പരാതി. വ്യാപാരി വ്യവസായി ഏകോപന സമിതി നേതാവിനെതിരെയാണ് കൊല്ലം സ്വദേശിയായ 25-കാരി പരാതി നല്കിയത്. ഏപ്രിൽ നാലിനു പുലർച്ചെ കായംകുളത്തു വെച്ച് വാഹനാപകടത്തിൽ പരുക്കേറ്റ യുവതിയെ ആശുപത്രിയിലേക്കു കൊണ്ടുപോകാൻ വാഹനത്തിൽ കയറ്റുന്നതിനിടെ അതിക്രമം കാട്ടിയെന്നാണ് പരാതി. യുവതി ആശുപത്രിയിൽ എത്തിയസമയത്ത് വിവരം ആശുപത്രി അധികൃതരെ അറിയിക്കുകയും പോലീസിന് വിവരം കൈമാറുകയും ചെയ്തിരുന്നു. ഇതേത്തുടർന്ന് പോലീസ് യുവതിയുടെ മൊഴി രേഖപ്പെടുത്തി എഫ്ഐആർ രജിസ്റ്റർ ചെയ്തിരുന്നു. നേതാവിനെ സ്റ്റേഷനിൽ വിളിച്ചുവരുത്തി മൊഴിയെടുത്ത പോലീസ് തുടർനടപടി സ്വീകരിച്ചില്ലെന്നും സംഭവം പുറത്തുപറയരുതെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തിയതായും പരാതിയിൽനിന്ന് പിന്മാറാൻ ലക്ഷങ്ങൾ വാഗ്ദാനം ചെയ്തതായും യുവതി ആരോപിക്കുന്നു. എന്നാൽ, സംഭവത്തിനുപിന്നിൽ ദുരൂഹത ഉള്ളതായും സമഗ്രമായ അന്വേഷണം വേണമെന്നുമുള്ള ആവശ്യം ശക്തമായിട്ടുണ്ട്.

## എഡിജിപി ശ്രീജിത്തിനെതിരായ പരാതി;
# റിപ്പോർട്ട് സമർപ്പിക്കണമെന്ന് ഹൈക്കോടതി

കൊച്ചി: എഡിജിപി എസ്. ശ്രീജിത്തിന് അബുദാബിയിൽ ബിനാമി പേരിൽ ആയുർവേദിക് മെഡിക്കൽ സ്റ്റോർ ഉണ്ടെന്നതടക്കം പരാതിയിൽ മൂന്നു മാസത്തിനകം പരിശോധിച്ച് തീരുമാനമെടുത്ത് റിപ്പോർട്ട് സമർപ്പിക്കണമെന്ന് ഹൈക്കോടതി. യൂണിഫോമിൽ ശ്രീജിത് ഉദ്ഘാടനംചെയ്ത മെഡിക്കൽ സെന്റർ അദ്ദേഹത്തിന്റെ ബിനാമി പേരിലുള്ളതാണെന്നടക്കം താൻ നല്കിയ പരാതിയിൽ നടപടിയെടുത്തില്ലെന്നാരോപിച്ച് മലപ്പുറം ആർ.ടി.ഒ (എൻഫോഴ്സ്മെന്റ്) അസി. മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ദിപിൻ ഇടവണ്ണ നല്കിയ പരാതിയിലാണ് ജസ്റ്റിസ് എ. ബദറുദീൻ സർക്കാരിനും വിജിലൻസ് ഡയറക്ടർക്കും നിർദ്ദേശം നല്കിയത്. ഫെബ്രുവരി 10-നാണ് ഹർജിക്കാരൻ പരാതി നല്കിയത്. മോട്ടോർ വാഹന വകുപ്പിലെ സ്ഥലംമാറ്റം, സ്ഥാനക്കയറ്റം, സസ്പെൻഷൻ തുടങ്ങിയവ ഉൾപ്പെടെ സർവീസ് വിഷയങ്ങൾ സംബന്ധിച്ച ആരോപണങ്ങളിൽ പരിശോധന നടത്തണമെന്ന് ആവശ്യപ്പെട്ടായിരുന്നു വിജിലൻസിന് പരാതി നല്കിയത്. ശ്രീജിത് ഔദ്യോഗിക പദവി ദുർവിനിയോഗം ചെയ്തെന്നും വിദേശയാത്രകളിൽ ചട്ടലംഘനം നടത്തിയെന്നുമാണ് ഹർജിയിലെ പ്രധാന ആരോപണം. ദുബായിയിൽ ശ്രീജിത്ത് പങ്കെടുത്ത ഉദ്ഘാടനച്ചടങ്ങിന്റെ രേഖകൾ ഹർജിക്കാരൻ കോടതിയിൽ ഹാജരാക്കി. ആരോപണങ്ങൾ ഗൗരവമുള്ളതാണെന്നും സത്യമാണെങ്കിൽ അന്വേഷണം അനിവാര്യമാണെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. തുടർന്ന് ഉത്തരവിന്റെ പകർപ്പ് എതിർ കക്ഷികൾക്കും നല്കണമെന്ന് നിർദേശിച്ച് ഹർജി തീർപ്പാക്കി.

# കഫ് സിറപ്പ്: രണ്ടു വയസിൽ താഴെയുള്ള കുട്ടികൾക്ക് വിലക്ക്

ന്യൂഡൽഹി: കുട്ടികൾക്കു ചുമയ്ക്കുള്ള സിറപ്പ് വിതരണത്തിൽ നിയന്ത്രണം ഏർപ്പെടുത്താനൊരുങ്ങി കേന്ദ്രസർക്കാർ. രണ്ട് വയസിൽ താഴെയുള്ള കുട്ടികൾക്ക് ചുമ സിറപ്പ് നൽകുന്നത് പൂർണമായും നിരോധിക്കാനും അഞ്ച് വയസിൽ താഴെയുള്ള കുട്ടികൾക്ക് സിറപ്പ് നൽകുന്നത് നിരുത്സാഹപ്പെടുത്താനുമാണ് പദ്ധതിയിടുന്നത്. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ കീഴിലുള്ള ഇന്ത്യൻ ഫാർമക്കോപ്പിയ കമ്മീഷൻ പുറത്തിറക്കിയ പുതിയ കരട് രേഖയിലാണ് (എൻഎഫ്ഐ) നിർദേശം. രണ്ടു വയസിൽ താഴെയുള്ള കുട്ടികൾക്ക് ചുമയ്ക്കും ജലദോഷത്തിനുമുള്ള മരുന്നുകൾ നിർദേശിക്കാനോ നൽകാനോ പാടില്ലെന്ന് കരടുരേഖ വ്യക്തമാക്കുന്നു. അഞ്ചു വയസിൽ താഴെയുള്ള കുട്ടികൾക്ക് കൃത്യമായ വൈദ്യപരിശോധനയും മേൽനോട്ടവുമില്ലാതെ ഇത്തരം മരുന്നുകൾ നൽകുന്നത് ഒഴിവാക്കണം. അതിഗുരുതര സാഹചര്യങ്ങളിൽ മാത്രം ഡോക്ടർമാരുടെ കർശന മേൽനോട്ടത്തിൽ മരുന്നുകൾ നൽകാം തുടങ്ങിയവയാണ് നിർദേശങ്ങൾ. കഴിഞ്ഞ വർഷം കുട്ടികൾക്ക് നല്കിയ കഫ് സിറപ്പുകളിൽ ഡൈഎത്തിലീൻ ഗ്ലൈക്കോൾ (ഡിഇജി), എത്തിലീൻ ഗ്ലൈക്കോൾ (ഇജി) തുടങ്ങിയ വിഷാംശങ്ങൾ കണ്ടെത്തിയതിനെത്തുടർന്നാണ് നീക്കം. മരുന്നുകളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ നിർമാണത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളും ഉത്പന്നങ്ങളും സ്വതന്ത്രമായി പരിശോധിക്കേണ്ട ഉത്തരവാദിത്തം ഇനി മുതൽ ഫാർമസ്യൂട്ടിക്കൽ കമ്പനികൾക്കായിരിക്കും. ഗ്ലിസറിൻ, പ്രൊപിലിൻ ഗ്ലൈക്കോൾ തുടങ്ങിയ ചേരുവകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ പുതിയ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. വരുംദിവസങ്ങളിൽ കഫ് സിറപ്പ് കുട്ടികളിൽ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട കൂടുതൽ നിർദേശങ്ങൾ ആരോഗ്യ മന്ത്രാലയം നൽകിയേക്കും.

# ആരോഗ്യമില്ലാതെ ആയുഷ്മാൻ ഭാരത്

കൊച്ചി: കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തിൽ നടപ്പാക്കുന്ന ആയുഷ്മാൻ ഭാരത്-പ്രധാനമന്ത്രി ജെൻ ആരോഗ്യ യോജന പദ്ധതിയുടെ ആരോഗ്യം പ്രതിസന്ധിയിൽ. ലോകത്തിലെ ഏറ്റവും വലിയ ആരോഗ്യ സുരക്ഷാപദ്ധതിയെന്ന പെരുമയോടെ കേന്ദ്രം 2018-ൽ അവതരിപ്പിച്ച ആയുഷ്മാൻ ഭാരതിലൂടെ സംസ്ഥാനത്തെ ആശുപത്രികൾക്ക് കിട്ടാനുള്ളത് കോടികളുടെ കുടിശിക.

പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ചികിത്സ ലഭ്യമാക്കിയ ആശുപത്രികൾക്ക് സർക്കാർ നല്കാനുള്ള തുകയിൽ കഴിഞ്ഞ മാർച്ച് വരെയുള്ള കണക്കനുസരിച്ച് 1824.29 കോടി രൂപയാണ് കുടിശിക.

2020 ജൂലൈ മുതലുള്ള ബില്ലുകളിൽ കുടിശിക ബാക്കിയുണ്ട്, 2019 ഏപ്രിൽ ഒന്നു മുതലാണ് സംസ്ഥാനത്ത് പദ്ധതി നടപ്പാക്കിയത്. കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതി ഉൾപ്പെടുത്തി എബി പിഎംജെഎവൈ-കെഎഎസ്പി എന്ന പേരിൽ കേരളത്തിൽ പദ്ധതി വിപുലമാക്കിയിരുന്നു. നിലവിൽ 43 ലക്ഷത്തോളം കുടുംബങ്ങൾ പദ്ധതിയിൽ അംഗങ്ങളാണ്. 2020-26 കാലഘട്ടത്തിൽ 5237.24 കോടി രൂപ ആശുപത്രികൾക്ക് നല്കിയിട്ടുണ്ട്. 2024-25 വർഷത്തിൽ 1060.37 കോടി രൂപ നല്കിയപ്പോൾ 2025-26-ൽ വിതരണം ചെയ്തത് 814.89 കോടിയാണ്. 631.2 രൂപയാണ് ഒരു കുടുംബത്തിനുള്ള കേന്ദ്രവിഹിതം. കഴിഞ്ഞ മാസംവരെ കേന്ദ്രവിഹിതത്തിൽ കുടിശിക ഇല്ലെന്ന് വിവരാവകാശ നിയമപ്രകാരം സ്റ്റേറ്റ് ഹെൽത്ത് ഏജൻസി പുറത്തുവിട്ട കണക്കുകൾ വ്യക്തമാക്കുന്നു.

## ബംഗാളിലേത് ഏറ്റവും വലിയ കേന്ദ്രസേനാ വിന്യാസം

ന്യൂഡൽഹി: ബംഗാൾ നിയമസഭാ തെരഞ്ഞെടുപ്പിൽ സുരക്ഷയ്ക്കായി കേന്ദ്രം നിയോഗിച്ചിരിക്കുന്നത് രണ്ടര ലക്ഷത്തിലേറെ സുരക്ഷാ ഉദ്യോഗസ്ഥരെ. സംസ്ഥാനത്തിന്റെയും ഇന്ത്യയുടെയും തെരഞ്ഞെടുപ്പ് ചരിത്രത്തിലെ ഏറ്റവും ഉയർന്ന സേനാവിന്യാസമാണിത്. കേന്ദ്രസേനകളിൽനിന്നു മാത്രം 2400 കമ്പനികളാണ് നിലവിൽ ബംഗാളിൽ സുരക്ഷാ ചുമതലകളിലുള്ളത്. ഇതിനു പുറമേ അടുത്ത ആഴ്ചകളിൽ 150 കമ്പനി കേന്ദ്രസേനകളെക്കൂടി നിയോഗിക്കും. സുരക്ഷ മുൻനിർത്തി എട്ട് ഘട്ടങ്ങളിലായി തെരഞ്ഞെടുപ്പു നടത്തിയ 2021-ൽ 1047 കമ്പനി കേന്ദ്രസേനയായിരുന്നു കേരളത്തിൽ ഉണ്ടായിരുന്നത്. എന്നിട്ടും അക്രമങ്ങളുണ്ടായി.


THE INDIAN KNANAYA CATHOLIC COMMUNITY OF GREATER NEW YORK
IKCC celebrating
50th Anniversary
on SAT April 18th, 2026
at Rockland Knanaya Center
Inviting you all for
GOLDEN JUBILEE CELEBRATIONS
Stephen Kidarathil President
Mini Thayil Vice-President
Salby Makil Secretary
Sabu Thadipuzha Joint Secretary
Renji Manalel Treasurer
Regional Area Coordinators
Laly Veluparambil
Marykutty Kandarapallil
Nishy Kodianthara
Justin Vattakalam
Tintu Pattarkuzhy
Sibi Manackaparambil
Kavitha Chemmacheril
Saji Kannankara Puthenpurayil
National Council Members
Berny Mullapallil
Chacko Manimala
Jacob Kusumalayam
Joy Paradiyil
Sajan Bhagavathikunnel
Saji Orapankal
Siju Cheruvankalayil
Ajish Thamarathul Ex-Officio KCCNA Secretary
Abraham Perumanisseril Ex-Officio
Renchu Perumpalath Women's Forum President
Gabriel Nedumpillil KCYL President



# പ്രൊഫസർ ബാബു തോമസ് പൂഴിക്കുന്നേലിന്

# ആദരാഞ്ജലികൾ

കോട്ടയം: ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളജ് മുൻ പ്രിൻസിപ്പലും, കേരളാ എക്സ്പ്രസ്സ് കൺസൽട്ടന്റ് എഡിറ്ററും, എഴുത്തുകാരനും, സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ നിറസാന്നിധ്യവുമായിരുന്ന പ്രൊഫ. ബാബു തോമസ് പൂഴിക്കുന്നേൽ (68) അന്തരിച്ചു. ബി.സി.എം. കോളജ് റിട്ട. അധ്യാപിക പ്രൊഫ. വത്സ പൂഴിക്കുന്നേലാണ് ഭാര്യ (താമരക്കാട് മേക്കര കുടുംബാംഗം).

**മക്കൾ:** ഡോ. ആതിര (ദുബായ്), അനഘ (അമേരിക്ക).

**മരുമക്കൾ:** അജയ് വാലേൽ, ജെയ്സ് കിഴക്കടശ്ശേരിൽ.

**സഹോദരങ്ങൾ:** അന്നമ്മ & മാത്യു കാവനാൽ (കരിങ്കുന്നം), ലൂക്കോസ് & ലീലാമ്മ പൂഴിക്കുന്നേൽ (ബാംഗ്ളൂർ), പരേതയായ ജെസ്സി & ജോൺസൺ പുത്തൻകളം (യുകെ), റ്റെസ്സി & ജിമ്മി തറയിൽ (ഡൽഹി), റ്റോം സാജൻ & എൽസി പൂഴിക്കുന്നേൽ (വെസ്റ്റ് ഹാർട്ട് ഫോർഡ്, കണക്ടിക്കട്ട്).

കോട്ടയം ജില്ലയിലെ തെള്ളകത്ത്, പൂഴിക്കുന്നേൽ തോമസിന്റെയും ഏലിയാമ്മയുടെയും മകനായി 1958 ഡിസംബർ 9-ന് ജനനം. തെള്ളകം സെന്റ് മേരീസ്, പാറമ്പുഴ ഹോളി ഫാമിലി, കോട്ടയം എസ്.എച്ച്. മൗണ്ട് എന്നീ സ്കൂളുകളിൽ പഠനം. മാന്നാനം കെ.ഇ. കോളജ്, ചങ്ങനാശ്ശേരി എസ്.ബി. കോളജ്, സ്കൂൾ ഓഫ് ലെറ്റേഴ്സ് എം.ജി. യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ ഉപരിപഠനം.

1981 മുതൽ ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളജിൽ മലയാളം അധ്യാപകൻ, മലയാള വിഭാഗം മേധാവി, തുടർന്ന് പ്രിൻസിപ്പൽ, കോട്ടയം ബി.സി.എം. കോളജ് മലയാള വിഭാഗം മേധാവി എന്നീ നിലകളിൽ 34 വർഷത്തെ അധ്യാപന ജീവിതം. 2016 മുതൽ കോട്ടയം പൗരസ്ത്യ വിദ്യാപീഠത്തിൽ (വടവാതൂർ മേജർ സെമിനാരി) വിസിറ്റിംഗ് പ്രൊഫസറായിരുന്നു. കോട്ടയം അതിരൂപത പി.ആർ.ഒ., ക്നാനായ കത്തോലിക്കാ കോൺഗ്രസ് സെക്രട്ടറി, കെ.സി.വൈ.എൽ. കോട്ടയം അതിരൂപത പ്രസിഡന്റ്, കെ.സി.വൈ.എൽ. ഡയറക്ടർ, എം.ജി. യൂണിവേഴ്സിറ്റി മലയാളം ബോർഡ് ഓഫ് സ്റ്റഡീസ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 35 വർഷം അപ്നാദേശ് പത്രാധിപസമിതി അംഗം. 18 വർഷം തുടർച്ചയായി എഡിറ്റോറിയൽ എഴുതി. 18 വർഷം കോട്ടയം അതിരൂപത പ്രീമാര്യേജ് കോഴ്സ് ഫാക്കൽറ്റി അംഗം.

1999-ൽ ദുബായ് ക്നാനായ കൺവൻഷനിലും ജർമ്മനിയിൽ നടന്ന യൂറോപ്യൻ ക്നാനായ കൺവൻഷനിലും അതിഥിയായിരുന്നു. 2002-ൽ ചിക്കാഗോ ഫൊക്കാനാ കൺവൻഷൻ, ഒർലാന്റോ ക്നാനായ കൺവൻഷൻ, 2003-ൽ റോമിൽ നടന്ന ആഗോള ക്നാനായ കൺവൻഷൻ, 2008-ലെ ചിക്കാഗോ പ്രസ്ക്ലബ് ഓഫ് ഇന്ത്യാ കോൺഫറൻസ്, ദുബായിൽ നടന്ന യു.എ.ഇ. ഉഴവൂർ കോളജ് പൂർവവിദ്യാർത്ഥി സമ്മേളനം എന്നിവയിൽ പ്രഭാഷകനായിരുന്നു. 2010-ൽ ബർമിങ്ഹാമിൽ നടന്ന ബ്രിട്ടീഷ് ക്നാനായ കൺവൻഷനിലും ടെക്സാസിൽ നടന്ന അമേരിക്കൻ ക്നാനായ കൺവൻഷനിലും 2014-ൽ കാൻബറയിൽ നടന്ന ഓഷ്യാനാ കൺവൻഷനിലും 2015-ലെ യു.എ.ഇ. ക്നാനായ കൺവൻഷനിലും പങ്കെടുത്തു. കൂടാതെ ഈജിപ്ത്, ഇസ്രായേൽ, ജോർദ്ദാൻ, ഫ്രാൻസ്, ഇറ്റലി, ബൽജിയം, ഹോളണ്ട്, ഓസ്ട്രിയ, സിംഗപ്പൂർ, മലേഷ്യ, തായ്‌ലൻഡ്, ബാലി, മധ്യപൂർവദേശങ്ങൾ എന്നീ രാജ്യങ്ങളും സന്ദർശിച്ചിട്ടുണ്ട്.

2017-ൽ ഫാദർ ജോസഫ് നെടുഞ്ചിറ സ്മാരക പുരസ്കാരം ലഭിച്ചു. 2019-ലെ മികച്ച ആത്മകഥയ്ക്കുള്ള 'മലയാളം യുകെ' എന്ന ബ്രിട്ടീഷ് മലയാളം ഓൺലൈൻ പത്രത്തിന്റെ പുരസ്കാരം 'സഫലം സൗഹൃദം സഞ്ചാരം' എന്ന കൃതിക്ക് ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷമായി കേരളാ എക്സ്പ്രസ് പത്രത്തിന്റെ കൺസൾട്ടന്റ് എഡിറ്റർ എന്ന നിലയിലും മറ്റു സർഗാത്മക സംഭാവനകളുടെയും അംഗീകാരമായി പ്രൊഫ. ബാബു പൂഴിക്കുന്നേലിന് 'അക്ഷര ശ്രേഷ്ഠ' പുരസ്കാരം നൽകി ആദരിച്ചിട്ടുണ്ട്.

പൂഴിക്കുന്നേൽ കുടുംബചരിത്രം, ക്നാനായക്കാരുടെ കല്യാണപ്പാട്ടുകൾ, വഴക്കവും പൊരുളും, സഫലം സൗഹൃദം സഞ്ചാരം, നവോത്ഥാനം: പാഠവും പാഠാന്തരങ്ങളും, സ്വർണ്ണച്ചാമരം തുടങ്ങി അഞ്ചു പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്.

***കേരളാ എക്സ്പ്രസ്സ് പത്രാധിപസമിതിയുടെ ആദരാഞ്ജലികൾ...***

***ബാബു സാറിന്റെ കുടുംബാംഗങ്ങളുടെയും സുഹൃത്തുക്കളുടെയും ദു:ഖത്തിൽ ഞങ്ങളും പങ്കുചേരുന്നു.***

Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**